V. നിയമ നിർമ്മാണ കാര്യം

സെലക്റ്റ് കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1978-ലെ കേരള ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബില്ലിന്റെ പരിഗണന—തുടർച്ച

Shri C. A. Kurian : In clause 4 for sub-clause (1) substitute the following, namely:—

Every District Council shall consist of not less than 25 elected members or such number of members as the Government may, by notification in the Gazette fix, in accordance with the scale of one member for every fifty thousand or part thereof of the population of the District, elected in the manner prescribed, whichever is higher.

സർ, ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത് മലകളിൽ താമസിക്കുന്ന പാവപ്പെട്ടവരുടെ ചില പ്രശ്നങ്ങളെപ്പററിയാണ്. മലകളിൽ താമസിക്കുന്ന അദ്ധ്വാന ശീലരായ കർഷകത്തൊഴിലാളികളുടേയും ഹരിജനങ്ങളുടേയും ആദിവാസികളുടേയും താൽപ്പര്യങ്ങൾ പരിരക്ഷിക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 50,000 ജനസംഖ്യയ്ക്കു ഒരു മെമ്പർ എന്നുള്ള ക്രമത്തിൽ ഡിസ്ട്രിക്റ്റ് കൗൺസിലിലേയ്ക്ക് തെരഞ്ഞെടുത്താൽ ചില അവികസിത പ്രദേശങ്ങളുടെ താൽപ്പര്യങ്ങൾക്ക് എതിരായി വരുമോയെന്ന് ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് അത്തരം പ്രദേശങ്ങളിൽ, ജില്ലകളിൽ ഒരു നിശ്ചിത ശതമാനം സീററുകൾ ഉണ്ടായിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതിയുടെ ചുരുക്കം. 25 സീററുകൾ ഓരോ ജില്ലയിലും കുറഞ്ഞത് ഉണ്ടായിരിക്കണമെന്നും അതോടൊപ്പം തന്നെ 50,000 ജനസംഖ്യയ്ക്ക് ഒരാൾ വീതം തെരഞ്ഞെടുത്തുകഴിഞ്ഞാൽ കിട്ടുന്ന സീററുകൾ എത്രയാണെന്നും അതിൽ ഏതാണ് വലുതെന്ന് നോക്കിയിട്ട് അത് നിലനിറുത്തണമെന്നും ഉള്ളതാണ് എന്റെ ഭേദഗതി. ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത് ഇടുക്കി ജില്ലയെപോലെതന്നെ കഴിഞ്ഞ കാലങ്ങളിൽ പല കാരണങ്ങൾ കൊണ്ടും അവഗണിക്കപ്പെട്ടിരുന്ന ഗ്രാമീണ ജനതയെ, പാവപ്പെട്ട വിഭാഗം ആളുകളെ ഭരണത്തിലും മററും പങ്കാളികളാക്കുകയും വികസന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്യുകയെന്നുള്ളതാണ്. ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഇതേ രീതിയിൽ പാസ്സാക്കുകയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, നമ്മുടെ സംസ്ഥാനത്ത് സെക്കൻററി സ്ക്കൂൾ വിദ്യാർത്ഥികളെന്നു പറയുന്നത് ഒരു ലക്ഷം ജനങ്ങളിൽ 5,054 പേർ ഉണ്ടെങ്കിൽ ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം അത് 1,856 ആണ്. ഒരു ലക്ഷം ജനങ്ങൾക്കു ഗാർഹിക വൈദ്യുതി കണക്ഷൻ 2,207 ആണെങ്കിൽ ഇടുക്കി ജില്ലയിൽ അത് 448 ആണ്. ഒരു ലക്ഷം ജനങ്ങൾക്കു ആശുപത്രി കിടക്കകൾ 186 ആണെങ്കിൽ ഇടുക്കി ജില്ലയ്ക്കു ഉള്ളത് 112 ആണ്. ടാർ ചെയ്ത റോഡുകളെ സംബന്ധിച്ചിടത്തോളം മററ് ജില്ലകൾക്ക് 100 ചതുരശ്ര കിലോമീററിന് 28.5 ആണെങ്കിൽ ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയ്ക്ക് 11.54 ആണ്. അതുകൊണ്ട് പലതുകൊണ്ടും പിന്നോക്കം നിൽക്കുന്ന ജില്ലയും വളരെ വിസ്തൃതമായ ജില്ലയും എന്നുള്ള നിലയിൽ എന്റെ ഭേദഗതി അംഗീകരിച്ചു കഴിഞ്ഞാൽ ഹരിജനങ്ങൾക്കും ആദിവാസികൾക്കും കൃഷിക്കാർക്കും എന്റെ സ്നേഹിതൻ ശ്രീ. എസ്തോസ് പറഞ്ഞതുപോലെ മലകളിൽ താമസിക്കുന്ന ജനങ്ങൾക്കും പ്രാതിനിധ്യമുള്ള, അവരുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിററി രൂപീകരിക്കാൻ സാധിക്കുമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

Shri M. K. Krishnan: Sir, I move. In clause 4, sub clause (1) for the words "in the manner prescribed" substitute the words "in accordance with the principle of proportional representation."

സർ, എന്റെ ഭേദഗതി ഡിസ്ട്രിക്ററ് കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ആനുപാതിക പ്രാതിനിദ്ധ്യത്തിന്റെ തത്വം അംഗീകരിച്ചു കൊണ്ടുള്ളതായിരിക്കണമെന്നുള്ളതാണ്. ഇതിന്റെ പൊതു ചർച്ചയിൽ സഭയുടെ എല്ലാ ഭാഗത്തുനിന്നും ആനുപാതിക പ്രാതിനിധ്യ തത്വം അംഗീകരിക്കുന്നകാര്യം സ്വാഗതം ചെയ്യുകയുണ്ടായി. അങ്ങനെ സഭയുടെ എല്ലാ ഭാഗത്തുനിന്നും സ്വാഗതം ചെയ്യുന്ന ഒരു കാര്യം ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി മൂലം ഞാൻ ആവശ്യപ്പെടുന്നത്. എന്നാൽ ആനുപാതിക തത്വം അംഗീകരിച്ച് തെരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ കാലദൈർഘ്യം ഉണ്ടാകുമെന്നുള്ള ഏക വാദഗതി മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഈ തെരഞ്ഞെടുപ്പിന് ഡിവിഷനുകൾ തിരിയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഏർപ്പാടുകൾ നടത്തുകയും ചെയ്യുന്നതിന് വേണ്ടിവരുന്ന കാലദൈർഘ്യം ആനുപാതിക പ്രാതിനിദ്ധ്യം അംഗീകരിച്ചാൽ വേണ്ടിവരികയില്ലെന്നാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. അതുമാത്രമല്ല ഈ ജില്ലകളിൽ വോട്ടർമാരായിട്ടുള്ള ആളുകളുടെ യഥാർത്ഥ പ്രതിനിധികൾ ജില്ലാ കൗൺസിലുകളിൽ വരുന്നതിന് സഹായകരമായിരിക്കും ഈ തത്വം അംഗീകരിച്ചാൽ. ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള സമ്പ്രദായപ്രകാരം ഭൂരിപക്ഷം ആളുകൾ എതിർത്ത് വോട്ടു ചെയ്താലും ന്യൂനപക്ഷം ആളുകളുടെ പ്രതിനിധികൾ പഞ്ചായത്തുകളിലായാലും മുനിസിപ്പാലിററികളിലായാലും ഈ സഭയിൽ തന്നെ ആയാലും പാർലമെന്റിലായാലും വരുന്നുണ്ട്. അങ്ങിനെ ഭൂരിപക്ഷം ആളുകൾക്കുള്ള പ്രാതിനിദ്ധ്യമല്ല ഇന്ന് നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായപ്രകാരം ഈ തെരഞ്ഞെടുക്കപ്പെട്ട സഭകളിൽ കാണുന്നത്. അതുകൊണ്ട് നമ്മൾ ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ ബില്ല് അംഗീകരിക്കുന്നതോടുകൂടി യഥാർത്ഥ ജനങ്ങളുടേതായ അഭിപ്രായമനുസരിച്ച് ജില്ലാ ഭരണം നടത്തുകയെന്നുള്ളതാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ആനുപാതിക പ്രാതിനിദ്ധ്യം അംഗീകരിച്ചാൽ യഥാർത്ഥമായ ജനങ്ങളുടെ ശരിയ്ക്കുള്ള അഭിപ്രായം പ്രതിഫലിപ്പിക്കാൻ ജില്ലാ കൗൺസിലിന് കഴിയും. അതുകൊണ്ട് അതിൽ വലിയ തർക്കത്തിന്റെ പ്രശ്നം ഉണ്ടെന്ന് തോന്നുന്നില്ല. കേരളമാണെങ്കിൽ പല കാര്യങ്ങളിലും മാതൃക കാണിക്കുന്ന സംസ്ഥാനമാണെന്നാണ് നമ്മുടെയെല്ലാം അവകാശവാദം. ആ അവകാശവാദം സ്വീകരിച്ചുകൊണ്ട് ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കൗൺസിലുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തി നാം ഈ തത്വം അംഗീകരിച്ചാൽ സ്വാഭാവികമായും അത് ഇൻഡ്യാ രാജ്യത്ത് നമ്മുടെ സംസ്ഥാനത്തിന്റെ അന്തസ്സ് ഉയർത്തി കാട്ടാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഒരേ സ്വരത്തിൽ അനുകൂലിച്ച ഒന്നായതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കാൻ വിഷമം ഉണ്ടാവുകയില്ല. അതുകൊണ്ട് അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. 4-ാം വകുപ്പിൽ 1-ാം ഉപവകുപ്പിൽ "one member for every fifty thousand" എന്നതിനു പകരം "one member for every twenty-five thousand" എന്ന് ഭേദഗതി വരുത്തേണ്ടതാണ്. സർ, 50,000 പേർക്ക് ഒരു പ്രതിനിധി എന്നുള്ളത് അശാസ്ത്രീയമായ ഒന്നാണെന്നും അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയില്ലെന്നും ഞാൻ നേരത്തെ ഉണ്ടായ ഡിസ്കഷനിൽ തന്നെ സൂചിപ്പിക്കുകയുണ്ടായിട്ടുണ്ട്. ജില്ലാ ഭരണബിൽ കൊണ്ട് ഉദ്ദേശിക്കുന്നത് മൊത്തത്തിലുള്ള ജില്ലയുടെ വികസനപ്രവർത്തനങ്ങൾക്കുള്ളിൽ ജനങ്ങളെ പങ്കാളികളാക്കുകയും ജനങ്ങളിലേയ്ക്ക് അധികാരങ്ങൾ കൈമാറുകയും ചെയ്യുകയെന്നുള്ളതാണെങ്കിൽ അതിനുള്ള കുറേ സംവിധാനങ്ങളെല്ലാംതന്നെ ഏർപ്പെടുത്തേണ്ടതാവശ്യമാണ്. ഇന്നത്തെ ഒരു അസംബ്ലി നിയോജക മണ്ഡലത്തിന്റെ ഏതാണ്ട് വലിപ്പവും അംഗസംഖ്യയും ഒരു ജില്ലാ ഡിവിഷന് ഉണ്ട് എന്നുള്ളതാണ് സത്യം. അങ്ങനെ വരുമ്പോൾ ഒരു ഡിവിഷനിലുള്ള ഒരു ഭരണസമിതി അംഗത്തിന് തന്റെ മണ്ഡലങ്ങളിലെ എല്ലാ പ്രവർത്തനങ്ങളുമായും ആളുകളുമായും ബന്ധപ്പെടാനും എല്ലാ കാര്യങ്ങളിലും ഇടപെടാനും ബുദ്ധിമുട്ടും അസൗകര്യങ്ങളും ഉണ്ടാകും. അത് ഒഴിവാക്കണം. അതോടൊപ്പം തന്നെ ജില്ലയിൽ ഒരു ഭരണസമിതി ഉണ്ടാകുന്നുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നത് അസംബ്ലി പോലുള്ള ഒരു ജില്ലാ അസംബ്ലിയിലേക്കാണെന്നുള്ള വസ്തുതയും കാഴ്ചപ്പാടും ഈ ബില്ലിൽ ഉണ്ടായിരിക്കണം. അതുകൊണ്ട് അൽപ്പസ്വൽപ്പം അംഗസംഖ്യ ജില്ലാ അസംബ്ലിയിൽ കൂടിയിട്ടുണ്ടെന്നുള്ളതുകൊണ്ട് വലിയ അപാകതയില്ല. ജില്ലയുടെ ഭരണം നടത്തുന്നതിന് ഒരു ജില്ലാ ഭരണസമിതിയുടെ ഭാരവാഹികളും സ്റ്റാന്റിംഗ് കമ്മിറ്റികളും ഉണ്ടാകുന്നുണ്ട്. ആ നിലയിൽ 50,000 അംഗങ്ങൾ എന്നുള്ള സ്ഥാനത്ത് ചുരുങ്ങിയത് 25,000 അംഗങ്ങൾ എന്ന് വെട്ടിച്ചുരുക്കി കുറേ വികേന്ദ്രീകരണ സ്വഭാവം അതിന് വരുത്തണമെന്നുള്ളതാണ് എന്റെ ആവശ്യം. പഞ്ചായത്തുകളിലെ വാർഡ് വിഭജനത്തിന്റെ കാര്യത്തിൽ വളരെയധികം തർക്കവും കുഴപ്പവും ഉണ്ടാകുന്നുണ്ട്. അക്കാര്യത്തിൽ നഗ്നമായ അഴിമതി ഉണ്ടാകുന്നുണ്ട്. അത്തരം അഴിമതികൾ ഈ ജില്ലാ ഭരണസമിതികളുടെ കാര്യത്തിൽ ഉണ്ടാകാതിരിക്കേണ്ടതാവശ്യമാണ്. അത്തരം അഴിമതി ഉണ്ടാകാതിരിക്കാൻ വേണ്ടി രണ്ട് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ഒരു ഡിവിഷൻ എന്നാക്കി വ്യക്തമായി രേഖപ്പെടുത്തിക്കഴിഞ്ഞാൽ ഒഴിവാക്കാൻ കഴിയും. അങ്ങനെയാണെങ്കിൽ ക്ലാസ് 4-ൽ സബ് ക്ലാസ്-1 അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കി കൊണ്ടുവരികയും ഡീലിമിറ്റേഷന്റെ കാര്യത്തിൽ തർക്കം ഉണ്ടാകാതിരിക്കാൻ വേണ്ടി പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് 25,000 അംഗങ്ങൾ എന്നുള്ള അടിസ്ഥാനത്തിൽ ഡിവിഷനുകൾ വേർതിരിക്കുകയും ചെയ്യണം. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്ന പക്ഷം രണ്ടു പഞ്ചായത്തിന് ഒരു പ്രതിനിധി എന്നുള്ള മാനദണ്ഡത്തിൽ ഈ ബിൽ ഭേദഗതി ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. In clause 4, sub clause (i) in line 3 for the word "fifty" substitute the word "forty".

അമ്പതിനായിരം ആളുകൾക്ക് ഒരു പ്രതിനിധിയെന്നുള്ളത് സാധാരണ ഗതിയിൽ ശരിയാണെങ്കിലും ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ ഈ മാനദണ്ഡം വച്ചു നോക്കുമ്പോൾ പ്രതിനിധികൾ വളരെ കുറയുമെന്നുള്ളതുകൊണ്ടാണ് നാല്പതിനായിരം ആളുകൾക്ക് ഒരു പ്രതിനിധിയെന്നുള്ള നിലയ്ക്ക് വേണ്ട ഭേദഗതി ഞാൻ അവതരിപ്പിച്ചത്. എന്നാൽ പൊതുവിൽ നാല്പതിനായിരമായിട്ട് നിശ്ചയിക്കുകയാണെങ്കിൽ മററു ജില്ലകളിൽ പ്രതിനിധികളുടെ സംഖ്യ കൂടിപ്പോകാനും വഴിയുണ്ട്. എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്, ഈ ബില്ലിലെ മറെറാരിടത്ത് ഒരു ഭേദഗതി വരുന്നതുകൊണ്ട് സാധ്യമാണോയെന്നു പരിശോധിക്കണം. അത്തരത്തിലുള്ള ഒരു ഭേദഗതിയും ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ജില്ലാ കൗൺസിലിൽ ഏററവും ചുരുങ്ങിയത് 30 തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെങ്കിലും ഉണ്ടായിരിക്കണമെന്നു നിശ്ചയിച്ചാൽ ജനസംഖ്യ വളരെ കുറഞ്ഞു പോയിട്ടുള്ള ജില്ലകളിലെ ബുദ്ധിമുട്ട് തീർക്കാൻ കഴിയും. ഏതായാലും ഭേദഗതി എഴുതിക്കൊടുക്കുമ്പോൾ ഉണ്ടായിരുന്ന എന്റെ ഉദ്ദേശം വ്യക്തമാക്കുകയാണ്. അതായത് നാല്പതിനായിരം ആയിട്ട് ചുരുക്കുമ്പോൾ മററു ജില്ലകളിൽ മെമ്പർമാരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുമോയെന്ന കാര്യത്തിലും സംശയമുണ്ട്. അമ്പതിനായിരം ജനസംഖ്യയെന്നുപറഞ്ഞാൽ ഒരു അസംബ്ലി സീററ് ഒന്നുമല്ല. ഇപ്പോഴുള്ള ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ നിന്നും രണ്ടിൽ കൂടുതൽ പ്രതിനിധികളുണ്ടാകാൻ വഴിയുണ്ട് ജില്ലാ കൗൺസിലുകളിൽ. അപ്പോൾ മെമ്പർമാരുടെ സംഖ്യ കൂട്ടികൊടുക്കുന്നതും ഗുണകരമല്ല. ചില പ്രദേശങ്ങളിൽനിന്നും കമ്മിററികളിലേയ്ക്കുപോലും വരാനുള്ള ആളുകളില്ലാതെവരുന്നത് മോശമാണ്. അപ്പോൾ ഇതുരണ്ടും തമ്മിൽ പൊരുത്തപ്പെട്ടുപോകുന്ന തരത്തിലുള്ള ഒരു തീരുമാനം ഉണ്ടാകണം.

ശ്രീ. ആർ. സുന്ദരേശൻനായർ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(i) In clause 4, sub-clause (1) for the words "in the manner prescribed" substitute "in accordance with the principle of proportional representation".

(ii) In clause 4, sub-clause (1) add the following namely:—"the total number of members not being twenty-five".

സബ് ക്ലാസ് ഒന്നിനുവേണ്ടി ഞാൻ രണ്ടു ഭേദഗതികളാണ് അവതരിപ്പിച്ചിട്ടുള്ളത്. അമ്പതിനായിരം സമ്മതിദായകർക്ക് ഒരു മെമ്പർ എന്ന വകുപ്പിൽ മാററം വരുത്തണം. ഇന്നുള്ള കണക്ക് വെച്ചു നോക്കുമ്പോൾ, ഇടുക്കി ഡിസ്ട്രിക്ററിൽനിന്നും പത്ത് അംഗങ്ങളെ കിട്ടുമ്പോൾ കണ്ണൂരിൽ നിന്നും മുപ്പത്തിരണ്ടോ മുപ്പത്തിമൂന്നോ അംഗങ്ങളെ കിട്ടാൻ സാദ്ധ്യതയുണ്ട്. എന്നാൽ കോട്ടയത്തുനിന്നും 20 അംഗങ്ങളെ മാത്രമേ കിട്ടുകയുള്ളു. ഈ കണക്കുവച്ചുനോക്കുമ്പോൾ ഇടുക്കി ജില്ലയിൽ നിന്നും കമ്മിററിയ്ക്ക് എടുക്കുവാൻ വേണ്ട ആളുകൾപോലും കാണുകയില്ല. 6 സബ് കമ്മിററികളുണ്ട്. ഓരോ കമ്മിററിയും 6 അംഗങ്ങൾ വീതവും ഓരോ ചെയർമാനും ഉള്ളതാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളത് കുറഞ്ഞത് 25 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കത്തക്ക രീതിയിൽ ഇത് പുനർനിർണ്ണയം ചെയ്യണം എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ഭേദഗതി തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ പാർട്ടികളുടെ എണ്ണം കൂടിക്കൂടി വരികയാണ്. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കുറേ രാഷ്ട്രീയ പാർട്ടികൾ ഒന്നിച്ചുചേർന്നു കഴിഞ്ഞിട്ട് ജനങ്ങളെ പററിച്ച് അധികാരത്തിൽ കയറും. തെരഞ്ഞെടുപ്പിൽ വേണ്ട ജനപിന്തുണ കിട്ടാത്ത ഒരു രാഷ്ട്രീയ പാർട്ടിക്ക് വേണമെങ്കിലും ഭരിക്കുവാനുള്ള അവസരം കിട്ടും. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ജനപിന്തുണയുള്ള രാഷ്ട്രീയ കക്ഷിക്ക് ജനങ്ങളുടെ സമ്മതിദാനാവകാശം വാങ്ങിക്കൊണ്ട് അധികാരത്തിൽ വരാം. അവർക്ക് അവരുടെ പ്രതിനിധികളെകൊണ്ട് ഭരിക്കാനുള്ള അവസരം ഉണ്ടാകണം എന്നാണ്.

(Mr. Deputy Speaker in the Chair)

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. In clause 4, sub clause (i) add the following at the end, namely:— "by dividing the district into separate wards".

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഭേദഗതി അവതരിപ്പിക്കുന്നതോടുകൂടി അത് സ്വീകരിച്ചാൽ വന്നേയ്ക്കാവുന്ന വിഷമതകൾ തീർക്കാൻവേണ്ടി അവസാനത്തെ wards എന്ന വാക്കിന് പകരം division എന്ന വാക്ക് ചേർത്തുകൊണ്ട് പരിഗണിക്കണം. ക്ലാസ് 6 ഒന്നു നോക്കിയാൽ അതിൽ കാണുന്നത് ഡയറക്ടർ ഓഫ് ഇലക്ഷൻസ് നോട്ടിഫൈ ചെയ്യണം എന്നാണ്. അത് രണ്ടു മൂന്നു ഉപാധികൾ വച്ചുകൊണ്ട് ഡിവിഷനായിതിരിച്ച് വേണം നോട്ടിഫൈ ചെയ്യേണ്ടത്. പോപ്പുലേഷൻ ഓരോ ഡിവിഷനിലും കഴിയുന്നത്ര തുല്യമായിരിക്കണം. ഒരു പഞ്ചായത്തോ വാർഡോ ഏരിയായോ വിഭജിക്കുമ്പോൾ 2 ഡിവിഷനിലേയ്ക്ക് പോകാതിരിക്കണം. ഈ രണ്ടു ഉപാധികൾ അംഗീകരിച്ചുകൊണ്ടുവേണം ഡിവിഷൻ തീരുമാനിക്കുവാൻ എന്ന് ക്ലാസ് 6 അനുശാസിക്കുന്നുണ്ട്. ഒരു ഡിസ്ട്രിക്ററിലെ മൊത്തം ജനസംഖ്യ കണക്കിലെടുത്തുകൊണ്ട് എത്ര മെമ്പർമാർ ആ ഡിസ്ട്രിക്ററിൽ ഉണ്ടാകണമെന്നു അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കാൻ ഗവൺമെൻറിനെ നിയോഗിക്കും. ഗവൺമെൻറ് അംഗസംഖ്യ കണക്കാക്കിക്കൊണ്ട് അതിനെ അമ്പതിനായിരംകൊണ്ട് ഹരിച്ചിട്ട് ആ ഡിസ്ട്രിക്ററിൽ ഉണ്ടായിരിക്കേണ്ട മെമ്പർമാരുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നു. ഇങ്ങനെയാകുമ്പോൾ രണ്ട് ആശയങ്ങളും തമ്മിൽ പരസ്പര സംഘട്ടനം നടക്കും. ഒരിക്കലും ഈ രണ്ടാശയങ്ങളും തമ്മിൽ യോജിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കുകയില്ല. അർഹതയുള്ള പല ഡിവിഷനിലും ഉള്ള അർഹതയുള്ള മെമ്പർമാരുടെ എണ്ണത്തിനനുസരിച്ച് പോകാൻ സാധിച്ചുവെന്നു വരില്ല. ഇങ്ങനെ നമ്പർ ചുരുക്കിച്ചുരുക്കി കൊണ്ടുവരുമ്പോൾ ചില ഡിവിഷനിലുള്ള ജനസംഖ്യയും ചുരുങ്ങും. ചിലപ്പോൾ ചില പഞ്ചായത്ത് ഏരിയാകളെ അത്യാവശ്യമായി വിഭജിക്കേണ്ടതായി വരികയും ചെയ്യും. അപ്പോൾ ഈ കുഴപ്പം കൂടാതെയുള്ള ഉപാധി നിശ്ചയിക്കണമെന്നുള്ളതാണ് എന്റെ ആശയം. ഏതായാലും തലയ്ക്ക് ഒത്ത് തൊപ്പി തുന്നിക്കാം. എന്നാൽ തൊപ്പിക്കൊത്ത് തല ചെത്തുന്ന സമ്പ്രദായം ആശാസ്യമാണെന്നു വരില്ല. ആദ്യം അംഗങ്ങളെ നാമകരണം ചെയ്തതിനുശേഷം അതനുസരിച്ച് ഡിവിഷൻ വിഭജിക്കുമ്പോൾ ഭൂമിശാസ്ത്രപരമായ വിഭജനം കൂടാതെ കഴിക്കുന്നതിനു ജനസംഖ്യയുടെ എണ്ണം തുല്യമാക്കി തീർക്കാനും ശ്രമിക്കണമെന്നുള്ള ഒരുപാധി വച്ചിരിക്കുമ്പോൾ ഡയറക്ടർ ഓഫ് ഇലക്ഷൻസിന്റെ

ബുദ്ധിമുട്ടിൽ അകപ്പെട്ടുപോകുമോയെന്നു സംശയിക്കുകയാണ്. അതുകൊണ്ട് ഒന്നുകിൽ ഞാൻ പോക്കാൽ അവതരിപ്പിച്ച ഭേദഗതിയോടു കൂടി ഇതംഗീകരിക്കുക; അല്ലെങ്കിൽ ഈ കുഴപ്പം ഒഴിവാക്കുവാൻവേണ്ടി ഈ നിഗമനം അംഗീകരിച്ചുകൊണ്ട് ഒരു റീ ഡ്രാഫ്റ്റിംഗ് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുക. ഞാൻ പറഞ്ഞത് അംഗീകരിച്ചില്ലായെങ്കിൽ അനാശാസ്യമായ ഒരു നടപടിക്രമം ഉണ്ടാകുമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ശ്രീ. എം. കെ. കൃഷ്ണൻ മൂവ് ചെയ്ത ....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ എല്ലാ കാര്യങ്ങളും പൊതു ചർച്ചയിൽ പറഞ്ഞു കഴിഞ്ഞു. ഭേദഗതി അവതരിപ്പിക്കുകയും ചെയ്തു. പിന്നെ ബഹുമാനപ്പെട്ട മെമ്പർക്ക് വേണമെങ്കിൽ ഭേദഗതിയെ അനുകൂലിച്ച് വോട്ടു ചെയ്യാമല്ലോ. എല്ലാ കാര്യങ്ങളും ആ ഭേദഗതിയിൽ കവർ ചെയ്തിട്ടുണ്ട്. പൊതു ചർച്ച ദീർഘമായി നടത്തിയ അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർക്ക് പറയാനുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇതിനെക്കുറിച്ച് ഈ സഭയുടെ നടപടിക്രമം ഉണ്ട് സർ. ഇതിനുമുമ്പുള്ള എല്ലാ ചർച്ചകളിലും ഒന്നു രണ്ടു മിനിററ് പറയാനുള്ള അവകാശം തന്നിരുന്നു. അതനുസരിച്ച് ഇതിനും തരേണ്ടതല്ലേ?

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഞാൻ അവതരിപ്പിക്കുന്നതും ശ്രീ. എം. കെ. കൃഷ്ണൻ അവതരിപ്പിച്ചതുമായ ഭേദഗതി രണ്ടും രണ്ടാണ്. ശ്രീ. എം. കെ. കൃഷ്ണൻ 'പ്രൊപ്പോർഷണൽ റെപ്രസന്റേഷൻ എന്നാണ് പറഞ്ഞത്. ഞാൻ proportional representation by means of single transferable vote· എന്നാണ് പറഞ്ഞത്. എന്റെ ഭേദഗതി ഇതുവരെ അവതരിപ്പിച്ചിട്ടില്ല. മററത്തെങ്കിലും അംഗങ്ങൾ ഇപ്രകാരം ഒരു ഭേദഗതി അവതരിപ്പിച്ചിരുന്നു എങ്കിൽ ഈ ഭേദഗതി അവതരിപ്പിക്കുകയില്ലായിരുന്നു.

ശ്രീ. എ. പി. കുര്യൻ: സഭയുടെ കീഴ്‌വഴക്കം അനുസരിച്ച് എല്ലാ മെമ്പർമാർക്കും ഇതിനെക്കുറിച്ച് സംസാരിക്കുവാനുള്ള അവസരം കൊടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ അവതരിപ്പിച്ച ഭേദഗതിയിൽ എല്ലാ കാര്യങ്ങളും കവർ ചെയ്യുന്നുണ്ട്.

ശ്രീ. എ. പി. കുര്യൻ: ആർക്കെങ്കിലും അഡീഷണലായി പറയാനുണ്ടെങ്കിൽ നോട്ടീസ് നൽകിയ മെമ്പർമാർക്ക് സംസാരിക്കുവാനുള്ള അവസരം കൊടുക്കണം. അത് നിഷേധിക്കരുത്.

10 a·m·] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പ്രൊപ്പോർഷണൽ റെപ്രസന്റേഷൻ എന്നുള്ള ആശയത്തെ ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും സ്വാഗതം ചെയ്തു. പ്രൊപ്പോർഷണൽ റെപ്രസന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള സിസ്ററം ഇവിടെ നടപ്പാക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ അടിസ്ഥാനപരമായി ചെയ്യണം. എല്ലാ ഡിവിഷനുകളും നിയോജക മണ്ഡലങ്ങളും മൾട്ടിമെമ്പർ നിയോജക മണ്ഡലമായി മാററണം. അതല്ലെങ്കിൽ ജില്ല മുഴുവൻ നിയോജകമണ്ഡലമായി മാററണം. അല്ലെങ്കിൽ ഓരോ നിയോജക മണ്ഡലവും മൾട്ടിമെമ്പർ വാർഡ് ആക്കി മാററണം.

ശ്രീ. എ. പി. കുര്യൻ: അത് പ്രായോഗികമാക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്താണ്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഓരോ ഡിവിഷനും മൾട്ടിമെമ്പർ ഡിവിഷനാക്കി മാററണം. അതുമാത്രമല്ല ഓരോ മെമ്പർക്കും ജയിക്കുന്നതിനാവശ്യമായ ക്വോട്ട ആകെയുള്ള വോട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കണം. മാർക്സിസ്ററു പാർട്ടി ഇവിടെ കൊടുത്തിട്ടുള്ള ഭേദഗതി നടപ്പാക്കണമെന്ന് ഉദ്ദേശിച്ചാണെങ്കിൽ ക്ലാസ് 6—നും ഭേദഗതി കൊടുക്കേണ്ടതായിരുന്നു. അത് പ്രായോഗികമല്ല, ഇവിടെ നടപ്പുള്ള കാര്യമല്ല. മററു സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്നാണ് പറയുന്നത്. നടപ്പാക്കിയ സ്ഥലങ്ങളിൽത്തന്നെ പറയുന്നത് എന്താണ്? ഒരു സ്റേറബിൾ ഗവൺമെൻറ് ഉണ്ടാക്കുന്നതിന് എന്താണ് തടസ്സം. പ്രാദേശികമായി സ്വാധീനമുള്ള ഇൻഡിപ്പെൻഡൻറ് പാർട്ടിയും സ്പ്ലിൻറർ പാർട്ടിയും ധാരാളം വളരുന്നതിന് സഹായകരമാകും. അതുമാത്രമല്ല കോൺസ്ററിട്യുവൻസിയുമായിട്ട് മെമ്പർക്ക് യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. വോട്ടറെ കൺഫ്യൂസ് ചെയ്യുമെന്നൊക്കെയാണ് നടപ്പാക്കിയ പരിഷ്കൃത രാജ്യങ്ങളുടെ അനുഭവമെന്നു പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇതു സ്വാഗതം ചെയ്യുന്നു, ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന്. അപ്രായോഗികമായ ഒരു കാര്യം എങ്ങനെയാണ് സ്വാഗതം ചെയ്യുന്നത്?

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. In clause 4, sub clause (1) for the words "in the manner prescribed" substitute the words "in accordance with the principle of proportional representation by means of single transferrable vote".

ശ്രീമാൻ ദേവസ്സിക്കുട്ടി പറഞ്ഞ കാരണങ്ങൾ കൊണ്ടു തന്നെ ഇത് അംഗീകരിക്കണമെന്നാണ് പറയുന്നത്. ഇന്നത്തെ വോട്ടിംഗ് സമ്പ്രദായത്തിൽ ഒരാൾ ഒരു ലക്ഷമോ രണ്ടു ലക്ഷമോ അംഗങ്ങളുള്ള ഒരു നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുത്ത് വന്നാൽ അദ്ദേഹത്തിനും നിയോജകമണ്ഡലത്തിലുള്ള ആളുകൾക്കും തമ്മിൽ എത്ര ബന്ധമുണ്ടെന്ന് അറിയാം. വ്യക്തികളെ നോക്കി തെരഞ്ഞെടുപ്പിൽ ജാതി, മതം, പ്രാദേശികാടിസ്ഥാനം തുടങ്ങിയുള്ള കാര്യങ്ങൾക്കാണ് ഇവിടെ പ്രാമുഖ്യം നൽകുന്നത്. അതു മാററണം. കാശ്മീരിലും കന്യാകുമാരിയിലും ഒരുപോലെ നീണ്ടു നിൽക്കുന്ന ഇൻഡ്യാ രാജ്യത്ത് ഒട്ടാകെയുള്ള തെരഞ്ഞെടുപ്പാണ്. ചെറിയ പ്രതിനിധികളുടെ തെരഞ്ഞെടുപ്പാണെങ്കിൽ തത്വങ്ങൾ നോക്കി ആദർശവും നോക്കി ആദർശവും തത്വവും പറയുന്ന രാഷ്ട്രീയ കക്ഷിക്ക് വോട്ടു ചെയ്യാൻ കഴിയുമെന്ന നില ഇതിലുണ്ട്. ഇതിൽ വ്യക്തിപരമായിട്ടോ കക്ഷിപരമായിട്ടോ സമുദായത്തിന് മററു കാര്യങ്ങൾക്കോ വോട്ടു ചെയ്യാതെ കഴിയും. അത് മൾട്ടിമെമ്പർ ആയിരിക്കണമെന്നാണ്. അതിന്റെ അർത്ഥം എന്താണ്? ആ ജില്ലയുടെ പരിധിയിൽ വരുന്ന രാഷ്ട്രീയ കക്ഷികൾ ഏതൊക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly

അവർക്കെല്ലാം അതിൽ സ്ഥാനാർത്ഥികളായി നിൽക്കാം. പ്രായോഗികമായ ബുദ്ധിമുട്ട് വരും. സ്വതന്ത്രൻ നിന്നാലോ എന്ന് ചോദിച്ചു. മന്ത്രി ചൂണ്ടിക്കാണിച്ച പ്രശ്നം ശരിയാണ്. ഒരു സ്വതന്ത്രൻ നിൽക്കുകയാണെങ്കിൽ റൂൾ ഉണ്ടാക്കാൻ കഴിയും. ഏററവും ചുരുങ്ങിയത് 250 അംഗങ്ങളുടേയോ 500 അംഗങ്ങളുടേയോ പിന്തുണ വേണം. നോമിനേഷൻ കൊടുക്കുമ്പോൾ അത്രയും വോട്ടർമാരുടെ പിന്തുണ ഉണ്ടാകുമെന്ന് റൂൾ ഉണ്ടാക്കുന്നതിൽ വിരോധമില്ല. അതുകൊണ്ട് താത്വികമായി ഇത് അംഗീകരിക്കുകയാണെങ്കിൽ അതനുസരിച്ച് റൂൾ എന്തായിരിക്കണമെന്ന് പറയുന്നതിൽ വിരോധമില്ല. ഇത്തരത്തിലുള്ള തെരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു. നമ്മുടെ രാജ്യസഭയിലേയ്ക്ക് ഈ സഭയുടെ തന്നെയുള്ള വോട്ട് കണക്ക് കൂട്ടുന്ന സമ്പ്രദായം എങ്ങനെയാണ്. ആകെയുള്ള സീററ് നോക്കി ആകെയുള്ള വോട്ടർമാരെ നോക്കി..................

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:</u> വോട്ടർമാർക്ക് ആശയക്കുഴപ്പം ഉണ്ടാകുന്നതാണ്.

<u>ശ്രീ. പി. കെ. ശങ്കരൻകുട്ടി:</u> വോട്ടർമാർക്ക് തീരെ ആശയക്കുഴപ്പം ഉണ്ടാക്കുകയില്ല. പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ കക്ഷികൾക്കാണ് വോട്ട്. വ്യക്തികൾക്കല്ല. രണ്ടോ മൂന്നോ കക്ഷിയാണെങ്കിൽ കക്ഷിയ്ക്കും വ്യക്തിയാണെങ്കിൽ വ്യക്തിയ്ക്കും വേർതിരിച്ച് കാണാൻ കഴിയും. പ്രായോഗികമായ ബുദ്ധിമുട്ട് ഏതൊരു കാര്യത്തിനും ഉണ്ടെന്നുള്ളത് സത്യമാണ്. താരതമ്യേന ഇന്ന് നിലവിലുള്ള സമ്പ്രദായത്തിലുള്ള ബുദ്ധിമുട്ടിനേക്കാൾ കുറഞ്ഞതാണെന്ന് മനസ്സിലാക്കിക്കൊണ്ട് പരീക്ഷണത്തിനു വേണ്ടിയെങ്കിലും ഈ തെരഞ്ഞെടുപ്പ് അംഗീകരിക്കണം.

<u>ശ്രീ. എ. പി. കുര്യൻ:</u> പൊതു ചർച്ചയിൽ ആനുപാതിക പ്രാതിനിധ്യപ്രകാരമുള്ള വോട്ടിംഗ് സമ്പ്രദായം ജില്ലാ കൗൺസിലുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകളിൽ നടപ്പാക്കണമെന്ന് ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനോട് യോജിക്കുന്നുണ്ട്. തൽക്കാലം പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ബുദ്ധിമുട്ട് ഇപ്പോഴും വ്യക്തമല്ല. വളരെ എളുപ്പത്തിൽ ജില്ലാ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടപ്പാക്കാൻ കഴിയുന്ന ഒരു വ്യവസ്ഥയാണ്. ശ്രീ ദേവസ്സിക്കുട്ടിയാണ് ഇതിനെതിരായി ചില വിമർശനങ്ങൾ ഉന്നയിച്ചത്. സ്പ്ലിൻറർ പാർട്ടികളൊക്കെ കൂടുതൽ വളരാൻ സഹായിക്കും ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ ഉണ്ടാക്കിയാലെന്ന് അദ്ദേഹം പറഞ്ഞു. ഈ സഭയിൽത്തന്നെ ഓരോ ദിവസവും ഓരോ പാർട്ടിയും രണ്ടും മൂന്നും ആയി മാറുന്നുണ്ട്. അതിൻെറ അപകടം ഇപ്പോൾതന്നെ നിലവിലുണ്ട്. ആനുപാതികപ്രാതിനിധ്യവ്യവസ്ഥ ഇല്ലെന്നുള്ളതുകൊണ്ട് ഈ രാജ്യത്ത് വലിയ സ്വാധീനശക്തിയൊന്നുമില്ലാത്ത അധികം ശതമാനം ആളുകളെ പ്രതിനിധീകരിക്കാത്ത പല രാഷ്ട്രീയ കക്ഷികളുടേയും പ്രതിനിധികൾ ഈ സഭയിൽ അവർക്ക് അർഹിക്കാത്ത പ്രാതിനിധ്യം നേടിയെടുക്കുന്നുണ്ട്. അതാണ് അനുഭവം. ഇത്തരത്തിൽ ഒരു വ്യവസ്ഥ വന്നാൽ ഏതൊക്കെ രാഷ്ട്രീയ കക്ഷിയ്ക്ക് രാജ്യത്ത് എത്രമാത്രം ജനങ്ങളുടെ പിന്തുണയുണ്ടോ അതുമാത്രമായിരിക്കും ആ തെരഞ്ഞെടുക്കപ്പെടുന്ന ബോഡിയിൽ പ്രതിഫലിപ്പിക്കുക. ഇത് പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ള രാജ്യങ്ങളിലെല്ലാം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ദേവസ്സിക്കുട്ടി ഉന്നയിച്ച തടസ്സവാദം........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ പറഞ്ഞ ദോഷം ഉണ്ടായി എന്നാണ് പറഞ്ഞിട്ടുള്ളത്. ഇങ്ങനെയുള്ള ഭരണത്തിന്റെ അസ്ഥിരതയും വോട്ടർമാരിൽ ഉണ്ടാകുന്ന ആശയക്കുഴപ്പവും ചെറിയ ചെറിയ പാർട്ടികൾക്ക് കൂടുതൽ അധികാരം പിടിച്ചു പററുന്നതിന് ഇടവരും.

ശ്രീ. എ. പി. കുര്യൻ: അത് ശരിയല്ല. ഭരണത്തിലുള്ള അസ്ഥിരതയൊക്കെ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയുടെ തകരാറു കൊണ്ടല്ല. ചില പ്രത്യേകമായ മുതലാളിത്ത സംവിധാനം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഭരണത്തിന് അസ്ഥിരതയുണ്ടാകും. ഇൻഡ്യാ രാജ്യത്തും ഉണ്ടാകും. ഫ്രാൻസിൽ ഉണ്ട്. ഇററലിയിലുണ്ട്. അത് ആനുപാതിക പ്രാതിനിധ്യ സിസ്ററത്തിന്റെ തകരാറുകൊണ്ട് ആണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് പിശകാണ്. അവിടെ നിലനിൽക്കുന്ന പ്രത്യേക സാമൂഹ്യ വ്യവസ്ഥ കൊണ്ടാണ്.

ശ്രീ. ഇ. അഹമ്മദ്: ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ ഡിസ്ട്രിക്ററ് കൗൺസിലിൽ മാത്രമല്ല പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും നിയമസഭയിലുമൊക്കെ വേണമെന്ന അഭിപ്രായമുണ്ടോ?

ശ്രീ. എ. പി. കുര്യൻ: ശ്രീ. അഹമ്മദിന്റെ പാർട്ടി കൂടി തയ്യാറാണെങ്കിൽ ഞങ്ങൾ സ്വാഗതം ചെയ്യും. പാർലമെൻറിലും കൂടി ഇത് ബാധകമാക്കണമെന്ന ശക്തിയായ അഭിപ്രായമാണുള്ളത്. ഇത് നടപ്പാക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ജില്ലാ ഭരണ ബിൽ തന്നെ ഒരു പുതിയ പരീക്ഷണമാണ്. അതു വിജയകരമായി നടത്താവുന്ന ഒരു പരീക്ഷണമാണ്. അതിനിടയിൽ കൺഫ്യൂഷൻ വരുത്തുന്ന ഇങ്ങനെയൊരു ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ കൂടുതൽ കുഴപ്പമുണ്ടാകും. ശ്രീ. ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ പല രാജ്യങ്ങളിലും അതിന്റേതായ ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ആരംഭഘട്ടത്തിൽ അതേക്കുറിച്ചുള്ള ചിന്തതന്നെ മാററി വെക്കുന്നതായിരിക്കും നല്ലത്. കൊച്ചു കൊച്ചു പാർട്ടികളുള്ള നമ്മുടെ സംസ്ഥാനത്ത് ഇതു കൂടുതൽ ബുദ്ധിമുട്ടു സൃഷ്ടിക്കും. അതുകൊണ്ട് ഇപ്പോഴത്തെ സമ്പ്രദായം തന്നെ തുടരുന്നതാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഇപ്പോൾ 50,000 എന്നുള്ളതിൽ ഭേദഗതിയൊന്നും വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. ആനുപാതിക പ്രാതിനിധ്യം ഒരു തത്വമെന്നനിലയിൽ ഞാൻ അനുകൂലിക്കുന്നു എന്നുപറഞ്ഞത് ഡിസ്ട്രിക്ററ് ഭരണത്തിൽ മാത്രമല്ല അഖിലേൻഡ്യാടിസ്ഥാനത്തിൽ ഒരു തത്വമായി ഭരണഘടനയിൽ വരണമെന്നുള്ള ഉദ്ദേശത്തിലാണ്. നമ്മളെല്ലാവരും വന്നിരിക്കുന്നത് വോട്ടിംഗ് സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടാണ്. അതുപോലെതന്നെയാണ് ഇപ്പോൾ പഞ്ചായത്തുകളിലും നടക്കുന്നത്. അതിന്റെ മദ്ധ്യത്തിൽ ഇങ്ങനെയൊരു സമ്പ്രദായം ഇപ്പോൾ പരിശോധിച്ച് ആകെ അപകടത്തിലാക്കണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. അതൊരു തത്വമെന്ന നിലയിൽ ഞാൻ അംഗീകരിക്കുന്നു എന്നു പറഞ്ഞത് ഇപ്പോൾ ശ്രീ. ദേവസ്സിക്കുട്ടിയുടേയും

LIBRARY ARCHIVES Kerala Legislative Assembly

ശങ്കരൻകുട്ടിയുടേയുമൊക്കെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ആ കാര്യത്തിൽ കൂടുതൽ കൺഫ്യൂഷനാണ് ഉണ്ടായിരിക്കുന്നത്. ഇത് പണ്ട് ഒരു ജഡ്ജി പറഞ്ഞതുപോലെ നിന്നെ വിടാൻ എനിക്ക് ആഗ്രഹമുണ്ട്. പക്ഷെ നിങ്ങളുടെ വക്കീൽ സമ്മതിക്കുന്നില്ല എന്നു പറഞ്ഞതുപോലെയാണ്. ഏതായാലും ഇപ്പോൾ ആ നിർദ്ദേശത്തെ ഞാൻ എതിർക്കുകയാണ്.

The amendment moved by Shri C. A. Kurian was, by leave withdrawn.

The amendment moved by Shri M. K. Krishnan was put and lost.

The amendment moved by Shri P. B. R. Pillai was put and lost.

The amendment moved by Shri E. P. Gopalan was, by leave withdrawn.

The amendment moved by Shri R. Sundaresan Nair was put and lost.

The amendment moved by Shri P. R. Kurup was put and lost.

The amendment moved by Shri P. K. Sankarankutty was put and lost.

The question that Sub-clause I of clause 4 stands part of the bill was put and carried.

Sub clause I of clause 4 was added to the Bill.

Sub-Clause 2, 3 and 4 of clause 4

Minister for Education **(Shri C. H. Mohammed Koya)**: Sir, I move:

(i) In sub-clauses (2) and (3) the words "with the right to vote but without any right to hold office under the district council" shall be omitted.
(ii) For sub-clause (4), the following sub-clauses shall be substituted namely:—

"(4) Nothing contained in sub-section (2) or sub-section (3) shall be deemed to prevent any member of the Legislative Assembly from standing for election and becoming a member of the district council and in such case he shall cease to be an ex-officio member of the district council.

(5) An ex-officio member referred to in sub-section (2) or sub-section (3) or an elected member referred to in sub-section (4) shall, subject to the provisions of this Act, have all the rights of a member provided in this Act, but shall not be entitled to hold office as the President or Vice President of the district council or as the Chairman or a member of any standing committee of the district council or any other office under the district council."

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ എന്റെ അഭിപ്രായം,

In clause 4, sub-clause (5) proposed to be substituted by amendment No. 212 the following proviso shall be added namely "provided that if an elected

LIBRARY ARCHIVES Kerala Legislative Assembly

member referred to in sub-section 4 resigns his membership of the Legislative Assembly or otherwise ceases to be a member of the Legislative Assembly, he shall have all the rights of a member provided in this Act.'' എന്ന ഒരു ഭേദഗതി സ്വീകരിക്കണമെന്നാണ്.

മന്ത്രി മൂവ് ചെയ്തിരിക്കുന്ന സബ് ക്ലാസ് 5-ലെ അമെൻറുമെൻറിൽ

For sub-clause (5) An ex-officio member referred to in sub-section (2) or sub-section (3) or an elected member referred to in sub-section (4) shall, subject to the provisions of this Act have all the rights of a member provided in this Act but shall not be entitled to hold office as the President or Vice President ...എന്നുപറഞ്ഞിട്ടുണ്ട്. അതിന് ഒരു പ്രൊവൈസോയാണ്.

''Provided that if an elected member referred to in sub-section (4) resigns his membership of the Legislative Assembly or otherwise ceases to be a member of the Legislative Assembly, he shall have all the rights of member provided in this Act." ഇതിന്റെ പർപ്പസ് ഇത്രയേയുള്ളു. ഈ സബ് ക്ലാസ് 5. അനുസരിച്ചാണെങ്കിൽ എം. എൽ. എ. മാർ മൽസരിച്ചു ജയിച്ചു വന്നാൽ എക്സ് ഒഫീഷ്യോ മെമ്പർമാർക്കുള്ള റൈററ് മാത്രമേയുള്ളു. പ്രസിഡൻറാകാനും മററുമൊന്നുമുള്ള അവകാശമില്ലെന്നാണ്. അതിനു ഞാൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതി അങ്ങനെ ഒരു എം. എൽ. എ. ജയിച്ചു വന്നതിനുശേഷം എം. എൽ. എ. സ്ഥാനം രാജിവയ്ക്കുകയോ അല്ലെങ്കിൽ ഇല്ലാതാകുകയോ ചെയ്താൽ ആ എം. എൽ. എ. ക്ക് ഒരു തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്കുള്ള എല്ലാ അവകാശങ്ങളും, പ്രസിഡൻറാകുന്നതിനും വൈസ് പ്രസിഡൻറാകുന്നതിനും മററു സ്ററാൻഡിംഗ് കമ്മിററികളുടെ ചെയർമാനാകുന്നതിനും എല്ലാമുള്ള അവകാശംകൂടി വേണമെന്നുള്ളതാണ്. സബ് ക്ലാസ് അഞ്ചിൽ പറഞ്ഞിരിക്കുന്നത് അങ്ങനെ അവകാശം ഉണ്ടോ ഇല്ലയോ എന്നുള്ളതിന് നിർണ്ണായക ഘടകമായി എടുത്തിരിക്കുന്നത് ഇലക്ഷനാണ്. ഇലക്ഷനിൽ ജയിച്ചു വരുന്ന ഒരാളിന് എല്ലാ അവകാശവും കൊടുക്കണം. അതിനുള്ള വ്യവസ്ഥകൂടി വേണം.

ശ്രീ. കെ. കരുണാകരൻ: വോട്ടിംഗ് റൈററില്ലെങ്കിൽ പിന്നെ എം. എൽ. എ. മൽസരിച്ചു ജയിച്ചു വരുന്നതുകൊണ്ട് പ്രയോജനമില്ല. ജില്ലാ കൗൺസിലിലേക്ക് മൽസരിച്ചു ജയിച്ചുവന്നാൽ എം. എൽ. എ. സ്ഥാനം രാജിവയ്ക്കണം. അതുകൊണ്ട് ഇങ്ങനെയൊരു ക്ലാസ് വയ്ക്കുന്നത് നല്ലതാണ്.

ശ്രീ. ഇ. അഹമ്മദ്: വൈസ് പ്രസിഡൻേറാ സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനോ ആകുന്നതിന് ഇതു ബാധകമല്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അവസാനം ഞാൻ പറഞ്ഞിരിക്കുന്നത് He shall have all the rights of a member provided in this Act എന്നാണ്. അപ്പോൾ സബ് കമ്മിററി മെമ്പറും എല്ലാം ആകാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇതിന്റെ സ്പിരിററിനോട് ഞാൻ യോജിക്കുന്നു. ഇതിന്റെ വേഡിംഗ് പിന്നീട് അവതരിപ്പിക്കാം.

ശ്രീ. പി. ബി. ആർ. പിള്ള: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:- "In clause 4 sub-clauses (2), (3) and (4) shall be deleted". എന്റെ ഭേദഗതിയിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. എം. എൽ. എ. മാർക്ക് ജില്ലാ ഭരണസമിതിയിൽ യാതൊരു കാര്യവുമില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ജില്ലാ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടാത്ത ആളുകൾ അവിടെ ഇരിക്കാൻ പാടില്ല. ഈ ക്ലാസ് കൊണ്ട് എം.എൽ.എ. മാരെ പരിഹസിക്കുകകൂടി ചെയ്തിരിക്കുകയാണെന്നാണ് എന്റെ അഭിപ്രായം. വോട്ടിംഗ് വരുമ്പോൾ എം. എൽ.എ.മാർ വെളിയിൽ പോയി നിൽക്കണം അല്ലെങ്കിൽ വെറും നിരീക്ഷകനായി നോക്കിയിരിക്കണമെന്നു പറയുമ്പോൾ ഇതുപോലുള്ള അംഗത്വത്തിന്റെ ആവശ്യമെന്താണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് എം. എൽ. എ. ക്ക് അവകാശം കൊടുക്കണമെന്നാണോ?

ശ്രീ. പി. ബി. ആർ. പിള്ള: അല്ല. ഇതു വെളുക്കാൻ തേച്ചത് പാണ്ടായിമാറി എന്നു പറഞ്ഞതുപോലെയാണ്. തെരഞ്ഞെടുക്കപ്പെടാത്ത യാതൊരു വ്യക്തിയും ജില്ലാ ഭരണസമിതിയിൽ ഉണ്ടായിരിക്കാൻ പാടില്ല എന്നുള്ളതാണ് എന്റെ വ്യക്തമായ അഭിപ്രായം. ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് അതൊന്നുകൂടി അപമാനിക്കുകയാണ്. കാരണം അവർക്ക് വോട്ടിംഗ് റൈററ് കൂടിയില്ല. പഞ്ചായത്തിൽ എം. എൽ. എ. മാർ ചെന്നാൽ ഇരിക്കാൻ പററുമോ? ഇരിക്കാൻ പററുകയില്ല. ഇതൊരു ആട്ടോണമസ് ബോഡിയാണെങ്കിൽ തെരഞ്ഞെടുപ്പ് നിശ്ചയിക്കുന്ന സാഹചര്യത്തിൽ പ്രത്യേകാധികാരങ്ങൾ നൽകിയിരിക്കുന്ന സാഹചര്യത്തിൽ, വികസനപ്രവർത്തനങ്ങൾ നടത്താനുള്ള ചുമതല നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിലേക്ക് തെരഞ്ഞെടുക്കപ്പെടാത്ത യാതൊരു ആളും അവിടെ പോയി മെമ്പറായി ഇരിക്കാൻ പാടില്ല. അതുകൊണ്ട് യാതൊരു കാരണവശാലും ജില്ലാ ഭരണസമിതിയിൽ എം. എൽ. എ. മാർ മെമ്പറായി ഇരിക്കാൻ പാടില്ല. ജില്ലാ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആളുകൾ മാത്രമേ അതിൽ അംഗമായി ഇരിക്കാൻ പാടുള്ളു. എം.എൽ.എ. മാർക്ക് അവിടെ വരണമെന്നുണ്ടെങ്കിൽ രാജിവച്ചിട്ട് തെരഞ്ഞെടുപ്പിൽ മൽസരിച്ചു ജയിച്ചു വരട്ടെ. അതല്ലാതെ രണ്ടു സ്ഥാനം കൂടി പാടില്ല. ഇതു അധികാര വികേന്ദ്രീകരണത്തിന്റെ വ്യക്തമായ ഒരു പികിചറാണ്. ഇത് ഡി. ഡി. സി. പോലുള്ള ഒരു ബോഡിയല്ല. ഇതുവ്യക്തമായ ഒരു സ്ററാററ്യൂട്ടറി ബോഡിയാക്കി മാററണം. അധികാര വികേന്ദ്രീകരണമെന്നു പറഞ്ഞാൽ പോരാ, കുറേ അധികാരമുള്ള ബോഡിയായി മാററാനുള്ള സംവിധാനം ഉണ്ടാക്കണം. 16 എം. എൽ. എ. മാർ വരെയുള്ള ജില്ലകളുണ്ട്. ജില്ലാ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുവരുന്നത് ഉദ്ദേശം പതിനാറോ പതിനേഴോ പേരായിരിക്കും. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ഈ എം. എൽ. എ. മാർ പറയുന്ന കാര്യങ്ങൾ വിജയിക്കുന്നതിന് ഭൂരിപക്ഷം കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ജില്ലാ കൗൺസിലിലെ അംഗങ്ങൾ പല പാർട്ടിയിൽ പെട്ടവരായിരിക്കുമല്ലോ. എം. എൽ. എ. മാരും അതുപോലെയായിരിക്കുമല്ലോ.

ശ്രീ. പി. ബി. ആർ. പിള്ള: ചില ജില്ലകളിൽ ഒരു പാർട്ടിക്ക് വ്യക്തമായ ഭൂരിപക്ഷം ഉണ്ടായിരിക്കും. അതുകൊണ്ട് ആ മാനദണ്ഡം സ്വീകരിക്കേണ്ട ആവശ്യമില്ല. എം. എൽ. എ. മാരെ സംബന്ധിച്ചിടത്തോളം എക്സ് ഒഫീഷ്യോ മെമ്പർ ആകേണ്ട പ്രശ്നമില്ല. അവരാരും ഇതിൽ വരാൻ പാടില്ല. അതുകൊണ്ട് ഇത് എടുത്തു കളയുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. In clause 4, sub clause (2) for the words "with the right to vote but without any right" substitute the words "without the right to vote and" ഈ എക്സ് ഒഫീഷ്യോ മെമ്പർ എന്നുള്ള ഇടപാട് ഒഴിവാക്കണമെന്നാണ് ഞാൻ പറയുന്നത്. ഏതെങ്കിലും കക്ഷി ഇതിനെ അനുകൂലിക്കുന്നുണ്ടോ? എന്തിനു എം. എൽ. എ. മാർ ജില്ലാ കൗൺസിലുകളിൽ പോയി ഇരിക്കണം. ഇന്ന് പഞ്ചായത്ത് കമ്മിററികളിൽ അവർക്ക് പോയി ഇരിക്കാൻ അധികാരമില്ല. പിന്നെ എന്തിനാണ് ഇലക്ററു ചെയ്ത ജില്ലാ കൗൺസിലുകളിൽ എം. എൽ. എ. മാർ പോയിരിക്കുന്നത്. ഇത് അപമാനകരമായ ഒരു വ്യവസ്ഥയാണ്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ ജയിച്ചു വരുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബോഡിയാണ് ജില്ലാ കൗൺസിൽ. അവിടെ ആരേയും നോമിനേററ് ചെയ്യേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ എക്സ് ഒഫീഷ്യോ മെമ്പർ എന്നുള്ളത് ഒഴിവാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ററി. എം. ജേക്കബ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. In clause 4 sub-clause (2) after the words "Legislative Assembly" add the words "and Members of the Parliament". ഇതിനു മന്ത്രി തന്നെ ഔദ്യോഗികമായി ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഇതിനകത്തു നിയമസഭാംഗങ്ങളുടെ വോട്ടിംഗ് റൈററിനെ സംബന്ധിച്ചാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. നിയമസഭാംഗങ്ങളെപ്പോലെ തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്ന നിലയിൽ എം. പി. മാരെ കൂടി ഇതിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരണം. നിയമസഭാംഗങ്ങളെ എക്സ് ഒഫീഷ്യോ മെമ്പറായി ഇതിൽ കൊണ്ടുവരുന്ന സ്ഥിതിക്ക് അവർക്ക് വോട്ടിംഗ് റൈററ് കൊടുക്കണമെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പ്രാതിനിധ്യം വേണമെന്നുള്ളതിനെ സംബന്ധിച്ച് എന്താണ് അഭിപ്രായം?

ശ്രീ. ററി. എം. ജേക്കബ്: പറയാം. എന്റെ അഭിപ്രായത്തിൽ നിയമസഭാംഗങ്ങൾ എക്സ് ഒഫീഷ്യോ മെമ്പർമാരായി ജില്ലാ കൗൺസിലുകളിൽ വരുമ്പോൾ അവർക്ക് എല്ലാ കാര്യങ്ങളിലും വോട്ടിംഗ് റൈററ് കൊടുക്കണമെന്നാണ്. ശ്രീ. പി. ബി. ആർ. പിള്ള ഇവിടെ പറഞ്ഞു, ജില്ലാ കൗൺസിലിൽ അവിശ്വാസപ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ എക്സ് ഒഫീഷ്യോ മെമ്പർമാർ ഇറങ്ങിപ്പോകണമെന്ന്. ജില്ലാ കൗൺസിലിലെ ചെയർമാനെതിരായോ വൈസ് ചെയർമാനെതിരായോ, സ്ററാൻറിംഗ് കമ്മിററി ചെയർമാൻമാർക്കെതിരായോ അവിശ്വാസം വരുമ്പോൾ അതിനെ നിശിതമായി വിമർശിക്കാം, ചർച്ചയിൽ പങ്കെടുക്കാം, പക്ഷേ വോട്ടിംഗിൽ പങ്കെടുക്കാനുള്ള അവകാശംകൂടി എം. എൽ. എ. മാർക്ക് കൊടുത്തില്ലെങ്കിൽ പിന്നെ അവർ അവിടെ ഇരുന്നിട്ട് കാര്യമില്ല. എം. എൽ. എ. മാരല്ലാത്തവർ ഇവിടെ മന്ത്രിമാരായിരുന്നിട്ടുള്ള അനുഭവം നമുക്കറിയാം.

ശ്രീ. എം. കെ. കൃഷ്ണൻ: അവിശ്വാസം വരുമ്പോൾ വിമർശിക്കുവാനുള്ള അവകാശംപോലും എക്സ് ഒഫീഷ്യോ മെമ്പർക്ക് ഉണ്ടാകുകയില്ല. ഇലക്ററഡ്മെമ്പർമാർക്കു മാത്രമേ യോഗത്തിൽ പങ്കെടുക്കാൻ പാടുള്ളു.

ശ്രീ. ററി. എം. ജേക്കബ്: എന്നതിൽ പറഞ്ഞിട്ടില്ല. വളരെ പ്രധാനപ്പെട്ട ഒരു സംഗതി സംസ്ഥാനതലത്തിൽ നാം വളരെയേറെ അധികാരം പകർന്നു കൊടുക്കുന്നുയെന്നുള്ളതാണ്. വികസന രംഗങ്ങളിലാണ് ഇപ്പോൾ നിയമസഭാംഗങ്ങളെ ജനങ്ങൾ കാണുന്നത്. നിയമസഭാസാമാജികൻമാർ എന്ന നിലയിൽ ജനങ്ങൾ ഉദ്ദേശിക്കുന്നത് നിയമസഭയിൽ വന്ന് നിയമം ചർച്ച ചെയ്യുകയും നിയമം പാസ്സാക്കുകയും ചെയ്യുകയല്ല. അതാതു പ്രദേശത്തെ വികസന പ്രവർത്തനങ്ങളിൽ അവിടെ എം. എൽ. എ. മാർ കൂടി പങ്കെടുക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. ഒരു നിയോജകമണ്ഡലത്തിലെ പല വികസനപ്രവർത്തനങ്ങളും ജില്ലാ കൗൺസിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. മാർ അവിടെ പോകാൻ പാടില്ലെന്ന് പറയുന്നതു ശരിയല്ല.

ശ്രീ. എം. വി. രാഘവൻ: പഞ്ചായത്ത് ബോർഡിലും വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അപ്പോൾ അവിടേയും പോകേണ്ടേ?

ശ്രീ. ററി. എം. ജേക്കബ്: പഞ്ചായത്ത് സമിതികൾക്കു കൊടുത്തിരിക്കുന്ന അധികാരവും, ജില്ലാ കൗൺസിലുകൾക്കു കൊടുത്തിരിക്കുന്ന അധികാരവും രണ്ടും രണ്ടാണ്. ജില്ലാ കൗൺസിലുകൾക്ക് കൂടുതൽ അധികാരം കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ ജില്ലാ കൗൺസിലുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫൈനാൻസ് മുഴുവൻ അലോട്ടു ചെയ്യുന്നത് നിയമസഭയാണ്. അപ്പോൾ ആ പ്രദേശത്തെ നിയമസഭാംഗം അവിടെ പോകാൻ പാടില്ലെന്ന് പറയുന്നതു ശരിയല്ല. ജില്ലാ കൗൺസിലുകളിൽ അവിടെ ചർച്ച ചെയ്യുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുതകൾ മനസ്സിലാക്കി അത് നിയമസഭയുടെ ബഡ്ജററ് ചർച്ചയിൽ അവതരിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ബഡ്ജററ് പാസ്സാക്കണം. അതുകൊണ്ട് എല്ലാ വിധമായ അവകാശങ്ങളോടുംകൂടി എം. എൽ. എ. മാർ ജില്ലാ കൗൺസിലുകളിൽ ഉണ്ടായിരിക്കണമെന്നുള്ളതാണ് എന്റെ വ്യക്തമായ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാർ പത്തു പതിനാറു പേരുള്ള ജില്ലകളുണ്ട്. ശരിയാണ്. 16 പേരുള്ള ജില്ലകൾ കാണാം. പക്ഷേ ആ ജില്ലാ കൗൺസിലിലേക്ക് നടക്കാനുള്ള തെരഞ്ഞെടുപ്പും പാർട്ടി അടിസ്ഥാനത്തിലാണ് നടക്കാൻ പോകുന്നത്. അപ്പോൾ എം. എൽ. എ. മാർ 16 പേർ ഇലക്റ്റഡായിട്ടുണ്ടെങ്കിൽ നമ്മുടെ കേരളത്തിലെ സംവിധാനമനുസരിച്ച് ഒരു ജില്ലയിലും മുഴുവൻ എം. എൽ. എ. മാരും ഒരു പാർട്ടിയിൽനിന്നു വരുന്ന സമ്പ്രദായം നിലവിലില്ല. നമുക്കറിയാവുന്ന ഒരു വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ എം. എൽ. എ. മാർ, വന്നിരുന്നാൽ അവർ വോട്ടുചെയ്യുമ്പോൾ എം. എൽ. എ. മാരുടെ കാര്യങ്ങൾക്കല്ലേ പ്രാമുഖ്യം കിട്ടണമെന്ന് ചോദിച്ചേക്കാം. ഒരിക്കലും അങ്ങനെ വരാറില്ല. എം. എൽ. എ. മാരുടെ കാര്യമല്ല അവിടെ ചർച്ച ചെയ്യുന്നത്. നാടിന്റെ പൊതുവായ കാര്യങ്ങൾ, വികസനപ്രവർത്തനങ്ങൾ, മററു കാര്യങ്ങൾ ഒക്കെ ചർച്ച ചെയ്യുന്ന സമിതി എന്ന നിലയിൽ ആ സമിതിയിലേക്ക് നിയമസഭാംഗങ്ങൾക്ക് എല്ലാവിധ അവകാശങ്ങളോടുംകൂടിയ സൗകര്യം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. എന്റെ അമെൻറുമെൻറു കൊണ്ടുദ്ദേശിക്കുന്നത് എന്തുകൊണ്ട് എം. പി. മാരെ കൂടി അതിനകത്ത് ഉൾക്കൊള്ളിച്ചുകൂടാ എന്നാണ്. എം. പി. മാർക്ക് നിയമസഭയിൽ വന്നിരിക്കാമോ എന്ന് ചോദിച്ചു. നിയമസഭയും പാർലമെൻറും രണ്ടും രണ്ടാണ്. അതുപോലെ ജില്ലാ കൗൺസിൽ എന്നു പറയുന്നത് ഈ സംസ്ഥാനത്തിന്റെ ഉള്ളിൽ തന്നെയുള്ള ജില്ലകളിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്യുന്ന സമിതിയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: നിയമസഭയ്ക്കുള്ള അധികാരങ്ങൾ കുറച്ചുകൂടി ഡെലിഗേററു ചെയ്തു കൊടുക്കുകയാണ് ഈ ജില്ലാ പരിഷത്ത്. പാർലമെൻറിലുള്ള ഒരധികാരവും ജില്ലാ പരിഷത്തുകൾക്ക് ഡെലിഗേററു ചെയ്തു കൊടുക്കില്ല. വാദത്തിനുവേണ്ടി ജില്ലാ പരിഷത്തിൽ എം. എൽ. എ. മാർ പോയിരിക്കണമെന്ന് സമ്മതിച്ചാൽ തന്നെ പാർലമെൻറു മെമ്പർക്ക് അതിൽ പോയിരിക്കേണ്ട യാതൊരാവശ്യവുമില്ല. കാരണം ജില്ലാ പരിഷത്തിന് പാർലമെൻറിന്റെ ഒരധികാരവും കൊടുത്തിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: ഡി. ഡി. സി. യിൽ എം. പി. മാരെ വിളിക്കാറുണ്ട്. ഡി. ഡി. സി. യിൽ പാർലമെൻറു മെമ്പർ വന്നിരിക്കുന്നതുകൊണ്ട് പ്രയോജനം ലഭിക്കാറുണ്ട്. ഇവിടെയിപ്പോൾ കേന്ദ്ര ഭരണസംവിധാനം, സംസ്ഥാന ഭരണ സംവിധാനം ഇതെല്ലാം കണക്റ്റഡാണ്. ആ നിലയിൽ അധികാരങ്ങൾ വികേന്ദ്രീകരിച്ചിരിക്കുന്നത് കൂടുതൽ ലളിതമായി ജനങ്ങൾക്കു പ്രയോജനപ്രദമായി കാര്യങ്ങൾ നടക്കണമെന്നുള്ളതുകൊണ്ടാണ്. ആ നിലയിൽ വികസനകാര്യങ്ങളിൽ പലതും നമ്മുടെ എം. പി. മാർക്കും ചെയ്യാൻ സാധിക്കും. കേരളത്തിൽ നിന്ന് 20 പേരാണ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. അവർ ഇപ്പോൾ കേന്ദ്രത്തിലെ കാര്യം മാത്രമല്ല ഇവിടത്തെ വികസനപ്രവർത്തനങ്ങളിൽ കൂടി പങ്കാളികളാകണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പാർലമെൻറ് അംഗങ്ങൾകൂടി ഇതിൽ വന്നിരുന്നാൽ സൗകര്യമുണ്ട്. അതുകൊണ്ട് അതിനുള്ള അവസരംകൂടി ഉണ്ടാക്കേണ്ടതുണ്ട്. പലകാര്യങ്ങളിലും പരീക്ഷണങ്ങൾ നടത്താറുള്ള ഒരു നിയമസഭയാണ് ഇത്. അശോകമേത്താ കമ്മിററി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതനുസരിച്ചുതന്നെ പ്ലാനിംഗ് കമ്മിററിയിൽ ഇതിൽ പ്ലാനിംഗ് നടത്തുന്ന അവസരത്തിൽ എം. എൽ. എ. യേയും എം. പി. യേയും

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുപ്പിച്ചാൽ മതിയെന്നാണ്. എന്തായാലും അതിൽനിന്നും വിട്ടിട്ട് ഇവരെക്കൂടി ഇതിനകത്തുകൊണ്ടുവരാമെന്നും പ്രസിഡന്റ്, വൈസ് പ്രസിഡൻറ് തുടങ്ങിയ തെരഞ്ഞെടുപ്പുകളിലും അവിശ്വാസപ്രമേയം തുടങ്ങിയ കാര്യങ്ങളിലും വോട്ടിംഗ്റൈററ് ഇല്ലാതെയും ബാക്കി കുറേ വോട്ടിംഗ് റൈററോടുകൂടിയും അങ്ങനെ പറയുന്നത് രാമേശ്വരത്തെ ക്ഷൗരമെന്നു പറയുന്നത് അതൊരു ഭംഗിയില്ലാത്ത ഏർപ്പാടാണ്. ഒന്നുകിൽ അവരെ മുഴുവൻ റൈററോടുകൂടി ഇരിക്കാൻ അനുവദിക്കുക, അല്ലെങ്കിൽ മാററി നിർത്തുക. രണ്ടു തരത്തിൽ ചെയ്യുന്നത് ശരിക്കലും ശരിയല്ല. ഇന്നിരിക്കുന്നവരല്ല നാളെ ഇരിക്കുന്നത്. അവർ വരുമ്പോൾ അവരെ അപമാനിക്കുന്ന രീതിയിലുള്ള ഒരു പ്രമേയം പാസാക്കുന്നത് ശരിയല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: Sir, I move : In clause 4 after sub-clause (4) add the following proviso namely:

"Provided that a member of the Legislative Assembly who is elected as a member of the district council shall not be entitled to hold office as the President or Vice President of the district council unless he resigns his membership in the Legislative Assembly".

സർ, അദ്ദേഹം തന്ന ഭേദഗതിയനുസരിച്ച് ആയാലും 'Shall not be entitled to hold office as President or Vice President the District Council' എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ വന്നു കഴിഞ്ഞാൽ ഈ മെമ്പർഷിപ്പ് റിസൈൻ ചെയ്യുകയും പ്രസിഡൻറ് സ്ഥാനത്തേയ്ക്ക് മൽസരിക്കുകയും ചെയ്തു കഴിഞ്ഞാൽ പ്രസിഡൻറു സ്ഥാനത്തെ ഇലക്ഷനിൽ എം. എൽ. എ. തോൽക്കുകയും ചെയ്താൽ പ്രസിഡൻറ് ആകാനും സാധിക്കുകയില്ല, എം. എൽ. എ. സ്ഥാനം നഷ്ടപ്പെടുകയും ചെയ്യുമെന്നുള്ള സ്ഥിതിവിശേഷം വരികയില്ലേ? ഇത് ഇങ്ങനെ വ്യാഖ്യാനിക്കാം. ഇപ്പോൾ പറയും.

'But shall not be entitled to hold office as President or Vice-President of the District Council as Chairman or Member of the Standing Committee or any office under the District Council' എന്ന്. അങ്ങനെ വന്നുകഴിഞ്ഞാൽ എം. എൽ. എ. ആയി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി പ്രസിഡൻറ് സ്ഥാനത്തേക്കോ വൈസ് പ്രസിഡൻറ് സ്ഥാനത്തേക്കോ സ്ററാൻഡിംഗ് കമ്മിററി മെമ്പർ സ്ഥാനത്തേക്കോ നോമിനേഷൻ സമർപ്പിക്കുന്നതിന് യോഗ്യനല്ലെന്നുള്ള ഒരു നിഗമനത്തിൽ എത്തിച്ചേരും. ഒരു ആഫീസ് ഹോൾഡുചെയ്യാൻ സാധിക്കുകയില്ലെങ്കിൽ പിന്നെ ആ ആഫീസിലേക്ക് നടത്തുന്ന തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രിക എങ്ങനെ സ്വീകരിക്കാം? അപ്പോൾ സ്ററാൻഡിംഗ് കമ്മിററി മെമ്പറായിട്ടോ, പ്രസിഡണ്ടായിട്ടോ, വൈസ് പ്രസിഡണ്ടായിട്ടോ, ഒരാൾക്ക് ഹോൾഡു ചെയ്യാൻ വയ്യ എന്നെഴുതിവച്ചു കഴിഞ്ഞാൽ ആ സ്ഥാനത്തേക്ക് നോമിനേഷൻ സമർപ്പിക്കാൻ ആ എം. എൽ. എ. ക്ക് അവകാശമില്ല എന്നുള്ള വാദം വരുന്നതിനുമുമ്പ് സ്ററാൻഡിംഗ് കമ്മിററി മെമ്പറായിട്ടോ, പ്രസിഡണ്ടായിട്ടോ, വൈസ് പ്രസിഡണ്ടായിട്ടോ, നോമിനേഷൻ സമർപ്പിക്കണമെങ്കിൽ രാജിവെച്ചതിനുശേഷം നോമിനേഷൻ തരണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

റിട്ടേണിംഗ് ആഫീസർ പറഞ്ഞാൽ അങ്ങനെ എം. എൽ. എ. സ്ഥാനം രാജിവച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും നിർഭാഗ്യവശാൽ തെരഞ്ഞെടുപ്പിൽ തോൽക്കുകയും ചെയ്താൽ ഇവിടെ ഉള്ളതും പോയി കിട്ടാനുള്ളതും പോയി അങ്ങനെ ആകെ വിഷണ്ണനായിട്ട് നടക്കേണ്ട സ്ഥിതിവരും. അതുകൊണ്ടാണ് ഈ ഭേദഗതി വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. സർ, ശ്രീ. ചന്ദ്രശേഖരൻനായർ പറഞ്ഞ ഭേദഗതിയായാലും പററുകയില്ല. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള എല്ലാ അവകാശവും ഉണ്ടായിരിക്കണം. ഇലക്ററുചെയ്തു കഴിഞ്ഞാൽ മാത്രം റിസൈൻ ചെയ്യണമെന്നുള്ളത് വളരെ വ്യക്തമാക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതിയിൽ ഇങ്ങനെ പറയാൻ കാരണം 'Sub-clause (5) proposed to be substituted by Amendment No. 212 the following proviso shall be added:

"Provided that if an elected member referred to in sub-section (4) resign his membership of the Legislative Assembly or otherwise ceases to be a member of the Legislative Assembly he shall have all the rights of a member provided in this Act." അപ്പോൾ നോമിനേഷൻ കൊടുക്കുന്നതിന് ഇങ്ങനെ വാദിക്കുവാൻ കഴിയുകയില്ല. നോമിനേഷൻ കൊടുക്കുമ്പോൾ തന്നെ ഹോൾഡു ചെയ്യാൻ അധികാരമില്ലാത്തവർ നോമിനേഷൻ സമർപ്പിക്കാൻ പാടില്ലെന്നു പറയുകയും അങ്ങനെ രണ്ടു സ്ഥാനവും കിട്ടാത്ത സ്ഥിതി വരികയും ചെയ്യും.

ശ്രീ. വി. ജെ. ജോസഫ്: ജനസേവനം ചെയ്യണമെന്ന് ഇത്ര നിർബന്ധമുള്ള ആളുകൾക്ക് അൽപ്പം റിസ്ക് എടുക്കാൻകൂടി തയ്യാറാകുന്നതിന് ബുദ്ധിമുട്ടുണ്ടോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, അങ്ങയുടെ അനുമതിയോടുകൂടി താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെ വന്നാൽ ശ്രീ. ചന്ദ്രശേഖരൻനായരുടെ ഭേദഗതിയുടെ ആശയം ഉൾക്കൊള്ളുകയും ചെയ്യും, ശ്രീ. ദേവസ്സിക്കുട്ടിയുടെ ന്യായമായ ഭീതി ഇല്ലാതാകുകയും ചെയ്യും. 'Shall not be entitled to hold office as President or Vice-President unless he resigns his membership in the Legislature'— ഇലക്ഷൻ കഴിഞ്ഞിട്ട് രാജിവെച്ചാൽ മതി.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അതുതന്നെയാണ് ഞാൻ പറഞ്ഞത്. രാജിവെച്ച എം. എൽ. എ. മാത്രമേ നോമിനേഷൻ കൊടുക്കാൻ പാടുള്ളു എന്ന സ്ഥിതി വരാൻ സാദ്ധ്യതയുണ്ട്. അങ്ങനെ വരികയാണെങ്കിൽ രാജിവെച്ച് ജില്ലാ പരിഷത്തിൽ മൽസരിക്കുകയും അതിൽ പരാജയപ്പെടുകയും ചെയ്താൽ പ്രസിഡൻറു സ്ഥാനവും എം. എൽ. എ. സ്ഥാനവും രണ്ടും നഷ്ടപ്പെടുകയും ചെയ്യുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എം.എൽ.എ. ആയി ഇരുന്നുകൊണ്ട് ഇലക്ഷനിൽ നിൽക്കുന്നതിന് വിരോധമില്ല. ഇലക്ഷനിൽ തോററാൽ അസംബ്ലിയിൽ തന്നെ ഇരുന്നാൽ മതി. എം.എൽ.എ. മാർക്കു പ്രാതിനിധ്യം കൊടുക്കണമെന്നും കൊടുക്കേണ്ടാ എന്നുമുള്ള രണ്ടഭിപ്രായം തുല്യ ഉഗ്രതയോടുകൂടി തന്നെ ഈ സഭയിൽ പൊന്തിവരികയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സ്വീകരിച്ചിട്ടുള്ള നിലപാടും അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയും ഇതിന്റെ മുഖ്യമാർഗ്ഗമാണ് സ്വീകരിച്ചത്. പ്രധാനമായും വികസന കാര്യങ്ങൾ ചർച്ച ചെയ്യുകയും ഇന്ന് നമ്മുടെ ഡി. ഡി. സി. യിൽ നടക്കുന്നതുപോലുള്ള പല ചർച്ചകളും നടക്കാതിരിക്കുകയും ചെയ്യുന്ന ഈ ജില്ലാ കൗൺസിൽ എം. എൽ. എ. മാർക്ക് കടക്കാൻ പാടില്ലാത്ത മന്ദിരമായിത്തീരരുത്. എം. എൽ. എ. മാർക്ക് അവിടെ ചെന്ന് നിയോജക മണ്ഡലത്തിലെ വികസന പരമായ കാര്യങ്ങൾ ചർച്ച ചെയ്യാനും വോട്ടു ചെയ്യാനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. അതേ അവസരത്തിൽ എം. എൽ. എ. മാർ അവിടെചെന്ന് അവിടത്തെ ബാലൻസ് തെററിച്ച് പ്രസിഡൻറിനെയും വൈസ് പ്രസിഡൻറിനെയും തിരഞ്ഞെടുക്കുന്നതിൽ പങ്കെടുക്കരുത്. അതിന് എം. എൽ. എ. യുടെ വോട്ട് ഉപയോഗിക്കരുത് എന്ന അഭിപ്രായമുണ്ട്. ഈ രണ്ടഭിപ്രായവും സ്വീകരിച്ചുകൊണ്ട് എം. എൽ. എ. മാരുടെ പ്രാതിനിധ്യത്തിന്റേതായ, അഭിപ്രായപ്രകടനത്തിനോതിയ വേദിയാകുകയും അതേയവസരത്തിൽ എം. എൽ. എ. മാരെക്കൊണ്ട് അതിന്റെ ബാലൻസ് തെററിക്കുമെന്ന് മററുള്ളവർക്ക് ആക്ഷേപിക്കാൻ ഇട വരാതിരിക്കുകയും വേണം. അതുകൊണ്ട് ഞാൻ അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കണമെന്നാണ് ഈ സഭയോട് എനിക്കു പറയാനുള്ളത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങ് പറഞ്ഞു, പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ എക്സ് ഒഫീഷ്യോ മെമ്പർക്കോ അല്ലെങ്കിൽ ഇലക്ററഡ് മെമ്പർക്കോ അവരുടെ വോട്ട് പ്രസിഡൻറ് ഇലക്ഷനിൽ ഉപയോഗപ്പെടുത്താൻ സാദ്ധ്യമല്ലെന്ന്. ഇത് ശരിയല്ല. മന്ത്രി കൊണ്ടുവന്നിട്ടുള്ള അമെൻറ്മെൻറ് അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട എക്സ് ഒഫീഷ്യോ മെമ്പർക്ക് ക്ലാസ് 41-ൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയനുസരിച്ച് അവിശ്വാസപ്രമേയത്തിന് വോട്ടു ചെയ്യാൻ അവകാശമില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു 5-ാമത്തെ ക്ലാസ് അനുസരിച്ചു ഒരു എക്സ് ഒഫീഷ്യോ മെമ്പർക്കോ ഒരു ഇലക്ററഡ് മെമ്പർക്കോ ജില്ലാ കൗൺസിലിൽ പ്രസിഡൻറിനേയോ, വൈസ്പ്രസിഡൻറിനേയോ, സ്ററാൻറിംഗ് കമ്മിററി മെമ്പറേയോ, തെരഞ്ഞെടുക്കുന്നതിന് വോട്ടവകാശം ഉണ്ടെന്നുള്ളതാണ് ഒരു വസ്തുത എന്ന്.

ശ്രീ. ഇ. അഹമ്മദ്: പ്രസിഡൻറിനെയോ, വൈസ് പ്രസിഡൻറിനെയോ തെരഞ്ഞെടുക്കുന്നത് ഇലക്ററഡ് മെമ്പേഴ്സുള്ള കമ്മിററിയിൽ വച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചാൽ എം.എൽ.എ.ക്ക് ഇലക്ഷനിൽ കണ്ടസ്ററ് ചെയ്യാം. പക്ഷേ ആഫീസ് ഹോൾഡ് ചെയ്യണമെങ്കിൽ ഇലക്ററഡ് മെമ്പർ എന്ന നിലയ്ക്ക് മൽസരിക്കാൻ അവകാശമില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഇത് നിയമനിർമ്മാണമാണ്. നിയമനിർമ്മാണത്തിൽ ആവശ്യമില്ലാത്തതൊക്കെ എഴുതിവച്ചാൽ—അത് പാസ്സാക്കിയാൽ ബുദ്ധിമുട്ടുണ്ടാകുന്നതാണ്. എന്തിനാണ് ക്ലാസ് രണ്ടിനും, മൂന്നിനും, അമെൻറ്മെൻറ് കൊണ്ടുവന്നതെന്ന് എനിക്കറിയില്ല. മന്ത്രി സജസ്ററ് ചെയ്തിട്ടുള്ള ഭേദഗതിപ്രകാരം എക്സ് ഒഫീഷ്യോ മെമ്പറൻമാർക്ക് വോട്ടവകാശമുണ്ട്. എക്സ് ഒഫീഷ്യോ മെമ്പറൻമാർക്ക് ചില സ്ഥലത്ത് വോട്ടവകാശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതിപ്രകാരം അവരുടെ വോട്ടവകാശം ഇല്ലാതാക്കുന്ന വകുപ്പും വന്നിട്ടുണ്ട്. ഇത് ശരിയാണോ എന്ന് വിശദീകരിക്കണം, ഞങ്ങളൊന്ന് മനസ്സിലാക്കട്ടെ. നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? 'With the right to vote but without any right to hold office under the district council' എന്നു പറഞ്ഞത് ഒമിറ്റു ചെയ്യാൻ പറഞ്ഞിട്ടുണ്ട്. അത് ഒമിറ്റു ചെയ്യുമ്പോൾ സ്വാഭാവികമായിട്ട് എക്സ് ഒഫീഷ്യോ മെമ്പർമാരുടെ വോട്ടവകാശം എടുത്തു കളഞ്ഞു എന്നാണ് തോന്നുക. പക്ഷേ സബ് ക്ലാസ് 5 ന് കൊണ്ടുവന്നിട്ടുള്ള അമെൻറ്മെൻറ് പ്രകാരം An ex-officio member referred to in sub-clause 2 or sub section 2 or sub-section 3 or an elected member referred to in sub-section 4, shall subject to the provisions of this Act......... എന്നു പറഞ്ഞാൽ എല്ലാപേർക്കും വോട്ടവകാശമുണ്ടെന്നാണ്.

ശ്രീ. ഇ. അഹമ്മദ്: ക്ലാസ് 23 ന് സബ്സ്റ്റിട്യൂട്ട് ആയിട്ട് കൊടുത്തിട്ടുള്ള അമെൻറ്മെൻറ്കൂടി നോക്കുകയാണെങ്കിൽ ഈ തെററിദ്ധാരണ നീങ്ങും.

ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു, നിയമം നിർമ്മിക്കുന്നത് വളരെ കരുതലോടുകൂടിയായിരിക്കണമെന്ന്, ശരിയാണ്. എന്നാൽ ഈ ഭേദഗതി കൊടുത്തെങ്കിൽ മാത്രമേ ബഹുമാനപ്പെട്ട മന്ത്രി സബ്സ്റ്റിട്യൂട്ടായി കൊടുത്തിട്ടുള്ള അമെൻറ്മെൻറ് ഇണങ്ങിച്ചേരുകയുള്ളു.

It is the election of the President and the Vice-President.

This amendment moved by the Honourable Member is in conformity with the amendment the Minister has given notice of in clause 22 because that amendment is to be proposed before the House. So until and unless we accept this amendment, the Minister will not be able to move the other amendment. Therefore, the Honourable Member may please look into the amendment given notice of by the Honourable Minister to clause 23. Without looking into clause 23, we will not be in a position to take up this one.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ അമെൻറ്മെൻറ് വളരെ ക്ലീയറാണ്.

ശ്രീ. എം. വി. രാഘവൻ: മന്ത്രി മലയാളത്തിൽ പറഞ്ഞത് മനസ്സിലായില്ല. അഹമ്മദ് ഇംഗ്ലീഷിൽ പറഞ്ഞതും മനസ്സിലായില്ല. അതുകൊണ്ട് വേറെ ഏതെങ്കിലും ഭാഷയിൽ പറഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. എം. ജേക്കബ്: ഇതിനകത്ത് ഒരു കൺഫ്യൂഷനുണ്ട്. ആദ്യം മന്ത്രി ഒരു ഒഫീഷ്യൽ അമെൻറ്മെൻറ് ഇവിടെ കൊണ്ടുവന്നു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻനായർ പ്രൊവൈസോയെന്നു പറഞ്ഞ ഒരു ഓറൽ അമെൻറ്മെൻറും ഇവിടെ കൊണ്ടുവന്നു. ഞങ്ങൾ അതെല്ലാം കേൾക്കുകയും ചെയ്തു. അതുകൊണ്ട് മന്ത്രി ഇതൊന്ന് വിശദമായി പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

Shri C. H. Mohammed Koya: Elected members of every district council shall elect one among them as President. എന്ന് ക്ലാസ് 23-ൽ വന്നിട്ടുണ്ട്. അപ്പോൾ പറയാമെന്നു വിചാരിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: സബ്ക്ലാസ് 5 ഒന്ന് വിശദീകരിച്ചാൽ മതി.

ശ്രീ. എ. പി. കുര്യൻ: എക്സ് ഒഫീഷ്യോ മെമ്പർമാർക്ക് വോട്ടവകാശമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പ്രസിഡൻറ്, വൈസ് പ്രസിഡൻറ് ഇവരെ ഇലക്ററു ചെയ്യുന്നതിന് അവകാശമില്ല.

ശ്രീ. എ. പി. കുര്യൻ: പ്രസിഡൻറ്, വൈസ് പ്രസിഡൻറ് അതുപോലെ തന്നെ സ്ററാൻറിംഗ് കമ്മിററി ചെയർമാൻ ഇതൊക്കെ ഒഴിച്ച സാധാരണഗതിയിലുള്ള മററ് വോട്ടവകാശമുണ്ടോ?

ശ്രീ. സി.. എച്ച്. മുഹമ്മദ്കോയ: ഉണ്ട്.

ശ്രീ. എ. പി. കുര്യൻ: അങ്ങനെയാണെങ്കിൽ അതിന് ഈ സബ്ക്ലാസ് അനുസരിച്ചുള്ള മെഷീൻ വേണ്ടിയിരുന്നോ?

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു കഴിഞ്ഞു എം. എൽ. എ. മാർക്ക് എക്സ് ഒഫീഷ്യോ മെമ്പർമാരുടെ സ്ററാററസ് മാത്രമാണുള്ളത്. അവർ രാജിവച്ചു കഴിഞ്ഞാൽ ഇലക്ററഡ് മെമ്പർമാരുടെ എല്ലാ അധികാരങ്ങളും കിട്ടും. ക്ലാസ് 23 വരുന്ന അവസരത്തിൽ മററതിന് ആവശ്യമായ ഭേദഗതികൾ വരുത്താം.

ശ്രീ. ടി. എം. ജേക്കബ്: പാർലമെൻറ് അംഗത്തിന് വേണമെങ്കിൽ നിയമസഭയിലേക്ക് മൽസരിക്കാം. ഇതു രണ്ടുംകൂടി തെരഞ്ഞെടുക്കപ്പെട്ടുവന്നു കഴിഞ്ഞാൽ കൃത്യമായി ഒരു പീരിയഡിനുള്ളിൽ രാജിവയ്ക്കണമെന്നേയുള്ളു; 6 മാസത്തിനകം. അതുകൊണ്ട് എനിക്ക് ഒരു അഭിപ്രായമുണ്ട്. ഇതിനകത്ത് ക്ലിയറായി ഒന്ന് എഴുതിവെയ്ക്കണം. ഒരു എം. എൽ. എ.ക്ക് വേണമെങ്കിൽ ജില്ലാ കൗൺസിലിലേക്ക് മൽസരിക്കാം. തെരഞ്ഞെടുക്കപ്പെട്ടു വന്നാൽ ഇത്ര ദിവസത്തിനകം രാജി വെച്ചാൽ മതി. ക്ലിയറായിട്ടു പറഞ്ഞാൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കും.

മി. ഡെ. സ്പീക്കർ: ഇവിടെ പാർലമെൻറിലെയോ, അസംബ്ലിയിലെയോപോലുള്ള ഒരു നിലപാടല്ല സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. മന്ത്രി അവതരിപ്പിച്ച ഭേദഗതിയാണ് ഇപ്പോൾ ഈ സഭയുടെ മുമ്പിലുള്ളത്.

ഇപ്പോൾ അവസാനമായി ബഹുമാനപ്പെട്ട മന്ത്രി മൂവ് ചെയ്ത ഭേദഗതി സഭയുടെ അംഗീകാരത്തിന് വയ്ക്കുകയാണ്.

The question that the amendments moved by the Minister viz. (i) "In sub-clauses (2) and (3), the words "with the right to vote but without any right to hold office under the district council" shall be omitted; and

(ii) for sub-clause (4), the following sub-clauses shall be substituted, namely:-

LIBRARY ARCHIVES Kerala Legislative Assembly

"(4) Nothing contained in sub-section (2) or sub-section (3) shall be deemed to prevent any member of the Legislative Assembly from standing for election and becoming a member of the district council and in such case he shall cease to be an ex-officio member of the district council.

(5) An ex-officio member referred to in sub-section (2) or sub-section (3) or an elected member referred to in sub-section (4) shall, subject to the provisions of this Act, have all the rights of a member provided in this Act, but shall not be entitled to hold office as the President or Vice-President of the District Council or as the Chairman or member of any standing committee of the district council or any other office under the district council." be adopted was put and carried. The amendment moved by Shri P.B.R. Pillai was put and lost. The amendment moved by Shri M. V. Raghavan was, by leave, withdrawn. The amendment moved by Shri T.M. Jacob was, by leave, withdrawn.

The amendment moved by Shri N.I. Devassikutty was, by leave, withdrawn.

The question that sub-clauses (2), (3) and (4) of clause 4 stand part of the Bill was put and carried.

Clause 4, as amended, was added to the Bill.

Clause 5, Sub clause (1)

Shri M. K. Krishnan: Sir, I move: In clause 5, for the marginal heading substitute the following namely:-

"Reservation of seats for Scheduled Castes, Scheduled Tribes, Anglo Indian Community and women".

I also move: "In clause 5, sub clause (1) after the words 'Scheduled Castes' the following shall be added:

"in such divisions as have the largest number of Scheduled Caste electors."

എന്റെ ആദ്യത്തെ ഭേദഗതി ഈ മാർജിനൽ ഹെഡ്ഡിംഗ് മാററണമെന്നുള്ളതാണ്. 'ഇതൊരു കോൺസിക്വൻഷ്യൽ അമെൻറുമെൻറാണ്. ഇപ്പോൾ ബില്ലിൽ കൊടുത്തിട്ടുള്ളത് reservation of seats for Scheduled Castes and Scheduled Tribes എന്നാണ്. സബ് ക്ലാസ് 4ൽ ആംഗ്ലോ ഇൻഡ്യൻ കമ്യൂണിററിക്കുകൂടി റിസർവേഷൻ വേണമെന്നു പറഞ്ഞിട്ടുണ്ട്. സാധാരണ ഗതിയിൽ ഇതിന്റെ മാർജിനൽ ഹെഡ്ഡിംഗ് മാറേറണ്ടതാണ്. എന്റെ മറെറാരു അമെൻറുമെൻറ് പ്രകാരം ഡിസ്ട്രിക്ററ് കൗൺസിലിലേക്ക് സ്ത്രീകൾക്ക് സീററ് റിസർവ്വ് ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. 4എ. ന്യൂ ക്ലാസ്. ഇതു വരുമ്പോൾ മാർജിനൽ ഹെഡ്ഡിംഗ് മാററണമെന്നുള്ളതാണ് എന്റെ ആദ്യത്തെ ഭേദഗതി.

ഷെഡ്യൂൾഡ് കാസ്ററിനും ഷെഡ്യൂൾഡ് ട്രൈബ്സിനും സീററു റിസർവ്വു ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്ററ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ് വോട്ടർമാർ കൂടുതലുള്ള ഡിവിഷൻസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

റിസർവ്വ് ചെയ്യാൻ എന്നുള്ളതാണ് എന്റെ അടുത്ത ഭേദഗതി. റിസർവ്വേഷൻ ഏതു സീററിൽ ചെയ്യണമെന്ന കാര്യം പിന്നീടു തീരുമാനിക്കാം എന്നു പറഞ്ഞാൽ സ്വാഭാവികമായും അതു ശരിയല്ല. പഞ്ചായത്ത് ആക്ററിൽ തന്നെ സ്ത്രീകൾക്ക് സീററ് റിസർവ്വ് ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ റിസർവ്വേഷൻ വാർഡ് എവിടെയാണെന്ന് ചോദിച്ചാൽ സ്ത്രീകൾ ഏററവും കൂടുതലുള്ള വാർഡ് ആയിരിക്കണം എന്നുള്ള തത്വം അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഷെഡ്യൂൾഡ് ട്രൈബ്സിന്റെ കാര്യം വന്നപ്പോൾ അവർക്ക് ആ നിയമത്തിൽ ഇങ്ങനെയൊരു പരിഗണന കൊടുത്തില്ല. സ്ത്രീകൾ ഭൂരിപക്ഷമുള്ള വാർഡ് സ്ത്രീകളുടെ റിസർവ്വേഷൻ വാർഡ് എന്ന രൂപത്തിൽ ആ നിയമത്തിൽ വ്യവസ്ഥ ചെയ്തു, അതേ സമയം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ റിസർവ്വേഷൻ വന്നപ്പോൾ ആ നിയമത്തിൽ അവരുടെ വോട്ടർമാർ ഏററവും കൂടുതൽ ഉള്ള വാർഡ് ആയിരിക്കണമെന്ന തത്വം അംഗീകരിക്കാൻ ഗവൺമെൻറ് കൂട്ടാക്കിയില്ല. അങ്ങനെ ഷെഡ്യൂൾഡ് കാസ്ററ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സിനു സീററ് റിസർവ്വ് ചെയ്യുമ്പോൾ അവർ ഭൂരിപക്ഷമുള്ള വാർഡ് ആയിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇത് ഒരു മിതമായ, ന്യായമായ ആവശ്യം മാത്രമാണ്. പട്ടികജാതിക്കാരോടും പട്ടികവർഗ്ഗക്കാരോടും ഒരു നിയമം ചെയ്യേണ്ടതായ നീതി മാത്രമാണ്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നില്ല. പഞ്ചായത്തുകളിലും മററും സ്ത്രീകൾക്ക് ഭൂരിപക്ഷമുള്ള വാർഡ് റിസർവ്വ് ചെയ്യാമെന്നിരിക്കെ പട്ടികജാതി പട്ടികവർഗ്ഗക്കാരോട് ഇങ്ങിനെ ഒരു വിവേചനം കാണിക്കുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ട് ഈ വിവേചനം ഇല്ലാതാക്കാൻ വേണ്ടി ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

Shri R. Sundaresan Nair: Sir, I move: In clause 5, sub-clause (1) add the words "and women" at the end. സബ് ക്ലാസ് 1ൽ സ്ത്രീകൾക്കുംകൂടി സീററ് റിസർവ്വ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. രാഘവൻ മാസ്ററർ: ഷെഡ്യൂൾഡ് ട്രൈബ്സ് എന്നു കൂടി ചേർത്തു കൂടെ?

ശ്രീ. ആർ. സുന്ദരേശൻ നായർ: ഷെഡ്യൂൾഡ് ട്രൈബ്സ് എന്നു കൂടി ചേർക്കാൻ എനിക്കു വിരോധമില്ല. ഷെഡ്യൂൾഡ് കാസ്ററ് and Scheduled Tribes എന്നു കൂടി ചേർക്കേണ്ടതാണ്. അതൊരു ഓറൽ അമെൻറ്മെൻറ് ആയി ഞാൻ മൂവ് ചെയ്യുന്നു. സബ് ക്ലാസ് 1 ന്റെ അവസാനം ഷെഡ്യൂൾഡ് ട്രൈബ്സ് ആൻറ് വിമൻ എന്നു കൂടി ചേർക്കണം. സ്ത്രീകൾക്ക് സീററ് സംവരണം ചെയ്യുന്നതിനു പകരം നോമിനേഷൻ കൊണ്ടുവരണമെന്ന അഭിപ്രായത്തോടു യോജിക്കാൻ നിവൃത്തിയില്ല. തിരഞ്ഞെടുപ്പിൽ മൽസരിച്ച് ആ സ്ഥാനത്തു വരാനുള്ള അവസരം അവർക്കു കൊടുക്കണം. സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാതന്ത്ര്യത്തോടു കൂടി കടന്നുവരാൻ ആരുടേയും പ്രത്യേകമായ അനുവാദത്തോടുകൂടി അല്ല, തെന്നെ സ്വതന്ത്രമായി കടന്നു വരാൻ, ഈ ഭരണ രംഗത്ത് എല്ലാ തരത്തിലുമുള്ള അവസരങ്ങൾ അവർക്കു കൊടുക്കാൻ സ്ത്രീകൾക്ക് അർഹമായ സീററ് സംവരണം ചെയ്യണമെന്ന് ജനറൽ ഡിസ്കഷന്റെ സമയത്തു തന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജനസംഖ്യയുടെ 50 ശതമാനത്തിൽ കൂടുതൽ വരുന്ന സ്ത്രീകൾക്ക് ഇന്നു ഭരണരംഗത്ത് ശരിയായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നുള്ളതാണ് സത്യം. പല കാരണങ്ങൾകൊണ്ടും ഈ രംഗത്തുനിന്ന് അവരെ മാററി നിർത്തിയിരിക്കുകയാണ്. വിപ്ലവകരമായ ഒരു ബിൽ ഇവിടെ കൊണ്ടുവരുമ്പോൾ ആ വിപ്ലവത്തിന്റെ ഭാഗമായി തന്നെ 50 ശതമാനം സീററ് സ്ത്രീകൾക്ക് റിസർവ്വ് ചെയ്യണം. പലരും ചിരിക്കുന്നുണ്ട്. പക്ഷേ, ഇതു ചിരിച്ചു തള്ളേണ്ട കാര്യമല്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു വലിയ വിപ്ലവകാരിയായി ഇതംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ഞാൻ ഈ ഭേദഗതികളെ എല്ലാം എതിർക്കുന്നു. സ്ത്രീകൾക്കുള്ള പ്രാതിനിധ്യത്തിന് ഏർപ്പാട് ഇവിടെ ചെയ്തിട്ടുണ്ട്. അവർക്ക് പൊതു സീററിൽ മൽസരിക്കാൻ തടസ്സമൊന്നുമില്ല. ഭരണഘടനയിലും ഈ നിയമസഭയുടെ ഘടനയിലും ഒന്നുംതന്നെ വിപ്ലവം കാണാൻ കഴിയാത്തവർ ഈ ബില്ലിൽ മാത്രം വിപ്ലവം കാണാൻ ശ്രമിക്കേണ്ടതില്ല. ഞാൻ അത്ര വലിയ വിപ്ലവകാരിയല്ല.

ശ്രീ. കെ. രാഘവൻമാസ്ററർ: സബ് ക്ലാസ് 1-ൽ അവസാനം ഷെഡ്യൂൾഡ് ട്രൈബ്സ് എന്നു കൂടി ചേർക്കുന്നതിൽ എന്താണു വിരോധം?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഷെഡ്യൂൾഡ് ട്രൈബ്സിനു നോമിനേഷൻ ഉള്ള ഏർപ്പാട് വേറെയുണ്ട്. ക്ലാസ് 5 തുടങ്ങുന്നതു തന്നെ Reservation of seats for Scheduled Castes and Scheduled Tribes എന്നാണ്.

ശ്രീ. കെ. രാഘവൻ മാസ്ററർ: സബ് ക്ലാസ് 1-ൽ അതു പറഞ്ഞിട്ടില്ല.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതിനു വല്ല കോൺസീക്വൻഷ്യൽ അമെൻറ്മെൻറും വേണമെങ്കിൽ വരുത്താം. തൽക്കാലം ഈ ക്ലാസ് ഇങ്ങനെ പാസാക്കിയാൽ മതി.

ശ്രീ. എം. കെ. കൃഷ്ണൻ: ഷെഡ്യൂൾഡ് ട്രൈബ്സ് ആൻറ് ഷെഡ്യൂൾഡ് കാസ്ററ്സ് ഭൂരിപക്ഷമുള്ള സ്ഥലത്ത് അവരുടെ സീററ് റിസർവ്വ് ചെയ്യണമെന്ന ചെറിയൊരു ഭേദഗതി സ്വീകരിച്ചാൽ മതി.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ട്രൈബ്സിനെ സംബന്ധിച്ച ഭേദഗതി ഞാൻ സ്വീകരിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, നിയമസഭയ്ക്കകത്ത് ഒരു പൂച്ച വന്നിരിക്കുന്നു. (സഭയിൽ ചിരി)

ശ്രീ. കെ. രാഘവൻ മാസ്ററർ: സബ് ക്ലാസ് 1-ൽ ട്രൈബ്സ് എന്നു ചേർക്കാൻ എന്താണ് പ്രയാസം?

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അതംഗീകരിക്കുന്നില്ല.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഷെഡ്യൂൾഡ് ട്രൈബ്സിനെ സംബന്ധിച്ച് വേറെ സ്ഥലത്ത് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. കുറുപ്പ്: ക്ലാസ് 5-ന്റെ ഹെഡ്ഡിംഗ് നോക്കണം സർ. Reservation of seats for Scheduled Castes and Scheduled Tribes എന്നാണ് പറയുന്നത്. അതേയവസരത്തിൽ സബ് ക്ലാസ് 3-ൽ In every district where the population of the Scheduled Tribes is ten thousand or more എന്നു മാത്രമേ പറഞ്ഞുള്ളു. അതുകൊണ്ട് ഷെഡ്യൂംഡ് ട്രൈബ്സിന് ഗുണം കിട്ടുകയില്ല. ഷെഡ്യൂംഡ് ട്രൈബ്സിനുകൂടി കിട്ടണമെന്നാണ് അപേക്ഷ.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഷെഡ്യൂംഡ് ട്രൈബ്സ് 10,000 ഉള്ള സ്ഥലത്ത് ഒരു സീററ് റിസർവ്വ് ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്.

മി. ഡെ. സ്പീക്കർ: ഷെഡ്യൂംഡ് ട്രൈബ്സിനും ഷെഡ്യൂംഡ് കാസ്ററിനും രണ്ടു തരത്തിലുള്ള തത്വമാണ് സ്വീകരിച്ചിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതു വിശദീകരിച്ചു.

ശ്രീ. കെ. രാഘവൻ മാസ്ററർ: സബ് ക്ലാസ് 1 ജനറൽ ക്ലാസാണ്. അതിൽ പറയണം.

മി. ഡെ. സ്പീക്കർ: പതിനായിരത്തിൽ കൂടുതൽ അംഗസംഖ്യയുള്ള സ്ഥലത്ത് റിസർവ്വേഷൻ വരുത്താൻ വേറെ പ്രൊവിഷനുണ്ട്. അതുകൊണ്ട് ഇതിന്റെ ആവശ്യമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്.

Do you press your amendment?

ശ്രീ. എം. കെ. കൃഷ്ണൻ: എന്റെ 37-ാമതു അമൻറ്മെൻറ് ഞാൻ പ്രസ് ചെയ്യുന്നു. അതംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ബുദ്ധിമുട്ടുണ്ടാകില്ല.

ശ്രീ. കെ. കരുണാകരൻ: അസംബ്ലിയിലും പാർലമെൻറിലുമെല്ലാം ഗവൺമെൻറ് ഓഫ് ഇൻഡ്യാ അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണിത്. അതുകൊണ്ട് മാക്സിമം നമ്പരുള്ള കോൺസ്ററിററ്യുവൻസി അവർക്കു വേണ്ടി റിസർവ്വ് ചെയ്യണം.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇത് വൃഥാ സ്ഥൂലമാണ്. റൂംസിൽ പ്രൊവൈഡ് ചെയ്യാവുന്നതേയുള്ളു.

ശ്രീ. എം. കെ. കൃഷ്ണൻ: ആകററിൽ രണ്ടു വാക്കു ചേർക്കാൻ കഴിയുകയില്ലെങ്കിൽ പിന്നെ റൂംസിൽ എങ്ങനെയാണ് പ്രൊവയിഡ് ചെയ്യുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: സാധാരണ അങ്ങനെയാണ് ചെയ്യുന്നത്.

The amendment moved by Shri M. K. Krishnan was put and lost.

The amendment moved by Shri R. Sundaresan Nair, was put and lost.

The question that sub-clause (1) of Clause 5 stands part of the Bill, was put and carried.

Sub-clause (1) of clause 5 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Sub-clause (2)

The question that sub-clause (2) of clause 5 stands part of the Bill, was put and carried.

Sub-clause (2) was added to the Bill.

സബ്ക്ലോസ് (3)

11 a.m.] **Shri. M. K. Krishnan:** Sir, I move: In clause 5, Sub-clause (3) add the following at the end namely:

"in such division as has the largest number of Scheduled Tribes electors."
ഇതും ആദ്യത്തേതുപോലെയുള്ള അമെൻറുമെൻറാണ്. ഷെഡ്യൂൾഡ് കാസ്റ്റ് വോട്ടർമാർ കൂടുതലുള്ള സീററുകൾ അവർക്കു സംവരണം ചെയ്യണമെന്നു പറഞ്ഞതുപോലെതന്നെ ഷെഡ്യൂൾഡ് ട്രൈബ്സ് വോട്ടർമാർ കൂടുതലുള്ള വാർഡുകൾ അവർക്കു സംവരണം ചെയ്യണം. നിസ്സാരമായ കാര്യങ്ങൾപോലും അംഗീകരിക്കാതെ റൂൾസിൽ കൊണ്ടുവരാമെന്നു പറയുന്നതു ശരിയല്ല. അസംബ്ലിയിലും പാർലമെൻറിലുമുള്ള തിരഞ്ഞെടുപ്പുകളിൽ ഭരണഘടനപ്രകാരം കിട്ടിയിട്ടുള്ള ഒരാനുകൂല്യമാണിത്. പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂടുതലുള്ള അസംബ്ലി പാർലമെൻറു മണ്ഡലങ്ങളാണ് അവർക്കു റിസർവ്വ് ചെയ്യുന്നത്. അടുത്തകാലത്തുതന്നെ ഇലക്ഷൻ കമ്മീഷൻ കേരളത്തിലെ ട്രൈബ്സിനു റിസർവ്വു ചെയ്തിരുന്ന ഒരു സീററു ജനറൽസീററാക്കിക്കൊണ്ടും ജനറൽ സീററായിരുന്ന തൃത്താല റിസർവേഷൻ സീററാക്കിക്കൊണ്ടും തീരുമാനമെടുത്തിട്ടുണ്ട്. ട്രൈബ്സിൻെറ പോപ്പുലേഷൻ അനുസരിച്ച് നോക്കുമ്പോൾ അവർക്കു റിസർവ്വുചെയ്യാൻ സാധിക്കാത്തതുകൊണ്ട് അതു ജനറൽ സീററാക്കുകയും പാലക്കാട്ടെ തൃത്താല നിയോജകമണ്ഡലം പട്ടികജാതിക്കാർക്കു ഏററവും കൂടുതൽ വോട്ടുള്ള നിയോജകമണ്ഡലമായതുകൊണ്ട് റിസർവ്വേഷൻ സീററാക്കുകയുമാണ് ഇലക്ഷൻ കമ്മീഷൻ ചെയ്തിട്ടുള്ളത്. ആ തത്വം ഡിസ്ട്രിക്ററു കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിൽ എന്തുകൊണ്ട് അംഗീകരിക്കുന്നില്ലെന്നു എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. അതിനു റൂളിൽ പ്രൊവിഷൻ കൊണ്ടുവരാമെന്നു പറഞ്ഞിട്ടുള്ളതിൽ യാതൊരു ആത്മാർത്ഥതയുമില്ലെന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഈ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ ഒരിക്കൽകൂടി ഈ സഭയോടു അഭ്യർത്ഥിക്കുകയാണ്.

Shri K. Raghavan Master: Sir, I move: In clause 5, sub-clause (3) for the words "ten thousand" substitute the words "five thousand";

ഇന്ന് ഈ ഡിസ്ട്രിക്ററ് കൗൺസിലിലേക്കു സംവരണം ചെയ്തിട്ടുള്ളത് ആദിവാസികളുടെ ജനസംഖ്യ പതിനായിരം ഉണ്ടെങ്കിൽമാത്രമേ ഒരു സീററു കൊടുക്കുകയുള്ളു എന്നാണ്. അങ്ങനെയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തുള്ള മിക്കവാറും ജില്ലകളിൽ ഒരു സീററുപോലും ആദിവാസികൾക്കു കിട്ടുകയില്ലെന്നുള്ളതാണ് സത്യം. കാരണം ഞാൻ പല ഡിസ്ട്രിക്ററുകളിലേയും ആദിവാസി ജനസംഖ്യ നോക്കുകയുണ്ടായി. പല ഡിസ്ട്രിക്ടുകളിലും സീററു കിട്ടാതെവരുമെന്നുള്ളതാണ് സത്യം. ഉദാഹരണമായി മലപ്പുറം ജില്ലയിൽ 8,855 ആദിവാസികളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിൽ ഇന്നത്തെ നിലയിൽ കിട്ടുകയില്ല. തൃശ്ശൂർ ജില്ലയിൽ 9,383 ആദിവാസികളാണുള്ളത്. അവിടേയും ഒരു സീററുകിട്ടുകയില്ല. അതുകൊണ്ട് വളരെയധികം ജനാധിപത്യം വാദിക്കുന്ന ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒരു സീററുപോലും ഓരോ ഡിസ്ട്രിക്ററിലും ആദിവാസികൾക്കു കൊടുക്കുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്. പതിനായിരമെന്നുള്ളത് അയ്യായിരമാക്കിയാൽ ഒരു സീററെങ്കിലും ഓരോ ജില്ലയിലും കിട്ടുമെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് വളരെ ന്യായമായ ഈ അമൻറുമെൻറ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: സർ, ഇവിടെ ശ്രീ. രാഘവൻ മാസ്ററർ ചൂണ്ടിക്കാണിച്ച നിർദ്ദേശം വളരെ ശരിയാണ്. ഈ പറഞ്ഞ രണ്ടു ഡിസ്ട്രിക്ററിലെ കാര്യം പരിശോധിച്ചാൽ വളരെ ചുരുങ്ങിയ നമ്പരിന്റെ വ്യത്യാസമേയുള്ളു എന്നു കാണാം. ഡിസ്ട്രിക്ററു അഡ്മിനിസ്ട്രേഷനിലാണ് സാധാരണ ലോക്കൽ പ്രോബ്ലംസ് വരുന്നത്. അവിടെ ആദിവാസികളിൽ നിന്നുള്ള ഒരു മെമ്പർക്കു പ്രാതിനിധ്യം കിട്ടാൻ അയ്യായിരം എന്നുള്ളത് വളരെ റീസണബിൾ നമ്പരാണ്. അത് ഈ ഗവൺമെൻറ് അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പതിനായിരം വളരെ റീസണബിൾ നമ്പരാണ്. 18 വയസ്സുവോട്ടവകാശം ഏർപ്പെടുത്തിയിട്ടുള്ളതു കൊണ്ടും പഴയ ജനസംഖ്യയുടെ കണക്ക് ആയതു കൊണ്ടും ഇവർക്കു പ്രാതിനിധ്യം കിട്ടുമെന്നാണ് ഗവൺമെൻറിന്റെ വിശ്വാസം.

ശ്രീ. കെ. കരുണാകരൻ: ഗവൺമെൻറ് ഇതൊന്നു റീ കൺസിഡർ ചെയ്യണം. 9000 ജനസംഖ്യ വരുമ്പോൾ എന്താണു ചെയ്യുകയെന്നാലോചിക്കണം.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇപ്പോൾ ഇതിനെ സംബന്ധിച്ച് ഭേദഗതി വരുത്താൻ ബുദ്ധിമുട്ടുണ്ട്. അതുപോലെ ഇവിടെ പറഞ്ഞ കണക്കൊന്നും ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. രാഘവൻ മാസ്ററർ: ഞാൻ എന്റെ 41-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

I move: In clause 5, sub-clause (3) add the following at the end namely:

"Further one seat for every ten thousand population of Scheduled Tribes be reserved." ചില ഡിസ്ട്രിക്ററുകളിൽ ആദിവാസികൾ പതിനായിരത്തിലധികമുണ്ട്. അങ്ങനെയുള്ള ഡിസ്ട്രിക്ററുകളിൽ പതിനായിരത്തിന് ആനുപാതികമായ സീററുകൾ അവർക്കു നൽകണം. കണ്ണൂർ ജില്ലയുടെ ഒരു ഭാഗമായ നോർത്തു വയനാടും കോഴിക്കോടു ജില്ലയിലെ സൗത്തു വയനാടുംകൂടി ലയിപ്പിച്ചാൽ ആദിവാസി ജനസംഖ്യയുടെ നാലിലൊന്ന് അതായത് 73,000 ജനസംഖ്യ വരും. ആ 73,000 നും ഒരു സീററ് എന്ന നിലയിലാകും, പല ഡിസ്ട്രിക്ററുകളിലും സീററു കിട്ടാതെ വരും. അതുകൊണ്ട് ഒന്നുകിൽ എല്ലാ ഡിസ്ട്രിക്ററുകളിലും ഓരോ സീററു നൽകുകയോ അല്ലെങ്കിൽ കൂടുതലുള്ള സ്ഥലത്ത് ആനുപാതികമായി സീററുകൾ നൽകുകയോ ചെയ്യണം. ഇതു രണ്ടിൽ ഏതെങ്കിലും സ്വീകരിക്കണം. ഇതു ന്യായമായ ഒരു വാദമാണ്. ഇതു സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, 50,000 ആളുകളാണ് ഒരാളെ ഇലക്റ്റു ചെയ്യുന്നത്. ആ അനുപാതം 10,000 ആയി കൊടുത്തിട്ടുണ്ട്. അതിൽ കൂടുതൽ കൊടുക്കാൻ പ്രയാസമാണ്.

The question that the amendment moved by Shri M. K. Krishnan was put and lost.

The question that the amendment No. 40 moved by Shri K. Raghavan Master be adopted, was put and lost.

Shri K. Raghavan Master: Sir, I demand a poll. A poll was taken when the house divided as follows:

AYES : 25

1. ശ്രീ. ടി. കെ. അബ്ദു
2. ഡോ. കെ. ജി. അടിയോടി
3. ശ്രീ. കെ. അനിരുദ്ധൻ
4. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള
5. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
6. ശ്രീ. കെ. ചന്ദ്രശേഖരൻ
7. ശ്രീ. ചടയൻ ഗോവിന്ദൻ
8. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
9. ശ്രീ. പി. പി. എസ്തോസ്
10. ശ്രീ. എം. പി. ഗംഗാധരൻ
11. ശ്രീ. പി. കെ. ഇട്ടൂപ്പ്
12. ശ്രീ. കെ. കരുണാകരൻ
13. ശ്രീ. പി. കരുണാകരൻ
14. ശ്രീ. എം. കെ. കൃഷ്ണൻ
15. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള
16. ശ്രീ. എ. പി. കുര്യൻ
17. ശ്രീ. ജി. പി. മംഗലത്തുമഠം
18. ശ്രീ. ഇ. നാരായണൻനായർ
19. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
20. ശ്രീ. കെ. രാഘവൻ മാസ്റ്റർ
21. ശ്രീ. എം. വി. രാജൻ
22. ശ്രീ. പി. ബി. ആർ. പിള്ള
23. ശ്രീ. പി. കെ. ശങ്കരൻകുട്ടി
24. ശ്രീ. സി. വാസുദേവ മേനോൻ
25. ശ്രീ. സേവ്യർ അറയ്ക്കൽ

NOES: 44

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. ആര്യാടൻ മുഹമ്മദ്
3. ശ്രീ. ബേബി ജോൺ
4. ശ്രീ. യു. എ. ബീരാൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. എൻ. ഭാസ്കരൻ നായർ
7. ശ്രീ. കെ. ജെ. ചാക്കോ
8. ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ
9. ശ്രീ. ജെ. ചിത്തരഞ്ജൻ
10. ശ്രീ. സിറിയക് ജോൺ
11. ശ്രീ. പി. ആർ. ഫ്രാൻസിസ്
12. ശ്രീ. ഇ. പി. ഗോപാലൻ
13. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ
14. ശ്രീ. ടി. എം. ജേക്കബ്
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. പി. സി. ജോസഫ്
17. ശ്രീ. എം. കെ. കേശവൻ
18. ശ്രീ. കിട്ടപ്പ നാരായണസ്വാമി
19. ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി
20. ശ്രീ. സി. എ. കുര്യൻ
21. ശ്രീ. ലോനപ്പൻനമ്പാടൻ
22. ശ്രീ. ടി. എ. മജീദ്

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. കെ. എ. മാത്യു
24. ശ്രീ.സി.എച്ച്.മുഹമ്മദ് കോയ
25. ശ്രീ. കല്പട നാരായണൻ
26. ശ്രീ. ഉമ്മൻചാണ്ടി
27. ശ്രീ. കെ.പങ്കജാക്ഷൻ
28. ശ്രീ. ടി.എ. പരമൻ
29. ശ്രീ.കെ.പി.പ്രഭാകരൻ
30. ശ്രീ.വി.കെ.രാജൻ
31. ശ്രീ.കണിയാപുരം രാമചന്ദ്രൻ
32. ശ്രീ.എം.രാമപ്പ
33. ശ്രീ.പി.ശങ്കർ
34. ശ്രീ.വി.ടി. സെബാസ്റ്റ്യൻ
35. ശ്രീ.പി.സീതി ഹാജി
36. ശ്രീ.സിദ്ധാർത്ഥൻ കാട്ടുങ്ങൽ
37. ശ്രീ.പി.കെ. ശ്രീനിവാസൻ
38. ശ്രീ. സി. എം. സുന്ദരം
39. ശ്രീ. ആർ. സുന്ദരേശൻ നായർ
40. ശ്രീ.എ.വി. താമരാക്ഷൻ
41. ശ്രീ. എസ്. തങ്കപ്പൻ പിള്ള
42. ശ്രീ.തോമസ് ജോസഫ്
43. ശ്രീ.കെ.സി.വാമദേവൻ
44. ശ്രീ.എ.എൻ.യൂസഫ്

NEUTRALS : Nil

Mr. Deputy Speaker:

For the amendment	:	25
Against the amendment	:	44
Neutrals	:	Nil

The amendment was declared lost.

The amendment (41) moved by Shri K. Raghavan Master was put and lost.

The question that sub-clause (3) of clause 5 stands part of the Bill, was put and carried. Sub clause (3) of clause 5 was added to the Bill.

Sub clause (4)

Minister for Education **(Shri C. H. Mohammed Koya)**: Sir, I move sub-clause (4) shall be omitted.

Shri M. K. Krishnan: Sir, I move: In clause 5, after sub-clause (4) add the following new sub-clause as sub clause (4A), namely:
"(4A) In every district there shall be reserved two seats for women in such divisions as have the largest number of women electors among the divisions in the district."

എന്റെ പുതിയ ക്ലാസ് വളരെ റിലവൻറാണ്. അതിൽ രണ്ടു സീററ് സ്ത്രീകൾക്ക് റിസർവ്വു ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. മന്ത്രി ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. മന്ത്രിയുടെ ഭേദഗതി ന്യൂ ക്ലാസ് 5 (എ) ആയിട്ടു കൊടുത്തിട്ടുണ്ട്.

സർ, ഈ ബില്ലിൻെറ പൊതു ചർച്ചയിൽ ജനസംഖ്യയിൽ 50 ശതമാനത്തിലേറെയുള്ള സ്ത്രീകൾക്ക് ഡിസ്ട്രിക്ററ് കൗൺസിലിൽ ശരിയായ പ്രാതിനിധ്യം ഉണ്ടാകണമെന്ന് ശക്തിയായ വാദഗതി ഉയർന്നു വന്നിട്ടുള്ളതാണ്. അതുപോലെ തന്നെ നമ്മുടെ നിയമസഭയിലെ ഏക വനിതാ മെമ്പറായ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ 50 ശതമാനത്തിലേറെ സ്ത്രീകൾക്കു ജനസംഖ്യയുള്ള സ്ഥലങ്ങളിൽ 50 ശതമാനത്തിലേറെ സീററുകൾ ജനസംഖ്യാനുപാതികമായി റിസർവ്വു ചെയ്തു കിട്ടണമെന്ന വാദഗതി ഉന്നയിക്കുകയുണ്ടായി. സർ, ഇവിടെ ഇപ്പോൾ മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്ത്രീകളെ അപമാനിക്കലാണ്. രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളെ നോമിനേററു ചെയ്യുക. തിരഞ്ഞെടുക്കപ്പെടുന്ന ഒരു സഭയിലേക്ക് എന്തിനാണ് സ്ത്രീകളെ നോമിനേററു ചെയ്യുന്നത്? എന്റെ പുതിയ ക്ലാസ് 4 (എ)ൽ പറയുന്നത് രണ്ടു സ്ത്രീകൾക്ക് രണ്ടു സീററ് ജില്ലാ കൗൺസിലിൽ റിസർവ്വു ചെയ്യണമെന്ന് ആണ്. അങ്ങനെ രണ്ടു സീററു റിസർവ്വു ചെയ്യണമെന്നു പറയുമ്പോൾ കോൺസികൻഷ്യൽ അമൻറുമെൻറ് വരുന്നുണ്ട്. അതിൽ സ്ത്രീകൾക്ക് ഈ കാരണത്താൽ തിരഞ്ഞെടുപ്പിൽ നിൽക്കാൻ പാടില്ലെന്ന ബാർ ഇല്ല. തെരഞ്ഞെടുപ്പിൽ മൽസരിക്കാം. ഈ നിയമസഭയിൽ തന്നെ 140 അംഗങ്ങൾ ഉള്ളതിൽ ഏക വനിതയാണ് ഉള്ളത്. ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള പുരുഷൻമാരേക്കാൾ വളരെ കൂടുതലുള്ള സ്ത്രീകളിൽനിന്ന് തിരഞ്ഞെടുപ്പുവഴി ഈ നിയമസഭയിൽ വന്നത് ഏക വനിതയാണ്. അങ്ങനെയുള്ള ഒരു സ്ഥിതി വരരുത്. അതുകൊണ്ട് രണ്ടു മെമ്പർമാർക്ക് രണ്ടു സീററെങ്കിലും റിസർവ്വു ചെയ്യണം.

സർ, ഈ തത്ത്വം പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തിരഞ്ഞെടുപ്പുകളിൽ അംഗീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്തുകളിലാണെങ്കിൽ സ്ത്രീകൾക്കു റിസർവ്വേഷൻ ഉണ്ട്. മുനിസിപ്പാലിററികളിൽ സ്ത്രീകൾക്കു റിസർവ്വേഷൻ ഉണ്ട്. കോർപ്പറേഷനുകളിൽ സ്ത്രീകൾക്കു റിസർവ്വേഷൻ ഉണ്ട്. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്കു റിസർവ്വേഷൻ ബാധകമായിരിക്കേ ജില്ലാ കൗൺസിൽ എന്നു പറഞ്ഞുകൊണ്ട് പുതുതായി വരുന്ന ഈ ജില്ലാ കൗൺസിലിന്റെ ഭരണ സമിതിയിലേക്ക് സ്ത്രീകളെ നോമിനേററു ചെയ്യണം എന്ന ആശയം എവിടെനിന്നും ഉണ്ടായി എന്നു മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. സർ, ഈ ഗവൺമെൻറ് എങ്ങനെയാണ് ഈ കാര്യങ്ങളെ കുറിച്ചു ചിന്തിക്കുന്നതെന്ന് ഇതിനു മുമ്പ് ഞങ്ങൾ അവതരിപ്പിച്ച ഭേദഗതികളോടു കാണിച്ച മനോഭാവത്തിൽ നിന്നും മനസ്സിലായി. പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലും സ്ത്രീകൾക്കു റിസർവ്വേഷൻ ഉണ്ടായിരിക്കേ പുതുതായി വരുന്ന ജില്ലാ കൗൺസിലിൽ സ്ത്രീകളെ നോമിനേററു ചെയ്താൽ മതിയെന്ന ഒരു ഭേദഗതി കൊണ്ടുവരുന്നത് ശരിയായി പറഞ്ഞാൽ ആ വിഭാഗത്തോടു ചെയ്യുന്ന നീതിയല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി അവതരിപ്പിക്കരുതെന്നും എന്റെ ന്യൂ ക്ലാസ് 4 (എ) അംഗീകരിക്കണമെന്നുമാണ് ഈ സഭയോടു അഭ്യർത്ഥിക്കാനുള്ളത്.

സർ, വിശദമായി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. എല്ലാ ആളുകൾക്കും മനസ്സിലാകുന്നതും എല്ലാ ആളുകൾക്കും യോജിക്കാവുന്നതുമായ ഒരു പുതിയ ക്ലാസാണ്. ഇതിനോട് പൂർണ്ണമായി ഈ സഭ യോജിക്കണം. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ള 5 (എ) പിൻവലിച്ച് അവർക്ക് റിസർവ്വേഷൻ അനുവദിക്കണം. നോമിനേററു ചെയ്തുകൊണ്ടു മര്യാദകേടു കാണിക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മററു ഭേദഗതികളൊക്കെ ഈ ഭേദഗതിയിൽ അടങ്ങിയിട്ടുള്ളതാണ്.

ശ്രീ. പി. പി. എസ്തോസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയെക്കുറിച്ചിവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. സെലക്ററ് കമ്മിററി മെമ്പർമാർ എന്നുള്ള നിലയ്ക്ക് ഞങ്ങൾ എഴുതിയ ഭിന്നാഭിപ്രായക്കുറിപ്പിനെക്കുറിച്ചു സംസാരിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഞങ്ങളുടെ നേരെ വളരെ ശക്തമായ ഒരാരോപണം ഉന്നയിച്ചു. എന്തോ പിച്ചക്കാശിനു വേണ്ടി മാർക്സിസ്റ്റ് മെമ്പർമാരടക്കമുള്ള സെലക്റ്റ് കമ്മിററി മെമ്പർമാർ (സെലക്റ്റ് കമ്മിററിയിൽ അവരുടെ പാർട്ടിയിൽപ്പെട്ടവരും ഉണ്ടായിരുന്നു.) ഭിന്നാഭിപ്രായക്കുറിപ്പെഴുതി എന്നാണ് പറഞ്ഞത്. അൻപതു ശതമാനത്തിൽ കൂടുതലുള്ള സ്ത്രീകളോട് ഞങ്ങൾ എന്തോ അനീതി ചെയ്തിരിക്കുന്നു എന്ന പ്രതീതി ഉളവാകത്തക്കവിധത്തിൽ വികാരഭരിതയായിട്ടാണ് അവർ സംസാരിച്ചത്. ആ വികാരങ്ങളോടു പൂർണ്ണമായി യോജിക്കുന്നു. നോമിനേഷൻ വഴി പിൻവാതിലിൽകൂടി സ്ത്രീകളെ കയററാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കണം. സെലക്റ്റ് കമ്മിററി ചെയർമാൻ സഭയിലുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന് ഈ നോമിനേഷന്റെ അപകടം ബോധ്യമാകുമായിരുന്നു. 1963-ൽ എന്റെ താലൂക്കിൽ ഒരു സംഭവം ഉണ്ടായി. വാളകം പഞ്ചായത്തിൽ തിരഞ്ഞെടുപ്പു നടന്നപ്പോൾ ഒരു സ്ത്രീയെ അവിടെ നോമിനേററു ചെയ്തു. നോമിനേഷൻ തെററായിരുന്നു എന്നും നിയമവിരുദ്ധമായിരുന്നു എന്നും കോടതി വിധിച്ചു. ആ സ്ത്രീ പഞ്ചായത്തിൽനിന്നും പുറത്തു പോയി. എന്നാൽ ആ പഞ്ചായത്തു പ്രസിഡൻറ് ഇപ്പോഴും ആയുഷ്ക്കാലമെമ്പറായി അവിടെ തുടരുകയാണ്. നോമിനേഷന്റെ പ്രശ്നം ആരോ ചൂണ്ടിക്കാണിച്ചപ്പോൾ ഇന്നത്തെ സെലക്റ്റ് കമ്മിററി ചെയർമാൻ ആ സമ്പ്രദായത്തെ എതിർക്കാൻവേണ്ടി ചൂണ്ടിക്കാണിച്ചത് വാളകം പഞ്ചായത്തിലെ ഈ കാര്യമാണ്. വാളകം പഞ്ചായത്തിലെ പ്രസിഡൻറ് ഇപ്പോഴും തുടരുന്നു, നിയമവിരുദ്ധമായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ് ഇപ്പോഴും തുടരുന്നു എന്നു പറഞ്ഞാണ് ചെയർമാൻ അതിനെ എതിർത്തത്. പിൻവാതിലിൽകൂടി വരുന്ന ഈ നോമിനേഷൻ സമ്പ്രദായം ജനാധിപത്യതത്വങ്ങൾക്കു വിരുദ്ധമാണെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു കൗൺസിലിൽ ചെയർമാനായി വരാനുള്ള സാധ്യത ഉപയോഗിച്ചുകൊണ്ട് മററ് ഏതെങ്കിലുമൊരു മെമ്പറെ താൽക്കാലികമായി അവിടെ പിടിച്ചു വച്ചാൽ ഒരു സ്ത്രീയെ നോമിനേററു ചെയ്യാൻ കഴിയും അതിന്റെ ഫലമായി കൗൺസിലിന്റെ ബാലൻസ് തന്നെ മാററാനും കഴിയും. അങ്ങനെയൊരു സ്ഥിതി വരാതിരിക്കാൻ നോമിനേഷൻ സമ്പ്രദായം എടുത്തു മാററണം. സ്ത്രീകൾക്കു വേണ്ടി സീററു റിസർവ്വു ചെയ്യണം. റിസർവ്വു ചെയ്യുമ്പോൾ ലാർജസ്ററ് നമ്പർ വേണമെന്നു പറയുന്നതിനു മറെറാരു വാദഗതിയുണ്ട്. എന്റെ താലൂക്കിൽത്തന്നെയുള്ള പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഷെഡ്യൂൾഡ് കാസ്ററിന്നു വേണ്ടി നിയോജക മണ്ഡലം ഉണ്ടാക്കിയിട്ടുണ്ട്. ലാർജസ്ററ് നമ്പർ ഓഫ് ഷെഡ്യൂൾഡ് കാസ്ററ്സ് ഉള്ളിടത്തു മാത്രമാണ് സീററ് റിസർവ്വു ചെയ്യുക എന്നത് പഞ്ചായത്തിൽ ഇല്ല. നേരെമറിച്ച് സ്ത്രീകൾക്ക് അതുണ്ടുതാനും പഞ്ചായത്തിൽ. അതിന്റെ ഫലമായി പ്രതിപക്ഷം ജയിക്കുമെന്നു പൂർണ്ണബോധ്യമുള്ള വാർഡിനെ ഷെഡ്യൂൾഡ് കാസ്ററ് വാർഡാക്കി മാററിയെടുക്കാനുള്ള നടപടി നടത്തി മാററിയെടുത്തിട്ടുണ്ട്. അതുകൂടി അനുഭവമുള്ളതുകൊണ്ടാണ് ലാർജസ്ററ് നമ്പർ ഓഫ് ലേഡീസ് ഉള്ളിടത്ത് ആയിരിക്കണം റിസർവ്വുചെയ്യേണ്ടത് എന്ന ഭേദഗതി കൊണ്ടു വന്നത്. അങ്ങേ വശത്തിരിക്കുന്ന ശ്രീമതി ഭാർഗ്ഗവി തങ്കപ്പനെങ്കിലും ഇതിനെ അനുകൂലിക്കുമെന്നാണെന്റെ വിശ്വാസം.

ശ്രീ ഇ. പി. ഗോപാലൻ: കുറച്ചു മുമ്പു മന്ത്രി പറഞ്ഞു, ഇതു തത്വത്തിൽ ശരിയാണെങ്കിലും പ്രായോഗികമല്ല എന്ന്. പ്രൊപ്പോർഷണൽ റെപ്രസന്റേഷനിൽ സ്ത്രീകൾക്ക് എത്രത്തോളം റിസർവ്വേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കും? പാർട്ടികരം ലിസ്ററു കൊടുക്കുന്നതിൽ സ്ത്രീകരം ധാരാളമുണ്ടായിരിക്കുമെന്നുള്ള പ്രതീക്ഷയുണ്ടോ?

ശ്രീ. പി. പി. എസ്തോസ്: അതു വരുമ്പോരം നമുക്കാലോചിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോരം മനസ്സിലായി ആത്മാർത്ഥതയുടെ കാര്യം.

ശ്രീ. കെ. അനിരുദ്ധൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത ഒരു സംഗതി ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. പണ്ട് സർ സി. പി. രാമസ്വാമി അയ്യർ തോന്നിയ കണക്കിന് സ്ത്രീകളെ നോമിനേററു ചെയ്യുമായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ നിന്നിരുന്ന ശ്രീ ജി. രാമചന്ദ്രൻ അതു സംബന്ധിച്ച് ടൗൺഹാളിൽ നടത്തിയ ഒരു പരാമർശം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുന്നു. സർ സി.പി. രാമസ്വാമിഅയ്യരുടെ ആവശ്യപ്രകാരം 'കംഫർട്ടബിരം ലുക്കിംഗ് ഗേരംസിനെ' കയററിവിടാനാണ് ഇത്തരത്തിൽ നോമിനേഷൻ നടത്തുന്നത് എന്ന് അദ്ദേഹം ആക്ഷേപിക്കുകയുണ്ടായി. ആ ആക്ഷേപം ഇപ്പോഴും സംശയകരമായി പലരും ഉന്നയിച്ചാൽ അതിൽ വലിയ തെററുണ്ടെന്നു തോന്നുന്നില്ല.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ.സി.എച്ച്. മുഹമ്മദ്കോയ): പക്ഷേ എല്ലാ മെമ്പർമാരും കൂടിയാണല്ലോ നോമിനേററു ചെയ്തത്.

ശ്രീ. കെ. അനിരുദ്ധൻ: ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഉദ്ദേശിച്ചല്ല പറഞ്ഞത്. ജി. രാമചന്ദ്രൻ പറഞ്ഞത് ആണ്. ആ സമ്പ്രദായം തന്നെയാണ് പിന്നീടും നമ്മുടെ രാജ്യത്ത് പലപ്പോഴും നടന്നത്. രാജ്യസഭയിൽ നോമിനേഷൻ വന്ന ചില അവസരങ്ങളിൽ കോൺഗ്രസ് പാർട്ടിക്കകത്ത് അതേപ്പററി ചർച്ച വരികയും ആക്ഷേപങ്ങളുന്നയിക്കുകയും ചെയ്തത് നമുക്കറിവുണ്ട്. അതുകൊണ്ട് ജനാധിപത്യത്തിന്റെ മുഖമുദ്ര മാറാൻ പോകുന്ന ഈ അവസരത്തിലെങ്കിലും ഇങ്ങനെയുള്ള ആക്ഷേപങ്ങളൊഴിവാക്കി സ്ത്രീകരംക്കു വേണ്ടി സീററു റിസർവ്വു ചെയ്യണമെന്നു അഭ്യർത്ഥിക്കുകയാണ്. ഈ അഭിപ്രായത്തോട് മന്ത്രി യോജിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, മററു ഭേദഗതികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉരംപ്പെടുത്തിയതുകൊണ്ട് റിസർവ്വേഷൻ വേണ്ട നോമിനേഷൻ മതി എന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതുതന്നെ സെലക്ററ് കമ്മിററി സ്റേറജിൽ ഉണ്ടായിരുന്ന കാര്യമല്ല. ബഹുമാനപ്പെട്ട മെമ്പർമാരുടെ വികാരത്തെ മാനിച്ചു കൊണ്ടാണ് ഇപ്പോരം ഇത് ഏർപ്പെടുത്തിയത്.

ശ്രീ. കെ. കരുണാകരൻ: സ്ത്രീകരം നോമിനേഷനിൽകൂടി വരുമ്പോരം ആഫീസ് ഹോരംഡു ചെയ്യുന്നതിനും മററും അസൗകര്യങ്ങളുണ്ടാകും. ഇലക്ററഡ് മെമ്പറായാൽ പിന്നെ ....

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അതിനൊന്നും വിരോധമില്ല. നമ്മുടെ നാട്ടിൽ 'ആരം വിമൻ പഞ്ചായത്ത്' വരെ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സ്ത്രീകളുടെ കാര്യത്തിൽ ഈ സഭ തന്നെ ഉദാഹരണമായി എടുക്കാമല്ലോ.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ബഹുമാനപ്പെട്ട കരുണാകരൻ അടക്കമുള്ള രാഷ്ട്രീയനേതാക്കൻമാരുടെ അതിബുദ്ധി കൊണ്ടാണ് ഈ സഭയിൽ ഈ അബദ്ധം പററിയത്.

Amendment No. 45 moved by Shri M. K. Krishnan was put and lost.

Shri M. K. Krishnan: Sir, I demand a poll.

A poll was taken when the House divided as follows:-

NOES : 44

1. Shri E. Ahamed
2. Shri Aryadan Muhamed
3. Shri Baby John
4. Shri U. A. Beeran
5. Smt. Bhargavi Thankappan
6. Shri K. J. Chacko
7. Shri P. K. Chathan Master
8. Shri J. Chitharanjan
9. Shri Cyriac John
10. Shri P. R. Francis
11. Shri E. P. Gopalan
12. Shri C. P. Govindan Nambiar
13. Shri T. M. Jacob
14. Dr. K. C. Joseph
15. Shri P. C. Joseph
16. Shri M. K. Kesavan
17. Shri Kittappa Narayanaswamy
18. Shri P. T. Kunhutty Haji
19. Shri C. A. Kurian
20. Shri K. V. Kurian
21. Shri Lonappan Nambadan
22. Shri T. A. Majid
23. Shri K. A. Mathew
24. Shri N. P. Moideen
25. Shri C. H. Mohamed Koya
26. Shri Kallada Narayanan
27. Shri Oommen Chandy
28. Shri K. Pankajakshan
29. Shri T. A. Paraman
30. Shri K. P. Prabhakaran
31. Shri M. K. Raghavan
32. Shri V. K. Rajan
33. Shri Kaniyapuram Ramachandran
34. Shri M. Ramappa
35. Shri P. Sankar
36. Shri V. T. Sebastian
37. Shri P. Seethi Haji
38. Shri Sidhardhan Kattungal
39. Shri P. K. Sreenivasan
40. Shri K. Sukumaranunni
41. Shri A. V. Thamarakshan
42. Shri K. C. Vamadevan
43. Shri P. K. Vasudevan Nair
44. Shri A. N. Yusuf

AYES : 28

1. Shri T. K. Abdu
2. Shri K. Anirudhan
3. Shri R. Balakrishna Pillai
4. Shri N. Bhaskaran Nair
5. Shri N. Chandrasekhara Kurup
6. Shri K. Chandrasekharan
7. Shri Chatayan Govindan
8. Shri N. I. Devassykutty
9. Shri P. P. Esthose
10. Shri M. P. Gangadharan
11. Shri P. K. Ittoop
12. Shri K. Karunakaran
13. Shri P. Karunakaran
14. Shri M. K. Krishnan

LIBRARY ARCHIVES Kerala Legislative Assembly

15. Shri Thundathil kunju-krishna Pillai
16. Shri A·P· Kurian
17. Shri G·P· Mangalathu Madom
18. Shri K·S· Narayanan Namboodiri
19. Shri M·V· Raghavan
20. Shri K· Raghavan Master
21. Shri M·V· Rajan
22. Shri P·B·R· Pillai
23. Shri P·R· Kurup
24. Shri P·K· Sankarankutty
25. Shri P·R· Sivan
26. Shri R· Sundaresan Nair
27. Shri C· Vasudeva Menon
28. Shri Xavier Arakkal

Neutrals—Nil

Mr. Deputy Speaker: the amendment—28 against the amendment—44. neutrals nil·

The amendment was declared lost·

The amendment moved by the Minister viz·, sub-clause (4) shall be omitted was put and carried·

Sub-clause (4) of clause 5 was omitted from the Bill·

ശ്രീ. കെ. കരുണാകരൻ: സർ, ഞാനൊരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഡിവിഷൻ ബെൽ ആരംഭിച്ച ശേഷം അവസാനിക്കുന്നതിനു മുൻപ് ഒരു അംഗം സഭയ്ക്കുള്ളിൽ കടന്നു കഴിഞ്ഞാൽ ഹാജരായതായി കണക്കാക്കുമോ, വോട്ടു ചെയ്യാൻ അവകാശമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഡിവിഷൻ ബെൽ അടിച്ചു കഴിഞ്ഞ് 'ദോസ് ഫോർ ദി മോഷൻ' എന്നു വിളിച്ചു കഴിഞ്ഞാൽ ഒരു മെമ്പർക്കും സഭയിലേയ്ക്കു പ്രവേശനമില്ല. ആ ഭാഗത്തുള്ള വാതിലിൽ കൂടി അതിനു ശേഷമാണ് ബഹുമാനപ്പെട്ട മെമ്പർ പ്രവേശിച്ചത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വാതിൽ അടയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മേലിൽ കൂടുതൽ ശ്രദ്ധിക്കണമെങ്കിൽ ചെയ്യാം.

ശ്രീ. കെ. കരുണാകരൻ: ബെൽ അടിച്ച് ഡിവിഷൻ അനൗൺസ് ചെയ്ത ശേഷം വോട്ടിംഗ് നടക്കുന്ന അവസരത്തിൽ ഒരു മെമ്പർ സഭയ്ക്കകത്ത് ഉണ്ടെങ്കിൽ വോട്ടിംഗിൽ പങ്കെടുക്കാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: 'ഫോർ ദി മോഷൻ' എന്നു വിളിച്ചു കഴിഞ്ഞ ശേഷം സഭയിൽ പ്രവേശിക്കാൻ തന്നെ അവകാശമില്ലാത്തതാണ്.

ശ്രീ. പി. ബി. ആർ. പിള്ള: അദ്ദേഹത്തിനു വോട്ടു ചെയ്യാൻ സന്ദർഭം....

മി. ഡെപ്യൂട്ടി സ്പീക്കർ: വാതിൽ അടയ്ക്കാത്തതുകൊണ്ട് വന്നതാണ്. മേലിൽ ഡിവിഷൻ ബെൽ അടിച്ചു കഴിഞ്ഞാൽ എല്ലാ വാതിലും അടയ്ക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: സർ, എന്റെ പോയിന്റ് ഓഫ് ആർഡർ ഇനി എങ്ങനെ വേണമെന്നുള്ളതല്ല. വോട്ടിംഗ് നടക്കുമ്പോൾ ഒരു മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

സഭയ്ക്കകത്തുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് വിളിക്കുന്ന സമയത്തു സ്വസ്ഥാനത്ത് എത്താൻ കഴിയുമെങ്കിൽ വോട്ടിങ്ങിന്ന് അവകാശമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിൽ അങ്ങനെയുള്ള സമയത്തു പ്രവേശിച്ചാൽ അവകാശമില്ല. ഒരു മെമ്പർ ആയതുകൊണ്ടുമാത്രം ഇരിക്കാൻ അനുവദിച്ചു എന്നുള്ളതല്ലാതെ വോട്ടിങ്ങിൽ പങ്കെടുക്കാൻ അവകാശമില്ല.

ശ്രീ. കെ. അനിരുദ്ധൻ: 'ദോസ് ഫോർ' എന്നു വിളിച്ചു കഴിഞ്ഞു. അപ്പോഠം ഒരു മെമ്പർ സീററിൽ ഇല്ലായിരുന്നു. ആ മെമ്പർക്ക് വോട്ടു ചെയ്യാൻ അവകാശമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ ആർഡർ. ഇവിടെ പ്രസക്തമായ കാര്യത്തെക്കുറിച്ചു റൂളിംഗ് നൽകിക്കഴിഞ്ഞു.

ശ്രീ. ഇ. അഹമ്മദ്: വോട്ടു ചെയ്യുക ഒരു പ്രധാനപ്പെട്ട അവകാശമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വോട്ടു ചെയ്യാനുള്ള അവകാശം സഭാ നടപടിച്ചട്ടങ്ങഠംക്കു വിധേയമായിട്ടാണുള്ളത്. വാതിൽ അടയ്ക്കുകയും 'ദോസ് ഫോർ' എന്നു വിളിക്കുകയും ചെയ്തശേഷം സഭയിൽ പ്രവേശിക്കാൻ അവകാശമില്ല.

ശ്രീ. കെ. സി. വാമദേവൻ: ബഹുമാനപ്പെട്ട ഒരംഗത്തോട് അനീതി കാണിച്ചിരിക്കുന്നു. വാതിൽ അടച്ചാൽ മനസ്സിലാക്കാം.

ശ്രീ. ഇ. അഹമ്മദ്: ചെയറിന്റെ റൂളിംഗ് സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായിരിക്കും. വാതിൽ അടയ്ക്കുന്നതിനു മുമ്പ് ഒരു ബഹുമാനപ്പെട്ട അംഗം കടന്നു കഴിഞ്ഞാൽ തക്ക സമയത്തു സീററിലെത്താൻ സാധിക്കുമെങ്കിൽ അദ്ദേഹത്തിനു വോട്ടിങ്ങിൽ പങ്കെടുക്കാൻ അവസരം കൊടുക്കുന്നതായിരിക്കും. മെമ്പർമാർക്കുള്ള പ്രത്യേകാവകാശങ്ങഠം സംരക്ഷിക്കുന്നകാര്യത്തിൽ ശരി എന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡിവിഷൻ ബെൽ അടിച്ചു പൂർത്തിയാവുകയും 'ദോസ് ഫോർ' എന്നു വിളിക്കുകയും ചെയ്തശേഷം സഭയിൽ പ്രവേശിച്ചാൽ അവകാശമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഒരു ക്ലാരിഫിക്കേഷൻ. ബഹുമാനപ്പെട്ട അംഗം വാതിൽ അടയ്ക്കുന്നതിനു മുമ്പ് സഭയിൽ എത്തിയിട്ടുണ്ട്. ആ അംഗം സീററിൽ എത്തിയിട്ടില്ലെങ്കിലും സീററിൽ എത്താൻ അനുവദിക്കാൻ സാധിക്കും. സീററിൽ എത്തിയാൽ അദ്ദേഹത്തിന് വോട്ട് ചെയ്യാനും സാധിക്കും. ഞാൻ മനസ്സിലാക്കുന്നത് ഡിവിഷൻ ബെൽ അവസാനിക്കുന്നതിനു മുമ്പ്, വാതിൽ അടയ്ക്കുന്നതിനു മുമ്പ് സഭയിൽ എവിടെയെങ്കിലും എത്തിച്ചേരണമെന്നേയുള്ളു., സീററിൽ എത്തിച്ചേരണമെന്ന് നിർബന്ധമില്ല എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് വളരെ ശരിയാണ്. സീററിൽ എത്തണമെന്നില്ല. പക്ഷേ സഭയിലേക്ക് പ്രവേശനം ഇല്ലെന്ന് ഞാൻ പറയുന്നില്ല. സഭയിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആ മെമ്പർക്ക് സീററിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്താൻ സമയം അനുവദിക്കുന്നതാണ്. നേരെമറിച്ച് മെമ്പർ സഭയിൽ പ്രവേശിക്കാതെതന്നെ ഡിവിഷൻ ബെൽ അടിക്കുകയും ദോസ് ഫോർ വിളിക്കുകയും ചെയ്തതിനു ശേഷമാണെങ്കിൽ പററുകയില്ല.

ശ്രീ. ഇ. പി. ഗോപാലൻ: ബെൽ അടിച്ചു കഴിഞ്ഞതിനുശേഷം ഒരു മെമ്പർ വന്ന അവസരത്തിൽ ഇതിനു മുമ്പ് സ്പീക്കർ വോട്ടു ചെയ്യാൻ അനുവദിക്കാതിരിക്കുകയും ആ മെമ്പർ പതുക്കെ അപ്പുറത്തേക്ക് പോവുകയും ചെയ്തിട്ടുള്ള സംഭവം ഉണ്ടായിട്ടുണ്ട്.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സഭയിൽ കടന്നുവരാനുള്ള അവകാശം ഡിവിഷൻ ബെൽ അടിക്കുന്നതിനു മുമ്പാണോ, കതക് അടയ്ക്കുന്നതിനു മുമ്പാണോ ദോസ് ഫോർ വിളിക്കുന്നതിനു മുമ്പാണോയെന്ന് വ്യക്തമാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: 'ദോസ് ഫോർ' വിളിച്ചതിനു ശേഷം യാതൊരു മെമ്പർക്കും ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുകയില്ല.

ശ്രീ. കെ. സി. വാമദേവൻ: ഒരു മെമ്പറെ സഭയ്ക്കകത്ത് വരാൻ അനുവദിക്കുകയും അദ്ദേഹം വരുകയും ചെയ്തു. വന്ന് കഴിഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തിന് വോട്ടു ചെയ്യാൻ അവകാശമുണ്ടോ? ബഹുമാനപ്പെട്ട ഒരു അംഗത്തിൻെറ പ്രിവിലേജ് നഷ്ടപ്പെടുകയാണ് ചെയ്തത്. വെളിയിൽ തടഞ്ഞു നിർത്തിയാൽ മനസ്സിലാക്കാൻ കഴിയും. സഭയ്ക്കകത്ത് വരാൻ അനുവദിക്കുകയും വന്നു കഴിഞ്ഞതിനുശേഷം വോട്ടിങ്ങിൽ പങ്കെടുക്കാനുള്ള അവകാശം നിഷേധിക്കുകയും ചെയ്യുന്നത് ആ അംഗത്തിനുള്ള അവകാശം നിഷേധിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആരുടേയും അവകാശത്തെ നിഷേധിച്ചിട്ടില്ല. ബെൽ അടിച്ചു കഴിഞ്ഞ് ദോസ് ഫോർ വിളിച്ചു കഴിഞ്ഞതിനു ശേഷം വന്ന ആളുകൾക്ക് വോട്ടു ചെയ്യാൻ അവകാശമില്ല.

ശ്രീ. പി. ബി. ആർ. പിള്ള: ഹാളിൽ പ്രവേശിക്കുന്നതിന് തടസ്സപ്പെടുത്തിയിട്ടില്ല. ഹാളിൽ പ്രവേശിച്ച സ്ഥിതിക്കു വോട്ടു ചെയ്യാൻ അവകാശമുണ്ടോ?

ശ്രീ. സി. എം. സുന്ദരം: ബെൽ അടിച്ച് നിർത്തിയ ഉടനെ ഞാൻ ഹാളിനുള്ളിൽ എത്തി. അതിനു ശേഷമാണ് ദോസ് ഫോർ വിളിച്ചത്. ഞാൻ വന്നതിനുശേഷമാണ് ദോസ് ഫോർ വിളിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കറെ സംബന്ധിച്ചിടത്തോളം ഇവിടെ നടന്ന സംഭവത്തെക്കുറിച്ചുള്ള അറിവ് ബെൽ തീർന്ന് കതക് അടച്ചതിനു ശേഷം മിസ്ററർ സുന്ദരം കതക് തുറന്ന് അകത്ത് കയറിയതാണെന്നാണ്.

(ബഹളം)

ശ്രീ. സി. എം. സുന്ദരം: ഞാൻ ഉള്ളിൽ വരുമ്പോൾ ദോസ് ഫോർ പറഞ്ഞിട്ടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ പി. കെ. വാസുദേവൻ നായർ): സർ, അത് വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണ് എന്നാണ് എനിക്കു തോന്നുന്നത്. കാരണം ഒരു ബഹുമാനപ്പെട്ട മെമ്പർ അടച്ച കതക് തുറന്ന് അകത്തു പ്രവേശിച്ചു എന്നു പറഞ്ഞു. അദ്ദേഹം എന്തു പറയുന്നു എന്നുള്ളതല്ല പ്രശ്നം. നമ്മടെ ബെൽ അടിച്ചു അത് തീർന്നു കഴിഞ്ഞാൽ പിന്നെ ഒരു മെമ്പർക്ക് ഉള്ളിൽ കടക്കാൻ സാദ്ധ്യമല്ല എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പിന്നെ തുറന്ന് വരാനോ തുറപ്പിച്ച് വരാനോ ബലം പ്രയോഗിച്ചു കടക്കാനോ സാദ്ധ്യമല്ല. ബെൽ അടിച്ചു കഴിഞ്ഞാൽ പിന്നെ അകത്ത് പ്രവേശിക്കാൻ സാദ്ധ്യമല്ല. അകത്ത് ബഹുമാനപ്പെട്ട മെമ്പർ പ്രവേശിച്ചു എങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് തീർച്ചയായും വോട്ട് ചെയ്യാനുള്ള അവകാശം ഉണ്ട്. പിന്നെപറയാവുന്ന ഒരു തടസ്സം സീററിലെത്തിയില്ലെന്നുള്ളതാണ്. സഭയിലെ ചടങ്ങനുസരിച്ച് ഒരു മെമ്പറുടെ അവകാശം വിനിയോഗിക്കുന്നത് അദ്ദേഹത്തിന്റെ സീററിൽ നിന്നും ആയിരിക്കണമെന്ന് ഇവിടെ കൺവെൻഷൻ ഉണ്ട്. പ്രസംഗിക്കുന്നതും എന്തെങ്കിലും പറയുന്നതുപോലും സീററിൽ നിന്നും ആയിരിക്കണമെന്ന് കൺവെൻഷൻ ഉള്ളതുകൊണ്ട് വോട്ട് ചെയ്യുന്നതും അങ്ങനെ ആയിരിക്കണമെന്നാണ് ഞാൻ ധരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിനു വോട്ടു ചെയ്യാൻ കഴിയാതെ വന്നത് മനസ്സിലാക്കാം. എന്നാൽ ബെൽ തീർന്നു കഴിഞ്ഞാൽ ഉടനെ കതകടച്ചില്ലെങ്കിൽ അത് അടയ്ക്കാത്തവരുടെ തെററാണ്. സഭയ്ക്കകത്ത് പ്രവേശിച്ചു കഴിഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർക്ക് വോട്ടു ചെയ്യാൻ അവകാശം ഇല്ലെന്നു പറയുന്നത് പൊരുത്തക്കേടാണെന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ അതൊന്ന് പരിശോധിച്ചാൽ മതി. പ്രധാനപ്പെട്ട പ്രശ്നമാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് കിട്ടിയ ഇൻഫർമേഷൻ തെററാണെങ്കിൽ അത് വിത്ഡ്രാ ചെയ്യണം. ബഹുമാനപ്പെട്ട മെമ്പർ കതക് തുറന്ന് കടന്നതല്ല. വാതിൽ അടയ്ക്കുന്നതിനു മുമ്പു തന്നെ കടന്നിരുന്നു. അദ്ദേഹം ഡോസ് ഫോർ പറഞ്ഞപ്പോൾ മറെറാരു മെമ്പറുടെ സീററിലാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് വാതിൽ തുറന്നു വന്നു എന്നുള്ള പരാമർശം ശരിയല്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അതുകൊണ്ട് ആ പരാമർശം പിൻവലിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാ നടപടി ചട്ടങ്ങൾ ഭംഗിയായി കൊണ്ടുപോകുന്നതിനുവേണ്ടി വാതിലുകൾ നിർബന്ധമായി ബന്ധിക്കുന്നതും അതിനു കാവൽ നിർത്തുന്നതും ആണ്.

ശ്രീ. കെ. കരുണാകരൻ: അങ്ങ് സഭയിൽ ഒരു റൂളിംഗ് തന്നതാണ് അതിനെ ക്വസ്ററ്യൻ ചെയ്യുകയല്ല. ആ റൂളിംഗ് തന്നതിനു ശേഷം സഭാ നേതാവ് അങ്ങയുടെ റൂളിംഗിന് അഭിപ്രായം രേഖപ്പെടുത്തിയിരിക്കുകയാണ്. ഈ റൂളിംഗിനു മുമ്പ് സഭാനേതാവിന്റെ സഹായം അങ്ങ് തേടുകയോ സഭാ നേതാവ് സഹായം അങ്ങേയ്ക്കു തരുകയോ ചെയ്തിരുന്നുവെങ്കിൽ അത് ഉചിതവും പ്രയോജനകരവുമാകുമായിരുന്നു. സ്പീക്കർ റൂളിംഗ് നൽകിയതിനുശേഷം സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്ന കീഴ്വഴക്കം ശരിയല്ല. അങ്ങയുടെ റൂളിംഗ് പുനഃപരിശോധിക്കാമെന്ന് പറയുകയല്ലാതെ അതിന്റെ ന്യായാന്യായതകളെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് പോലും പറയാൻ സഭാ നേതാവിന് അവകാശമില്ല. ബഹുമാനപ്പെട്ട മെമ്പർ ഞാൻ സഭയ്ക്കകത്ത് ഉണ്ടായിരുന്നുവെന്നാണ് പറയുന്നത്. സഭയെ സംബന്ധിച്ചിടത്തോളം ഒരു മെമ്പർക്കാണ് ഉത്തരവാദിത്വം ഉള്ളത്. ആ സാഹചര്യത്തിൽ കഴിഞ്ഞതെല്ലാം ഒന്ന് പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. പങ്കജാക്ഷൻ: അതു മാത്രമേ സഭാ നേതാവും പറഞ്ഞുള്ളു.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇവിടെ ഡോസ് ഫോർ വിളിച്ചതിനു ശേഷമാണ് ശ്രീ. സുന്ദരം കടന്നുവന്നതെന്നുള്ള വിവരം ഞാൻ കണ്ടതാണ്.

ശ്രീ. പി. ബി. ആർ. പിള്ള: അങ്ങ് ഈ ഡോറിൽ മാത്രം നോക്കി നിൽക്കുന്നു എന്നു പറഞ്ഞാൽ ഞങ്ങൾ എങ്ങനെയാണ് വിശ്വസിക്കുന്നത്?

ശ്രീ. കെ. സി. വാമദേവൻ: കതക് തുറന്നാണ് വന്നതെന്നുള്ളത് എക്സ്പഞ്ച് ചെയ്യണം. He has been allowed to come in.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ വിവരം തെററാണെങ്കിൽ അതും മാററാവുന്നതാണ്. എനിക്കു കിട്ടിയ വിവരം അതാണ്. സുന്ദരം പ്രവേശിച്ചതു 'ഡോസ് ഫോർ' എന്നു വിളിച്ചതിനു ശേഷമാണെന്നുള്ളതു വ്യക്തമാണ്. ഞാൻ സ്വന്തം കണ്ണു കൊണ്ടു കണ്ടതാണ്.

ശ്രീ സി. എം. സുന്ദരം: അല്ല സർ താങ്കൾക്ക് തെററിയതാണ്. അതൊന്ന് എക്സ്പഞ്ച് ചെയ്താൽ കൊള്ളാമെന്ന് ഞാൻ റിക്വസ്ററ് ചെയ്യുകയാണ്.

(ബഹളം)

ഞാൻ ഉള്ളിൽ വരികയും എന്നെ അവിടെ ഇരിക്കാൻ പറയുകയും ചെയ്തതുകൊണ്ടാണ് ഞാൻ അവിടെ ഇരുന്നത്. സീററിലെത്തിച്ചേർന്നിരുന്നുവെങ്കിൽ വോട്ടു ചെയ്യുമായിരുന്നു. അതാണ് എന്റെ പൊസിഷൻ. വാതിൽ അടച്ചിരുന്നില്ല. ഞാൻ പെട്ടെന്ന് ഓടി വന്നു. അതാണ് സംഭവം.

മി. ഡെപ്യൂട്ടി സ്പീക്കർ: വാതിൽ അടച്ചിരുന്നില്ലെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ വിശദീകരണം അംഗീകരിക്കുകയാണ്. മേലിൽ വാതിൽ അടയ്ക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ഞാൻ സബ് ക്ലാസ് 5 ലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാം.

Sub-clause (5)

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ്കോയ): സർ, ഞാൻ 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

For sub-clause (5), the following sub-clause shall be substituted, namely:-
"(5) Nothing contained in sub-section (1) and (3) shall be deemed to prevent members of the Scheduled Castes or the Scheduled Tribes for standing for election to the non-reserved seats in the district council"."

LIBRARY ARCHIVES Kerala Legislative Assembly

It is non-controversial. It can be passed.

The amendment moved by the Minister was put and carried.

Clause 5 as amended, stands part of the Bill was put and carried.

Clause 5, as amended, was added to the Bill.

New Clause 5A

Minister for Education **Shri C. H. Mohammed Koya**: Sir, I move: After clause 5, the following clause shall be inserted, namely:—

"5A. Nomination of women.- (1) Every district council shall nominate two women, in the manner prescribed, to be its members.

(2) No person shall be nominated under sub-section (1) unless she is qualified to be a member of the district council in accordance with the provisions of this Act.

(3) A member nominated under sub-section (1) shall, subject to the provisions of this Act, have all the rights of a member provided in this Act, but shall not be entitled to hold office as the President or the Vice-President of the district council or as the Chairman or a member of any standing committee of the district council or any other office under the district council.

(4) The term of office of a member nominated under sub-section (1) shall expire at the time at which it would have expired if such member had been elected at an ordinary election.

(5) A casual vacancy in the office of a member nominated under sub-section (1) shall be filled by a fresh nomination made by the district council in the manner provided in that sub-section.

Provided that no such nomination shall be made by the district council within three months before the retirement of its members by efflux of time.

(6) A member nominated under sub-section (5) shall hold office only so long as the member in whose place she is nominated would have been entitled to hold office if the vacancy had not occurred.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സ്ത്രീകളുടെ പ്രാതിനിധ്യത്തെക്കുറിച്ച് ഉള്ളതാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഏതെങ്കിലും ഒരു മെമ്പർക്ക് എന്തെങ്കിലും കാരണവശാൽ തിരഞ്ഞെടുക്കപ്പെടുന്ന ഡിസ്ട്രിക്റ്റ് കൗൺസിലിൽ വരാൻ സാധിക്കുന്നില്ലെങ്കിൽ ഒരു സ്ത്രീയെ നോമിനേറ്റു ചെയ്താൽ ഒരു മുഴുവൻ അംഗത്തിന്റെ അവകാശങ്ങളും ആനുകൂല്യങ്ങളും കിട്ടുന്നില്ല. ഒരു സ്ത്രീയെ നോമിനേറ്റു ചെയ്തു. ആ സ്ത്രീക്ക് പ്രസിഡന്റ് ആകാനോ വൈസ് പ്രസിഡന്റ് ആകാനോ അവകാശമില്ല. സ്ത്രീകളുടെ അവകാശം പൂർണ്ണമായി സംരക്ഷിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ആ അവകാശം പൂർണ്ണമായും സംരക്ഷിക്കുവാൻ കഴിയുന്നില്ല. ഇത് അംഗീകരിച്ചു കഴിഞ്ഞാൽ അവരുടെ ഇഫക്റ്റീവ് പാർട്ടിസിപ്പേഷൻ എന്നുള്ളത് പ്രയാസമായിരിക്കും.

2/448—15

LIBRARY ARCHIVES Kerala Legislative Assembly

Page 38

ശ്രീ. ഇ. അഹമ്മദ്: ഒരാളെ നോമിനേററു ചെയ്താൽ ആ നോമിനേററഡ് മെമ്പർക്ക് പ്രസിഡൻേറാ വൈസ് പ്രസിഡൻേറാ ആകാനുള്ള അധികാരം കൊടുക്കുകയാണെങ്കിൽ ഗവൺമെൻറിൻെറ സ്വാധീനമല്ലേ അവിടെ ഉണ്ടാകുക?

ശ്രീ. കെ. കരുണാകരൻ: ഇത് വന്ന സ്ഥിതിക്ക് കോ-ഓപ്പറേററീവ് സൊസൈററികളിലേക്ക് ഇലക്ഷൻ വഴി ഭൂരിപക്ഷം ആളുകളും തെരഞ്ഞെടുക്കപ്പെട്ടു വരുമ്പോൾ ഗവൺമെൻറ് നോമിനേററ് ചെയ്യുന്ന ഒരാളായിരിക്കും ചെയർമാൻ. ആ അപാകതയുണ്ട്. അപ്പോൾ മറേറ ഭേദഗതി അംഗീകരിക്കാതെ പോയതിനെക്കുറിച്ചുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് ആലോചിക്കണം. ഇതിനു പരിഹാരം എന്താണെന്നും ആലോചിക്കണം.

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ എന്തോ ഒരു മുൻവിധിയുള്ളതുപോലെ തോന്നുന്നു. യാതൊരു കാരണവശാലും ഒരൊററ ജില്ലാ കൗൺസിലിലും ഒരു സ്ത്രീ സാധാരണ ഗതിയിൽ തെരഞ്ഞെടുക്കപ്പെട്ടുവരില്ലായെന്നുള്ള മുൻ വിധിയിരിക്കുന്നത് എന്തുകൊണ്ടാണ്? സാധാരണഗതിയിൽ സ്ത്രീകൾ കൂടുതൽ വരാൻ സാദ്ധ്യതയില്ലെന്നുള്ളതുകൊണ്ട് ജില്ലാകൗൺസിലുകളിൽ സ്ത്രീകൾ വരണം എന്നുള്ള അഭിപ്രായമുണ്ട്. സാധാരണഗതിയിൽ റിസർവ്വേഷൻ ഉണ്ട്. ഷെഡ്യൂൾഡ് കാസ്ററിനും ഷെഡ്യൂൾഡ് ട്രൈബ്സിനും ഒഴിച്ച് മറെറാരു വിഭാഗത്തിനും മേലാൽ റിസർവ്വേഷൻ ആവശ്യമില്ലായെന്നുള്ള നിലപാടാണ് ഗവൺമെൻറ് സ്വീകരിച്ചത് എന്നു തോന്നുന്നു. ആംഗ്ലോ ഇൻഡ്യന് വച്ചിരുന്ന പ്രാതിനിധ്യംപോലും വേണ്ടായെന്നു വച്ചിരിക്കുകയാണ്. ജില്ലാ കൗൺസിലിൽ സ്ത്രീകൾക്ക് റിസർവ്വേഷൻ തുടങ്ങിയാൽ പിന്നെയത് അസംബ്ലിയിലേക്കും പാർലമെൻറിലേക്കും പോകും. രണ്ടു സ്ത്രീകളെ ഗവൺമെൻറ് നോമിനേററു ചെയ്യാതെ ആപത്ത് കുറഞ്ഞ രീതിയിൽ ഉണ്ടാകണമെന്നു പറയുമ്പോൾ ഒരു കാരണവശാലും സ്ത്രീകൾ സാധാരണ ഗതിയിൽ തെരഞ്ഞെടുക്കപ്പെട്ടു വരില്ലായെന്നുള്ള മുൻവിധിയുടെ കാര്യമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ മെമ്പറുടെ അഭിപ്രായം തന്നെ ഖണ്ഡിച്ചിരിക്കുകയാണ്. രണ്ടുപേരെ പിന്നെ എന്തിനാണ് നോമിനേററു ചെയ്യുന്നത്? ഇലക്ററു ചെയ്തു വരുന്നുവെന്നുള്ള തീരുമാനത്തിലാണെങ്കിൽ നോമിനേഷൻ വേണ്ട. ഉദാഹരണത്തിന് നമ്മുടെ നിയമസഭതന്നെ എടുക്കാം. എല്ലാ ഡിസ്ട്രിക്ററിൽനിന്നും സ്ത്രീകൾ ഇലക്ററു ചെയ്തു വരുമെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ട് സ്ത്രീകൾക്ക് സ്ത്രീകളുടെ പ്രാതിനിധ്യം കൊടുക്കുന്നതു കൊണ്ടു പ്രയോജനമില്ല. അവർക്ക് ഒരു മെമ്പർ എന്ന നിലയിൽ അവരുടെ അവകാശങ്ങൾ പ്രൊട്ടക്ററുചെയ്യാൻ വേണ്ടി ഈ പർപ്പസ് അനുവദിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇവിടെ ഭേദഗതി കൊടുത്തിട്ടുണ്ട്.

After clause 5 insert the following as new clause 5A namely:—

"5A. Nomination of women members to the District Council:—If no women member is elected to the District Council, the President of the District Council shall nominate two women members to the District Council, such women members being persons qualified to hold any office in the district council."

LIBRARY ARCHIVES Kerala Legislative Assembly

5(എ).ക്ക് പുതിയ ക്ലാസ് ചേർക്കണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയനുസരിച്ച് എല്ലാ ജില്ലാ കൗൺസിലുകളിലേക്കും 2 അംഗങ്ങളെ നോമിനേററു ചെയ്യാം എന്നാണ് ഞാൻ കൊടുത്തിരിക്കുന്ന ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. ജില്ലാ കൗൺസിലുകളിൽ വനിതാ പ്രതിനിധികളില്ലെന്നുണ്ടെങ്കിൽ അപ്രകാരമുള്ള ജില്ലാ കൗൺസിലുകളിലേക്ക് 2 വനിതാ പ്രതിനിധികളെ പ്രസിഡൻറിന് നോമിനേററ് ചെയ്യാം എന്ന് ആണ്. റിസർവ്വേഷൻ തത്വം വയ്ക്കണമെന്നുള്ളതിനോട് എതിർപ്പുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലുമെല്ലാം റിസർവ്വേഷൻ കൊടുത്തിട്ടുണ്ട്. അതിൻെറ ബുദ്ധിമുട്ട് നാം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അനുഭവത്തിൽനിന്നും പറയുമ്പോൾ, കഴിഞ്ഞ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച സമയത്തും വാർഡുകൾ ഡീലിമിററ് ചെയ്ത അവസരത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ വളരെയാണ്, ഓരോ പഞ്ചായത്തിലും അധികാരത്തിലിരിക്കുന്ന ആളുകൾ അവരുടെ സൗകര്യംപോലെ റിസർവ്വേഷൻ ഉണ്ടാക്കിയിട്ടുണ്ട്. വനിതകൾ കുറവുള്ള സ്ഥലങ്ങളിൽ വനിതാ റിസർവ്വേഷൻ കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ ഹരിജനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ ഹരിജനങ്ങൾക്കുള്ള റിസർവ്വേഷൻ കൊടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാൻ വേണ്ടിയാണ് റിസർവ്വേഷൻ തത്വം എടുത്തു കളയണം എന്നു പറഞ്ഞത്. റിസർവ്വേഷൻ വച്ചാൽ എന്തെങ്കിലും മാനദണ്ഡം വേണം. വനിതാ റിസർവ്വേഷൻ എന്നു പറഞ്ഞാൽ ആകെയുള്ള വോട്ടർമാരിൽ ഇത്ര ശതമാനത്തിൽ കൂടുതൽ വനിതകൾ ഉണ്ടെങ്കിലേ വനിതാ റിസർവ്വേഷനു വേണ്ടി മാററിവയ്ക്കാവൂ. എന്നാൽ ഇതെല്ലാം ലംഘിച്ചുകൊണ്ടാണ് പല പഞ്ചായത്തുകളും വാർഡുകൾ ഡീലിമിററ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇത് വീണ്ടും ആവർത്തിക്കുവാനുള്ള അവസരം കൊടുക്കരുത് എന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: ശ്രീ. എം. കെ. കൃഷ്ണൻെറ ഭേദഗതി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ ബുദ്ധിമുട്ട് വരില്ലായിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറയുന്നത് ആ ഭേദഗതിയുമായി ബന്ധപ്പെട്ടു വരില്ല. ഞാൻ പറയുന്നത് വനിതാ പ്രതിനിധികളെ നോമിനേററു ചെയ്യാൻ അവസരം കൊടുക്കണം എന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയനുസരിച്ച് രണ്ടു വനിതാ മെമ്പർമാരെ തെരഞ്ഞെടുക്കുവാനുള്ള അവസരമുണ്ട്. ഇലക്ററ് ചെയ്തു വന്നില്ലെങ്കിൽ...........

ശ്രീ. പി. പി. എസ്തോസ്: ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിയിൽ പറയുന്നത് ഡിസ്ട്രിക്ററ് കൗൺസിലുകളിൽ സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടു വന്നില്ലെങ്കിൽ പ്രസിഡൻറിന് രണ്ടു വനിതാ മെമ്പർമാരെ നോമിനേററു ചെയ്യാനുള്ള അവകാശം വേണം എന്നാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർക്കു വോട്ടവകാശം ഉണ്ടായിരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വോട്ടവകാശം വേണമെന്നുള്ള അഭിപ്രായത്തോടു കൂടിയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ഒരു കൗൺസിലിലേക്കു തെരഞ്ഞെടുപ്പു നടക്കുന്നു. അതിൽ ആർക്കാണ് ഭൂരിപക്ഷം ലഭിക്കുക എന്നുള്ളത് വേറെ കാര്യം. അതുകൊണ്ട് ഒരു പൊതു തത്വം എന്ന നിലയ്ക്കാണ് ഞാൻ ഇത് പറഞ്ഞത്. ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലുകളിലേയ്ക്ക് വനിതാ പ്രതിനിധികാം തെരഞ്ഞെടുക്കപ്പെട്ടു വരുന്നില്ലെങ്കിൽ ആ ജില്ലാ കൗൺസിൽ പ്രസിഡൻറിന് 2 സ്ത്രീ പ്രതിനിധികളെ തിരഞ്ഞെടുക്കുവാനുള്ള അവസരം കൊടുക്കണം. പ്രസിഡൻറിനെ തെരഞ്ഞെടുത്തു കഴിഞ്ഞതിനു ശേഷമാണ് പ്രസിഡൻറിൻെറ റൈററ് കിട്ടുന്നത്. ജനറൽ കൗൺസിൽ ഫോം ചെയ്തു കഴിഞ്ഞാൽ ആദ്യത്തെ പ്രക്രിയ പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും തെരഞ്ഞെടുക്കുകയെന്നുള്ളതാണ്. അപ്പോാം ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടുവരുന്ന ഒരു പ്രസിഡൻറിന് കൊടുത്തിരിക്കുന്ന റൈററ് എന്നു മാത്രമേ ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നുള്ളു.

ശ്രീ. പി. പി. എസ്തോസ്: വാളകം പഞ്ചായത്തിലെ അനുഭവം ബഹുമാനപ്പെട്ട മെമ്പർക്കും അറിവുള്ളതാണ്. ഏതെങ്കിലും ഒരു കാരണവശാൽ ഒരു വോട്ടിൻെറ ഭൂരിപക്ഷംകൊണ്ട് പ്രസിഡൻറിനെ തെരഞ്ഞെടുക്കപ്പെടും. അത്തരം തെരഞ്ഞെടുപ്പ് നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കപ്പെടുമ്പോഴും രണ്ട് സ്ത്രീ മെമ്പർമാരെ കൂട്ടത്തിൽവെച്ചുകൊണ്ട് പ്രസിഡൻറിന് ആയുഷ്കാലം ഇരിക്കാം. അതാണോ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ നിയമസഭയിൽത്തന്നെ അതനുഭവമുണ്ട്. ഇലക്ഷൻ കഴിഞ്ഞ് മന്ത്രിസഭ രൂപീകരിക്കപ്പെട്ടപ്പോാം ഉണ്ടായിരുന്ന ഭൂരിപക്ഷത്തെക്കുറിച്ച് നമുക്കറിയാം. പിന്നീട് ഭൂരിപക്ഷം വർദ്ധിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതിയിൽ പറയുന്നത് വനിതകാംക്ക് ആനുകൂല്യം കൊടുക്കുകയെന്നുള്ളതാണ്. ജനസംഖ്യയിൽ പകുതിയിലധികവും വനിതകളാണെന്നാണ് പറയുന്നത്. ആ സ്ഥിതിക്ക് വനിതാ റിസർവ്വേഷൻ വേണം, അല്ലെങ്കിൽ നോമിനേഷൻ വേണം. ഇതാണ് സഭയുടെ പലഭാഗത്തു നിന്നും ഉയർന്നുവന്നത്. വനിതകളെ തെരഞ്ഞെടുത്തിട്ട് അവർക്ക് യാതൊരു റൈററും കൊടുക്കാതിരുന്നാൽ യഥാർത്ഥത്തിൽ അവരെ അപമാനിക്കുകയല്ലേ ചെയ്യുന്നത്? അവർക്ക് ഗവൺമെൻറ് എന്തെങ്കിലും ആനുകൂല്യം കൊടുത്താൽ എല്ലാ റൈററും കൊടുക്കണം. അവരെ യാതൊരു കാരണവശാലും അവഗണിക്കുവാൻ പാടില്ല. സ്ത്രീകാംക്ക് അർഹമായ പരിഗണന കിട്ടുന്നില്ലെന്നാണ് ഈ സഭയുടെ പല ഭാഗത്തു നിന്നും പൊന്തിവന്ന അഭിപ്രായം. മന്ത്രി കൊണ്ടുവന്ന ഭേദഗതിയനുസരിച്ച് നോമിനേഷൻ എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോാം രണ്ടു പേരെ നോമിനേററു ചെയ്യാം. അവർക്കു യാതൊരു റൈററുമില്ല. ഈ നിലപാട് ശരിയല്ല. എൻെറ ഭേദഗതി അംഗീകരിക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതിയിൽ സ്വല്പം ഭേദഗതി കൂടി വരുത്തിക്കൊണ്ട് അവർക്ക് എല്ലാ റൈററും കൊടുക്കണം എന്നുള്ളതാണ് എൻെറ ആവശ്യം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ് കോയ): തെരഞ്ഞെടുക്കപ്പെടുന്ന ഒന്നാമത്തെ കൗൺസിൽ യോഗത്തിൽവച്ച് സ്ത്രീ പ്രതിനിധികളെ തെരഞ്ഞെടുക്കുവാനും പിന്നീട് അവർക്കു കൂടി വോട്ടവകാശം കൊടുത്തു കൊണ്ട് പ്രസിഡൻറ് സ്ഥാനത്തേയ്ക്കോ വൈസ് പ്രസിഡൻറ് സ്ഥാനത്തേയ്ക്കോ തെരഞ്ഞെടുക്കപ്പെടുവാനും സാധിക്കും. ആ വ്യവസ്ഥ ഏർപ്പെടുത്തുന്നതായിരിക്കും.

12 Noon] **Smt. Bhargavi Thankappan**: Sir, I move my amendment:
"After clause 5 add the following as new clause 5A namely:—

LIBRARY ARCHIVES Kerala Legislative Assembly

"5A. Reservation of seats for women—(1) In every district where the population of women is fifty per cent or more of the total population fifty per cent seats shall be reserved for women in the district council of that district.

(2) If the population of women in a district is less than fifty per cent of the total population of that district, the number of seats to be reserved for women in the district council of that district shall be such as may be prescribed."

ഓരോ ജില്ലയിലും അമ്പതു ശതമാനത്തിൽ കൂടുതൽ സ്ത്രീകൾ ഉണ്ടെങ്കിൽ അമ്പതു ശതമാനവും അതിൽ കുറവാണെങ്കിൽ ആ പെർസെന്റേജും കൊടുക്കണമെന്നാണ്. അതിനെ അംഗീകരിക്കുന്നില്ലെന്ന് ആണ് പറഞ്ഞത്. രണ്ടു സീററ് അവർക്കുവേണ്ടി നോമിനേററു ചെയ്യുന്നുവെന്നു പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന അമെൻറുമെൻറിൽ പറഞ്ഞിട്ടുള്ളത് "A member nominated under sub-section (1) shall subject to the provisions of this Act, have all the rights of a member provided in this Act, but shall not be entitled to hold office as the President or the Vice President of the district council or as the Chairman or a member of any standing committee of district council or any other office under the district council. നോമിനേററു ചെയ്യുന്ന മെമ്പർമാർ സ്ററാൻറിംഗ് കമ്മിററിയിൽ മെമ്പറല്ല, ചെയർമാനാവുകയില്ല, പ്രസിഡൻറാവുകയില്ല, വൈസ് പ്രസിഡൻറാവുകയില്ല. രണ്ട് മെമ്പർമാരെ നോമിനേററു ചെയ്ത് ആലങ്കാരികമായി വയ്ക്കുന്നത് എന്തിനാണ്? തെരഞ്ഞെടുക്കപ്പെട്ട് വരുന്നെങ്കിൽ വരട്ടെ, ഇല്ലെങ്കിൽ വേണ്ടെന്ന് വയ്ക്കണം. ഈ രീതിയിൽ വയ്ക്കുന്നതിനോട് എനിക്കു യോജിപ്പില്ല. അവർക്ക് എല്ലാ അവകാശവും കൊടുക്കണം.

ശ്രീ. കെ. ജെ. ചാക്കോ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയിൽ രണ്ടു സ്ത്രീകളെ നോമിനേററു ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. രണ്ടു പേരെ നോമിനേററു ചെയ്താലും അവർക്ക് എന്തെങ്കിലും പ്രത്യേകമായ അവകാശം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ആ അവകാശങ്ങൾ നിഷേധിക്കുന്ന രീതിയിലാണ് പറഞ്ഞിരിക്കുന്നത്. അവർക്ക് ചെയർമാനാകാനൊക്കുകയില്ല, സ്ററാൻറിംഗ് കമ്മിററി ചെയർമാനാകാനൊക്കുകയില്ല, വൈസ് പ്രസിഡൻറാകാനൊക്കുകയില്ല. അവരെ നോമിനേററു ചെയ്യുന്നെങ്കിൽ അവർക്കു മററുള്ള മെമ്പർമാർക്കു ലഭിക്കുന്ന എല്ലാ അവകാശങ്ങളും അധികാരങ്ങളും നൽകേണ്ടതാണ്. അബലകളാണെന്നുള്ള രീതിയിലാണ് ചെയ്തിരിക്കുന്നത്. ഒരു കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ നോമിനേഷൻ ആവശ്യമില്ല എന്നാണ് എൻെറ അഭിപ്രായം. തെരഞ്ഞെടുക്കപ്പെട്ടില്ലെങ്കിൽ മാത്രമേ നോമിനേഷൻ ആവശ്യമുള്ളു. സ്ത്രീകൾ അംഗമായി വരികയാണെങ്കിൽ അവർക്ക് മററുള്ള ആളുകൾക്ക് ലഭിക്കുന്ന എക്സ് ഒഫീഷ്യോ മെമ്പർമാർക്ക് ഇല്ലാത്ത എല്ലാ അവകാശങ്ങളും ലഭിച്ചിരിക്കണം. എന്തോ അവകാശം കൊടുത്തു എന്ന് ഒരു ഭാഗത്ത് പറയുകയും മറുഭാഗത്തു കൂടി ജീവനില്ലാത്ത ഒരു കൂട്ടം ആളുകളായി അംഗീകരിക്കുകയും ചെയ്യുന്ന ഏർപ്പാടായി മാറും. നോമിനേററ് ചെയ്യുന്ന സ്ത്രീ വിഭാഗത്തെ സംബന്ധിച്ചിടത്തോളം മററുള്ള മെമ്പർമാർക്കുള്ള എല്ലാ അവകാശങ്ങളും കൊടുക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: റിസർവേഷൻ തത്വം ഗവൺമെൻറ് മാററിക്കളഞ്ഞത് തീർച്ചയായും നീതിരഹിതമായ പ്രവൃത്തിയാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. റിസർവേഷൻ തത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഗവൺമെൻറ് വ്യതിചലിച്ചിരിക്കുകയാണ്. പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും അതുപോലുള്ള എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും ഇന്ന് റിസർവേഷൻ തത്വം ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ട് ആർക്കാണ് അസൗകര്യമുണ്ടായത്?

ശ്രീ ടി. എം. ജേക്കബ്: റിസർവേഷൻ കൊടുത്തിട്ട് ബുദ്ധിമുട്ട് ഉണ്ടായില്ലെന്ന് പറഞ്ഞു. ഇവിടെ കിട്ടിയിരിക്കുന്ന പരാതികാം പരിശോധിച്ചാൽ റിസർവേഷൻ തത്വം മിസ്യൂസ് ചെയ്തിട്ടുണ്ടെന്നാണ് കാണുന്നത്. ആ ഡയറക്ഷൻ തന്നെ മിസ്യൂസ് ചെയ്തിരിക്കുന്നു എന്ന പരാതിയുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മിസ്യൂസ് ചെയ്യാതിരിക്കുകയാണ് വേണ്ടത്. മിസ്യൂസ് ചെയ്തു എന്നുള്ളതുകൊണ്ട് തത്വം നല്ലതല്ല എന്നു വരുന്നില്ല. ഏതായാലും ചെറുതും ഏററവും കൂടുതൽ വനിതകളുമുള്ള വാർഡ് അവർക്കുവേണ്ടി റിസർവ്വ് ചെയ്യുകയും വേണമെന്നുള്ള ഭേദഗതി ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് പറയുന്നത്. അല്ലെങ്കിൽ മിസ്യൂസ് ചെയ്യാൻ പോകുന്നത് വാർഡ് നിശ്ചയിക്കുന്നതിനല്ല. നോമിനേഷൻ എന്നു പറഞ്ഞാൽ എന്താണെന്ന് നമുക്കറിയാം. രണ്ട് അംഗങ്ങളുടെ വോട്ട് ഉപയോഗിക്കുന്നത് നോമിനേഷൻ വഴി പലതും ചെയ്യാൻ കഴിയുമെന്നുള്ളത് വളരെ വ്യക്തമാണ്. നോമിനേഷൻ എന്നുള്ള ഏർപ്പാട് ഗവൺമെൻറ് വൈകിയ വേളയിലെങ്കിലും ഉപേക്ഷിക്കണം. റിസർവേഷൻ തത്വം ഗവൺമെൻറ് അംഗീകരിക്കണം. പല അപാകതകളും ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. വനിതാ റിസർവേഷൻ എന്നുള്ള തത്വം അംഗീകരിക്കണം. അതിനനുസരിച്ചുള്ള ഭേദഗതി കൊണ്ടുവരണം.

Shri M. Ramappa moved: After clause 5 add the following as new clause 5A namely:—

5A. Nomination of members of Anglo-Indian Community and Linguistic minorities.

(i) In every district where the population of the members of the Anglo-Indian Community is ten thousand or more, one person belonging to that community shall be nominated by the Government to the District Council of that district.

(ii) In every district, where the population of Linguistic minorities is ten thousand or more, one person from among such Linguistic minorities shall be nominated by the Government to the District Council of that district.

My amendment is self-explanatory. I only request that nomination should be given for an Anglo-Indian Member and a Member of the Linguistic minority. This is something which already the Government have accepted in principle, for the Legislative Assembly has already a nominee of the Anglo-Indian Community and further the Government have already passed orders requesting the Departments of Government to nominate representatives of the Linguistic minorities to all high level committees. Hence I request the

LIBRARY ARCHIVES Kerala Legislative Assembly

Honourable Minister to accept my amendment and see that a representative of the Anglo-Indian Community is given representation in the District Council where there are over 10,000 members of the community. So also a representative of the Linguistic minority provided in the respective District Councils.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദുകോയ): സ്ത്രീകൾക്ക് നോമിനേഷൻ വഴി പ്രാതിനിധ്യം നൽകാനും ഇലക്ഷൻ വഴി പ്രാതിനിധ്യം ലഭിച്ചാൽ അത് നൽകാനും ആണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ഇലക്ഷൻ വഴി സ്ത്രീകൾ പ്രാതിനിധ്യം നേടുന്നതിനേയോ ഇലക്ഷൻ വഴി പ്രാതിനിധ്യം നേടുന്ന സ്ത്രീകൾ ഏതെങ്കിലും ഉദ്യോഗം സ്വീകരിക്കുന്നതിനേയോ തടയുന്നില്ല. പക്ഷേ നോമിനേഷൻ വഴി അകത്തു കടന്ന ആളുകൾ പ്രസിഡൻറും വൈസ് പ്രസിഡൻറും മററും ആകുന്നതിലുള്ള അപാകതയും നോമിനേററഡ് മെമ്പർമാരെ ഉപയോഗിച്ച് ഭൂരിപക്ഷം ഉണ്ടാക്കുന്നതിൻെറ അനൗചിത്യവും ഓർത്താണ് പ്രസിഡൻറ്, വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകാത്തത്. എന്നാൽ പ്രസിഡൻറ്, വൈസ് പ്രസിഡൻറുമാരുടെ തെരഞ്ഞെടുപ്പിൽ അതിനുശേഷം ഉണ്ടാകാവുന്ന അവിശ്വാസപ്രമേയത്തിലും വോട്ട് ചെയ്യാൻ മാത്രമേ ജില്ലാ കൗൺസിൽ മെമ്പർക്കു ചുമതലയുള്ളു എന്ന് അംഗങ്ങൾ ധരിച്ചു പോയി എന്ന് തോന്നുന്നു. രണ്ടു മൂന്നു ദിവസം നടക്കുന്നതാണ് പ്രസിഡൻറിൻേറയും വൈസ് പ്രസിഡൻറിൻേറയും സ്ററാൻറിങ്ങ് കമ്മിററിയുടേയും തെരഞ്ഞെടുപ്പ്. അതു കഴിഞ്ഞ് സഭയിൽ വരുന്ന എല്ലാ കാര്യങ്ങളിലും അവർക്ക് സജീവമായി പങ്കെടുക്കാൻ കഴിയും. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അവർക്ക് സ്ററാൻറിംഗ് കമ്മിററിയിൽ പോലും സ്ഥാനം നൽകാതിരിക്കുന്നത് ....

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോമിനേററഡ് മെമ്പർക്ക് വേണ്ടെന്നാണ് ഗവൺമെൻറിൻെറ തീരുമാനം.

ശ്രീ. എൻ. ഭാസ്കരൻ നായർ: നോൺ കോൺഫിഡൻസ് മോഷൻ പ്രസിഡൻറിൻെറ പേരിലോ വൈസ് പ്രസിഡൻറിൻെറ പേരിലോ വരികയാണെങ്കിൽ നോമിനേററഡ് മെമ്പർക്ക് വോട്ടിങ്ങിന് അവകാശമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇല്ല.

The amendment (No. 215) moved by the Minister viz. "After clause 5, the following clause shall be inserted namely:—

"5A. Nomination of women—(1) Every District Council shall nominate two women, in the manner prescribed, to be its members.

(2) No person shall be nominated under sub-section (1) unless she is qualified to be a member of the District Council in accordance with the provisions of this Act.

LIBRARY ARCHIVES Kerala Legislative Assembly

(3) A member nominated under sub-section (1) shall subject to the provisions if this Act, have all the rights of a member provided in this Act, but shall not be entitled to hold office as the President or the Vice-President of the District Council or as the Chairman or a membér of any standing committee of the District Council or any other office under the District Council.

(4) The term of office of a member nominated under sub-section (1) shall expire at the time at which it would have expired if such member had been elected at an ordinary election.

(5) A casual vacancy in the office of a member nominated under sub-section (1) shall be filled by a fresh nomination made by the district council in the manner provided in that sub-section:

Provided that no such nomination shall be made by the district council within three months before the retirement of its members by efflux of time.

(6) A member nominated under sub-section (5) shall hold office only so long as the member in whose place she is nominated would have been entitled to hold office if the vacancy had not occurred, "was put and carried".

The amendment moved by Smt. Bhargavi Thankappan was, by leave, withdrawn.

The amendment moved by Shri T.M. Jacob was, by leave, withdrawn

The amendment moved by Shri M. Ramappa was, by leave, withdrawn.

The question that the New Clause 5A stands part of the Bill was put and carried.

New Clause 5A was added to the Bill.

Clause 6

Minister for Education **Shri C. H. Mohammedkoya**: Sir, I move :"In Sub-clause(1) (b) the words "or the Anglo-Indian Community" shall be omitted.

Shri E. P. Gopalan: Sir, I move: In clause 6, after sub-clause (1) (b) add the following as sub-clause (1) (c) namely:—

"(c) A district council should have a minimum number of 30 members to be elected from the district."

Shri N. I. Devassikutty: Sir, I move: "In clause 6, sub-clause (1) (b) add the following proviso namely:

"Provided that the division or divisions so reserved shall be in the case of Scheduled Castes or Scheduled Tribes the division or divisions having the largest number of Scheduled Caste or Scheduled Tribe voters as the case may be and in the case of women the division or divisions so reserved shall be the division or divisions having the largest number of women voters."

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വനിതാ റിസർവേഷൻ ഗവൺമെന്റ് അംഗീകരിക്കാത്ത സ്ഥിതിയ്ക്ക് ഈ അമെൻറുമെൻറിന്റെ അവസാനഭാഗത്തിന് പ്രസക്തിയില്ല. ഈ അമെൻറുമെൻറിന്റെ ആദ്യഭാഗത്തിന് പ്രസക്തിയുണ്ട്. ഗവൺമെന്റ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സിന് റിസർവേഷൻ വേണമെന്നു അംഗീകരിച്ച സ്ഥിതിക്ക് division as prescribed by the Government എന്നു പറഞ്ഞു ക്ലാസ് 6-ൽ വ്യവസ്ഥ ചെയ്യുന്നത് തീർച്ചയായും പല കുഴപ്പങ്ങൾക്കും കാരണമാകും. ഇവിടെ റിസർവേഷൻ ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സിന് അംഗീകരിക്കുകയും അതേ സമയത്ത് ഏതു വാർഡാണ്, ഏതു ഡിവിഷനാണ് അവർക്കു വേണ്ടതെന്നു തീരുമാനിക്കുന്നത് ഗവൺമെന്റ് പ്രിസ്ക്രൈബ് ചെയ്താൽ മതിയെന്നും വയ്ക്കുകയും ചെയ്യുന്നത് തീർച്ചയായും പഞ്ചായത്തു വാർഡുകളുടെ ഡീലിമിറ്റേഷനിൽ ഉണ്ടായ എല്ലാ ആക്ഷേപങ്ങളും ഇവിടെയും ആവർത്തിക്കുന്നതിന് കാരണമാകും. അതുകൊണ്ട് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സിന് റിസർവേഷൻ വേണമെന്നു അംഗീകരിച്ച സ്ഥിതിക്കു ഏററവും കൂടുതൽ ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സുള്ള ഡിവിഷൻ അവർക്കു വേണ്ടി റിസർവ്വു ചെയ്യണമെന്നുള്ള ഭേദഗതി തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. പഞ്ചായത്തു ഡീലിമിറ്റേഷനിൽ ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സിന്റെ വാർഡുകൾ നിശ്ചയിച്ചതിൽ പരാതികൾ ഉണ്ടായിട്ടുണ്ട്. ആ പരാതികൾ ആരു പഞ്ചായത്തിൽ ഭരണം നടത്തുന്നുവോ അല്ലെങ്കിൽ ഏതു പാർട്ടിയുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുന്നുവോ അവരുടെയൊക്കെ സഹായത്തോടു കൂടി അനാവശ്യമായി കൈകടത്തുന്നതിനുള്ള സാഹചര്യം ഈ ''പ്രിസ്ക്രൈബ്ഡ്'' എന്ന വാക്കു കൊണ്ട് ഉണ്ടാകുമെന്നുള്ളതു പഞ്ചായത്തു ഡീലിമിറ്റേഷനെ സംബന്ധിച്ചു വന്നിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇതിൽ ക്ലാസ് 6-ൽ ഇതുപോലെ 'ആസ് പ്രിസ്ക്രൈബ്ഡ്'' എന്നു വയ്ക്കാതെ ഷെഡ്യൂൾഡ് കാസ്റ്റിന്നും ഷെഡ്യൂൾഡ് ട്രൈബ്സിനും ഏതു ഡിവിഷനിൽ അവർ കൂടുതലുണ്ടോ ആ ഡിവിഷൻ അവർക്കു വേണ്ടി റിസർവ് ചെയ്യണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് ആണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. സി. എച്ച്. മുഹമ്മദുകോയ:</u> ആ ഭേദഗതി ഞാൻ സ്വീകരിക്കുന്നില്ല.

Shri P. K. Sankarankutty: Sir, I move: For clause 6, substitute the following, namely:—

''6. <u>Constitution of a Commission to divide and delimit the Districts:</u>—

(1) At the commencement of this Act and thereafter at the expiry of every five years, a Commission consisting of seven members of the Legislative Assembly of the State shall be elected in accordance with the principle of proportional representation by means of single transferable vote to recommend to the Government the manner in which a district shall be divided into divisions for the purpose of election of the members to the District Council.

(2) The members elected under sub-section (1) of this Section shall elect a Chairman from among themselves.

LIBRARY ARCHIVES Kerala Legislative Assembly

(3) The Government shall publish the constitution of the Commission by notification in the Gazette.

(4) The Commission shall have powers to evolve the procedure for conducting its business.

(5) The Director of Elections shall act as the Secretary of the Commission.

(6) The Commission may hear representations and suggestions from the public.

(7) The Commission in its recommendations shall furnish proposals to the Government to:—

(a) divide the district into as many divisions as there are seats and fix the boundaries of such divisions in such manner that no Panchayat area or ward of a Municipality or the division of a city is split into two or more parts:

Provided that the population of the divisions shall, as far as possible be equal; and

(b) determine in such manner as may be prescribed the division or divisions which shall be reserved for the Scheduled Castes or the Scheduled Tribes.

(8) The recommendations of the Commission shall be final and it shall not be called in question in any Court of law."

ഇവിടെ ക്ലാസ് 6-ൽ division of districts into divisions എന്നു പറഞ്ഞിട്ടുണ്ട്. അതിൽ For the purpose of the election of the members of the District Council, the Director of Elections shall, by notification in the Gazette, എന്നു പറഞ്ഞിട്ട് എ, ബി, സി എന്നീ മൂന്നു വകുപ്പുകൾ കൊടുത്തിട്ടുണ്ട്. പക്ഷേ പഞ്ചായത്തു തിരഞ്ഞെടുപ്പു നോട്ടിഫൈ ചെയ്ത അവസരത്തിൽ പഞ്ചായത്തു വാർഡുകൾ ഡീലിമിറ്റേഷൻ ചെയ്യേണ്ടത് എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ആ അധികാരം ഡയറക്റ്ററിൽ നിക്ഷിപ്തമായിരുന്നതുകൊണ്ട് പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. ആ ആക്ഷേപങ്ങൾ കേൾക്കാൻ ആദ്യം ഗവൺമെൻറ് തയ്യാറായില്ലെങ്കിലും പിന്നീട് രാജ്യവ്യാപകമായി തെററുകൾ പററിയിട്ടുണ്ടെന്നു മന്ത്രിയുടെ കക്ഷിയിലുള്ളവർ പോലും പറഞ്ഞപ്പോൾ രണ്ടാമതു അതു റിവ്യൂ ചെയ്യാൻ മറെറാരു ഉദ്യോഗസ്ഥനെ വയ്ക്കുകയുണ്ടായി. ഞാൻ ഇതു പറയുന്നത് രണ്ടു കാരണങ്ങൾ കൊണ്ടാണ്. ഒന്ന്, ഇത്തരത്തിൽ ജില്ലാ കൗൺസിലുകൾ എന്ന ഒരു പുതിയ സമീപനം, പുതിയ പരീക്ഷണം തുടങ്ങിയിരിക്കുകയാണ്. അതു പഞ്ചായത്തു വാർഡുകളെപ്പോലെ ചെറിയ വാർഡുകളല്ല. ഏതാണ്ട് 50,000 ത്തോളം ജനസംഖ്യയുള്ള ഡിവിഷനുകളാണ്. ചിലപ്പോൾ രണ്ടു പഞ്ചായത്തുകളും കഴിഞ്ഞ് മൂന്നാമതു പഞ്ചായത്തിലെ ചില വാർഡുകൾ അല്ലെങ്കിൽ തൊട്ടടുത്തു കിടക്കുന്ന മുനിസിപ്പാലിററിയിലെ ചില പ്രദേശങ്ങൾ കൂടി വരുന്നതുകൊണ്ട് ആക്ഷേപമുണ്ടാകാൻ വഴിയുണ്ട്. അങ്ങനെയുള്ളത് വരരുതെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ ഇടയുണ്ടെന്നും ജനങ്ങളുടെ അഭിപ്രായം കൂടി മനസ്സിലാക്കിക്കൊണ്ട് ജനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടുകൊണ്ട് അവർക്കു പറയാനുള്ളതു കൂടി കേട്ടു കൊണ്ട് നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലായിരിക്കണം ഇതിന്റെ ഡിവിഷൻ നടത്തേണ്ടതെന്നും ഞാൻ പറയുകയാണ്. അതുകൊണ്ട് ഈ ക്ലാസ് പൂർണ്ണമായി മാററണം. എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള ഗൈഡ്ലൈൻ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ മാററം വരുത്തണം. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ പുതുതായി ഇതിനുവേണ്ടി ഒരു കമ്മിഷനെ നിയമിക്കണമെന്ന വകുപ്പ് കൊണ്ടുവരണമെന്നു പറയുന്നത് ജനങ്ങളിൽനിന്നുള്ള അഭിപ്രായം കേൾക്കുന്നതിനുവേണ്ടിയാണ്. അസംബ്ലിയിലേയും പാർലമെൻറിലേയും ആദ്യത്തെ ഡിവിഷൻ നടത്തിയിട്ടുള്ളത് ഇതുപോലെ ഒരു കമ്മീഷനെ വച്ച് അഭിപ്രായങ്ങൾ കേട്ടു കഴിഞ്ഞതിനു ശേഷമാണ്. പഞ്ചായത്തു ഡീലിമിറേറഷനിൽ ഉണ്ടായ പരാതികൾ മേലിൽ ഇതിൽ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയും ഭരണ കക്ഷിക്കനുകൂലമായി ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പ്രവർത്തിപ്പിക്കുക എന്നുള്ള ചീത്തയായ ജനാധിപത്യ വിരുദ്ധമായ മാർഗ്ഗങ്ങൾ കൂടാതെ കഴിക്കുന്നതിനും ഇത്തരത്തിൽ ഒരു കമ്മീഷനെ നിശ്ചയിക്കണം എന്നാണ് എനിക്കു പറയാനുള്ളത്. ആർക്കും ഒരു ദ്രോഹവുമില്ലാത്ത നിരുപദ്രവകരമായ ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട ശങ്കരൻകുട്ടി ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ സംബന്ധിച്ച് രണ്ടുവാക്ക് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽ ക്ലാസ് 6-ൽ സബ് ക്ലാസ് 3-നെ സംബന്ധിച്ച് പരാമർശിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. ഡിവിഷനുകൾ ഡീലിമിററു ചെയ്യാനുള്ള അധികാരം സബ് ക്ലാസ് 3 പ്രകാരം ഡയറക്ടർ ഓഫ് ഇലക്ഷനിൽ നിക്ഷിപ്തമായിരിക്കുകയാണ്. സബ്ക്ലാസ് 3-ൽ പറയുന്നത് "The order made by the Director of Elections under this section shall not be called in question in any Court of law." എന്നാണ്. ഡയറക്ടർ ഓഫ് ഇലക്ഷൻ എന്തു തീരുമാനമെടുത്താലും അത് അവസാനതീരുമാനമായിരിക്കുമെന്നു പറയുന്നത് തികച്ചും ശരിയാണെന്ന അഭിപ്രായം എനിക്കില്ല. അതുകൊണ്ട് ഡയറക്ടർ ഓഫ് ഇലക്ഷൻസിന്റെ തീരുമാനത്തിൻമേൽ ഗവൺമെൻറിൽ ഒരു അപ്പീൽ നിക്ഷിപ്തമാകുന്ന ഒരു പ്രൊവിഷൻ എഴുതിച്ചേർക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ശങ്കരൻകുട്ടി ചൂണ്ടിക്കാണിച്ചതുപോലുള്ള ഭയപ്പാടുകൾക്ക് സ്ഥാനം ഉണ്ടാവുകയില്ല. ഇപ്പോൾ ഡയറക്ടർ ഓഫ് ഇലക്ഷൻസ് ഈ ഡിവിഷനുകൾ ഭാഗിച്ചു കൊണ്ടുള്ള തീരുമാനമെടുത്തു കഴിഞ്ഞാൽ അതു ഫൈനലായ............

ശ്രീ. പി. ആർ. കുറുപ്പ്: അപ്പലേററ് അതോറിററി ആരായിരിക്കണം, ഗവൺമെൻറായിരിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

ശ്രീ. ഇ. അഹമ്മദ്: ഡയറക്ടർ ഓഫ് ഇലക്ഷന്റെ മേൽ അപ്പീൽ സ്വാഭാവികമായും ഗവൺമെൻറിലാണല്ലോ നിക്ഷിപ്തമായിരിക്കുന്നത്. ഗവൺമെൻറിന്റെ ഫൈനൽ ഓർഡർ തെററാണെങ്കിൽ ആർക്കും ഹൈക്കോടതിയിൽ പോകാവുന്നതാണ്. ഞാൻ പറയുന്നത് ഡയറക്ടർ ഓഫ് ഇലക്ഷന്റെ തീരുമാനത്തെ തുടർന്ന് ഹൈക്കോടതിയിൽ റിട്ടു കൊടുക്കുന്നതിനും വിരോധമുണ്ടായിരിക്കുകയില്ല. പക്ഷേ നിയമ കോടതിയെ സമീപിക്കാൻ പാടില്ലെന്ന് എഴുതിച്ചേർക്കുകയാണെങ്കിൽപോലും ഭരണഘടനയിലെ 226-ാം ഖണ്ഡിക പ്രകാരം ഹൈക്കോടതിയിൽ പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും അധികാരമുണ്ട്. ഇങ്ങനെ ഡയറക്ടർ ഓഫ് ഇലക്ഷന്റെ തീരുമാനത്തിൻമേൽ ഹൈക്കോടതിയിൽ പോകുന്നതിനു പകരം ഒരു അപ്പീലിനുള്ള പ്രൊവിഷൻകൂടി വയ്ക്കുന്നത് ഗുണകരമായിരിക്കും. ഡയറക്ടർ ഓഫ് ഇലക്ഷൻ എടുക്കുന്ന തീരുമാനം ആദ്യത്തെ തീരുമാനമായിരുന്നാലും ആ തീരുമാനം റിവ്യൂ ചെയ്യാനുള്ള അപ്പീലധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുകയാണെങ്കിൽ അതിന് പ്രത്യേക സമയ പരിധികൂടി വയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു അമെൻറുമെന്റ് കൊണ്ടുവരുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

For sub-clause (3), the following sub-clauses shall be substituted:—

"An order made by the Director of Elections under this section, shall, subject to the provisions of sub-clause (4), be final and shall not be called in question in any Court of law."

"New sub-clause (4): Any person aggrieved by the order made by the Director of Elections under this section, may, within such time as may be prescribed, appeal to the Government against such order; and the decision of the Government on such order, shall be final and shall not be called in question in any Court of law." എന്നാക്കിയാൽ നന്നായിരിക്കും.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത് സെലക്ററു കമ്മിററി ആലോചിച്ച് തള്ളിക്കളഞ്ഞതാണ്.

ശ്രീ. ഇ. അഹമ്മദ്: ഞാൻ സെലക്ററു കമ്മിററിയിൽ ഉണ്ടായിരുന്നു. സെലക്ററു കമ്മിററിയിൽ അങ്ങനെ അന്നു പറഞ്ഞെങ്കിൽ പോലും ഒരു റിവ്യൂ പ്രൊവിഷൻ ഈ സഭയിൽ വയ്ക്കുന്നതിന് വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല. തീരുമാനം ഫൈനലാകുന്നതിനു പകരം ഗവൺമെന്റിൽ ഒരു അപ്പീൽ കൊടുക്കുകയും ഗവൺമെന്റ് ആ അപ്പീൽ തീരുമാനം ....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇലക്ഷൻ കമ്മീഷൻ കോൺസ്ററിററ്യുവൻസി ഡീലിമിററു ചെയ്തു കഴിഞ്ഞാൽ പിന്നേയും ആളുകൾ കൂടുകയില്ലേ? അസംബ്ലിയുടെ കാര്യത്തിലും സെപ്പറേററ് ഇലക്ഷൻ പിന്നീടു പാടില്ലല്ലോ?

ശ്രീ. ഇ. അഹമ്മദ്: ഇവിടെ ഒരു ഉദ്യോഗസ്ഥനാണ്. ഞാൻ പറഞ്ഞത് ഇലക്ഷൻ ആക്ററു പ്രകാരം, റെപ്രസന്റേഷൻ ഓഫ് ദി പ്യൂപ്പിൾസ് ആക്ററു പ്രകാരമുള്ള പ്രൊവിഷൻ ഇൻവോക്കു ചെയ്യാനുള്ള ഒരു കമ്മീഷനാണ് അത്. ഇലക്ഷൻ കമ്മീഷനെ സംബന്ധിച്ചിടത്തോളം യാതൊരു അധികാരവുമില്ല. ഞാൻ പറഞ്ഞത് ഒരു ഉദ്യോഗസ്ഥൻ എടുത്ത തീരുമാനം ഗവൺമെന്റ് റിവ്യൂ ചെയ്യണം എന്നുള്ള നിലയിലാണ്. Aggrieved parties-ന് ഡയറക്ടർ ഓഫ് ഇലക്ഷൻസിന്റെ തീരുമാനത്തിൻമേൽ അപ്പീൽ കൊടുക്കാനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. പിന്നെ ആ തീരുമാനം ഒരു പക്ഷേ ratify ചെയ്യുന്നതിനോ ജസ്ററിഫൈ ചെയ്യുന്നതിനോ എന്തിനായിരുന്നാലും ഭരണഘടനാപരമായി ഹൈക്കോടതിയിൽ ചോദ്യം ചെയ്യാവുന്നതാണ്. എന്നാലും ഒന്നാമത്തെ തീരുമാനം ഫൈനൽ ആകുന്നതിനു പകരം ഒരു അപ്പീൽ പ്രൊവിഷൻ വയ്ക്കുന്നത് ശ്രീ ശങ്കരൻകുട്ടി പ്രകടിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായത്തിൻെറ വെളിച്ചത്തിലും ഗുണകരമായിരിക്കുമെന്ന് ആണ് എനിക്കു പറയാനുള്ളത്. ആക്ററ് പെർഫെക്ററ് ആക്കണമെന്നു വച്ച് പറഞ്ഞതാണ്.

ശ്രീ. കെ. കരുണാകരൻ: അതിൽ ഒരു സംശയമുണ്ട്. സർക്കാരുദ്യോഗസ്ഥനാണെങ്കിൽ ഗവൺമെൻറിൻെറ കീഴിലാണ്. ഇയാളുടെ ഇൻറിപെൻറൻസിനെ സംബന്ധിച്ചിടത്തോളം ലിമിററുണ്ട്. അതുകൊണ്ട് ഒരു ജുഡീഷ്യൽ ബോഡിക്ക് അപ്പീൽ കൊടുക്കാമെന്നുള്ള തല്ലേ നല്ലത്?

ശ്രീ. ഇ. അഹമ്മദ്: ജുഡീഷ്യൽ ബോഡിയെ സംബന്ധിച്ചിടത്തോളം ഇതിൽ പറയുന്നത് "shall not be called in any Court of law"; എന്നാണ്. അങ്ങനെ പറഞ്ഞാൽ അത് ഹൈക്കോടതിയിൽ പോകുന്നതിന് തടസ്സമാവുകയില്ല ആർക്കും പോകാവുന്നതാണ്. പക്ഷേ ഞാൻ പറഞ്ഞത് ഇതിനെ സംബന്ധിച്ച് ഒന്നു കൂടി പരിശോധിക്കാനുള്ള അവകാശം കൊടുക്കണമെന്നാണ്. ഏതെങ്കിലും ഒരു കാര്യം പരിഗണിക്കാൻ ഡയറക്ടർ ഓഫ് ഇലക്ഷൻസ് വിട്ടു പോയിട്ടുണ്ടെങ്കിൽ അതു പരിഗണിക്കാൻ വീണ്ടും ഒരു ഏജൻസി ഉണ്ടാവുന്നത് നല്ലതാണ്. അതിനു വേണ്ടി മാത്രം ഹൈക്കോടതിയിലേയ്ക്ക് ബന്ധപ്പെട്ടവരെ വലിച്ചിഴയ്ക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകരുതെന്നു വച്ചാണ് പറഞ്ഞത്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇലക്ഷൻ കമ്മീഷനെ പററി ആക്ഷേപമില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഇലക്ഷൻ കമ്മീഷനെപ്പററിയും ഡീലിമിറേഷൻ കമ്മീഷനെപ്പററിയും രണ്ടും പറഞ്ഞു.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഡീലിമിറേഷൻ കമ്മീഷനെപ്പററി ആക്ഷേപമുണ്ട്. പുഴു പോലെ, പാമ്പു പോലെ ഒക്കെയാണ് കോൺസ്ററിററ്യൂവൻസി നമ്മുടെ രാജ്യത്തുള്ളത്. അതുകൊണ്ട് ഡിലേ വരും. പിന്നെ ഗവൺമെൻറിന് അപ്പീൽ അധികാരം കൊടുത്താൽ ഗവൺമെൻറ് അതിൽ ഇടപെട്ടു എന്നുള്ള ആക്ഷേപം വരും. അതുകൊണ്ട് അതു വേണ്ട എന്നാണ് എൻെറ അഭിപ്രായം.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഒരു സംശയമുണ്ട്. ഡീലിമിറേഷൻ കമ്മീഷനിൽ വിവിധ കക്ഷികളുടെ പ്രാതിനിദ്ധ്യമുള്ള എം. എൽ. എ. മാർ തെരഞ്ഞെടുക്കപ്പെടുന്നവരാണുള്ളത്. പിന്നെ എങ്ങനെയാണ് ഗവൺമെൻറ് ഇടപെട്ടു എന്ന് ആക്ഷേപം ഉണ്ടാവുക?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഡീലിമിറേഷൻ കമ്മിററിയിൽ വിവിധ വകുപ്പുകളിലെ എം. എൽ. എ. മാർ ഉള്ളതുകൊണ്ട് അത് കുററ മററതാകുമെന്നുള്ള അഭിപ്രായം എനിക്കില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഡീലിമിറേഷനെ കുറിച്ച് ഡയറക്ടറുടെ അന്തിമ തീരുമാനം കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്ന് ഒരു വകുപ്പ് ഇതിൽ എഴുതിവച്ചിരിക്കുകയാണ്. പഞ്ചായത്തുകളുടെ ഡീലിമിറേഷൻ കാര്യത്തിലൊക്കെ അവിടെ ഉണ്ടായിരുന്ന പരാതിയിൻമേൽ ഡെപ്യൂട്ടി ഡയറക്ടറും അതിൻമേൽ ഗവൺമെൻറുമൊക്കെ ഇടപെടുകയും ശരിയായ രീതിയിലുള്ള തീരുമാനങ്ങൾ ഉണ്ടാവുകയോ തെററുകൾ തിരുത്തുകയോ ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. ഹരിജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

96 മാത്രമുള്ള ഒരു വാർഡിൽ കള്ളമായി കണക്കു കാണിച്ച് 196 ഹരിജനങ്ങൾ ഉണ്ടെന്നു കാണിച്ച് ഹരിജൻ വാർഡായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെ തെററുകൾ ബോദ്ധ്യപ്പെട്ടിട്ടും തിരുത്തപ്പെടാത്ത സാഹചര്യത്തിൽ, ഡീലിമിറേഷനെക്കുറിച്ച് ശരിക്കും അനീതി നടന്നിട്ടുണ്ടെന്നുള്ള ബോധം ജനങ്ങൾക്കുള്ളപ്പോൾ കോടതിയെ സമീപിക്കാനുള്ള അധികാരം കൊടുക്കാതിരിക്കുന്നതു ശരിയല്ല. തെററുകൾ തിരുത്താൻ വേണ്ടി കോടതിയിൽ പോകാനുള്ള അധികാരം വോട്ടർമാർക്കു കൊടുക്കണം. ഇത് ജനാധിപത്യത്തിൽ അത്യാവശ്യമായ ഒരു കാര്യമാണ്.

The amendment moved by the Minister, namely:

'In sub-clause (1) (b) the words "or the Anglo-Indian Community" shall be omitted,' be adopted was put and carried.

The question that sub-clause (1) (b) as amended, stands part of the Bill was put and carried.

Sub-clause (1) (b), as amended, was added to the Bill.

The amendment moved by Shri E.P. Gopalan was, by leave withdrawn.

The amendment moved by Shri N.I. Devassikutty was put and lost.

The amendment moved by Shri P.K. Sankarankutty was put and lost.

The question that clause 6, as amended, stands part of the bill was put and carried.

Clause 6, as amended, was added to the Bill.

Clause 7

The question that clause 7 stands part of the bill was put and carried.

Clause 7 was added to the Bill.

Clause 8

Minister for Education (**Shri C. H. Muhammed Koya**): Sir, I move: In sub-clause (b) for the words "twenty-five years", the words "twenty-one years" shall be substituted.

Sir, I also move: In sub clause (c) the words "or the Anglo-Indian Community", in both the places where they occur, shall be omitted.

The amendments moved by the Minister were put and carried.

The question that clause 8 as amended, stands part of the bill was put and carried.

Clause 8 as amended was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 9

The question that clause 9 stands part of the bill was put and carried. Clause 9 was added to the bill.

Clause 10

The question that clause 10 stands part of the bill was put and carried.

Clause 10 was added to the Bill.

Clause 11

ശ്രീ. കെ. ജെ. ചാക്കോ: Sir, I move: "In Clause 11, delete the proviso". ക്ലാസ് 11-ൽ ഡിസ്ക്വാളിഫിക്കേഷൻ ഓഫ് എംപ്ലോയീസ് എന്നുള്ളതിൽ no employee of a district council ....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, എനിക്കൊരു സംശയം. ക്ലാസിനുള്ള അമെൻറുമെൻറല്ലേ ആദ്യം എടുക്കേണ്ടത്? ശ്രീ. ചാക്കോയുടെ അമെൻറുമെൻറ് ക്ലാസ് ഡിലീററ് ചെയ്യാനുള്ളതാണ്. ഗവൺമെൻറിൻെറ അമെൻറുമെൻറ് ഇല്ലാത്തിടത്തോളം കാലം ക്ലാസിനുള്ള അമെൻറുമെൻറാണ് ആദ്യം എടുക്കേണ്ടത്. എക്സിസ്ററിംഗ് ക്ലാസിനുള്ള അമെൻറുമെൻറാണ് എൻേറത്.

ശ്രീ. പി. ബി. ആർ. പിള്ള: എൻെറ അമെൻറുമെൻറ് 91-ാം നമ്പരാണ്. അത് എടുത്തിട്ടല്ലേ 92 എടുക്കേണ്ടത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എക്സിസ്ററിംഗ് ക്ലാസിനുള്ള അമെൻറുമെൻറാണ് ഞാൻ കൊടുത്തിട്ടുള്ളത്. ശ്രീ. ചാക്കോയുടെ അമെൻറുമെൻറ് ക്ലാസ് ഡിലീററ് ചെയ്യാനുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡിലീററ് ദി പ്രൊവയിസോ എന്നുള്ളതാണ് ശ്രീ. ചാക്കോയുടെ അമെൻറുമെൻറ്. ക്ലോസ് ഡിലീററ് ചെയ്യാനുള്ളതല്ല.

ശ്രീ. കെ. ജെ. ചാക്കോ: ക്ലാസ് 11-ൽ "No employee of a district council or the State Government or the Central Government or a Corporation controlled by the Government or a Local Government shall be qualified for election or for holding office as a member of a district council എന്നാണ് പറയുന്നത്. അതിൻെറ പ്രൊവൈസോയിൽ പറയുന്നത് "provided that in the case of persons employed by a Corporation controlled by the Government, the disqualification under this section shall operate only in respect of such of the employees of the Corporation who are employed in a supervisory capacity or mainly in a managerial or administrative capacity." എന്നാണ്. ഈ ക്ലാസ്, ജീവനക്കാരോട് രണ്ടു തരത്തിലുള്ള വിവേചനം കാണിക്കുന്നുണ്ടെന്ന സംശയത്തിൻെറ പേരിലാണ് ഞാൻ ഭേദഗതി മൂവ് ചെയ്യുന്നത്. ഇതിനെ സംബന്ധിച്ച് പൊതു ചർച്ചയിൽ പങ്കെടുത്തു കൊണ്ട് വളരെ ദീർഘമായി സംസാരിച്ചിട്ടുള്ളതുകൊണ്ടും ആവർത്തനത്തിൻെറ വിരസത അനുഭവപ്പെടുമെന്ന് അറിയാവുന്നതുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അതിനെപ്പററി കൂടുതലായി വിശദീകരിക്കുന്നില്ല. എങ്കിൽപോലും സെൻട്രൽ ഗവൺമെൻറായാലും ശരി സ്ററററ് ഗവൺമെൻറായാലും ശരി ആ ജീവനക്കാർക്കില്ലാത്ത ഒരു അവകാശം കോർപ്പറേഷനുകളിലെ ജീവനക്കാർക്ക് കൊടുക്കുക എന്നുള്ളത് വിവേചനമാണ്. ജീവനക്കാരെ തുല്യമായി കാണേണ്ട ഗവൺമെൻറ് വിവേചനത്തോടുകൂടി ഒരു കൂട്ടരെ പ്രോൽസാഹിപ്പിക്കുകയും അവർക്ക് പ്രത്യേക അവകാശങ്ങൾ കൊടുക്കുകയും ചെയ്യുമ്പോൾ മററൊരു കൂട്ടർക്ക് ആ അവകാശങ്ങൾ നിഷേധിക്കുന്നത് ഒരിക്കലും ശരിയല്ല.

ശ്രീ. സി. എ. കുര്യൻ: പ്ലാൻേറഷൻ കോർപ്പറേഷനിലും ക്യാഷ്യൂ ഡവലപ്മെൻറ് കോർപ്പറേഷനിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ അവകാശം കൊടുക്കരുതെന്നാണോ?

ശ്രീ. കെ. ജെ. ചാക്കോ: പ്ലാൻേറഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്കു മാത്രമല്ല ഈ രാജ്യത്ത് ഇലക്ട്രിസിററി ബോർഡ് ഉണ്ട്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുണ്ട്; കൂടുതൽ ജീവനക്കാരുള്ള മററു പല കോർപ്പറേഷനുകളുമുണ്ട്. ട്രാൻസ്പോർട്ടിലേയും ഇലക്ട്രിസിററി ബോർഡിലേയും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പ്ലാൻേറഷൻ കോർപ്പറേഷനുകളിലെ തൊഴിലാളികൾക്ക് കിട്ടുന്നില്ലെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഒരു ഗവൺമെൻറ് നീതി നടത്തി എന്നൊരു വിശ്വാസം ജീവനക്കാരിൽ ഉണ്ടാകണം. ജീവനക്കാരെ വേർതിരിച്ചു കാണരുത്. ഗവൺമെൻറ് ജീവനക്കാർ സമരം നടത്താൻ ഉദ്ദേശിക്കുമ്പോൾ അവരോടു ചോദിച്ചാൽ അവർ പറയും കോർപ്പറേഷനുകളിലെ ജീവനക്കാർക്ക് ബോണസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും വമ്പിച്ച ശമ്പള വർദ്ധനവും കൊടുക്കുമ്പോൾ സ്വാഭാവികമായും ഞങ്ങളിലുള്ള വികാരങ്ങൾ ഉരുണ്ടു കൂടിയതിന്റെ ഫലമായി ആളുകൾക്ക് സമരത്തിന് ഒരാവേശം ഉണ്ടാകുന്നു എന്ന്. അതുകൊണ്ട് അങ്ങനെ ഈ ആളുകളോട് വിവേചനം കാണിച്ച് ഒരു കൂട്ടരെ പ്രോൽസാഹിപ്പിക്കുന്നത് ശരിയല്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ഇപ്പോൾ അദ്ധ്യാപകരുടെ കാര്യം പറഞ്ഞാൽ സർക്കാർ അദ്ധ്യാപകരും പ്രൈവററ് സ്കൂൾ അദ്ധ്യാപകരും ആനുകൂല്യങ്ങളുടെ കാര്യത്തിൽ തുല്യരാണ്. എന്നാൽ പ്രൈവററ് സ്കൂൾ അദ്ധ്യാപകൻമാർക്ക് ഇപ്പോൾ തന്നെ പാർലമെൻറിലും അസംബ്ലിയിലും മററു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമെല്ലാം മെമ്പർമാർ ആകാമെന്ന സ്ഥിതി ഉണ്ടല്ലോ? അതിനെപ്പററി എന്തു പറയുന്നു?

ശ്രീ. കെ. ജെ. ചാക്കോ: ആ അവകാശം അതുപോലെ നിലനിറുത്തണമെന്ന വാദം ഞാൻ ഉന്നയിക്കുന്നില്ല. ഞാൻ ഈ ബില്ലിനെ സംബന്ധിച്ചാണ് പറയുന്നത്; ഇന്ന് ഇവിടെ ചർച്ച ചെയ്യുന്ന ഈ ബില്ലിനെ സംബന്ധിച്ചു മാത്രമാണ്. ഭൂതകാലത്തെപ്പററിയോ ഭാവിയേപ്പററിയോ അല്ല പറയുന്നത്. ചരിത്ര പ്രസിദ്ധമെന്നു പറയുന്ന ഈ ബില്ലിൽ വിവേചനം കാണിക്കുന്നത് ശരിയല്ലെന്ന് ആണ് എന്റെ അഭിപ്രായം. ജീവനക്കാരെ രണ്ടു തരത്തിൽ കാണരുത്. കൊടുക്കുന്നെങ്കിൽ രണ്ടു കൂട്ടർക്കും അവകാശം കൊടുക്കണം. അതല്ലെങ്കിൽ രണ്ടു കൂട്ടർക്കും അവകാശം കൊടുക്കരുത്.

ശ്രീ. പി. പി. എസ്തോസ്: ഈ പ്രൊവൈസോ എടുത്തു കളഞ്ഞാൽ ആർക്കും നൽകാൻ പാടില്ലെന്നല്ലേ അർത്ഥം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ചാക്കോ: അതു തന്നെയാണ് ഞാൻ പറയുന്നത്. ഞാൻ വ്യക്തമായി പറയുന്നത് ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ അവരുടെ ജോലികൾ ചെയ്യുന്നതിനു പകരം ഈ രംഗത്തു വന്ന് രാഷ്ട്രീയത്തിൽ ഇടപെട്ട് കുഴപ്പങ്ങൾ ഉണ്ടാകരുതെന്നു തന്നെയാണ്. ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ അവരുടെ ജോലി ചെയ്യണം. ഇവിടെത്തന്നെ പല മെമ്പർമാരും പറഞ്ഞു ഈ സെക്രട്ടേറിയററിലെ കസേരകൾ ഒഴിഞ്ഞു കിടക്കുന്നു, യൂണിവേഴ്സിററിയിലെ ജീവനക്കാർ കൂട്ടം കൂട്ടമായി എം.എൽ.എ. ക്വാർട്ടേഴ്സിലെ ക്യാൻറീനിൽവന്നു കാപ്പി കുടിക്കുന്നു എന്നെല്ലാം. ബഹുമാനപ്പെട്ട കണിയാപുരം രാമചന്ദ്രൻ ഒരിക്കൽ പറഞ്ഞു, ഈ തിരുവനന്തപുരത്തെ സെക്രട്ടേറിയററ് ഇടിച്ചു നിരത്തി ചൊറിയണം നടണമെന്ന്. ഇതുപോലുള്ള സംഭവവികാസങ്ങൾ ഉണ്ടാകാതിരിക്കാൻ ഏതു ജീവനക്കാരനായാലും അവരുടെ ജോലി ചെയ്യണം. നിർബന്ധമായും രാഷ്ട്രീയത്തിൽ ഇടപെട്ട് ഡിസ്ട്രിക്ററ് കൗൺസിൽ പ്രസിഡൻറ് ആവുകയോ, ചെയർമാനോ, സ്ററാൻറിംഗ് കമ്മിററി മെമ്പർമാരോ ആകാൻ പാടില്ലാത്തതാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ജീവനക്കാരോട് തുല്യത എല്ലാ രംഗത്തും കാണിക്കണം. വിവേചനം കാണിക്കാൻ പാടില്ല. അതുകൊണ്ട് ഈ പ്രൊവൈസോ ഡിലീററ് ചെയ്തുകൊണ്ട് ഇന്നു കൊടുത്തിരിക്കുന്ന അവകാശങ്ങൾ നിഷേധിക്കുകയും സെൻട്രൽ ഗവൺമെൻറായാലും ശരി സ്റേററ് ഗവൺമെൻറായാലും ശരി ആർക്കും തന്നെ ഈ അവകാശം ഉണ്ടായിരിക്കുകയില്ലെന്നു പറയുകയും ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു.

Shri R. Balakrishna Pillai: I move: In clause 11 for the proviso substitute the following, namely:

"Provided that the disqualification under this section shall operate only in respect of such of the employees who are employed in a supervisory capacity or mainly in a managerial or administrative capacity". സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയായിട്ടാണ് ഞാൻ കാണുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും ആ രീതിയിൽ ഇതിനെ കാണണമെന്ന് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ശ്രീമാൻ കെ. ജെ. ചാക്കോ പറഞ്ഞതുപോലെ ഈ രാജ്യത്തെ കോർപ്പറേഷനിലേയും ബോർഡിലേയും ജീവനക്കാർക്കുള്ള അവകാശം എടുത്തു കളയണമെന്ന് ഞാൻ പറയുന്നില്ല. സർക്കാർ ഉദ്യോഗത്തേക്കാൾ വിലമതിക്കുന്ന കോർപ്പറേഷനിലേയും ബോർഡുകളിലേയും ജീവനക്കാർക്ക് സർക്കാർ ഉദ്യോഗസ്ഥൻമാരേക്കാൾ ജനങ്ങളുടെ പിന്തുണ നേടാനും തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്താനും സാധിക്കും. അതുകൊണ്ട് അവർക്കു മാത്രം സ്ഥാനാർത്ഥിയായി നിൽക്കാനുള്ള അവകാശം കൊടുക്കരുത്. അവർ അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടു വരികയാണെങ്കിൽ ഈ സെക്രട്ടേറിയററിലേയും റവന്യൂ ബോർഡിലേയും യു. ഡി., എൽ. ഡി. ക്ലാർക്കുമാർക്ക് ഈ അവകാശം നഷ്ടപ്പെടുത്തുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ശ്രീമാൻ സി. എ. കുര്യൻ ഇവിടെ ചോദിച്ചു, പ്ലാൻേറഷൻ കോർപ്പറേഷനിലേയും കാഷ്യൂ കോർപ്പറേഷനിലേയും തൊഴിലാളികൾക്കും മൽസരിച്ചുകൂടെ എന്ന്. മൽസരിക്കാം. പക്ഷേ, ഈ കോർപ്പറേഷൻെറ ഒക്കെ തണലിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ററിൻെറ 'തൊഴിലാളി' എന്ന നിർവ്വചനത്തിനകത്തു വരുന്ന ആയിരം രൂപയിൽ താഴെ വരുമാനമുള്ള സൂപ്പർവൈസറി കപ്പാസിററി

LIBRARY ARCHIVES Kerala Legislative Assembly

യിൽ അല്ലാത്ത ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ ഡി. ടി. ഒ. ഇലക്ട്രിസിററി ബോർഡിലെ അസിസ്ററൻറ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർ മുതലായ ആളുകൾക്ക് മൽസരിക്കുവാനുള്ള അവകാശമാണ് ഇതുമൂലം കൊടുക്കുന്നത്. കശുവണ്ടി കോർപ്പറേഷനിലേയോ പ്ലാൻേറഷൻ കോർപ്പറേഷനിലേയോ ഒരു മേസ്തിരിയോ സൂപ്പർവൈസറി കപ്പാസിററിയിൽ താഴെ ഉള്ളവരോ അല്ല തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. ഇലക്ട്രിസിററി ബോർഡിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനിലേയും അതുപോലുള്ള കോർപ്പറേഷനുകളിലേയും ആയിരം രൂപയിൽ താഴെ വരുമാനമുള്ള ആളുകൾക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ അനുവാദം നൽകുമ്പോൾ അതിനേക്കാൾ വളരെ താണ വരുമാനമുള്ള സർക്കാർ ജീവനക്കാർക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ അനുവാദം കൊടുക്കാതിരിക്കുന്നത് ശരിയല്ലെന്ന രീതിയിലാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് അവർക്കും കൊടുക്കണമെന്നേ പറയുന്നുള്ളു. നമ്മുടെ രാജ്യത്തെ സർക്കാർ ജീവനക്കാർക്കുള്ള നിയമങ്ങളാണ് ഈ വിഭാഗം ജീവനക്കാർക്കും ഉള്ളത്. കേരളാ സർവ്വീസ് റൂൾ ചട്ടങ്ങൾ ബാധകമായ ആളുകളാണ് ഇവരും. ഇവരെ സംബന്ധിച്ചിടത്തോളവും എന്തെങ്കിലും നടപടികളെടുക്കണമെങ്കിൽ കേരളാ സർവ്വീസ് ചട്ടങ്ങളിലെ പ്രസക്തമായ വകുപ്പുകൾ അനുസരിച്ചു മാത്രമേ പാടുള്ളു. പെൻഷനബിളായിട്ടുള്ള ആളുകളാണ്. നല്ലൊരു ശതമാനം ആളുകൾക്കും പെൻഷൻ ഉണ്ട്. 1965-നു മുമ്പു പ്രവേശിച്ച ഈ വിഭാഗത്തിൽ പെടുന്ന ആളുകൾക്ക് പെൻഷൻ ഉണ്ട്. മററുള്ള ആളുകളേക്കാൾ വ്യത്യസ്തമായ ആനുകൂല്യങ്ങളുണ്ട്. ഗവൺമെൻറ് ജീവനക്കാർക്കില്ലാത്ത ബോണസ്സും മററാനുകൂല്യങ്ങളും ഈ വിഭാഗം ജീവനക്കാർ വാങ്ങുന്നു. കൂടുതൽ അധികാരവും ഉണ്ട്. തിരുവനന്തപുരം സെക്രട്ടേറിയററിലെ ഒരു അണ്ടർസെക്രട്ടറിക്കു ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതലായി ജനങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്നത് ഈ ബോർഡിലേയും കോർപ്പറേഷനിലേയും ആളുകൾക്കാണ്. ജനങ്ങളിൽ സ്വാധീനം ചെലുത്താനും കൂടുതൽ കഴിയുന്നത് അവർക്കാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഇതെല്ലാം പൊതുചർച്ചയിൽ പറഞ്ഞതാണ്. ആവർത്തിക്കാതിരിക്കുന്നത് കൂടുതൽ സഹായമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇങ്ങനെ സ്ററഡീക്ലാസ് തരംതിരിക്കണം. ഇന്നയിന്ന രീതിയിലൊക്കെ വേണമെന്നു തുടങ്ങിയാൽ പ്രയാസമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: റപ്പെററീഷൻ ഒഴിവാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കൊച്ചു പിള്ളേരോടു പറയുന്നതുപോലെ പറയാതെ ഞാനും ഇവിടെ കുറച്ചു പരിചയമുള്ള ആളാണെന്ന നിലയിൽ പെരുമാറണം. അതിനുള്ള വിവരമുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, ഈ റൂൾസ് ഓഫ് പ്രൊസീഡിയർ അനുസരിച്ച് ആവർത്തനം വരുന്ന അവസരത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അതു ചൂണ്ടിക്കാണിക്കാറുണ്ട്. അതു പറയുമ്പോൾ ബഹുമാനപ്പെട്ട മെമ്പർക്കും അതിനു

LIBRARY ARCHIVES Kerala Legislative Assembly

വിവരം ഉണ്ടെന്നാ മറുപടി ഞാൻ നടാടെയാണ് കേറംക്കുന്നത്. ആവർത്തനമുണ്ടാകുമ്പോറം സ്പീക്കർ അതു ചൂണ്ടിക്കാണിക്കാറുണ്ട്. മെമ്പർമാർ അതനുസരിച്ച് പ്രവർത്തിക്കാറുമുണ്ട്. എന്നാൽ, ഇപ്പോറം ഞങ്ങറംക്കും അറിയാം, വളരെ നാളായി ഇവിടെ വന്നിട്ട് എന്നൊക്കെ പറയുന്നത് ഓർഡറിലാണോ? ഞാൻ അതു മാത്രമേ ചോദിക്കുന്നുള്ളു.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്കു വിവരമുണ്ടെന്നു പറഞ്ഞാൽ അതനുസരിച്ചു പ്രവർത്തിക്കണമെന്നു മാത്രമേയുള്ളു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ കുറച്ചു നാളായിട്ട് മെമ്പർമാരും ഇന്നു സഭാ നേതാവും തന്നെ ഈ ചെയറിനോടു ബഹുമാനമില്ലാതെ സംസാരിക്കുന്നത് ഒരു പതിവായിത്തീർന്നിരിക്കുന്നു. ഇത് നല്ലതല്ല. അങ്ങ് സ്പീക്കറായിട്ട് അവിടെ ഇരിക്കുന്നു. അങ്ങ് റൂളിംഗ് നൽകുകയോ നിർദ്ദേശം കൊടുക്കുകയോ ചെയ്യുമ്പോറം ഇവിടെയുള്ള എല്ലാ അംഗങ്ങളും അങ്ങയുടെ റൂളിംഗിനെപ്പററി അവഗണനാപരമായി സംസാരിക്കുന്നു. അതിനു നേതൃത്വം സഭാ നേതാവു കൊടുക്കുന്നു. ഇതിന് ഒരു അറുതി വരുത്തേണ്ടതല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാ നേതാവ് സ്പീക്കറുടെ റൂളിംഗിന് എതിരായിട്ട് ഒന്നും സംസാരിച്ചിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സംസാരിച്ചു സർ. അങ്ങു പറഞ്ഞതത് ശരിയല്ലെന്നു പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ആവർത്തനം ഒഴിവാക്കണമെന്ന് സഭാ നടപടികളിൽ വളരെയധികം പരിചയമുള്ള മെമ്പറുടെ ശ്രദ്ധയിൽ പെടുത്തുക മാത്രമാണ് ചെയ്തത്. അല്ലാതെ മെമ്പറുടെ അവകാശം നിഷേധിക്കണമെന്ന് ചെയറിന് ഉദ്ദേശമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങ് ഇങ്ങനെ താണു പോകേണ്ട കാര്യമില്ല. നിർദ്ദേശം കൊടുക്കണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ അതനുസരിച്ചാണ് സംസാരിക്കുന്നത്.

സർ, മറെറാരു കാര്യം കൂടി ഗവൺമെൻറ് കാണണമെന്നാണ് എനിക്കു പറയാനുള്ളത്. അതു ഗവൺമെൻറ് കണ്ടിട്ടുണ്ടോ എന്ന് സംശയമുണ്ട്. നമ്മുടെ രാജ്യത്ത് ഒരു ഡിപ്പാർട്ടുമെൻറ് വളരെ വേഗം കോർപ്പറേഷൻ ആക്കാൻ കഴിയും. ഒരു ഡിപ്പാർട്ടുമെൻറിനെ കോർപ്പറേഷൻ ആക്കിയ സംഭവം ഈ രാജ്യത്തുണ്ട്. അപ്പോറം ഇന്നുവരെ തിരഞ്ഞെടുപ്പിൽ നിൽക്കാൻ അവകാശമില്ലാത്ത ആളുകറംക്ക് കോർപ്പറേഷനിലേയ്ക്ക് ഓപ്ററു ചെയ്താൽ തെരഞ്ഞെടുപ്പിൽ നിൽക്കാനുള്ള അവകാശം കിട്ടും. ഗവൺമെൻറ് വിചാരിച്ചാൽ ഒരു വകുപ്പു കോർപ്പറേഷനാക്കാൻ കഴിയും. അതുകൊണ്ട് എൻെറ അഭിപ്രായം എൻെറ ഭേദഗതി സ്വീകരിക്കണമെന്നാണ്. ഈ പ്രൊവിഷൻ ഇതിനകത്ത് ഉറംപ്പെടുത്തിയാൽ 1,000 രൂപയിൽ താഴെ ശമ്പളമുള്ള ഗവൺമെൻറ് ജീവനക്കാർക്കുകൂടി ഇതിൻെറ ആനുകൂല്യം കിട്ടും. മററവർക്ക് അത്രയും സ്ററാററസ്സില്ല. അൽപ്പം കുറഞ്ഞ ആളുകളാണ്. 1,500 രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളമുള്ള ബോർഡിലയും കോർപ്പറേഷനിലേയും ജീവനക്കാർക്ക് തുല്യമായി സർക്കാരിലെ 750 രൂപ ശമ്പളം ഉള്ളവരാണ് വരിക. അതുകൊണ്ട് സർക്കാർ ഉദ്യോഗസ്ഥൻമാർക്കുകൂടി ഈ ആനുകൂല്യം കൊടുക്കണം. സ്വകാര്യ സ്കൂൾ അദ്ധ്യാപകൻമാർക്ക് കൊടുത്തിട്ടുള്ള ആനുകൂല്യം എടുത്തു കളയണമെന്നല്ല എന്റെ അഭിപ്രായം. മററുള്ളവർക്കുകൂടി കൊടുക്കണമെന്നാണ്. സർവ്വീസ് റൂളുകൾ ഭേദഗതി ചെയ്യാൻ നിയോഗിക്കപ്പെട്ട കമ്മിററി സർക്കാർ ജീവനക്കാർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുക്കണമെന്നു റെക്കമെൻറു ചെയ്തിട്ടുണ്ടെന്ന് ഇവിടെ ഇന്നു രാവിലെ പറഞ്ഞു. നമ്മൾ അവിടേയ്ക്കാണ് വരുന്നത്. അതുകൊണ്ട് എന്റെ ഈ ഭേദഗതി സ്വീകരിക്കുന്നതു നല്ലതാണെന്നാണ് എനിക്കു തോന്നുന്നത്. പുറകോട്ടേക്കല്ല നാം പോകേണ്ടത്. സ്വകാര്യസ്കൂൾ അദ്ധ്യാപകൻമാർക്കു കൊടുത്ത ആനുകൂല്യം കോർപ്പറേഷനിലേയും മററു ഗവൺമെൻറു സർവ്വീസിലേയും സൂപ്പർവൈസറി കപ്പാസിററിയിൽ അല്ലാത്ത ആളുകൾക്കുകൂടി കൊടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

മി. ഡെപ്യൂട്ടി സ്പീക്കർ: മററു ഭേദഗതികളെല്ലാം തന്നെ ബഹുമാനപ്പെട്ട കെ. ജെ. ചാക്കോ മൂവു ചെയ്ത ഭേദഗതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പി. ബി. ആർ. പിള്ളയുടെ 91-ാം നമ്പർ ഭേദഗതി deletion of the clause ആണ്. ആ ക്ലാസിന് എതിരായിട്ട് വോട്ടുചെയ്യുക എന്നുള്ളതാണ് അർത്ഥം.

ശ്രീ. പി. ബി. ആർ. പിള്ള: സർ, അത് ഒന്നു വിശദീകരിക്കേണ്ട ആവശ്യമുണ്ട്. സർ, ഈ ക്ലാസ് ആവശ്യമില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. സർക്കാർ ജീവനക്കാരെന്നോ കോർപ്പറേഷൻ ജീവനക്കാരെന്നോ ഉള്ള വിവേചനം എടുത്തു കളയണമെന്നുള്ളതു മാത്രമല്ല എന്റെ അഭിപ്രായം. ഇന്നു തന്നെ ചോദ്യോത്തരസമയത്ത് മുഖ്യമന്ത്രി നൽകിയ ഉത്തരം ബഹുമാനപ്പെട്ട മെമ്പറൻമാർ ഓർക്കുമെന്നാണ് തോന്നുന്നത്. സർക്കാരുദ്യോഗസ്ഥൻമാരെ ബാധിക്കുന്ന സർവ്വീസ് ചട്ടങ്ങളെ സംബന്ധിച്ച ചോദ്യം.

ശ്രീ. ടി. എം. ജേക്കബ്: Clause 11 is disqualification of employees. അത് ഇല്ലെങ്കിൽ ബഹുമാനപ്പെട്ട പി. ബി. ആർ. പിള്ള എന്ത് അർത്ഥമാക്കും. 11 മുഴുവൻ മാററണമെന്നു പറഞ്ഞാൽ അർത്ഥം എന്താണ്?

ശ്രീ. പി.ബി.ആർ. പിള്ള: വിവേചനം പാടില്ല എന്നുള്ളതു മാത്രമല്ല ആർക്കും തിരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള സന്ദർഭമുണ്ടായിരിക്കണം. അതുകൊണ്ട് സർക്കാർ ജീവനക്കാരെന്നോ കോർപ്പറേഷൻ ജീവനക്കാരെന്നോ താഴ്ന്ന ജീവനക്കാരെന്നോ ഉയർന്ന ജീവനക്കാരെന്നോ ഉള്ള വ്യത്യാസം പാടില്ല.

ശ്രീ. കെ. ജെ. ചാക്കോ: ക്ലാസ് 11 ഡിലീററ് ചെയ്താൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന അർത്ഥം എങ്ങനെയുണ്ടാകും?

ശ്രീ. ടി. എം. ജേക്കബ്: ഇതിൽ പറഞ്ഞിരിക്കുന്നത് 'ഡിസ്ക്വാളിഫിക്കേഷൻ ഓഫ് എംപ്ലോയീസ് ആണ്'. അതെടുത്തു കളഞ്ഞാൽ പിന്നെ സകല ഉദ്യോഗസ്ഥൻമാർക്കും മൽസരിക്കാം.

ശ്രീ. പി. ബി. ആർ. പിള്ള: സകല ഉദ്യോഗസ്ഥൻമാർക്കും മൽസരിക്കാമെന്നാക്കണമെന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോസഫ്: ആരെയും ഡിസ്ക്വാളിഫൈ ചെയ്യേണ്ട എന്നാണോ? മാനസിക രോഗിയാണെങ്കിലോ?

ശ്രീ. പി. ബി. ആർ. പിള്ള: അതിനു പീപ്പിൾസ് റെപ്രസന്റേഷൻ ആക്റ്റുണ്ടല്ലോ. അതിൽ പറഞ്ഞിരിക്കുന്നതു സ്വീകരിക്കാം. വിവേചനം മാററണമെന്നുള്ളതാണ് ശ്രീ. ചാക്കോയുടെ ഭേദഗതി. നമ്മുടെ രാജ്യത്ത് കോർപ്പറേഷനുകൾ ഡിപ്പാർട്ടുമെൻറാകുന്നതും ഡിപ്പാർട്ടുമെൻറു കോർപ്പറേഷനാകുന്നതും വളരെ പെട്ടെന്നാണ് നടക്കുന്നത്. അങ്ങനെ വരുമ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകും. അതില്ലാതാക്കാൻ വേണ്ടിയാണ് വിവേചനം വേണ്ട, ഈ ക്ലാസിൻെറതന്നെ ആവശ്യമില്ല എന്നു ഞാനാവശ്യപ്പെടുന്നത്. ഉദാഹരണമായി മുമ്പു വാട്ടർ ട്രാൻസ്പോർട്ടു കോർപ്പറേഷൻ ഉണ്ടായിരുന്നു. ഇപ്പോൾ അതു ഡിപ്പാർട്ടുമെൻറായിക്കഴിഞ്ഞു. മുമ്പു ഡിപ്പാർട്ടുമെൻറായിരുന്നത് ചിലത് ഇപ്പോൾ കോർപ്പറേഷൻ ആയി മാറിയിരിക്കുന്നു. ഇങ്ങനെയുള്ളപ്പോൾ ഈ ക്ലാസിൻെറ പ്രസക്തി എങ്ങനെയിരിക്കും.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ടീച്ചേഴ്സിനും ലക്ച്ചേഴ്സിനുമൊക്കെ തിരഞ്ഞെടുപ്പിനു നിൽക്കാൻ അവകാശമുണ്ടെന്നു ശ്രീമാൻ ബാലകൃഷ്ണപിള്ള പറഞ്ഞു. പക്ഷേ അതു പ്രൈവററ് സെക്ടററിലുള്ളവർക്കു മാത്രമേ ഉള്ളു. അങ്ങനെയാണെങ്കിൽപോലും എം.എൽ.എ. മാരായിട്ടോ മറേറാ വരുന്ന കാലത്ത് അവർ അവധിയെടുത്തു കൊള്ളണമെന്നു നിർബന്ധമുണ്ട്. അതുകൊണ്ട് ഈ പ്രൊവൈസോ യാതൊരു കാരണവശാലും മാററാൻ പാടില്ലെന്നാണെൻെറ അഭിപ്രായം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ഞാൻ ഭേദഗതികളെ എതിർക്കുന്നു. പ്രൊവൈസോ നിലനിറുത്തേണ്ടതാണ്. വിവേചനം പാടില്ലെന്നാണ് ചില സ്നേഹിതൻമാർ പറഞ്ഞത്. ശ്രീമാൻ പി. ബി. ആർ. പിള്ള വളയമില്ലാതെ ചാടാനാണ് ശ്രമിച്ചത്. അതിൽനിന്നുണ്ടാകാവുന്ന അബദ്ധം അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ വകുപ്പിനോടു തന്നെ ഒരു വൈരാഗ്യത്തോടുകൂടിയാണ് അദ്ദേഹം സംസാരിച്ചത്. ഞാൻ ഈ ഭേദഗതികളെ എതിർക്കുന്നു.

The amendment moved by Shri K. J. Chacko was by leave withdrawn.

The amendment moved by Shri R. Balakrishna Pillai was put and lost.

Shri R. Balakrishna Pillai: Sir, I demand a poll.

A poll was taken when the House divided as follows:-

AYES—22

1. Shri T. K. Abdu
2. Shri K. Anirudhan
3. Shri R. Balakrishna Pillai
4. Shri P. Bhaskaran
5. Shri N. Chandrasekhara Kurup
Shri Chatayan Govindan
7. Shri N. I. Devassikutty
8. Shri P. P. Esthose
9. Shri P. Karunakaran
10. Shri M. K. Krishnan
11. Shri Thundathil Kunjukrishna Pillai

LIBRARY ARCHIVES Kerala Legislative Assembly

12. Shri A·P·Kurian
13. Shri G·P·Mangalathu Madom
14. Shri K·S·Narayanan Namboodiri
15. Shri M·V·Raghavan
16. Shri K·Raghavan Master
17. Shri T·K·Ramakrishnan
18. Shri K·P·Raman
19. Shri P·B·R·Pillai
20. Shri P·R·Sivan
21. Shri C·Vasudeva Menon
22. Shri Pinarayi Vijayan

NOES—53

1. Shri Aryadan Muhammed
2. Shri Baby John
3. Shri N·K·Balakrishnan
4. Shri K·J·Chacko
5. Shri Chandrasekharan Nair
6. Shri J·Chitharanjan
7. Shri Cyriac John
8. Shri Damodaran Kalassery
9. Shri P·R·Francis
10. Shri E·P·Gopalan
11. Shri C·P·Govindan Nambiar
12. Shri A·L·Jacob
13. Shri T·M·Jacob
14. Shri T·S·John
15. Dr· K·C·Joseph
16. Shri P·C·Joseph
17. Shri V·J·Joseph
18. Shri M·K·Kesavan
19. Shri Kandalottu Kunhambu
20. Shri C·A·Kurian
21. Shri K·V·Kurian
22. Shri Lonappan Nambadan
23. Shri T·A· Majid
24. Shri K·A·Mathew
25. Shri N·P· Moideen
26. Shri C·H·Mohammed Koya
27. Shri Kallada Narayanan
28. Shri K·P·Nuruddin
29. Shri Oommen Chandy
30. Shri K·Pankajakshan
31. Shri T·A·Paraman
32. Shri K·P·Prabhakaran
33. Shri M·K·Raghavan
34. Shri V·K·Rajan
35. Shri Kaniyapuram Ramachandran
36. Shri M·Ramappa
37. Shri P·Sankar
38. Shri V·T·Sebastian
39. Shri P·Seethi Hajee
40. Shri Sidhardhan Kattungal
41. Shri P·K·Sreenivasan
42. Shri K·Sukumaranunni
43. Shri C·M·Sundaram
44. Shri R·Sundaresan Nair
45. Shri A·V·Thamarakshan
46. Shri S· Thankappan Pillai
47. Shri Thomas Joseph
48. Shri R·S·Unni
49. Shri K·C·Vamadevan
50. Shri S· Varadarajan Nair
51. Shri P·K·Vasudevan Nair
52. Shri Xavier Arakkal
53. Shri A·N·Yusuf

NEUTRALS—Nil

Deputy Speaker: For the amendment : 22

Against the amendment : 53

Neutrals : Nil

The amendment was declared lost·

The question that Clause 11 stands part of the Bill was put and carried·

Clause 11 was added to the Bill·

LIBRARY ARCHIVES Kerala Legislative Assembly

Clause 12

The question that clause 12 stands part of the bill was put and carried. Clause 12 was added to the Bill.

Clause 13

Shri T. M. Jacob: Sir, I move my amendment. In clause 13,
1 p.m.] sub-clause (1) for the words ''five years'' substitute the words ''one year'. സർ, ഡിസ്ക്വാളിഫിക്കേഷൻ ഓഫ് കാൻഡിഡേററ്സ് ആണ് ക്ലാസ് 13 സബ് ക്ലാസ് (1)-ൽ പറഞ്ഞിരിക്കുന്നത്. ഞാൻ ഇത് ഇവിടെ പറയാനുണ്ടായ കാരണം—വളരെക്കാലമായി നമ്മളെല്ലാം എഴുതി വച്ചു കൊണ്ടുപോരുന്ന ചില വ്യവസ്ഥകളാണ് ഇതെല്ലാം. പഴയ നിയമങ്ങളും എല്ലാം എടുത്തു നോക്കിയാൽ ആർ. പി. ആക്ററിലും അതുപോലെയുള്ള പല നിയമങ്ങളിലും ഇത്തരം വ്യവസ്ഥകൾ കാണാം. ഒരാൾ എന്തെങ്കിലും കുററം ചെയ്തു രണ്ടു വർഷത്തേയ്ക്ക് ശിക്ഷിക്കപ്പെട്ടാൽ ശിക്ഷയുടെ കാലാവധി മുഴുവൻ കഴിഞ്ഞശേഷവും പിന്നീട് അഞ്ചു വർഷത്തേയ്ക്കു കൂടി അയാൾ തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ പാടില്ല എന്നു പറയുന്നതു ശരിയല്ല. ശിക്ഷിക്കുന്നതു തന്നെ അയാൾക്കു മനമാററം വരാനാണ്. പക്ഷേ അങ്ങനെ ബോധം വരുന്നതിനു പകരം വീണ്ടും കുററം ചെയ്യാൻ പ്രേരിപ്പിക്കുന്ന തരത്തിലാണ് ഇത്തരം വ്യവസ്ഥകൾ ഉതകുക. രണ്ടു വർഷത്തേയ്ക്ക് അയാളെ ശിക്ഷിച്ചാൽ ആ ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങി വന്നശേഷം പിന്നെ അഞ്ചു വർഷക്കാലംകൂടി ആ കുററബോധവും പേറിക്കൊണ്ടു നടക്കണമെന്നു പറയുന്നതു ശരിയല്ല. ഇങ്ങനെയുള്ളവരുടെ എണ്ണം കുറവായിരിക്കും; സമ്മതിക്കുന്നു. പക്ഷേ.....

ശ്രീ ഇ. ചന്ദ്രശേഖരൻനായർ: സാൻമാർഗ്ഗികമായ കുഴപ്പങ്ങൾക്ക് ശിക്ഷിച്ചു കഴിഞ്ഞാൽ ഒരു കൊല്ലം നന്നാകുമെന്നു പറഞ്ഞിട്ടെന്തു കാര്യം. അഞ്ചു കൊല്ലമാകുമ്പോൾ നന്നാകുമെന്നു നമുക്കു പ്രതീക്ഷിക്കാം. അതിനിടയ്ക്കു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകാൻ എന്തിനാണ് ഇത്ര തിടുക്കം?

ശ്രീ. ടി. എം. ജേക്കബ്: സാൻമാർഗ്ഗികക്കുഴപ്പം മാത്രമല്ല പറഞ്ഞിട്ടുള്ളത് for any offence involving...............എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ആളുകളെ പിന്നെയും പിന്നെയും സമൂഹത്തിൽ ഒററപ്പെടുത്തി നിർത്തുന്നതു വീണ്ടും തെററു ചെയ്യാൻ പ്രേരണ കൊടുക്കുകയേ ഉള്ളൂ. ഒരു കുററം ചെയ്തു; രണ്ടു വർഷം ശിക്ഷിച്ചു. വീണ്ടും അയാൾ അതൊന്നും ചെയ്യാതിരുന്നാൽ അയാൾക്കു മാററം വന്നു എന്നു നാം അനുമാനിക്കണം. പണ്ടു കാലങ്ങളിൽ വച്ചുകൊണ്ടിരുന്നത് എന്നും വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. പുതിയ പുതിയ പരിഷ്കാരങ്ങൾ വന്നിരിക്കുകയാണ്. മന്ത്രി ചോദിച്ചേക്കും പഴയ നിയമങ്ങളിൽ ഉണ്ടല്ലോ ഇതിലും ആയിക്കൂടേ എന്ന്. അങ്ങനെ പറയാതെ പുതിയ സമീപനം എന്ന നിലയിൽ എന്റെ ഭേദഗതി അംഗീകരിക്കണമെന്നുള്ള അപേക്ഷയാണെനിക്കുള്ളത്.

Shri E. P. Gopalan: Sir, I move.

In clause 13, sub-clause (2) (K) delete the words ''a leper or''

LIBRARY ARCHIVES Kerala Legislative Assembly

സർ, പണ്ടു കാലം മുതൽക്കു നമുക്കുള്ള ധാരണകൾ, അന്ധ വിശ്വാസങ്ങൾ, എങ്ങനെ നിയമനിർമ്മാണ കാര്യത്തിൽപോലും പററിപ്പിടിച്ചു നിൽക്കുന്നു എന്നുള്ളതിന്റെ പ്രത്യക്ഷോദാഹരണമാണ് ഈ ഡിസ്ക്വാളിഫിക്കേഷൻ. പണ്ട് കുഷ്ഠരോഗത്തോടും കുഷ്ഠരോഗികളോടും ഒരുതരം പകതന്നെയുണ്ടായിരുന്നു. അതിനു ശേഷം രാജ്യത്ത് എത്ര മാററം വന്നിരിക്കുന്നു! കുഷ്ഠരോഗനിവാരണവാരം കഴിഞ്ഞ ഒക്ടോബറിലാണ് ഇൻഡ്യയിലാകെ ആചരിച്ചത്. കുഷ്ഠരോഗികളെപ്പററി പണ്ടുണ്ടായിരുന്ന തെററിദ്ധാരണ ഇപ്പോഴില്ല. ആ അന്ധ വിശ്വാസം മാറിയിരിക്കുന്നു. കുഷ്ഠരോഗം നല്ലവണ്ണം ചികിൽസിച്ചു മാററാം. അതു പകരുന്നതു സംബന്ധിച്ച് ചില വ്യക്തമായ ധാരണകളുണ്ട്. പണ്ടു കുഷ്ഠരോഗികളെ സമൂഹത്തിൽ നിന്ന് ആട്ടിപ്പായിക്കുമായിരുന്നു. എല്ലാ വിധത്തിലും കുഷ്ഠരോഗികളോട് എതിർപ്പുണ്ടായിരുന്ന കാലത്തുള്ള വ്യവസ്ഥകളാണ് ഇതെല്ലാം. ഇനിയും അതു വച്ചു പുലർത്തണമോ? നേരത്തെ പറഞ്ഞ ഭേദഗതിയിൽ രണ്ടു കൊല്ലത്തെ തടവു ശിക്ഷ കഴിഞ്ഞിട്ട് രണ്ടു കൊല്ലം കൂടിയെങ്കിലും കഴിയണമെന്ന് അദ്ദേഹം പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: നമ്മൾ രണ്ടു പേരുടേയും ആശയങ്ങൾക്കു തമ്മിൽ വ്യത്യാസമില്ല. സമൂഹത്തിൽ കുഷ്ഠരോഗത്തിന്റെ പേരിൽ ഒററപ്പെടുത്തുന്നതു ശരിയല്ല. ഒററപ്പെടുത്തലിൽ നിന്നു കൂടുതൽ ആളുകളെ വിമുക്തരാക്കണമെന്നുള്ളതാണ്. അതുകൊണ്ട് എന്റെ ആശയത്തോടു പൊരുത്തപ്പെട്ടുകൂടേ?

ശ്രീ. ഇ. പി. ഗോപാലൻ: മൊത്തത്തിൽ യോജിപ്പുണ്ട്. കുഷ്ഠരോഗികളോടുള്ള സമീപനവും ബലാൽസംഗം ചെയ്തവനോടുള്ള സമീപനവും ഒരേപോലെ വേണമെന്നു പറഞ്ഞാൽ—അങ്ങനെ വരാൻ വയ്ക്കുമോ! എനിക്കറിഞ്ഞുകൂട. അങ്ങനെ, അത്ര വിശാലമായ മനഃസ്ഥിതിയാണെങ്കിൽ നിവൃത്തിയില്ല. അതു കഴിച്ചാൽ അവരോടു പക വച്ചിട്ട് സമൂഹം പെരുമാറാൻ പാടില്ല എന്നുള്ളതിനോടു യോജിക്കാം. ''leper or'' എന്നുള്ള പദങ്ങൾ ഈ നിയമത്തിൽ നിന്ന് എടുത്തു കളഞ്ഞാൽ ഒരബദ്ധവും വരികയില്ല. ഇതു വന്നിട്ടുള്ളത് എങ്ങനെയാണെന്നു വച്ചാൽ, ഏതു ആക്ററും എടുത്തു നോക്കിയാൽ ഇത് നിയമേന തുടർന്നു വരുന്നതായിക്കാണാം. അത് ഇവിടേയും എടുത്തുവച്ചു എന്നല്ലാതെ വ്യത്യാസമൊന്നുമില്ല. എന്നാൽ ഗവൺമെൻറും നമ്മുടെ സ്ഥാപനങ്ങളും ഒക്കെത്തന്നെ കഴിഞ്ഞ കുറെ കൊല്ലങ്ങളായിട്ട് വളരെ ശക്തിയായിട്ടു പരിശ്രമിക്കുന്നുണ്ട് ഈ വിരോധം മാററാൻ. ഇതും ഒരവശതയാണ്. വേറെ ഏതെല്ലാം രോഗികൾ ഉണ്ട്, പകർച്ചവ്യാധികളും കൊണ്ടു നടക്കുന്നവർ! കുഷ്ഠരോഗികളേക്കാൾ കൂടുതൽ ഉപദ്രവമുണ്ടാക്കുന്ന രോഗികൾ!

ശ്രീ. ആർ. എസ്. ഉണ്ണി: പേരു പറയണം.

ശ്രീ. ഇ. പി. ഗോപാലൻ: എന്തിന്? മനുഷ്യന് അറിവുണ്ടാകണം എന്നല്ലാതെ ഇന്ന രീതിയിൽത്തന്നെ ഉണ്ടാക്കിക്കൊടുക്കണമെന്നുണ്ടോ?

ശ്രീ. പി. ബി. ആർ. പിള്ള: ഒരു മെഡിക്കൽ ചെക്കപ്പ് കൂടി ഉൾപ്പെടുത്തിയാൽ പോരേ? കുഷ്ഠരോഗത്തേക്കാൾ ദോഷം വരുത്തുന്ന രോഗങ്ങളുണ്ടെന്നു പറഞ്ഞല്ലോ. അതുകൊണ്ട് ഒരു മെഡിക്കൽ ചെക്കപ്പ് കൂടെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ചെക്കപ്പ് നടത്തേണ്ട കാര്യമൊന്നുമില്ല; കുഷ്ഠരോഗികൾ എന്നു പറഞ്ഞ് ഇതുവരെ ആട്ടിയകററിയിരുന്നസമ്പ്രദായം മാറണം. കുഷ്ഠരോഗികളേക്കാൾ കൂടുതൽ സമൂഹത്തിനു ദ്രോഹം ചെയ്യുന്ന രോഗമുണ്ടെന്നു മനസ്സിലായില്ലേ? അവിടെയാണ് പരിശോധിക്കേണ്ടത്.

അതുകൊണ്ട് ഇപ്പോൾ പ്രസക്തമായ വിഷയം: അങ്ങനെ ഒരു വിരോധം പണ്ടു വച്ചു പുലർത്തിയിരുന്നത് തുടരരുത്. ഡിസ്ട്രിക്ററ് കൗൺസിലിനോ സമൂഹത്തിനോ ഒരു ദോഷവും വരില്ല. ഇന്ന് ഗവൺമെൻറും സമൂഹവുമൊക്കെ ഏറെറടുത്ത കാര്യമാണ് ചികിൽസിച്ച് രോഗം മാററി കുഷ്ഠരോഗികളെ സാധാരണ പൗരൻമാരായി അവരോധിക്കാനുള്ളതിന് എല്ലാ സൗകര്യങ്ങളുമുണ്ട്. ചികിൽസിച്ച് ഒരു സാധാരണ പൗരനാക്കി മാററാൻ കഴിയും എന്ന് ആധുനിക വൈദ്യശാസ്ത്രം കുഷ്ഠരോഗികളെ നോക്കി പറയുന്നു. ഇതുവരെ ധരിച്ചിട്ടുള്ളതുപോലെയല്ല, നിങ്ങളെ മാററാൻ കഴിയും, സാധാരണ പൗരനായി തിരിച്ചെടുക്കാൻ കഴിയും, സമൂഹം പണ്ടു കാണിച്ച തെററിനു മാപ്പു പറയുന്നു, നിങ്ങളെ തിരിച്ചെടുക്കുന്നു എന്ന് ശക്തിയായി ആ രോഗികളോടു വൈദ്യശാസ്ത്രവും സമൂഹവും പറയുന്ന അവസരത്തിൽ ഇനിയും അവരെ ഡിസ്ക്വാളിഫൈ ചെയ്യരുത്; ഈ ക്ലാസ് ഡിലീററു ചെയ്യണം എന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സർ, കുഷ്ഠരോഗം മാററാൻ കഴിയുമെന്ന ശ്രീ ഇ. പി. ഗോപാലൻെറ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. കുഷ്ഠരോഗം മാത്രമല്ല മാനസിക രോഗവും മാററാൻ കഴിയും.

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർക്കു മാനസിക രോഗമാണെന്നാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഞാൻ മി. എം. വി. രാഘവൻെറ പേരിൽ അങ്ങനെയൊരു കുററം ആരോപിക്കുന്നില്ല. ആരോപിക്കാൻ ഉദ്ദേശിക്കുന്നില്ല. മാനസിക രോഗികൾക്കും മററും ഹൗസിൽ വരാൻ പാടില്ല. മാറിയാൽ വരാം. അതുകൊണ്ട് കുഷ്ഠരോഗം മാറിയാൽ എല്ലാ ഹൗസിലും പൊയ്ക്കൊള്ളട്ടെ.

പിന്നെ, ബഹുമാനപ്പെട്ട ജേക്കബും ഞാനും തമ്മിൽ നാലു കൊല്ലത്തിൻെറ വ്യത്യാസമേയുള്ളു. ഈ മഹാ പാതകങ്ങൾ ഒക്കെ ചെയ്യുന്ന ആളിനെ ഒരു കൊല്ലം ഒററപ്പെടുത്താമെന്ന് അദ്ദേഹവും സമ്മതിക്കുന്നു. അതിൻെറ കൂടെ നാലു കൊല്ലം കൂടി ഉൾപ്പെടുത്തി എന്നേ ഉള്ളു. ഈ മാതിരി കാര്യങ്ങൾ ചെയ്യാതിരിക്കാൻ ആ ഒരു പ്രേരണ ഉണ്ടാകട്ടെ. അവർ ഹൗസിൽ വരാതിരുന്നിട്ട് വലിയ ബദ്ധപ്പാടൊന്നുമില്ല. അതുകൊണ്ട് ഇങ്ങനെതന്നെ പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

The amendment moved by Shri T. M. Jacob was, by leave, withdrawn.

The amendment moved by Shri E. P. Gopalan was, by leave, withdrawn.

The question that Clause 13 stands part of the Bill was put and carried.

Clause 13 was added to the Bill.

2/448—18

LIBRARY ARCHIVES Kerala Legislative Assembly

Clause 14

The question that Clause 14 stands part of the Bill was put and carried.

Clause 14 was added to the Bill.

Clause 15

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "In clause 15, sub clause (1) for the words "five years" substitute the words "four years".

I also move: In clause 15, sub-clause (2) for the words "six months" substitute the words "three months".

സർ, അശോകമേത്താ കമ്മിററിയുടെ റിപ്പോർട്ടിൽ ഗവൺമെൻറുകളുടെ പരിഗണനയ്ക്കു വേണ്ടി സമർപ്പിച്ചിരിക്കുന്ന ശുപാർശകളിൽ വളരെ പ്രാധാന്യം കൊടുത്ത് പറഞ്ഞിരിക്കുന്ന ഒരു സംഗതി ഇതിന്റെ കാലാവധി 5 വർഷം എന്നുള്ളത് 4 വർഷം എന്ന് ആക്കണമെന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്ത് നിയമസഭയിലേയ്ക്കും പാർലമെൻറിലേയ്ക്കും മററ് സമിതികളിലേയ്ക്കുമെല്ലാം 5 വർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ഇതിനെക്കുറിച്ച് വളരെ വിദഗ്ധമായി പരിശോധിച്ച ഒരു കമ്മിററി അവരുടെ അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ബില്ലിന്റെ പൊതു ചർച്ചാ വേളയിൽ അശോകമേത്താ കമ്മിററിയുടെ റിപ്പോർട്ടിനുള്ളിൽ ഉൾക്കൊള്ളുന്ന വളരെയേറെ കാര്യങ്ങൾ നമ്മൾ അംഗീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിനകത്ത് വളരെ പ്രാധാന്യം കൊടുത്തു കൊണ്ട് പറഞ്ഞിരിക്കുന്ന സംഗതിയാണെന്നുള്ള നിലയിൽ ഇത് അംഗീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ പാർലമെൻറിന്റേയും നിയമസഭയുടേയും കാലാവധി 5 കൊല്ലമെന്നുള്ളത് 6 കൊല്ലമായി വർദ്ധിപ്പിച്ചതിനെ പലരും ശക്തിയായി എതിർത്തിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികളും ഇതിനെ എതിർത്തിട്ടുണ്ട്. ആ നിലയിൽ ഇനി ഉണ്ടാകുന്ന സമിതികളെങ്കിലും 4 വർഷമായി ചുരുക്കേണ്ടതാണ്. കാരണം നാലു കൊല്ലത്തിൽ കൂടുതലായി ഒരു സമിതിക്ക് തുടർന്നുപോകാൻ അവകാശം കൊടുക്കാൻ പാടില്ല. നാലു വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പു നടന്നാൽ അത് പ്രയോജനകരമായിരിക്കും. പഞ്ചായത്ത് സമിതികളിലേയ്ക്കുതന്നെ തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നു എന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. കേരളത്തിൽ മാത്രമല്ല, മററ് എത്രയോ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പ് നീണ്ടു പോയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങനെയാണെങ്കിൽ നിയമത്തിൽ നാലു കൊല്ലമെന്ന് ക്ലിപ്തപ്പെടുത്തുക മാത്രമല്ല നീട്ടാനുള്ള അധികാരം ഗവൺമെൻറിന് കൊടുത്തിരിക്കുന്നതുംകൂടി എടുത്തു കളയാൻ ഭേദഗതി കൊണ്ടു വരാൻ പാടില്ലേ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇതിനകത്ത് സബ് ക്ലാസ് 2-ൽ ഞാൻ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 6 മാസമെന്നുള്ളത് 3 മാസമായി മാററണമെന്നാണ് പറഞ്ഞിട്ടുള്ളത്. തെരഞ്ഞെടുപ്പ് നീട്ടുന്നത് ശരിയല്ല. ഇവിടെയുള്ള പഞ്ചായത്ത് സമിതികളുടെയെല്ലാം തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നു എന്നുള്ള ആക്ഷേപം ഉണ്ട്. നാല് വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്തണമെന്നു പറയുമ്പോൾ അതിന് കൂടുതൽ ജനാധിപത്യസ്വഭാവം ഉൾക്കൊള്ളാൻ കഴിയും. മററു പല സംസ്ഥാനങ്ങളിലും പഞ്ചായത്തുരാജ് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് സമിതികൾ ഉണ്ട്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "In clause 15, after sub-clause (8) add the following as sub-clause (8a) namely:—

"(8a). A member should resign his membership when 65% of his voters express their non-confidence in him."

സർ, എന്റെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ഈ ബില്ലിൽ സൂചിപ്പിക്കാത്ത പുതിയൊരു വ്യവസ്ഥ എഴുതിച്ചേർക്കണമെന്നുള്ളതാണ്. ഇന്ന് പഞ്ചായത്തുകളിലേയ്ക്കായാലും അസംബ്ലികളിലേയ്ക്കായാലും പാർലമെൻറിലേക്കായാലും ജനങ്ങൾക്ക് മെമ്പർമാരെ തെരഞ്ഞെടുക്കാൻ മാത്രമേ അവകാശമുള്ളു. തെരഞ്ഞെടുത്തുകഴിഞ്ഞാൽ ആ മെമ്പർ ചെയ്യുന്ന എല്ലാ കൊള്ളരുതായ്മകളേയും എല്ലാ അഴിമതികളേയും അധികാര ദുർവ്വിനിയോഗങ്ങളേയും എല്ലാം സഹിച്ചു കൊണ്ടിരിക്കാൻ മാത്രമേ ജനങ്ങൾക്ക് സാധിക്കുകയുള്ളു. എന്ത് ചെയ്താലും സഹിക്കുകയല്ലാതെ ആ മെമ്പറുടെ മേൽ യാതൊരു നിയന്ത്രണവും തെരഞ്ഞെടുത്തു വിടുന്ന ജനങ്ങൾക്കില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ രാജ്യത്ത് ജില്ലാ ഭരണ സംവിധാനം ചെയ്യുന്ന ഈ സന്ദർഭത്തിൽ പുതിയൊരു പരീക്ഷണത്തിലേയ്ക്ക് നീങ്ങുന്ന ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് കൂടുതൽ അധികാരം കൊടുക്കുകയാണെങ്കിൽ അത് കുറേക്കൂടി പ്രയോജനകരമായിരിക്കും. അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ളതുപോലെ തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്കുണ്ടാകണം. അധികാരം വികേന്ദ്രീകരിക്കുകയും ജനങ്ങളിലേയ്ക്ക് കൂടുതൽ അധികാരം എത്തിക്കുകയുമാണ് ബില്ലിന്റെ ഒരു ലക്ഷ്യമെന്ന് ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ ചർച്ചാവേളയിൽ പറയുകയുണ്ടായി. എന്താണ് ജനങ്ങൾക്ക് കൊടുത്തിട്ടുള്ള അധികാരം? സത്യത്തിൽ ഒന്നുമില്ല. അതുകൊണ്ടാണ് പറയുന്നത് കുറഞ്ഞപക്ഷം 65 ശതമാനം ആളുകൾ തങ്ങളെ വോട്ടു ചെയ്തു ജയിപ്പിച്ച ആളുകൾ, ആവശ്യപ്പെടുകയാണെങ്കിൽ, അവർ ആ സ്ഥാനത്ത് ഇരിക്കാൻ അർഹരല്ലെന്ന് കാര്യകാരണസഹിതം ആവശ്യപ്പെടുകയാണെങ്കിൽ അയാളുടെ അംഗത്വം സ്വാഭാവികമായും നഷ്ടപ്പെടുന്നതായ ഒരു വ്യവസ്ഥ ഈ ബില്ലിൽ എഴുതി ചേർക്കണമെന്ന്. ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കണമെങ്കിൽ ജനങ്ങളെ ഭയം ഉണ്ടായിരിക്കണം. തന്റെ നിയോജകമണ്ഡലത്തിൽ ഉള്ള ജനങ്ങളോട് താൻ നീതി ചെയ്യുന്നില്ലെന്ന് ബോധ്യപ്പെട്ടാൽപിന്നെ ആ ആൾ അവരെ പ്രതിനിധീകരിച്ച് അവിടെ ഇരിക്കാൻ അർഹനല്ല എന്ന വ്യവസ്ഥ ഉണ്ടാകണം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഇന്നത്തെ വോട്ടിംഗ് സമ്പ്രദായമനുസരിച്ച് 35 ശതമാനം വോട്ടു കിട്ടുന്ന ആളായിരിക്കും ജയിക്കുന്നത്. അങ്ങനെയാണെങ്കിൽ പിന്നെ എങ്ങനെയാണ് അവരെ അയോഗ്യരായി കൽപ്പിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബി. ആർ. പിള്ള: അദ്ദേഹത്തിന് കിട്ടുന്ന വോട്ടിന്റെ 65 ശതമാനമെന്നാണ് പറഞ്ഞത്.

ശ്രീ. സി. എ. കുര്യൻ: ഭാഗ്യവശാൽ ഇന്ന് അങ്ങനെയൊരു നിയമമില്ലാത്തതുകൊണ്ടല്ലേ നമ്മളിൽ പലരും ഇവിടെ ഇരിക്കുന്നത്?

ശ്രീ. പി. ബി. ആർ. പിള്ള: അത് ശ്രീ. കുര്യനെ സംബന്ധിച്ചിടത്തോളം ഒരുപക്ഷേ സത്യമായിരിക്കും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ശ്രീ. കുര്യന്റെ ചോദ്യത്തിന് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കുര്യൻ പറഞ്ഞത് ശരിയാണ്. കാരണം 30 ശതമാനം വോട്ടേ അപ്പുറത്ത് ഉള്ളു.

ശ്രീ. പി. ബി. ആർ. പിള്ള: തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്ക് ജനങ്ങളെ ഭയം വേണം. തെരഞ്ഞെടുത്തു കഴിഞ്ഞാൽ എന്തും ആകാം. എന്ത് അഴിമതിയും കാണിക്കാമെന്നുള്ള ധാരണ ഉണ്ടാകാൻ പാടില്ല. അവർ നാട്ടിലേയ്ക്ക് ഇറങ്ങിച്ചെന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കണം. ജനങ്ങൾ വെറുതെ വിടുകയില്ലെന്നുള്ള ബോധ്യമുണ്ടായാൽ അഴിമതി കുറയ്ക്കാൻ കഴിയും. കാര്യങ്ങൾ കുറെയൊക്കെ നേരെയാകും.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: ഇപ്പോൾ തെരഞ്ഞെടുപ്പിൽ ആർക്കാണ് വോട്ട് ചെയ്യുന്നതെന്ന് അറിയാനുള്ള സംവിധാനം ഇല്ലല്ലോ. ഓപ്പൺ വോട്ടിംഗ് സമ്പ്രദായം വേണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. പി. ബി. ആർ. പിള്ള: വോട്ടിംഗ് സിസ്റ്റത്തിൽതന്നെ ചില മാറ്റങ്ങൾ ഉണ്ടാക്കാൻ പോവുകയാണല്ലോ. ഇതിന് പ്രായോഗികമായി അംഗീകരിക്കാൻ പോകുന്ന എന്ത് നടപടികളും സ്വീകരിക്കുന്നതിന് വിരോധമില്ല.

ശ്രീ. പി. സി. ജോസഫ്: ഈ നിയമസഭാവേദിയിൽനിന്ന് പറയുന്ന ഇത്രയും ശക്തമായിതന്നെ ഈ കാര്യം ഏറ്റുമാനൂർ ആൽച്ചുവട്ടിൽ നിന്ന് പറയാമോ?

ശ്രീ. പി. ബി. ആർ. പിള്ള: ഞാൻ ഈ അസംബ്ലിയിൽ കടന്നു വന്നതുതന്നെ; ഇതെല്ലാം പറഞ്ഞിട്ടാണ്. ഞാൻ മുമ്പ് പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ പാർട്ടിയുടെ പ്രഖ്യാപിത നയങ്ങളിൽ ഒന്നായിരുന്നു ഇത്. അതിന് സംശയം വേണ്ട. നാളെയും ഈ അഭിപ്രായത്തിൽ തന്നെ ഉറച്ച് നിൽക്കും. പ്രവർത്തിക്കുകയും ചെയ്യും. ഇതിൽനിന്നും പിൻമാറുന്ന പ്രശ്നമേയില്ല. സ്വകാര്യമായ ലാഭത്തിനുവേണ്ടി മുഷിഞ്ഞ ഉടുപ്പു മാറുന്നതുപോലെ രാഷ്ട്രീയം മാറുന്ന ഏർപ്പാട് എനിക്ക് ഇല്ലെന്നുള്ള കാര്യം ശ്രീ. പി. സി. ജോസഫ് മനസ്സിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതിനുവേണ്ടി ഭരണഘടനയിൽ തന്നെ ഒരു ഭേദഗതി വരുത്തിയാൽ മതിയല്ലോ. അതിന് ശ്രീ. പി. ബി. ആർ. പിള്ള പ്രതിനിധാനം ചെയ്യുന്ന പാർട്ടി വിചാരിച്ചാൽ മതിയല്ലോ. മറ്റു പല പാർട്ടികളും ഇത് ആവശ്യപ്പെട്ടിട്ടുള്ളതാണ്. അവരെ റീകാൾ ചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നാൽ ഇതെല്ലാം വരുമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബി. ആർ. പിള്ള: മുമ്പ് ഉണ്ടായിരുന്ന രാഷ്ട്രീയ പാർട്ടിയുടെ ലക്ഷ്യം മാത്രമല്ല, ഇപ്പോഴത്തെ പാർട്ടിയെ സംബന്ധിച്ചിടത്തോളവും ഞങ്ങൾ ഇതിനു വേണ്ടി ശക്തിയായി വാദിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. അനിരുദ്ധൻ: അതിനുവേണ്ടി ഭേദഗതി ചെയ്യാൻ മെനക്കെടാതെ സാധാരണ ഗതിയിൽ അവരിൽ നിക്ഷിപ്തമായിട്ടുള്ള അവകാശങ്ങൾ ചെയ്യാതെ ഗൗരവമായ തെററ് ചെയ്യുകയാണെങ്കിൽ അതിനു വേണ്ടിയുള്ള നടപടികൾ അവർ ചെയ്യും. അതിനെ സാധൂകരിച്ചുകൊണ്ട് പിന്നെ കോഡിൽ ചില ഭേദഗതികൾ വരുത്തിയാൽ പോരായോ? അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. ബി. ആർ. പിള്ള: ആ ചോദ്യവും ഈ ഭേദഗതിയുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ട് ഞാൻ അതിന് മറുപടി പറയാൻ മുതിരുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. പി. ബി. ആർ. പിള്ള പറഞ്ഞു ജനതാ പാർട്ടിയുടെ അഭിപ്രായം ഇങ്ങനെ ചെയ്യണമെന്നുതന്നെയാണെന്ന്. അപ്പോൾ പാർട്ടി പറഞ്ഞാലും കേൾക്കാത്ത മന്ത്രിമാരാണോ അവിടെ ഭരിക്കുന്നത്? അതോ പ്രായാധിക്യം കൊണ്ടാണോ അങ്ങനെ പറഞ്ഞാൽ കേൾക്കാത്തത്?

ശ്രീ. പി. ബി. ആർ. പിള്ള: ശ്രീ ജേക്കബിന്റെ പാർട്ടിയെ പോലെ മുകളിൽനിന്നും എന്തെങ്കിലും ഉരുവിട്ടാൽ അതുകേട്ട് ആർത്തു വിളിച്ചു നടക്കുന്ന, താഴോട്ട് ചർച്ച ചെയ്യാത്ത പാർട്ടിയല്ല എന്റെ പാർട്ടി. ശ്രീ ജേക്കബിന്റെ പാർട്ടിയുടെ നേതാവ് എന്തെങ്കിലും ഒരു സിദ്ധാന്തം പറഞ്ഞാൽ അതിന്റെ പുറകേ നടന്ന് ഹോയിൻ ഹോയിൻ വിളിക്കുന്ന ഏർപ്പാട് അല്ല ഞങ്ങൾക്കുള്ളത്. ഏത് വിഷയത്തെപ്പററി എന്തൊരു നിർദ്ദേശം ഉണ്ടായാലും അതിനെക്കുറിച്ച് അടി മുതൽ മുടി വരെ ചർച്ച നടക്കും. എന്നിട്ട് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളു.

ശ്രീ. ടി. എം. ജേക്കബ്: അടി തൊട്ട് മുടി വരെ ചർച്ച നടത്തി ശ്രീ. പി. ബി. ആർ. പിള്ളയുടെ പാർട്ടി ഒരു നിർദ്ദേശം കൊടുക്കുന്നു. എന്നിട്ടും മന്ത്രിമാർ കേൾക്കുന്നില്ലെങ്കിൽ അവർ നിങ്ങളുടെ മന്ത്രിമാരാണോ?

ശ്രീ. പി. ബി. ആർ. പിള്ള: ഏതായാലും ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു മാതൃകാ നിലവാരം സ്വീകരിക്കണം. തെരഞ്ഞെടുക്കപ്പെട്ട ആളുകളുടെമേൽ യാതൊരു നിയന്ത്രണവുമില്ലാതെ തോന്ന്യാസം ചെയ്യാവുന്ന ഏർപ്പാട് അവസാനിപ്പിക്കുവാൻ, ജനാധിപത്യത്തിന് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി എന്റെ ഭേദഗതി അംഗീകരിക്കണം. തെരഞ്ഞെടുക്കപ്പെട്ട ഒരാൾക്ക് എന്ത് തോന്ന്യാസവും ചെയ്യാനുള്ള സൗകര്യം ഉണ്ടാകരുത്. ജനങ്ങൾക്ക് അവരുടെമേൽ നിയന്ത്രണം ഉണ്ടായിരിക്കണം. അഴിമതി തുടച്ചുനീക്കാനുള്ള സംരംഭം ഇതുമൂലം ലഭിക്കും. രാഷ്ട്രീയ പ്രവർത്തനം പൊതുപ്രവർത്തനം എന്നു പറഞ്ഞാൽ എന്താണ് ഇന്നു ജനങ്ങൾ അർത്ഥമാക്കുന്നത്? യാതൊരു മൂലധനവുമില്ലാതെ ലാഭകരമായി നടത്തുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമായി മാറിയിരിക്കുകയാണ് രാഷ്ട്രീയം. ഈ നില തുടർന്നു പോയാൽ ജനങ്ങളുടെ ഇടയിൽനിന്നും ശക്തിയായ പ്രതിഷേധം ഉണ്ടാകും. എന്തായാലും എന്റെ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുമെന്നു വിശ്വസിക്കുകയാണ്.

Sri A.P. Kurian: I move: In clause 15, sub-clause (2) for the words "six months" substitute the words "three months".

സർ, എന്റെ അമെൻറുമെൻറ് വളരെ ചുരുങ്ങിയതാണ്. കാലാവധി നീട്ടാനുള്ള അവകാശം ഇപ്പോൾ 6 മാസത്തേയ്ക്ക് എന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അത് ചുരുക്കി മൂന്നുമാസം ആക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി. ഇത് നീട്ടിക്കൂടായെന്നുള്ള ആക്ഷേപവും ഉണ്ടായിട്ടുണ്ട്. ചിലപ്പോൾ നീട്ടേണ്ടതായി വരും. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടി നീട്ടി അതുകൊണ്ട് ജനങ്ങൾ മടുത്തു. നീട്ടുന്നതിന്റെ എണ്ണം കൂട്ടുന്നതുകൊണ്ട് ആ പ്രവർത്തനത്തെ നിരുൽസാഹപ്പെടുത്തുവാൻ കഴിയും. എന്റെ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

വിദ്യാഭ്യാസവകുപ്പു മന്ത്രി: (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഈ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. ഇലക്ഷൻ നീട്ടുന്നതിനെക്കുറിച്ചെല്ലാം ഇവിടെ വലിയ പരാമർശം ഉണ്ടായി. ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷൻ ബിൽ പാസായി അതിന്റെ പ്രവർത്തനങ്ങൾ താമസിച്ചുപോയാലും പഞ്ചായത്ത് ഇലക്ഷൻ സെപ്തംബറിൽ തന്നെ നടത്തും. അതിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതുവരെ യാതൊരു കാരണവശാലും ഗവൺമെൻറ് കാത്തിരിക്കുകയില്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നാലുകൊല്ലവും അഞ്ചു കൊല്ലവും തമ്മിൽ വലിയ വ്യത്യാസമില്ല. അശോക്മേത്താ കമ്മിററി റിപ്പോർട്ടിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും പല കാരണങ്ങളാലും നമ്മൾ അശോക്മേത്താ കമ്മിററി റിപ്പോർട്ടിനേക്കാളും മുമ്പോട്ടു പോയിരിക്കുകയാണ്. ഒരു കൊല്ലംകൊണ്ടു വലിയ വ്യത്യാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള കാലാവധി നല്ലതാണെന്നാണ് എന്റെ അഭിപ്രായം. 6 മാസം എന്നുള്ളത് മൂന്നു മാസമാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സെപ്തംബർ മാസത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുമെന്നു പറഞ്ഞു. ഏതു വർഷത്തെ സെപ്തംബറിൽ ആണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിന്റെ ചർച്ചയാണ് ഇവിടെ നടക്കുന്നത്, മററു കാര്യങ്ങളൊന്നും ഇവിടെ പ്രസക്തമല്ല.

ശ്രീ സി. എച്ച്. മുഹമ്മദുകോയ: ഈ കൊല്ലത്തെ സെപ്തംബറിൽ തന്നെയാണ് പഞ്ചായത്ത് ഇലക്ഷൻ നടത്തുന്നത്.

The member may draw his own conclusions. I have no objection.

The amendments moved by Shri T. M. Jacob were, by leave, withdrawn.

The amendment moved by Shri P. B. R. Pillai was by leave withdrawn.

The amendment moved by Shri A. P. Kurian was put and lost.

The question that clause 15 stands part of the Bill was put and carried.

Clause 15 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause : 16

The question that clause 16 stands part of the Bill was put and carried. Clause 16 was added to the Bill.

Clause : 17

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞാൻ ഈ ക്ലാസിനെ ഒപ്പോസ് ചെയ്യുകയാണ്. ഭൂരിപക്ഷം ഇലക്ററഡ് ആയിട്ടില്ലെങ്കിൽതന്നെയും അവിടെ ജില്ലാ ഭരണ സമിതി ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ പാടില്ലെന്നുള്ള വ്യവസ്ഥ ശരിയല്ല. ഒന്നുകിൽ റീ ഇലക്ഷൻ നടത്തുകയോ അല്ലെങ്കിൽ ഉള്ള കൗൺസിൽ അംഗങ്ങളെവച്ചുകൊണ്ട് ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുക്കുകയോ ആണ് വേണ്ടത്. അഡ്മിനിസ്ട്രേഷൻ കൗൺസിൽ എന്നു പറയുന്നത് എപ്പോഴും ഒരു സ്വയംഭരണ സ്ഥാപനത്തിന്റെ സ്വഭാവത്തിന് എതിരാണ്. അവരുടെ പ്രവർത്തനത്തിൽ ചിലപ്പോൾ രാഷ്ട്രീയ പ്രേരിതമായ ലക്ഷ്യം കാണും. യാതൊരു കാരണവശാലും അഡ്മിനിസ്ട്രേറ്റീവ് കമ്മിററിക്ക് രൂപം നൽകുവാൻ ഈ ബില്ലിൽ വ്യവസ്ഥ ഉണ്ടാകുവാൻ പാടില്ല. ഗവൺമെൻറ് രാഷ്ട്രീയ പ്രേരിതമായി എത്രയെത്ര ഭരണസംവിധാനത്തെയാണ് ഞെക്കിക്കൊന്നിട്ടുള്ളത്. ജനാധിപത്യമര്യാദയനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന സമിതികൾ പലപ്പോഴും ഇത്തരം നടപടികൾക്ക് വിധേയമായിട്ടുണ്ട്. 1957-ൽ നമ്മുടെ സംസ്ഥാനത്ത് ഒരു ഗവൺമെൻറ് ഉണ്ടായപ്പോൾ ആ ഗവൺമെൻറിനെപോലും പിരിച്ചുവിടാനുള്ള ചില നീക്കങ്ങൾ ഇവിടെയുണ്ടായി; അതിന് ചില സന്ദർഭങ്ങൾ ലഭിച്ചു. വിമോചന സമരം സംഘടിപ്പിച്ച് ആ ഗവൺമെൻറിനെ പിരിച്ചുവിട്ടു. അത് തെററാണെന്നു പറഞ്ഞിട്ടുള്ള ആളുകളാണ് ഇന്നു ഈ ബില്ലിനകത്ത് അത്തരം പിരിച്ചുവിടാനുള്ള പഴുതുകൾ എഴുതിച്ചേർത്തിട്ടുള്ള വകുപ്പുകളെക്കുറിച്ചു സംസാരിക്കുന്നത്. യാതൊരു കാരണവശാലും ഇത്തരത്തിലുള്ള ഒരേർപ്പാട് ഉണ്ടാകാൻ പാടില്ല. ക്ലാസ് 17 ഡിലീററ് ചെയ്യണം എന്നുള്ള ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിനു ഭേദഗതി ഒന്നും ആവശ്യമില്ല. ഈ ഖണ്ഡിക പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

The question that Clause 17 stands part of the Bill was put and carried. Clause 17 was added to the Bill.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഉച്ചതിരിഞ്ഞ് 3.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

സഭ ഉച്ചയ്ക്ക് 1.30 -ന് പിരിഞ്ഞു.

സഭ ഉച്ചയ്ക്ക് 3.30 -ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.

നിയമനിർമ്മാണകാര്യം

സെലക്ററ് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1978-ലെ കേരളാ ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ ബില്ല് പരിഗണനയ്ക്ക് എടുക്കൽ—തുടർച്ച

LIBRARY ARCHIVES Kerala Legislative Assembly

Clause : 18

ശ്രീ. സി. എ. കുര്യൻ: എന്റെ ഭേദഗതി ചെറിയ കാര്യമാണ്.

Sir, I move: for sub-clause (k) of clause 18 substitute the following namely:—

"(k) Absents himself without the permission of the District Council for three consecutive meetings of the district council without a reasonable cause"

നമ്മുടെ രാജ്യത്ത് അടിയന്തിരാവസ്ഥ ഉണ്ടായിരുന്നപ്പോൾ പല പഞ്ചായത്തു മെമ്പർമാരേയും മിസ അനുസരിച്ചു അറസ്ററു ചെയ്തു. ജയിലിൽ കിടക്കുന്നതുകൊണ്ട് മീററിംഗിൽ പങ്കെടുക്കാൻ നിർവ്വാഹമില്ലെന്ന് അപേക്ഷ കൊടുത്ത അവസരത്തിൽ ചില പഞ്ചായത്തുകൾ അത് അംഗീകരിക്കുകയും ചില പഞ്ചായത്തുകൾ അംഗീകരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്തു. വരാൻ പോകുന്ന ഡിസ്ട്രിക്ററ് കൗൺസിലിൽ ഏതെങ്കിലുമൊരു മെമ്പർക്ക് നിർഭാഗ്യവശാൽ ജയിൽ വാസം അനുഭവിക്കേണ്ടി വന്നാൽ പുറത്ത് പോകേണ്ടിവന്നാൽ അപേക്ഷ കൊടുത്താൽ അവധി അനുവദിക്കണം. ഇതേപടി പാസ്സായാൽ പററുകയില്ല. ഡിസ്ട്രിക്ററ് കൗൺസിലിന് അവധി അംഗീകരിക്കണമെന്നുള്ള വ്യവസ്ഥയില്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. For the words "absents himself without the permission of the district council for three consecutive meetings of the district council", substitute my amendment.

ബഹുമാനപ്പെട്ട മന്ത്രി ഇത് അംഗീകരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അതോടൊപ്പം in the first proviso to sub-clause (k) of clause 18, "due notice of that meeting was not given to him" എന്ന് പറയുന്നുണ്ട്. For those words substitute the words "due notice of that meeting was not received by him".

നിസ്സാരമായ ഭേദഗതിയാണ്. ഇത് രണ്ടും ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണം.

ശ്രീ. കെ. ജെ. ചാക്കോ: Sir, I move: In clause 18, sub-clause (k) after the words "district council" add the words "without reasonable cause".

സർ, ഞാനും ഈ ഭേദഗതി കൊണ്ടു അതാണ് ഉദ്ദേശിച്ചിരിക്കുന്നത്. തുടർച്ചയായി മൂന്ന് യോഗങ്ങളിൽ പങ്കെടുത്തില്ലെങ്കിൽ അംഗത്വം നഷ്ടപ്പെടുമെന്നുള്ള ഭാഗത്ത് മൂന്നു യോഗങ്ങളിൽ മതിയായ കാരണം കൂടാതെ ഹാജരായില്ലെങ്കിൽ മാത്രമേ അംഗത്വം നഷ്ടപ്പെടാവൂ എന്നു മാത്രമാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു പക്ഷേ അത്യാവശ്യമായ വല്ല കാര്യങ്ങൾക്കുംവേണ്ടി സാഹചര്യത്തിന്റെ സമ്മർദ്ദം മൂലം കൗൺസിലിലെ ബന്ധപ്പെട്ട ആളുകളെ അറിയിക്കാതെ സ്ഥലം വിടേണ്ട സാഹചര്യമുണ്ടാകും. അങ്ങനെ അറിയിക്കാതിരുന്നാൽ അംഗത്വം നഷ്ടപ്പെടും. വീണ്ടും കൗൺസിലിന്റെ ദയാദാക്ഷിണ്യം ഉണ്ടെങ്കിലേ അംഗത്വം കിട്ടുകയുള്ളു. എന്റെ ഭേദഗതി അംഗീകരിക്കാതിരിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് തോന്നുന്നില്ല. ആർക്കും സംശയത്തിന് കാരണം ഉണ്ടാക്കുന്നില്ല. സംശയമോ മററ് തരത്തിലുള്ള വ്യാഖ്യാനമോ ഉണ്ടാകാൻ തരമില്ല. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ): മതിയായ കാരണം എന്നു പറയുന്നതു തന്നെ പിന്നേയും വ്യാഖ്യാനത്തിന് വഴിവരുത്തുന്നതാണ്. അതുകൊണ്ട് ഇപ്പോഴുള്ളതുതന്നെ മതിയെന്നാണ് എന്റെ അഭിപ്രായം.

The amendment moved by Shri C. A. Kurian was, by leave, withdrawn.

The amendment moved by Shri K. J. Chacko was, by leave, withdrawn.

The question that clause 18 stands part of the Bill was put and carried. Clause 18 was added to the Bill.

Clauses 19 and 20

The question that clauses 19 and 20 stand part of the Bill, was put and carried.

Clauses 19 and 20 were added to the Bill.

Clause 21

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

After clause 21 add the following as new clause 21 A, namely:—
"21 A. LANGUAGE OF THE DISTRICT COUNCIL: The language of the district council shall be Malayalam."

വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗവൺമെൻറ്തന്നെ ചില കാലപരിധി നിശ്ചയിച്ചിട്ടുള്ള കാര്യമാണ്. താലൂക്ക് നിലവാരംവരെ ഇന്ന കാലത്തിനുള്ളിൽ മലയാളം ഭരണഭാഷ ആക്കണമെന്നും ഇന്ന കാലത്തിനുള്ളിൽ ജില്ലാതലം വരെ മലയാളത്തിലാക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. അതിന് അനുസരണമായ രീതിയിലാണ് എന്റെ ഭേദഗതി. കുറച്ച് നിർബന്ധപൂർവ്വം ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ശ്രമിച്ചാലേ പററുകയുള്ളു. ഭരണഭാഷ മലയാളത്തിലാക്കണമെന്ന് പറയാൻ തുടങ്ങിയിട്ട് കാലം കുറെയായി. അങ്ങനെ പറഞ്ഞു പറഞ്ഞ് കാര്യം വിലയില്ലാത്ത മട്ടിലായി.

ശ്രീ. സി. എ. കുര്യൻ: തമിഴോ കന്നടയോ അറിയാമെന്നുള്ളവർ നിർബന്ധമായി മലയാളം സംസാരിക്കണമെന്ന്.......

ശ്രീ. ഇ. പി. ഗോപാലൻ: ഭാഷാ ന്യൂനപക്ഷം നമ്മുടെ സംസ്ഥാനത്തുണ്ട്. ആ ന്യൂനപക്ഷം താമസിക്കുന്ന സ്ഥലത്ത് അവരുടെ ഭാഷ കൂടി ഉൾപ്പെടുത്തണമെന്ന് പറഞ്ഞാൽ മതി.

ശ്രീ. ഇ. പി. ഗോപാലൻ: മലയാള ഭാഷ സംസാരിക്കുന്ന ഈ സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കണമെന്ന് പറയുന്നതിൽ എന്താണ് തെററ്? അധികാര വികേന്ദ്രീകരണനിയമം ഉണ്ടാക്കുമ്പോൾ വളരെ അനർത്ഥമായിട്ടുള്ള വകുപ്പാണ് ഇത്. ഡിസ്ട്രിക്ററ് കൗൺസിലിന്റെ ഭരണഭാഷ മലയാളമായിരിക്കണമെന്ന് എഴുതിച്ചേർക്കേണ്ടതാവശ്യമാണ്. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

2/448—19

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. എം. ജേക്കബ്: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. മലയാളം ഭരണഭാഷയാക്കണമെന്നാണ് പറയുന്നത്. അങ്ങനെയൊരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. അത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ശ്രീ. ഇ. പി. ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെൻറ് നിശ്ചിത കാലത്തിനുള്ളിൽ മലയാളം ഭരണഭാഷയാക്കണമെന്ന് പറയുന്നുണ്ട്. മലയാളികളെന്നുള്ള നിലയ്ക്ക് മലയാളഭാഷയോട് നമുക്ക് ആ സ്നേഹം ആവശ്യമാണ്. ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും മലയാളം വേണമെന്ന പിടിവാശി ശരിയല്ല. ഗവൺമെൻറിൻെറ സമീപനത്തിലും ഇത് കാണുന്നുണ്ട്. പല തലങ്ങളിലും മലയാളം ഭരണഭാഷയാക്കാനുള്ള തീവ്രമായ ശ്രമം ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. ചോദ്യോത്തര വേളയിൽ ആരോഗ്യവകുപ്പു മന്ത്രി ഈ കാര്യം പരാമർശിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജിലും മെഡിക്കൽ കോളേജുകളിലും ലാ കോളേജിലും മലയാളം അടിച്ചേൽപ്പിക്കണമെന്ന പ്രവണതയോടുകൂടി മുമ്പോട്ടു പോകുന്നത് കേരളത്തിൻെറ ഭാവിയെ ദോഷകരമായി ബാധിക്കുമെന്നുള്ളത് തീർച്ചയാണ്. അമിതമായ മലയാളപ്രേമം കൈവെടിയണം. ഇൻഡ്യയ്ക്ക് പുറത്തുപോയാലും അംഗീകാരം കിട്ടണമെന്നുള്ള നിലയിൽ ഇംഗ്ലീഷ് ഭാഷയോടുള്ള എതിർപ്പ് കുറയ്ക്കേണ്ടതാവശ്യമാണ്. ജില്ലാ കൗൺസിലിൻെറ ഭരണഭാഷ മലയാളമാക്കണമെന്ന ശ്രീ. ഗോപാലൻെറ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്.

ശ്രീ. വി. സി. ജോസഫ്: ജില്ലാ കൗൺസിലിൻെറ ഭാഷയും മെഡിക്കൽ കോളേജിലേയും ലാ കോളേജിലേയും ഭാഷയും തമ്മിൽ ഒരു താരതമ്യപഠനം നടത്തുന്നത് ശരിയല്ല. സാധാരണക്കാരായിട്ടുള്ള ആളുകൾ പ്രതിനിധികളായിട്ട് വരുന്ന ഒരു വേദിയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസവുമായി കൂട്ടിക്കുഴയ്ക്കരുതെന്ന അഭ്യർത്ഥനയുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഈ നിയമസഭയിൽ ചർച്ച ചെയ്യുന്ന ബില്ല് ഇംഗ്ലീഷിലാണ് തയ്യാറാക്കിയിട്ടുള്ളത്. മലയാളത്തിൽ ഇതിനു മുമ്പ് ഇവിടെ ഒരു ബില്ല് അവതരിപ്പിച്ചിട്ടുണ്ട്. അതിനകത്തുള്ള ന്യൂനതകളെപ്പററി ചർച്ച ചെയ്തു. മലയാള ഭാഷയോട് അമിതമായ പ്രേമം ആവശ്യമില്ല. ഈ പിടിവാശി നമ്മുടെ നാട്ടിന് തന്നെ ബുദ്ധിമുട്ടുണ്ടാക്കും. മലയാളഭാഷയോടുള്ള അമിതമായ സ്നേഹം ഉപേക്ഷിച്ചില്ലെങ്കിൽ കേരളത്തിന് തന്നെ അത് ദോഷമായിത്തീരും. ഈ ഭേദഗതിയെ എതിർക്കുകയാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ശ്രീ ഇ. പി. ഗോപാലൻെറ ഭേദഗതി മിതമായ ഭാഷയിൽ പറഞ്ഞാൽ ആവശ്യമാണ്. അമിതമായ ഇംഗ്ലീഷ് പ്രേമം കൊണ്ടുവന്നിട്ടു കാര്യമില്ല. ശ്രീ. ടി. എം. ജേക്കബ് ഇവിടെ പറഞ്ഞ കാര്യങ്ങൾ മററു പല രംഗങ്ങൾക്കും ബാധകമായതുകൊണ്ട് ജില്ലാ നിലവാരത്തിൽ മലയാളം തന്നെ ആയിരിക്കണം ഉപയോഗിക്കേണ്ടത്. സാധാരണക്കാരന് അറിയാവുന്ന ഭാഷയിലായിരിക്കണം നടപടികൾ നടക്കേണ്ടത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശ്രീ ഇ. പി. ഗോപാലൻെറ ഭേദഗതിയുടെ സ്പിരിററിനോട് ഞാൻ യോജിക്കുന്നു. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നത് ശ്രീ. ജേക്കബ് പറഞ്ഞ കാരണങ്ങൾ കൊണ്ടല്ല. മിക്കവാറും ജില്ലാ കൗൺസിലുകളുടെ പ്രൊസീഡിംഗ്സ് മലയാളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ത്തന്നെയായിരിക്കും. അങ്ങനെ നിയമത്തിൽ എഴുതിവയ്ക്കേണ്ട കാര്യമില്ല. അതു ഇംഗ്ലീഷിൽ ആകുമെന്നു ഭയപ്പെടേണ്ട കാര്യമില്ല. മലയാളത്തിലായിരിക്കുമെന്നു ഉറപ്പു പറയാൻ കഴിയും.

ശ്രീ. ഇ. പി. ഗോപാലൻ: മലയാളത്തിലായിരിക്കുമെന്നു ഉറപ്പു പറയുന്നതുകൊണ്ട് ഞാൻ ഈ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

The amendment moved by Shri E. P. Gopalan, was, by leave, withdrawn.

The question that clause 21 stands part of the Bill, was put and carried. Clause 21 was added to the Bill.

Clause 22

The question that clause 22 stands part of the Bill was put and carried. Clause 22 was added to the Bill.

Clause 23

Minister for Education **Shri C.H. Mohammed Koya**: Sir, I move: For sub-clause (1) : the following sub-clause shall be substituted, namely:

"(1) The elected members of every district council shall elect one among them to be the President and another among them to be the Vice-President."

The question that the amendment moved by the Minister stands part of the Bill was put and carried.

The question that clause 23, as amended, stands part of the Bill, was put and carried.

Clause 23, as amended was added to the Bill.

Clause 24

The question that Clause 24 stands part of the Bill, was put and carried. Clause 24 was added to the Bill.

Clause 25

The question that clause 25 stands part of the Bill, was put and carried. Clause 25 was added to the Bill.

Clause 26

The question that clause 26, stands part of the Bill, was put and carried. Clause 26 was added to the Bill.

Clause 27

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, ഞാൻ 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. In clause 27, sub-clause (2) for the word "fifteen" substitute the word "thirty". മിതമായ ഒരു ആവശ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചിട്ടുള്ളത്. ഇതിനു ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല. ഈ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: 112-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. In clause 27, sub-clause (3) (1) after the word "Education" add the words "and Culture". എഡ്യുക്കേഷൻ എന്നു മാത്രമാണ് പറയുന്നത്. കൾച്ചർ മററു ഭാഗത്ത് ചേർക്കുന്നുണ്ട്. എന്നാലും എഡ്യുക്കേഷൻ ആൻറ് കൾച്ചർ എന്നു ചേർക്കുന്നത് നല്ലതായതുകൊണ്ട് അതുകൂടി ചേർത്താൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ആർ. കുറുപ്പ്: എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. In clause 27 after sub-clause (7) add the following new sub-clause namely: "(8) The President shall not be the Chairman of the Standing Committee."

ഇന്നും ഇന്നലെയുമായി നടന്ന ചർച്ചയിൽത്തന്നെ ആഭ്യന്തരകാര്യ മന്ത്രി സൂചിപ്പിക്കുകയുണ്ടായി, ഉദ്യോഗതലത്തിലാകമാനം അഴിമതികൾ സാർവ്വത്രികമായി അഴിഞ്ഞാടുന്നുണ്ടെന്ന്. കുറേ ദിവസം മുമ്പ് മുഖ്യമന്ത്രി ചെയ്ത ഒരു പ്രസംഗത്തിലും പത്രത്തിൽ റിപ്പോർട്ട് കണ്ടു സാർവ്വത്രികമായി ഉദ്യോഗതലത്തിൽ അഴിമതികൾ നടക്കുന്നുണ്ടെന്ന്. അഴിമതി നടക്കാതെ കുറേക്കൂടി ജനാധിപത്യം ശുദ്ധീകരിച്ചെടുക്കണമെങ്കിൽ ഡിസ്ട്രിക്ററ് കൗൺസിലിലെ പ്രസിഡണ്ട് സ്ററാൻറിംഗ് കമ്മിററിയുടെ ചെയർമാനാകുന്നത് നിരോധിക്കണം; അതു പാടില്ലെന്നുള്ള നിബന്ധന ബില്ലിൽ ഉണ്ടാകണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ ഭേദഗതികളെ ഞാൻ എതിർക്കുന്നു. ഇങ്ങനെയുള്ള ഭേദഗതികളുടെ ആവശ്യമില്ല. ബില്ലിൽ ഉള്ളതുപോലെ പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The amendment moved by Shri C.P. Govindan Nambiar was, by leave, withdrawn.

The amendment moved by Shri E. P. Gopalan, was, by leave, withdrawn.

The amendment moved by Shri P.R. Kurup was put and lost.

The question that clause 27 stands part of the Bill, was put and carried.

Clause 27 was added to the Bill.

Clause 28

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഞാൻ എന്റെ 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. In proviso (b) to clause 28 after the word "meeting" and before the word "and" add the following, namely:-

"Which should be convened within 10 days and get the action approved."

വളരെ അടിയന്തിര പ്രാധാന്യമുള്ള സന്ദർഭത്തിൽ പ്രസിഡൻറിന് സ്വന്തം നിലയിൽ അതിലെ സ്ററാൻറിംഗ് കമ്മിററി ചെയർമാനുമായി കൺസൽട്ട് ചെയ്തുകൊണ്ട് പ്രധാനമായ പല പ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നടത്താമെന്നും അത് അടുത്തുചേരുന്ന കൗൺസിൽയോഗത്തിൽവച്ച് അംഗീകരിക്കപ്പെടണമെന്നുമുള്ളതാണ് ഇതിലെ വ്യവസ്ഥ. ഞാൻ ആദ്യം പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ ഒരു ശുദ്ധീകരിക്കപ്പെട്ട ഭരണസംവിധാനമായി മാററുന്നതിന് നല്ലൊരു ഉപാധിയായിട്ടാണ് ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. ഇത്തരത്തിൽ ഒരു അടിയന്തിര പ്രാധാന്യമുള്ള തീരുമാനമെടുത്താൽ ഡിസ്ട്രിക്ററിലൊതുങ്ങി നിൽക്കുന്ന മെമ്പർമാരെ ക്ഷണിച്ചു വരുത്തി എത്രയും പെട്ടെന്നു ഒരു യോഗം ചേരുന്നതിന് യാതൊരു തടസ്സവുമുണ്ടാകുകയില്ല. പത്തു ദിവസത്തിനകം യോഗം വിളിച്ചുകൂട്ടി അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തിക്ക് അംഗീകാരം വാങ്ങണമെന്നാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഞാൻ ഇതിനെ എതിർക്കുന്നു.

The amendment moved by Shri P.R. Kurup was put and lost.

The question that Clause 28 stands part of the Bill was put and carried.

Clause 28 was added to the Bill.

Clause 29

Minister for Education **Sri C.H. Mohammed Koya:** Sir, I move: In sub-clause (2), for the words "elected by the members", the words "elected by the elected members" shall be substituted.

I also move: In sub-clause (4), for the words "members of the district council", the words "elected members of the district council" shall be substituted.

ശ്രീ. ടി. എം. ജേക്കബ്: മന്ത്രി അവതരിപ്പിച്ച ഭേദഗതിക്ക് ഒരു വിശദീകരണം കിട്ടിയാൽ കൊള്ളാം.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതു സ്വയം വ്യക്തമാണ്. അതിന് ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല.

ശ്രീ. കെ. കരുണാകരൻ: എക്സ് ഒഫീഷ്യോ മെമ്പർമാർക്ക് വോട്ടില്ലാത്ത സ്ഥിതിക്ക് ഇതു പറയേണ്ട കാര്യമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇലക്ററഡ് മെമ്പർമാർ ഉള്ളതുകൊണ്ട് ഇതിന്റെ ആവശ്യമുണ്ട്. അതേപ്പററി കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ല.

The amendments moved by the Minister were put and carried.

The question that clause 29, as amended, stands part of the Bill, was put and carried.

Clause 29, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 30

ശ്രീ. ടി. എം. ജേക്കബ്: Sir, I move: (i) In clause 30, sub-clause (1) (a) for the words "seven hundred and fifty rupees" substitute the words "five hundred rupees".

(ii) In clause 30, sub-clause (1) (b) for the words "five hundred rupees" substitute the words "four hundred rupees".

(iii) In clause 30, sub-clause (1) (c) for the words "two hundred and fifty" substitute the words "two hundred".

സർ, ഞാൻ ഇത് ഇവിടെ അവതരിപ്പിക്കാനുണ്ടായ കാരണം 1959-ൽ ഈ നിയമസഭയിൽ ആദ്യമായിട്ട് ജില്ലാ കൗൺസിൽ ബില്ല് കൊണ്ടുവന്നു: അതിനു ശേഷം 1964-ൽ അതേ രൂപത്തിലുള്ള ഒരു നിയമം ഈ നിയമസഭ പരിഗണിക്കുകയുണ്ടായി. 1967-ൽ കൊണ്ടു വന്ന ജില്ലാ പരിഷത്ത് ബില്ല്, ഡിസ്ട്രിക്റ്റ് കൗൺസിൽ ബില്ല് എന്ന പേരിൽ സെലക്റ്റു കമ്മിററി റിപ്പോർട്ടിനു ശേഷവും ഈ നിയമസഭയിൽ വന്നു. രണ്ടാമത് കഴിഞ്ഞ വർഷം 1978-ൽ അവതരിപ്പിച്ച ബില്ലിനകത്തും അലവൻസിന്റെ കാര്യത്തെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ടായിരുന്നു. അതൊന്നുമില്ലാതെ സെലക്റ്റു കമ്മിററി റിപ്പോർട്ടിന് അയയ്ക്കുന്നതിനു മുമ്പുണ്ടായിരുന്ന തുക മതിയെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പല വർഷങ്ങളിലായി കൊണ്ടുവന്ന് അപ്പോഴൊന്നും പറയാതിരുന്ന കാര്യങ്ങൾ പിന്നീട് സെലക്റ്റു കമ്മിററി റിപ്പോർട്ടിനു ശേഷം കൊണ്ടുവന്നതുകൊണ്ട് സെലക്റ്റു കമ്മിററി റിപ്പോർട്ടു ചെയ്തതുപോലെ 750 എന്നുള്ളത് 500 ആയും; അതുപോലെ 500 എന്നുള്ളതു 400 രൂപയായും 250 രൂപയെന്നുള്ളത് 200 രൂപയായും ആക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ല.

ശ്രീ. കെ. ജെ. ചാക്കോ: കേന്ദ്ര ധനകാര്യമന്ത്രി ഈയിടെ അവതരിപ്പിച്ച ബഡ്ജററിനു ശേഷമുണ്ടായിട്ടുള്ള വിലക്കൂടുതൽ പരിഗണിച്ചെങ്കിലും ഇപ്പോൾ ഇതു പ്രസ്സു ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ബഡ്ജററ് വരുന്നതിനുമുമ്പാണല്ലോ ഇതു കൊണ്ടുവന്നത്. ഈ വക കാര്യങ്ങൾ പിന്നീടു പരിഗണിക്കാം. ഇനി ഇവിടേയും ബഡ്ജററ് വരാൻ ഉണ്ടല്ലോ. അതിനു ശേഷം പരിഗണിക്കാം. ഇവിടെ നികുതിയുണ്ടാകുമോ എന്ന് നമുക്ക് അറിയാൻ പററുമോ?

ശ്രീ. പി. സി. ജോസഫ്: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. പുരോഗമനത്തിനു വേണ്ടി പുരോഗമനം പറയുന്നത് ശരിയല്ല. സാർവത്രികമായ അഴിമതികളെക്കുറിച്ചും രാഷ്ട്രീയമായ അഴിമതികളെക്കുറിച്ചും ആണ് എല്ലാവർക്കും സംസാരിക്കാനുള്ളത്. തീർച്ചയായും ഈ സ്ഥാനങ്ങളിലിരിക്കുന്ന ആളുകൾക്ക് മററു ജോലികളോ മററു ജീവിത സൗകര്യങ്ങളോ നേടാനുള്ള സൗകര്യമില്ല. അവർക്കു കൂടുതൽ ശമ്പളം കൊടുക്കണം. കുറച്ചു ശമ്പളം കൊടുത്ത് രാഷ്ട്രീയ അഴിമതിക്ക് പ്രേരണ നൽകുന്ന വിധത്തിലായിരിക്കരുത് അവരുടെ ശമ്പളം. അതുകൊണ്ട് ബഹുമനപ്പെട്ട മെമ്പർ ഈ ഭേദഗതി പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സെലക്റ്റു കമ്മിററി നിശ്ചയിച്ച സംഖ്യയാണ് ശരിയെന്നാണ് എന്റെ അഭിപ്രായം. അതിപ്പോൾ ഇവിടെ പിൻതാങ്ങപ്പെടുകയും ചെയ്തിട്ടുണ്ട്.

The amendment moved by Shri T. M. Jacob was by leave, withdrawn. The question that clause 30 stands part of the Bill was put and carried. Clause 30 was added to the Bill.

Clause 31

Shri P. R. Kurup: Sir, I move: In clause 31 for the opening sentence substitute the following, namely:

"The Government shall appoint a person in the rank of a District Collector as the Secretary of the District Council." സർ, കളക്ററർക്കു തന്നെ ഇതിൽ സെക്രട്ടറിയുടെ പദവി കൊടുക്കുന്നതുകൊണ്ട് രണ്ടു സുപ്രധാനമായ വിഷമതകളുണ്ട്. ഒന്ന് നിരവധി ഉത്തരവാദിത്വമുള്ള ആൾ ഡിസ്ട്രിക്ററ് കൗൺസിലിന്റെ സെക്രട്ടറിയായാൽ മുഴുവൻ സമയവും അതിനുവേണ്ടി ജോലി ചെയ്യേണ്ടിവരും. മററു പലയിടങ്ങളിലും ഉത്തരവാദിത്വമുള്ള ചെയർമാൻ സ്ഥാനവും മററും വഹിച്ചു പോരുന്ന കളക്ററർ ഈ ഉത്തരവാദിത്വംകൂടി വഹിച്ചാൽ കാര്യക്ഷമമായിട്ട് നിർവ്വഹിക്കാൻ ഒക്കുകയില്ല. ചിലപ്പോഴൊക്കെ ഗവൺമെൻറിന്റെ പോളിസി ഡിസ്ട്രിക്ററ് കൗൺസിൽ അംഗീകരിച്ചു എന്നു വരികയില്ല. ഗവൺമെൻറിന്റെ പോളിസി നടത്തേണ്ട ആളാണ് കളക്ററർ. ഡിസ്ട്രിക്ററ് കൗൺസിൽ അതിനു വിരുദ്ധമായ പരിപാടിയാണ്, നയമാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ അതു പ്രാവർത്തികമാക്കിത്തീർക്കുന്നതിന് കളക്ററർക്ക് സാങ്കേതികമായ തടസ്സങ്ങൾ ഉണ്ടാകും. വകുപ്പു മന്ത്രി തന്നെ അദ്ദേഹത്തിന്റെ കീഴിലുള്ള കോർപ്പറേഷന്റെ പ്രസിഡൻറായാൽ പലപ്പോഴും ഈ വിഷമത അനുഭവിച്ചിട്ടുണ്ട്. പണ്ട് വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രസിഡൻറ് സ്ഥാനത്ത് അതിന്റെ വകുപ്പു മന്ത്രി തന്നെ ആയിരുന്ന കാലത്ത് വളരെയേറെ പരസ്പര വിരുദ്ധമായ അഭിപ്രായ സംഘട്ടനങ്ങൾ നടക്കുകയും പ്രശ്നങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതെ വരികയും ചെയ്ത അവസ്ഥ ഉണ്ടായതായി എനിക്കോർമ്മയുണ്ട്. ഈ നിലവച്ചുകൊണ്ട് കളക്റററെപ്പോലെതന്നെ ഉത്തരവാദിത്വമുള്ള ആളെ സെക്രട്ടറിയായി നിയമിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ജോസഫ്: സർ, ശ്രീ. പി. ആർ. കുറുപ്പിന്റെ ഭേദഗതി അംഗീകരിച്ചുകൊണ്ടുതന്നെ ഒന്നു രണ്ടു കാര്യങ്ങൾകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രായോഗികമായ ബുദ്ധിമുട്ടുകൾ തീർച്ചയായും ഈ രംഗത്തുണ്ടാവുമെന്നുള്ളത് തീർച്ചയാണ്. അതുപോലെ ലാ ആൻറ് ഓർഡറിന്റെ ഉത്തരവാദിത്വം ബഹുമാനപ്പെട്ട കളക്റററിൽ നിക്ഷിപ്തമായിരിക്കുന്നതുകൊണ്ട് പല തകരാറുകളും ഉണ്ടാകുമെന്ന് ഞാൻ പൊതു ചർച്ചാവേളയിൽ തന്നെ ചൂണ്ടിക്കാണിച്ചതാണ്. ഇങ്ങനെയുള്ള പ്രായോഗികമായ തകരാറുകൾ ഇല്ലാതാക്കുന്നതിനുവേണ്ടി ഒരു മുഴുവൻ സമയ സെക്രട്ടറിയെ ജില്ലാ കൗൺസിലിനായി അനുവദിച്ചുകൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഡിസ്ട്രിക്റ്റ് കൗൺസിൽ ബിൽ വന്നതിനു ശേഷമുള്ള അവസരത്തിൽ കളക്റ്റർക്ക് വലിയ ഉത്തരവാദിത്വം ഉണ്ടാവുകയില്ല. ഗവൺമെൻറുമായി ക്ലാഷുണ്ടാകേണ്ട യാതൊരു കാര്യവുമില്ല. വികസനപരമായ കാര്യങ്ങളാണ് ഡിസ്ട്രിക്റ്റ് കൗൺസിൽ ചെയ്യേണ്ടത്. അതുകൊണ്ട് കളക്റ്റർ തന്നെ സെക്രട്ടറിയായി ഇരിക്കണമെന്നുതന്നെയാണ് ഗവൺമെൻറിൻെറ അഭിപ്രായം.

The amendment moved by Shri P·R·Kurup was put and lost·
The question that Clause 31 stands part of the bill was put and carried·
Clause 31 was added to the bill·

Clause 32

The question that Clause 32 stands part of the bill was put and carried·
Clause 32 was added to the Bill·

Clause 33

The question that Clause 33 stands part of the Bill was put and carried·
Clause 33 was added to the Bill·

Clause 34

The question that clause 34 stands part of the Bill was put and carried·
Clause 34 was added to the Bill·

Clause 35

Shri E.P. Gopalan: Sir, I move: In clause 35, in the proviso to sub clause (i) (b) delete the word "or" appearing after the word "promotion"

Sir, I also move: In clause 35, in the proviso to sub-clause (i) (b)after the word "reversion" add the words "and disciplinary action".

ഈ ഡിസിപ്ലിനറി ആക്ഷൻ എടുക്കുന്ന കാര്യംപോലും ജില്ലാ കൗൺസിലിന് പരിഗണിക്കേണ്ടിവരും. പ്രമോഷനോ, റിവർഷനോ ആയിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല മററു വിധത്തിലുള്ള ഡിസിപ്ലിനറി ആക്ഷൻ ഇതൊക്കെ പരിഗണിക്കുന്നത് നന്നായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

Shri C. Vasudeva Menon: Sir, I move: (i) In clause 35 delete the proviso to sub-clause (i) (c)·

(ii) In Clause 35, after sub-clause (i) (c) add the following as sub clause (i) (d), namely:

"(d) Notwithstanding anything contained in this Act or any other Acts or rules in respect of Government servants whose services have been placed at the disposal of the District Council the President shall be competent to take all disciplinary actions against such Officers or servants except dismissal or removal rom service".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് പൊതു ചർച്ചയിൽ തന്നെ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ആനയെ കൊടുക്കും തോട്ടി കൊടുക്കുകയില്ല എന്നു പറയുന്നതുപോലെ വിപുലമായിട്ടുള്ള അധികാരങ്ങടം കൊടുക്കാൻ തയ്യാറാണ് ഗവൺമെൻറ് എന്നുപറയുകയും, അതു നടത്തേണ്ടതായിട്ടുള്ള അഡ്മിനിസ്ട്രേററീവ് മെഷിനറിക്ക് അതിൻെറ യാതൊരു നിയന്ത്രണവും ഡിസ്ട്രിക്ററ് കൗൺസിലിൽ കൊടുക്കുകയില്ലെന്നു നിർബന്ധം പിടിക്കുകയും ചെയ്യുന്നത് വാസ്തവത്തിൽ കാര്യക്ഷമമായിട്ട് ഇതു നടപ്പിലാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാകാൻ തരമില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് സെക്രട്ടറി മൈനർ ഡിസിപ്ലിനറി ആക്ഷൻ എടുത്താൽ അതിൽ പ്രസിഡൻറിന് അപ്പീൽ കൊടുക്കാമെന്നാണ്. സെക്രട്ടറിയാണെങ്കിൽ ഡിസ്ട്രിക്ററ് കളക്ററുമാണ്. ഇത്തരത്തിൽ യാതൊരധികാരവും ഡിസ്ട്രിക്ററ് കൗൺസിലിനു കൊടുക്കാതെ ഭരിച്ച ചുമതലകടം നടത്തിക്കൊണ്ടുപോകണമെന്നു പറയുന്നതു പ്രായോഗികമല്ല. ചില ആളുകടം എല്ലാക്കാലത്തും ഭരണത്തിൻെറ കൂടെ ഇരിക്കുമായിരിക്കും. എന്നാൽ എല്ലാവരും അങ്ങനെ ആയിരിക്കുകയില്ല. അതുകൊണ്ട് മററുതരത്തിൽ അതിൻെറ പ്രവർത്തനങ്ങളെ തകരാറിലാക്കാനുള്ള സൗകര്യം കിട്ടുമെന്നുള്ളതുകൊണ്ട് അഡ്മിനിസ്ട്രേററീവ് മെഷിനറിയും അതിൻെറ നിയന്ത്രണവും ഡിസ്ട്രിക്ററ് കൗൺസിലിനു കൊടുക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചത്. ഇത് അംഗീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. അനിരുദ്ധൻ: ക്ലാസ് 35-ൽ സബ് ക്ലാസ് 2-ൽ പറഞ്ഞിട്ടുള്ള പണിഷ്മെൻറ് ഒഴിവാക്കണമെന്നുള്ളതാണ്
4 P. M.] എൻെറ ഭേദഗതി.

In clause 35, sub-clause (2) add the following proviso namely:—

"Provided that the Secretary shall not have powers to impose fine or any officer or servant of the Government whose services have been placed at the disposal of the District Council". എന്നാണു ഞാൻ പറഞ്ഞിട്ടുള്ളത്. അതല്ലെങ്കിൽ ഈ ജോലിക്കാർക്ക് ഒരു അപകർഷതാബോധമുണ്ടാകും. ഡിസ്ട്രിക്ററ് കൗൺസിലിലേക്കു വിട്ട ജോലിക്കാരുടെ പുറത്തു സെക്രട്ടറി സാധാരണ നിലയിലുള്ള എക്സ്പ്ലനേഷൻ ചോദിക്കുകയോ വാൺചെയ്യുകയോ ചെയ്യുന്നതിനുപകരം കൈയിലുള്ള വിവരംവച്ച് ഫൈൻ ചെയ്യാനുള്ള ഒരുക്കം ഇവരുടെ പ്രവൃത്തിയിൽ ഒരു അപകർഷതാ ബോധമുണ്ടാക്കും. അതു ഡിസ്ട്രിക്ററു കൗൺസിലിൻെറ പ്രവർത്തനത്തെ ബാധിക്കും. അതുകൊണ്ട് അതു ഡിലീററു ചെയ്യണമെന്നുള്ളതാണ്.

ശ്രീ. പി. ആർ. കുറുപ്പ്: In clause 35, sub-clause (5) after the words "being heard" and before the word "conform" insert the following words, namely: "in consultation with the Council" എന്ന എൻെറ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി എടുത്താലും ഇല്ലെങ്കിലും സെക്രട്ടറിയുടെ തീരുമാനത്തിനെതിരായി

2/448—20

LIBRARY ARCHIVES Kerala Legislative Assembly

അപ്പീൽ അധികാരം ഇന്നു പ്രസിഡൻറിനാണ്. പ്രസിഡൻറ് സ്വന്തം നിലയിൽ ഒരു അപ്പീൽ കേൾക്കുകയും തീരുമാനമെടുക്കുകയും ചെയ്യുന്നതിൽ വിരോധമില്ല. പക്ഷേ കൗൺസിലിനു പ്രസിഡൻറിൻെറ തീരുമാനത്തിനുമേൽ ഒരു അപ്പീൽ അധികാരം ഉണ്ടായിരുന്നാൽ നന്നായിരിക്കും. ഇന്നു ലോക്കൽ ബോഡീസിലെല്ലാം പ്രസിഡൻറു സ്വന്തമായി തീരുമാനമെടുത്താലും അതിൻെറമേൽ റവ്യൂ ചെയ്യാനുള്ള അധികാരം സമിതിയ്ക്കു കൊടുക്കുന്നുണ്ട്. അത്തരത്തിലുള്ള ഒരു റിവിഷൻ പൗവ്വർ ഈ കൗൺസിലിന് ഇല്ല. കൗൺസിൽ ഒരു കാഴ്ചവസ്തുവായി നിൽക്കുകയാണ് ചെയ്യുന്നത്. അഡ്മിനിസ്ട്രേഷനുമായി യാതൊരു ബന്ധവും കൗൺസിലിന് ഇല്ലാതെ നിൽക്കുന്നു. അതുകൊണ്ട് പ്രസിഡൻറ് തീരുമാനം എടുക്കുന്നതിനുമുമ്പായി കൗൺസിലുമായി കൺസൽട്ടു ചെയ്യണമെന്ന ഭേദഗതിയാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ പ്രൊവൈസോ ബുദ്ധിമുട്ടുണ്ടാക്കും. പ്രസിഡൻറിൻെറ ജോലി എൻകചയറി ഓഫീസറുടെ ജോലിയായി അവശേഷിക്കും. ഗവൺമെൻറു കൗൺസിലിലേക്കു വിട്ടുകൊടുത്തിട്ടുള്ള ജീവനക്കാരെ സംബന്ധിച്ചിടത്തോളം അച്ചടക്ക നടപടി സ്വീകരിക്കണമെന്നു വന്നാൽ പ്രസിഡൻറ് അതിനാവശ്യമായ അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു സമർപ്പിക്കണം. ആക്ഷൻ എടുക്കുന്നത് മറെറാരു ഏജൻസിയാണ്.

ശ്രീ. ഇ. അഹമ്മദ്: ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ സേവനം ഡിസ്ട്രിക്ററു കൗൺസിലിനു വിട്ടു കൊടുത്തു കഴിഞ്ഞാൽ അവരെ പണിഷ് ചെയ്യാനുള്ള അധികാരം ഡിസ്ട്രിക്ററു കൗൺസിലിനു വിട്ടുകൊടുക്കുവാൻ നിയമപരമായി വിഷമതയില്ലേ?

ശ്രീ. കെ. കരുണാകരൻ: നിയമപരമായ വിഷമതകൾ പരിഹരിക്കണം.

ശ്രീ. സി. വാസുദേവമേനോൻ: അതിനു സർവ്വീസ് റൂൾസ് ഭേദഗതി ചെയ്താൽ പോരെ?

ശ്രീ. കെ. കരുണാകരൻ: ഈ ഡിസ്ട്രിക്ററ് കൗൺസിലിനു വിട്ടുകൊടുത്തു കഴിഞ്ഞാൽ ഡിസിപ്പിനറി പൗവ്വേഴ്സ് ഉൾപ്പെടെയുള്ള അധികാരം അവർക്കാണെന്നുള്ള നിലയിൽ ഭേദഗതി സർവ്വീസ് റൂൾസിൽ വരുത്തുന്ന കാര്യം പരിശോധിക്കണം.

ശ്രീ. ഇ. അഹമ്മദ്: നിയമന അതോറിററിക്കു മാത്രമേ ശിക്ഷണ നടപടിയെടുക്കുവാൻ പാടുള്ളു എന്നു കോടതി വിധിയുണ്ടായിട്ടുള്ളതിൻെറ അടിസ്ഥാനത്തിലാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ: അപ്പോയിൻറിംഗ് അതോറിട്ടിക്കു മാത്രമാണ് ആ അധികാരമുള്ളത്. ആ അധികാരം ഡെപ്യൂട്ടു ചെയ്യാം. അപ്പോയിൻറിംഗ് അതോറിററി ഡിസ്ട്രിക്ററ് കൗൺസിൽ ആയാൽ മതി. അതല്ലാതെ ഗവൺമെൻറ് എംപ്ലോയിയെ ഈ ഡിസ്ട്രിക്ററ് കൗൺസിലിൽ വിട്ടുകൊടുക്കുന്നതുകൊണ്ട് ഡിസ്ട്രിക്ററ് കൗൺസിലിന് യാതൊരു നിയന്ത്രണവും ഉണ്ടാകുകയില്ല. സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. നിയമനാധികാരമുള്ള അതോറിററിയാണ് പണിഷ് ചെയ്യേണ്ടത്. ആ നിയമനാധികാരത്തെ സംബന്ധിച്ചിടത്തോളം പരിഹാരമുണ്ടാക്കണം. പരിഹാരമുണ്ടായില്ലെങ്കിൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകും. അല്ലെങ്കിൽ ഡിസ്ട്രിക്ററു പ്രസിഡൻറു ചെയ്യുന്നതു ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ആകുകയുള്ളു. ഡിസ്ട്രിക്ററു പ്രസിഡൻറിനു യാതൊരധികാരവുമില്ല. ഒരു എൻക്വയറി ഓഫീസർ എന്ന നിലയിലാണ് വരുന്നത്. ഒരു ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം പ്രസിഡൻറിൻെറ ശുപാർശ ഗവൺമെൻറ് സ്വീകരിക്കാതിരുന്നാൽ പ്രസിഡൻറിൻെറ പൊസിഷൻ ആക്ക്വേഡ് ആയിരിക്കും. ഒന്നുകിൽ ഡിസ്ട്രിക്ററു പ്രസിഡൻറിന് ആ അധികാരം കൊടുക്കണം, അല്ലെങ്കിൽ കളക്ടർ ചെയ്തുകൊള്ളട്ടെ. പ്രസിഡൻറ് വെറും ഇൻവെസ്ററിഗേഷൻ ഓഫീസറായി മാറുന്നതു ശരിയല്ല.

മി. സ്പീക്കർ: സ്റേററിൽ വർക്കു ചെയ്യുന്ന സെൻട്രൽ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം സ്റേററ് ഗവൺമെൻറ് ആക്ഷൻ എടുക്കണമെങ്കിൽ ഈ ഒരു നിലപാടല്ലേവരും?

ശ്രീ. കെ. കരുണാകരൻ: സെൻട്രൽ ഗവൺമെൻറ് എംപ്ലോയീസ് സ്റേററ് ഗവൺമെൻറിലില്ല.

മി. സ്പീക്കർ: ഐ. എ. എസ്. കാരുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഐ. എ. എസ്. കാരുടെ കാര്യത്തിൽ വെറും റിപ്പോർട്ടല്ല, ആക്ഷൻ എടുക്കാം. ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ കൺഫർമേഷൻ മാത്രമേ വേണ്ടൂ. അതുകൊണ്ട് അഖിലേൻഡ്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം സ്റേററിനുള്ള അധികാരംപോലെ ഡിസ്ട്രിക്ററു കൗൺസിലിനു കൊടുക്കുവാൻ കഴിയും. ആ നിലയിൽ ഒരു ഭേദഗതി വരുത്തേണ്ടതാവശ്യമാണ്. അഖിലേൻഡ്യാ സർവ്വീസിലുള്ള എംപ്ലോയീസ് സ്റേററ് സർവ്വീസിൽ വരുമ്പോഠം സ്റേററിനുള്ള അധികാരം ഒരു തർക്ക വിഷയമായിരുന്നു. അവസാനം സ്റേററിന് അധികാരമുണ്ടെന്നു വന്നു. സെൻട്രൽ ഗവൺമെൻറിൻെറ കൺകറൻസ് മാത്രമേ ആവശ്യമുള്ളു. അതുകൊണ്ട് പ്രസിഡൻറ് ഒരു എൻക്വയറി ഓഫീസർ എന്ന നിലയിലാകാതെ അച്ചടക്കം പാലിക്കത്തക്കനിലയിലുള്ള നിയന്ത്രണം ഡിസ്ട്രിക്ററ് കൗൺസിലിന് ആവശ്യമാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. ഡിസ്ട്രിക്ററ് കൗൺസിലിലേക്ക് ഉദ്യോഗസ്ഥൻമാരെ വിട്ടുകൊടുക്കുന്നതു സ്റേററ് ഗവൺമെൻറാണ്. ഇന്നു നിലവിലുള്ള കാര്യങ്ങളിൽ പലതും ഡിസ്ട്രിക്ററ് കൗൺസിലിലേക്ക് വന്നാൽ കുറെ ഉദ്യോഗസ്ഥൻമാരെ ഡിസ്ട്രിക്ററു കൗൺസിലിലേയ്ക്കു വിട്ടുകൊടുക്കണം. ഡിസ്ട്രിക്ററ് കൗൺസിൽ സ്വന്തമായി ഉദ്യോഗസ്ഥൻമാരെ നിയമിക്കാത്ത കാലത്തോളം ആ ഉദ്യോഗസ്ഥൻമാരെ പണിഷ് ചെയ്യുക എന്നുള്ള കാര്യത്തിൽ ഡിസ്ട്രിക്ററ് കൗൺസിലിന് അധികാരമില്ലെന്നുള്ളതാണ് ഭരണഘടനാ വ്യവസ്ഥ. ആരാണോ ഉദ്യോഗസ്ഥനെ നിയമിക്കുന്നത് അവർക്കു മാത്രമേ ആ ഉദ്യോഗസ്ഥൻെറ പേരിൽ ശിക്ഷണനടപടികഠം എടുക്കുവാൻ പാടുള്ളു എന്നുള്ള വ്യവസ്ഥയുണ്ട്.

ശ്രീ. സി. വാസുദേവമേനോൻ: ഗവൺമെൻറ് നിയമിക്കുന്ന ഉദ്യോഗസ്ഥൻമാരാണ് ഡി. ഇ. ഒ. യുടേയും മററും കീഴിൽ വരുന്നത്. അവരുടെ പേരിൽ ഡി. ഇ. ഒ. ഡിസിപ്ലിനറി ആക്ഷൻ എടുക്കുന്നുണ്ട്. സർവ്വീസിൽനിന്ന് റിമൂവ് ചെയ്യുന്ന കാര്യമാണ് ഭരണഘടനയിലുള്ളത്. സാധാരണനിലയിലുള്ള നടപടികളെടുക്കുവാൻ അധികാരമുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ഇതിലുള്ള ഒരു വ്യവസ്ഥ മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. എനിക്കതിൽ ഖേദമുണ്ട്. ഡിസ്ട്രിക്റ്റു കൗൺസിൽ ഒരു ബോഡി കോർപ്പറേററ് ആണ്. ഡി. ഇ. ഒ. ഗവൺമെൻറുദ്യോഗസ്ഥൻെറ മേൽ നടപടി യെടുക്കുന്നത് ഗവൺമെൻറിൻെറ ഭാഗമെന്ന നിലയിലാണ്. ഡിസ്ട്രി ക്റ്റു കൗൺസിൽ ബോഡി കോർപ്പറേററാണ്. അതിനു പ്രത്യേകമായി ഒരു പരിധി മാത്രമേയുള്ളു.

ശ്രീ. പി. ആർ. കുറുപ്പ്: പ്രസിഡൻറിനു ആ അധികാരമുണ്ടാകു ന്നതു തെററാണെന്നാണോ അഭിപ്രായം?

ശ്രീ. ഇ. അഹമ്മദ്: തെററാണെന്നല്ല പറയുന്നത്. നിയമപരമായി സാധ്യമല്ലെന്നാണു പറയുന്നത്. ഡിസ്ട്രിക്റ്റു കൗൺസിലിനു ശിക്ഷണനടപടിയെടുക്കുവാൻ അധികാരമില്ല. ബഹുമാനപ്പെട്ട പ്രതി പക്ഷ നേതാവ് പറഞ്ഞു, എൻക്വയറിക്കു മാത്രമാണ് അധികാരമെന്ന്. ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ട് ചെയ്താൽ ആ അതോറിററിക്ക് അവരെ സംബന്ധിച്ചിടത്തോളം നടപടിയെടുക്കുവാൻ റെക്കമെൻറു ചെയ്യാം. ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ സംസ്ഥാന ഗവൺമെൻറിലേക്ക് ഒരു ഉദ്യോഗസ്ഥൻ വന്നാൽ ആ ഉദ്യോഗ സ്ഥനെസംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെൻറിനു റെക്ക മെൻേറഷനുള്ള പൗവ്വർ ഉള്ളതുപോലെതന്നെ ഡിസ്ട്രിക്ററ് കൗൺസിൽ പ്രസിഡൻറിന്നും അധികാരമുണ്ട്. അതുകൊണ്ട് അദ്ദേഹത്തിൻെറ പദവിക്കോ അധികാരത്തിനോ യാതൊരു മങ്ങലും ഏൽപ്പിക്കുകയില്ല. ഇതെല്ലാം ആലോചിച്ചുകൊണ്ടാണ് ഈ പ്രൊവിഷൻ വച്ചിട്ടുള്ളത്.

Shri K. Karunakaran: "Provided that when disciplinary proceedings have to be initiated against an officer or a servant of the Government whose services have been placed at the disposal of the district council, the President shall be entitled to make an enquiry and report........". He has no right to recommend any punishment.

Shri E. Ahamed: Whatever point he finds during the course of the enquiry, can be reported.

ശ്രീ. കെ. കരുണാകരൻ: എൻക്വയറി ആൻറ് റിപ്പോർട്ട് എന്നു മാത്രമേയുള്ളു. ഡിസിപ്ലിനറി ആക്ഷനെടുക്കുവാനുള്ള റെക്കമെൻേറ ഷന് അധികാരമില്ല.

ശ്രീ. ഇ. അഹമ്മദ്: ഗവൺമെൻറാണ് നടപടിയെടുക്കേണ്ടത്, ഡിസ്ട്രിക്ററ് കൗൺസിലല്ല.

ശ്രീ. സി. വാസുദേവ മേനോൻ: പ്രസിഡൻറ് ഒരു ക്ലാർക്കിനെ സംബന്ധിച്ചിടത്തോളം എൻക്വയറി നടത്തി മുകളിലുള്ള ഡെപ്യൂട്ടി കളക്ററർക്കാണോ റിപ്പോർട്ടു ചെയ്യേണ്ടത്? അയാളാണോ നടപടി യെടുക്കേണ്ടത്?

ശ്രീ. ഇ. അഹമ്മദ്: ഡെപ്യൂട്ടി കളക്റററാണോ ജോയിൻറ് സെക്ര ട്ടറിയാണോ ഗവൺമെൻറ് സെക്രട്ടറിയാണോ ബഹുമാനപ്പെട്ട മന്ത്രിയാണോ എന്നുള്ളതെല്ലാം റൂളിൽ വയ്ക്കാമെന്നുള്ളതാണ്. അധികാരമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം ഒരു ബോഡി കോർപ്പറേറ്റു ചെയ്താൽ ആ ഉദ്യോഗസ്ഥൻ കോടതിയിൽ പോയാൽ ഉടൻതന്നെ അതു നിയമവിരുദ്ധമായി പ്രഖ്യാപിക്കും. അതുകൊണ്ട് കഴിയുന്നത്ര പ്രായോഗികമാക്കാനാണ് ഈ ഭേദഗതി.

ശ്രീ. കെ. കരുണാകരൻ: ഫൈനൽ അതോറിററി ഗവൺമെൻറായി നിൽക്കുകയാണെങ്കിൽ വിരോധമില്ല. സസ്പെൻറു ചെയ്യാനുള്ള അധികാരം ഈ വകുപ്പു പ്രകാരമില്ല.

ശ്രീ. ഇ. അഹമ്മദ്: മൈനർ പെനാൽററി എന്നുള്ളതിൽ സസ്പെൻഷനും ഉൾപ്പെടും.

ശ്രീ. കെ. അനിരുദ്ധൻ: സർ, എൻെറ 131-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

In clause 35, sub-clause (7) (a) add the following proviso, namely:—

''provided that in respect of direct recruitment the rules framed under this clause shall contain the principles of reservation to the members of the Scheduled Castes, Scheduled Tribes and Backward Communities applicable to the recruitment of candidates for Government Service.''

വളരെ ശ്രദ്ധിക്കേണ്ട ഒരു ഭേദഗതിയാണ് ഇതെന്നാണ് എനിക്കു പറയാനുള്ളത്. പലരും മിണ്ടാതിരുന്ന ഒരു കാര്യമാണ്. മുൻകാലങ്ങളിലെല്ലാം ബോർഡിലേയും കോർപ്പറേഷനുകളിലേയും നിയമനങ്ങൾ വരുമ്പോൾ ആരാണോ പവ്വറിൽ ഇരിക്കുന്നത്, ഏതു സമുദായക്കാരനാണോ ചുമതല വഹിക്കുന്നത്, ആർക്കാണോ സ്വാധീനിക്കാൻ കഴിയുന്നത് അവരിൽ കുറെ ആളുകൾക്ക് കിട്ടും. അങ്ങനെ എല്ലാ പോസ്ററുകളും ഫില്ലു ചെയ്യും. 200 പോസ്ററുകൾ ഉണ്ടെങ്കിൽ അതെല്ലാം ഫിൽ ചെയ്തതിനുശേഷം ഒന്നും ഫില്ലു ചെയ്യാൻ ഇല്ലാതെ വരുമ്പോൾ നിയമനങ്ങൾ പി. എസ്. സി. ക്കു വിട്ടുകൊടുക്കും. അങ്ങനെ ഇതിലും വരാതിരിക്കുന്നതിനു വേണ്ടി തുടക്കത്തിൽ തന്നെ ആവശ്യമായിട്ടുള്ള തസ്തികകൾ വരുമ്പോൾ പി. എസ്. സി. അംഗീകരിച്ചിട്ടുള്ള മാനദണ്ഡം ഷെഡ്യൂൾഡ് കാസ്ററിൻേറയും ഷെഡ്യൂൾഡ് ട്രൈബ്സിൻേറയും അതുപോലെ തന്നെ ബാക്കുവേഡ് ക്ലാസിൻേറയും കാര്യത്തിൽ ഉണ്ടാകണമെന്നുള്ളതാണ് എൻെറ ഭേദഗതി. ഇത് അംഗീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, വളരെ കൂലങ്കഷമായ പരിചിന്തനത്തിനുശേഷമാണ് ഡിസിപ്ലിനറി പവ്വറിനെ സംബന്ധിച്ച് ജില്ലാ കൗൺസിലിലെ പ്രസിഡൻറിന് അധികാരംവച്ചത്. ജില്ലാ കൗൺസിലിൻെറ പ്രസിഡൻറിനെ നിസ്സഹായനായിട്ടു നിറുത്തുന്നില്ല. ഡിസിപ്ലിനറി ആക്ഷൻ റിപ്പോർട്ടു ചെയ്യാനുള്ള അധികാരം ''Provided that the disciplinary proceedings are to be initiated'' എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോയിൻറിംഗ് അതോറിട്ടിക്കു മാത്രമേ ഡിസിപ്ലിനറി ആക്ഷൻ എടുക്കാനുള്ള പവ്വർ ഉള്ളു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ബഹുമാനപ്പെട്ട അനിരുദ്ധൻ പറഞ്ഞ സംഗതി ഇവിടെ പ്രശ്നമാകുന്നില്ല. ഗവൺമെൻറു സർവ്വീസിൽനിന്നും ഏൽപ്പിച്ചു കൊടുക്കുകയാണ്. അതുകൊണ്ട് റിസർവ്വേഷൻെറ പ്രശ്നം ഇപ്പോഴം ഉദിക്കുന്നില്ല.

The amendments moved by Shri E·P· Gopalan were, by leave, withdrawn·

The amendments moved by Shri C· Vasudeva Menon were put and lost·

The amendments moved by Shri K· Anirudhan were put and lost·

The amendment moved by Shri P·R· Kurup was put and lost·

The question that Clause 35 stands part of the Bill was put and carried

Clause 35 was added to the Bill·

Clause: 36

The question that Clause 36 stands part of the Bill was put and carried·

Clause 36 was added to the Bill·

Clause: 37

The question that Clause 37 stands part of the Bill was put and carried·

Clause 37 was added to the Bill·

Clause: 38

The question that Clause 38 stands part of the Bill was put and carried.

Clause 38 was added to the Bill·

Clauses: 39 and 40

The question that Clauses 39 and 40 stand part of the Bill were put and carried·

Clauses 39 and 40 were added to the Bill·

Mr. Speaker: Order, order· The House will now adjourn for tea· I request the Press also to join us·

The Assembly adjourned for tea at 4.13 p·m· and reassembled at 4.30 p·m·

Mr. Deputy Speaker : Order, order· Clause 41.

The Minister may move his amendments·

Clause: 41

Minister for Education (**Shri C.H. Mohammed Koya**) Sir, I move:

(i) In sub-clause (2), for the words "such number of members" the words "such number of elected members" shall be substituted·

LIBRARY ARCHIVES Kerala Legislative Assembly

(ii) In sub-clause (3), for the words "meeting of the district council" the words "meeting of the elected members of the district council" shall be substituted.

(iii) In sub-clause (4), for the words "the members of the district council", the words "the elected members of the district council" shall be substituted.

(iv) In sub-clause (7), for the words "read to the district council" the words "read at the meeting" shall be substituted.

Shri K. J. Chacko: Sir, I move my amendment: In clause 41, sub-clause (12) for the words "sanctioned strength of the District Council" substitute the words "number of members of the District Council at that time".

ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ചായയൊക്കെ കുടിച്ച് ഉഷാറായി വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട കോയാസാഹിബ് ഭേദഗതികളോട് മുമ്പു കാണിച്ച സമീപനം സ്വീകരിക്കരുത് എന്നുള്ള അഭ്യർത്ഥനയോടുകൂടിയാണ് ഞാനീ ഭേദഗതി അവതരിപ്പിക്കുന്നത്. താരതമ്യേന നിസ്സാരമാണെന്നു തോന്നാമെങ്കിലും പ്രായോഗികതലത്തിൽ വരുമ്പോൾ ബുദ്ധിമുട്ടുണ്ടാകുമെന്ന കാര്യത്തിൽ അനുഭവസ്ഥനെന്ന നിലയ്ക്കാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. പ്രസിഡൻറിൻെറ പേരിലോ വൈസ് ചെയർമാൻെറ പേരിലോ സ്ററാൻറിംഗ് കമ്മിററി ചെയർമാൻെറ പേരിലോ അവിശ്വാസം വരികയാണെങ്കിൽ ക്ലാസ് 41 (12) അനുസരിച്ച് പറഞ്ഞിരിക്കുന്നതിതാണ്: 'If the motion is carried with the support of the majority of the sanctioned strength of the district council' എന്നു പറഞ്ഞാൽ ആകെയുള്ള മെമ്പർമാർ 28 ആണെങ്കിൽ 15 അംഗങ്ങൾ അനുകൂലിച്ചാലേ അതു പാസ്സാകുകയുള്ളു എന്നാണല്ലോ. പ്രായോഗികമായി ഇതിനു ബുദ്ധിമുട്ടുണ്ടെന്നു പറയുന്നതിനു കാരണമുണ്ട്. ചില പഞ്ചായത്തുകളിൽ 10 മെമ്പർമാരാണ് ഉണ്ടായിരുന്നതെങ്കിൽ ചിലർ മരിച്ചു പോയിക്കാണും ചിലർ രാജിവെച്ചു പോയിക്കാണും. ഇതിനൊക്കെ ശേഷം ചിലപ്പോൾ ആറു പേരെ ഉള്ളു എന്നുവയ്ക്കുക. അങ്ങനെയുള്ള ഒരു പഞ്ചായത്തിൽ പ്രസിഡൻറിൻെറ പേരിൽ ഒരു അവിശ്വാസപ്രമേയം വന്നാൽ ഇതിൽ പറയുന്ന സാംഗ്ഷൻഡ് സ്ട്രെങ്ത് അനുസരിച്ച് പത്തെണ്ണത്തിൽ ആറു പേർ അനുകൂലിച്ചാലേ പാസ്സാകുകയുള്ളു. അല്ലെങ്കിൽ പാസാക്കാനൊക്കുകയില്ല. പലരും രാജിവെച്ചു പോകുകയും മരിക്കുകയും ജോലിയന്വേഷിച്ചു പോകുകയുമൊക്കെ ചെയ്തതിൻെറ ഫലമായി അംഗങ്ങൾ അഞ്ചോ ആറോ പേരായിപ്പോയാൽ ഒരിക്കലും അവിശ്വാസപ്രമേയം പാസ്സാക്കാനൊക്കുകയില്ല ഇങ്ങനെയാണെങ്കിൽ. ചങ്ങനാശ്ശേരി മുനിസിപ്പാലിററിയിൽ ഇരുപത്തെട്ടംഗങ്ങളുണ്ടായിരുന്നു. അവിടെ ദുർഭരണം കൊടികുത്തി വാഴുന്നു എന്നുള്ള ആക്ഷേപം എല്ലാ അംഗങ്ങളും പ്രകടിപ്പിക്കുകയും എല്ലാ രാഷ്ട്രീയ പാർട്ടികളും ജനങ്ങളും അതിനെതിരായി തിരിയുകയും ചെയ്തു. ദുർഭരണം കാരണം നേരത്തെ തന്നെ അവിടെനിന്നും അഞ്ച് അംഗങ്ങൾ രാജിവച്ചുപോയി. ഇവിടെ തുടരുന്നത് അനാവശ്യമാണെന്നുള്ള ജനങ്ങളുടെ താക്കീതനുസരിച്ച് വേറെയും കുറേപ്പേർ രാജിവച്ചു പോയി.

LIBRARY ARCHIVES Kerala Legislative Assembly

മിച്ചം പതിനാറു പേരുണ്ടായിരുന്നപ്പോഴാണ് ഏതെങ്കിലും തരത്തിൽ ഈ ചെയർമാൻെറ പേരിൽ അവിശ്വാസം രേഖപ്പെടുത്താൻ തുടങ്ങിയത്. അപ്പോഠം 15 പേരുണ്ടെങ്കിൽ മാത്രമേ അവിശ്വാസപ്രമേയം പാസ്സാകുകയുള്ളു എന്ന ഗതികേടു വന്നു. അതുകൊണ്ടാണ് പറഞ്ഞത് പ്രായോഗികതലത്തിൽ ഇതു ബുദ്ധിമുട്ടാണെന്ന്. അന്നത്തെ വകുപ്പു മന്ത്രി നഹ ഈ കാര്യത്തിൽ ഒരു ഭേദഗതി റൂളിൽ തന്നെ വരുത്താമെന്നു പറഞ്ഞിരുന്ന കാര്യം ഒരു പക്ഷേ ഇപ്പോഴത്തെ മന്ത്രി കോയാസാഹിബിനറിയില്ലായിരിക്കാം. ആത്തരത്തിലൊരു ഭേദഗതി വരുത്തിയില്ലെങ്കിൽ നമ്മുടെ ഭാവനയിലിരിക്കുന്ന ബില്ലിലും അങ്ങനെയൊര പകടം ഉണ്ടാകുമെന്നും അതുകൊണ്ട് സാംഗ്ഷൻഡ് സ്ട്രെങ്ത് നിലവിലുള്ള അംഗങ്ങളുടെ മെജോറിററിയായി മാററണമെന്നും ഉള്ളതിനെപ്പററി അന്നു ചിന്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്തതാണ്. അതുകൊണ്ടുകൂടിയാണ് ഞാനിതു പറയുന്നത്. വളരെയേറെ പ്രതീക്ഷയോടുകൂടി ഡിസ്ട്രിക്ററ് കൗൺസിലുകഠം രൂപീകരിക്കും. പത്തു നാല്പതംഗങ്ങളുമുണ്ടാകും. കുറേപ്പേർ അഭിപ്രായവ്യത്യാസത്തിൻെറ പേരിൽ രാജിവച്ചുപോയെന്നിരിക്കാം. ഇപ്പോഠം പേർഷ്യയിലൊക്കെ ജോലി കിട്ടുന്ന അവസരമായതുകൊണ്ട് അങ്ങനെയും ചിലർ പിരിഞ്ഞുപോയെന്നിരിക്കാം. ദുർഭരണമുണ്ടായാൽ മനഃസാക്ഷിയുള്ള ആളുകഠംക്ക് ആ പ്രസ്ഥാനവുമായി സഹകരിക്കാൻ സാധ്യമല്ലാത്തതുകൊണ്ടും ജനങ്ങളുടെ പ്രതിഷേധത്തിൻെറ മുമ്പിൽ തലയുയർത്തി നടക്കാൻ ബുദ്ധിമുട്ടായതുകൊണ്ടും ചിലർ രാജിവച്ചു പോകാൻ സാദ്ധ്യതയുണ്ട്. അങ്ങനെയാകുമ്പോഠം അവസാനം കൗൺസിലിൻെറ അംഗസംഖ്യ കുറയാനും ഒരിക്കലും മാറുകയില്ലെന്നു പറഞ്ഞുകൊണ്ട് ആളുകളെ ചാക്കിട്ടു പിടിച്ച് അധികാരത്തിൽ തുടരാൻ ശ്രമിക്കുന്ന ചെയർമാനെ മാററാൻ പ്രയാസമുണ്ടാകാനും ഇടയാകും. സാംഗ്ഷൻഡ് സ്ട്രെങ്ത് ഉണ്ടായിരിക്കണമെന്നു പറഞ്ഞാൽ വലിയ ബുദ്ധിമുട്ടാകും. അതേസമയത്ത് എൻെറ ഭേദഗതി—മെജോറിററി ഉണ്ടെങ്കിൽ മാററാമെന്നുള്ള ഭേദഗതി—അംഗീകരിക്കുകയാണെങ്കിൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കും. അതെപ്പററി ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണം. മുമ്പത്തെ ഭേദഗതികളോടു കാണിച്ച സമീപനം സ്വീകരിക്കാതെ, നിസ്സാരമായിത്തള്ളാതെ പ്രായോഗികമായ ബുദ്ധിമുട്ടനുഭവിച്ച ഒരു വ്യക്തി പറയുന്ന കാര്യം എന്ന നിലയിൽ ഇതു പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള: സാംഗ്ഷൻഡ് സ്ട്രെങ്ത് എന്നുള്ളതു മാററിയിട്ട് നിലവിലുള്ളതിൻെറ ഭൂരിപക്ഷം എന്നാക്കിയാൽ ഇന്നു നിലവിലിരിക്കുന്ന ഒരു മുനിസിപ്പാലിററിയിലും പഞ്ചായത്തിലും പ്രസിഡൻറുമാർക്കു തുടരാൻ സാധിക്കുകയില്ലെന്നുള്ളതറിയാമോ? അന്നന്നുള്ള അംഗങ്ങളുടെ ഭൂരിപക്ഷം എന്നുവച്ചാൽ എല്ലായിടത്തും ദിവസവും ദിവസവും അവിശ്വാസപ്രമേയം പാസാക്കുന്ന അനുഭവമായിരിക്കും ഉണ്ടാകുന്നത്. നിലവിലുള്ളതിൽ മൂന്നിൽ രണ്ടു ഭാഗം വോട്ടു ചെയ്താലേ ചെയർമാനേയോ പ്രസിഡൻറിനേയോ മാററാൻ പണ്ടു വ്യവസ്ഥയുണ്ടായിരുന്നുള്ളു. അതു മാററിയിട്ടാണ് സാംഗ്ഷൻഡ് സ്ട്രെങ്ത് ആക്കിയിരിക്കുന്നത്. ഇനി അതിലും കുറയ്ക്കുകയാണെങ്കിൽ ഒരു പഞ്ചായത്തിലും മുനിസിപ്പാലിററിയിലും ചെയർമാനും പ്രസിഡൻറും ഇരിക്കുകയില്ലെന്നുള്ളതായിരിക്കും അനുഭവം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. ജെ. ചാക്കോ: തെരഞ്ഞെടുക്കപ്പെടുന്ന ആളുകളുടെ പിന്തുണയുള്ള ഒരൊററ ആളല്ലാതെ ആരെയെങ്കിലും ചാക്കിട്ടു പിടിച്ചോ എന്തെങ്കിലും പ്രേരണയുടെ പേരിലോ ആരും അധികാരത്തിൽ തുടരരുത് എന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ചിലപ്പോഠം പലരും പല കാരണങ്ങളാൽ മാറിപ്പോയെന്നിരിക്കും. അപ്പോഠം പ്രസിഡൻറ് എന്തു ദോഷം കാണിച്ചാലും അഴിമതി കാണിച്ചാലും സ്വജനപക്ഷപാതം കാണിച്ചാലും ഡിസ്ട്രിക്ററിൻെറ താല്പര്യം പരിരക്ഷിക്കാതെ മുന്നോട്ടു പോയാലും അയാളെ മാററാൻ പാടില്ലെന്ന സാഹചര്യം വരും. അങ്ങനെ ഉണ്ടാകരുത് എന്നുള്ള നല്ല ഉദ്ദേശത്തോടു കൂടിയാണ് ഈ ഭേദഗതി കൊണ്ടു വന്നത്. ഇതംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഈ ഭേദഗതിയിൽ പറയുന്ന ഭയങ്ങളെല്ലാം ചില പ്രത്യേക സാഹചര്യത്തിൽ പഞ്ചായത്തു തിരഞ്ഞെടുപ്പ് നീണ്ടു പോയതുകൊണ്ടു ഉണ്ടായതാണ്. എങ്കിലും അദ്ദേഹം ഭയപ്പെടുന്നതുപോലെ സംഭവിക്കുകയാണെങ്കിൽ സ്വീകരിക്കുന്നതിന് എനിക്കു വിരോധമില്ല. ആ ഒബ്ജക്ഷൻ ഞാൻ തത്വത്തിൽ അംഗീകരിക്കുന്നു. അതിൻെറ വേർഡിംഗ് പിന്നീടു മാററാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വകുപ്പിൻെറ പരിഗണന നീട്ടി വച്ചിരിക്കുന്നു.

Clause: 42

The question that Clause 42 stands part of the Bill was put and carried. Clause 42 was added to the Bill.

Clause: 43

The question that Clause 43 stands part of the Bill was put and carried. Clause 43 was added to the Bill.

Clause: 44

Shri K. Anirudhan: Sir, I move my amendment. In clause 44 sub-clause (4) for the word "made" substitute the word "prescribed". സർ, സെക്രട്ടേറിയററിനു തന്നെ തിരുത്താവുന്നതേയുള്ളു എന്നാണെനിക്കു തോന്നുന്നത്. 'പ്രിസ്ക്രൈബ്ഡ്' എന്നെഴുതിയാലേ ശരിയാകുകയുള്ളു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

The amendment moved by Shri K. Anirudhan was put and lost.

The question that Clause 44 stands part of the Bill was put and carried.

Clause 44 was added to the Bill.

2/448--21

LIBRARY ARCHIVES Kerala Legislative Assembly

Clauses 45 to 47

The question that clauses 45 to 47 stand Part of the Bill were put and carried.

Clauses 45 to 47 were added to the Bill.

Clause 48

Shri P.C. Joseph: I move my amendment: In section 48 for the word "1st day of July" substitute the words "1st day of April".

സർ, ഗവൺമെൻറിൻെറ സാമ്പത്തികവർഷം അവസാനിക്കുന്നത് മാർച്ച് 31-ാം തീയതിയും ആരംഭിക്കുന്നത് ഏപ്രിൽ 1-ാം തീയതിയുമാണ്. ജില്ലാ കൗൺസിലിൻെറ മാത്രം സാമ്പത്തികവർഷം ജൂൺ 30-ാം തീയതി അവസാനിച്ച് ജൂലൈ ഒന്നാം തീയതി ആരംഭിക്കുമ്പോൾ സാങ്കേതികമായി പല ബുദ്ധിമുട്ടുകളും തകരാറുകളും വരുമെന്നാണ് എൻെറ അഭിപ്രായം. ഇപ്പോൾ നമ്മുടെ ജില്ലാ കൗൺസിലുകൾക്ക് പണം നൽകുന്നതിനു വേണ്ടിയുള്ള ഒരു ധനകാര്യകമ്മീഷൻെറ കാര്യം ഇവിടെ ശുപാർശ ചെയ്തിട്ടുണ്ട്. ധനകാര്യകമ്മീഷൻെറ ചുമതല വൈകിപ്പോകും എന്നുള്ളതുകൊണ്ടാണ് ബഡ്ജററ് പാസ്സായതിനു ശേഷം ജില്ലാ കൗൺസിലുകളുടെ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനു വേണ്ടി ഈ മൂന്നുമാസം കൊടുത്തിരിക്കുന്നത് എന്നു പറയുന്നതിൽ അർത്ഥമില്ല. ജില്ലാ കൗൺസിലുകളുടെ പരിപാടികൾ അപ്പോൾ തന്നെ ആവിഷ്ക്കരിക്കാവുന്നതും അതിനനുസരണമായി ജില്ലാ കൗൺസിലുകൾക്ക് മുന്നോട്ടു പോകാൻ സാധിക്കുന്നതുമാണ്. പൊതു ചർച്ചാ സമയത്ത ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരുടെ ഭാഗത്തു നിന്നും വന്ന ഒരു നിർദ്ദേശം ഈ ധനകാര്യകമ്മീഷനു പകരം, ചില ടാക്സുകൾ ചില നിബന്ധനകളോടു കൂടി ജില്ലാ കൗൺസിലുകൾക്ക് പിരിക്കുന്നതിനുള്ള അനുവാദം നൽകണമെന്നതാണ്. സ്വാഭാവികമായി ഈ ധനകാര്യ കമ്മീഷൻെറ പ്രവർത്തനം ഇടയ്ക്കുവച്ച് തടസ്സപ്പെടാൻ ഇടയായാൽ ജില്ലാ കൗൺസിലുകൾക്ക് ടാക്സ് പിരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കൊടുക്കണം. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ജൂൺ 30-ാം തീയതി അവസാനിച്ച് ജൂലൈ ഒന്നാം തീയതി ആരംഭിക്കുന്നത് പ്രായോഗികമായി പല തടസ്സങ്ങൾക്കും കാരണമാകാൻ സാദ്ധ്യതയുള്ളതുകൊണ്ട് അതു നേരത്തെ മനസ്സിലാക്കി ഗവൺമെൻറിൻെറ സാമ്പത്തിക വർഷം പോലെ തന്നെ മാർച്ച് 31-ാം തീയതി അവസാനിച്ച് ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കണം. ഈ നിർദ്ദേശം സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. സംസ്ഥാന ബഡ്ജററ് പാസ്സാക്കിക്കഴിഞ്ഞശേഷം അതു പ്രകാരം അലോട്ടു ചെയ്യുന്ന തുക നിയമനിർമ്മാണ പ്രവർത്തനത്തിനു വേണ്ടി ജില്ലാ തലത്തിൽ വിഭജിക്കുന്നതിന് കഴിയണം. അതിനു ശേഷം മാത്രമേ ഒരു ഡിസ്ട്രിക്ററ് കൗൺസിലിന് അലോട്ടു ചെയ്യുന്ന സംഖ്യ എത്രയാണെന്ന് കണക്കാക്കാൻ കഴിയൂ. അതിനു മുമ്പ് കണക്കു കൂട്ടാൻ പോയാൽ ആകാശത്തു നോക്കി വെടിവയ്ക്കുന്ന സമ്പ്രദായം പോലെയാകും. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ പി. പി. എസ്തോസ്: ഫൈനാൻസ് കമ്മീഷനും വാർഷിക ബഡ്ജററുമായി ബന്ധമില്ല. ഫൈനാൻസ് കമ്മീഷൻ മുമ്മൂന്നു വർഷം കൂടുമ്പോഴ് നിയമിക്കുന്ന ഒരു കമ്മീഷൻ ആണ്. ഗവൺമെൻറ് പാസ്സാക്കുന്ന ബഡ്ജററ് അനുസരിച്ചുള്ള അലോട്ടുമെൻറ് മാർച്ചു മാസം 31-ാം തീയതിക്കു ശേഷമേ കിട്ടുകയുള്ളൂ. അതുകൊണ്ട് അതിനുള്ള ടൈമാണ് ഈ മൂന്നു മാസം. ഈ ഫിനാൻഷ്യൽ ഈയർ സെലക്ററ് കമ്മിററി വലിയ ചർച്ചക്കുശേഷമാണ് ഇന്നത്തേതുപോലെ അംഗീകരിച്ചത്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കാൻ പാടില്ലെന്ന് ആണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദ്കോയ): ബഹുമാനപ്പെട്ട എസ്തോസും കുറുപ്പും പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു.

The amendment moved by Shri P. C. Joseph was, by leave, withdrawn.

The question that clause 48 stands part of the Bill was put and carried.

Clause 48 was added to the Bill.

Clause: 49

Shri C. A. Kurian: Sir, I move: In clause 49 add the following at the end namely "but such grants shall not be less than fifty per cent of the revenue collected through various agencies by the Government during the previous year". സർ, ഈ ഗ്രാൻറ് കൊടുക്കുന്നതിനുള്ള എമൗണ്ട് എന്തായിരിക്കണമെന്നു നിശ്ചയിക്കുന്നതിനുവേണ്ടി ഒരു ഫൈനാൻസ് കമ്മീഷനെ നിയമിക്കാൻ ഈ ബില്ലിൽ വ്യവസ്ഥയുണ്ട്. പക്ഷേ ഫൈനാൻസ് കമ്മീഷൻ എങ്ങനെ ശുപാർശ നൽകണമെന്നുള്ള ഒരു ഗൈഡ് ലൈൻ ഈ ബില്ലിൽ പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ചില ജില്ലകഠം വ്യാവസായികമായി പുരോഗമിച്ച ജില്ലകളാണ്. ചില ജില്ലകഠം വന സമ്പത്തുള്ളവയാണ്. ചില ജില്ലകഠം ഇലക്ട്രിസിററി ഉൽപ്പാദിപ്പിക്കുന്നവയാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ മൊത്തം പരിശോധിച്ചാൽ ചില ജില്ലകഠം പല കാരണങ്ങഠംകൊണ്ടും സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നു കാണാം. എന്നാൽ പിന്നോക്കം നിൽക്കുന്ന ജില്ലകളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇടുക്കി ഉണ്ട്, മലപ്പുറം ഉണ്ട്, കോഴിക്കോടു ജില്ലയുടെ പല ഭാഗങ്ങളുമുണ്ട്. സർ, ഇടുക്കിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ 60 ശതമാനം ഇടുക്കി ജില്ലയിൽ നിന്നാണ്. കേരളത്തിലെ വ്യവസായങ്ങഠംക്കും കാർഷിക വിളകഠംക്കും മെച്ചപ്പെട്ട കൃഷി സമ്പ്രദായം ആവിഷ്കരിക്കുന്നതിനും വിദ്യുച്ഛക്തി ആവശ്യമാണ്. അത് 60 ശതമാനവും ഇടുക്കിയിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നതെങ്കിലും ആ ജില്ലയിലെ ഗാർഹിക ആവശ്യങ്ങഠംക്ക് വിദ്യുച്ഛക്തി കണക്ഷൻ ഉള്ളത് ഒരു ലക്ഷം ആളുകളിൽ 921 പേർക്കു മാത്രമാണ്. സംസ്ഥാനമൊട്ടാകെയുള്ള കണക്കാണെങ്കിൽ ഒരു ലക്ഷം ആളുകളിൽ ഗാർഹിക ആവശ്യങ്ങഠംക്ക് വേണ്ടിയുള്ള വിദ്യുച്ഛക്തി കണക്ഷൻ ഉള്ളത 2170 പേർക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി ഉൽപ്പാദനത്തിൽ മുന്നിലാണെങ്കിലും പല കാരണങ്ങൾകൊണ്ടും ആ ജില്ല ഇന്ന് വളരെ പിറകിലാണ്. സർ, കേരളത്തിൽ 10 ലക്ഷം ഹെക്ററർ വനഭൂമിയുണ്ട്. അതിൽ രണ്ടു ലക്ഷത്തിഅറുപതിനായിരം ഹെക്ററും ഇടുക്കി ജില്ലയിലാണ്. കേരളത്തിലെ ജനസംഖ്യ 213 ലക്ഷമാണ്. ഇടുക്കിയിലാണെങ്കിൽ എട്ടു ലക്ഷം. അതായത് ആകെ ഉള്ളതിന്റെ 3.6 ശതമാനമാണ്. അങ്ങനെ വനസമ്പത്തും പ്രകൃതി സമ്പത്തും ഉള്ള ജില്ലയാണെങ്കിൽ തന്നെയും ഇന്ന് പല കാര്യത്തിലും ആ ജില്ല പിറകിലാണ്; വിദ്യാഭ്യാസ കാര്യത്തിലാണെങ്കിലും ശരി, ആശുപത്രിയുടെ കാര്യത്തിലാണെങ്കിലും ശരി വളരെ പിറകിലാണ്. സർ, ജില്ലാ കൗൺസിലുകൾക്ക് ഗ്രാൻറ് കൊടുക്കുമ്പോൾ ജില്ലയുടെ പിന്നോക്കാവസ്ഥകൂടി പരിഗണിക്കണം. ഫൈനാൻസ് കമ്മീഷന് വേണ്ട ഗൈഡ്ലൈൻ കൊടുത്തിട്ടില്ലാത്തതുകൊണ്ടാണ് ഞാൻ ഈ അമെൻറുമെൻറ് കൊണ്ടുവന്നത്. കേരളത്തിലെ മൊത്തം റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ഗ്രാൻറായി മാററിവയ്ക്കണമെന്നുള്ളതാണ് ഈ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. അത് ജില്ലാടിസ്ഥാനത്തിലല്ല, മൊത്തം റവന്യൂ വരുമാനത്തിന്റെ ഒരു ക്ലിപ്ത ശതമാനമെങ്കിലും ഈ ജില്ലകളുടെ പ്രവർത്തനത്തിനു വേണ്ടി ഗ്രാൻറായി മാററിവയ്ക്കണമെന്നുള്ള ഗൈഡ്ലൈൻ ഫൈനാൻസ് കമ്മീഷന് കൊടുക്കുന്ന തരത്തിൽ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണം. അതുകൊണ്ടാണ് ഈ രീതിയിലുള്ള ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഇത് പരിഗണിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഓരോ ഡിസ്ട്രിക്ററിന്റെയും റവന്യൂ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്നാണോ?

ശ്രീ. സി. എ. കുര്യൻ: അല്ല, വാക്കാൽ ഞാൻ തിരുത്തുന്നു, സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ജില്ലകൾക്ക് ഗ്രാൻറായി കൊടുക്കുന്നതിന് നീക്കി വയ്ക്കണമെന്നാണ്.

ശ്രീ. കെ. സി. വാമദേവൻ: ഓരോ ജില്ലയ്ക്കും നീക്കിവയ്ക്കുന്നതിന്റെ അടിസ്ഥാനം എന്താണ്?

ശ്രീ. സി. എ. കുര്യൻ: പിന്നോക്കാവസ്ഥ പ്രത്യേകം പരിഗണിക്കണം. പത്തിരുപത്തേഴു വർഷക്കാലമായി പല രംഗങ്ങളിലും അവഗണിക്കപ്പെട്ട ജില്ലകളുണ്ട്. പുതിയതായി രൂപംകൊണ്ട ജില്ലകളുണ്ട്. ഞാൻ ഇടുക്കി ജില്ലയെക്കുറിച്ചു മാത്രം പറയുകയാണ്. ഇടുക്കി ജില്ലയെക്കുറിച്ചു പറഞ്ഞാൽ ഇപ്പോഴും അതിന്റെ ജില്ലാ ആഫീസുകൾ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, പി. ഡബ്ലിയു. ഡി., ഡിസ്ട്രിക്ററ് ട്രഷറി, ഡിസ്ട്രിക്ററ് പഞ്ചായത്താഫീസ് ഇതൊക്കെ ഇടുക്കി ജില്ലയ്ക്കു പുറത്താണ്. അതിന്റെ പിന്നോക്കാവസ്ഥ പരിഗണിക്കണം. അതിന് ഒരു ഗൈഡ്ലൈൻ ഫൈനാൻസ് കമ്മീഷന് ഉണ്ടായിരിക്കണം എന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. വാമദേവൻ: ജനസംഖ്യ അതിന്റെ പ്രധാന ഘടകമായിരിക്കണമോ വേണ്ടയോ—അതാണെനിക്കു അറിയേണ്ടത്. ഓരോ ജില്ലയിലേയും ജനസംഖ്യ വിഹിതം കൊടുക്കുന്നതിൽ പ്രധാനഘടകമാണോ അല്ലയോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ജനസംഖ്യ മാത്രമായി നമ്മാം പരിഗണിച്ചിട്ടില്ല. ആ പ്രദേശത്തിന്റെ പ്രത്യേകതകാം പരിഗണിച്ചുകൊണ്ടാണ് ഇതുവരെ ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട കുര്യൻ അവതരിപ്പിച്ച ഭേദഗതിയോടു ഞാൻ എതിർപ്പു രേഖപ്പെടുത്തുകയാണ്. ശരിക്കു പറഞ്ഞാൽ ഇടുക്കിയുടെ കാര്യം അദ്ദേഹം വളരെ വാചാലമായി വാദിച്ചു. അതുതന്നെ മലപ്പുറം ജില്ലയെക്കുറിച്ചും പറയാനുണ്ടാകും. പക്ഷേ ഒരു നിയമത്തിൽ ഏതെങ്കിലും ജില്ലയെ മാത്രം മുന്നിൽ കണ്ടുകൊണ്ട് ശതമാനം കണക്കാക്കിയാൽ ഇനി ഏതെങ്കിലും ഒരവസരത്തിൽ മാറേറണ്ടിവന്നാൽ അതിനുവേണ്ടി മാത്രം ഭേദഗതി അവതരിപ്പിക്കേണ്ടി വരും. പിന്നെ, ഫൈനാൻസ് കമ്മീഷന്റെ പ്രൊവിഷനുമുണ്ട്. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമില്ലെന്നും ബഹുമാനപ്പെട്ട മെമ്പർ അതു പിൻവലിക്കുന്നതായിരിക്കും നല്ലത് എന്നുമാണ് എന്റെ അഭിപ്രായം.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: സർ, ശ്രീ. കുര്യൻ ഇടുക്കിയുടെ പിന്നോക്കാവസ്ഥയെക്കുറിച്ചൊക്കെ പറഞ്ഞെങ്കിലും ഭേദഗതിയിൽ അതൊന്നും വരുന്നില്ല. ആകെ എത്രഅലോട്ടു ചെയ്യണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അത് റൂംസ് ഫ്രെയിം ചെയ്യുമ്പോാം ആകാം. അദ്ദേഹത്തിന്റെ മനസ്സിൽ നല്ല ഉദ്ദേശ്യങ്ങാം ഉണ്ടായിരുന്നു. പക്ഷേ ഭേദഗതിയിൽ അതൊന്നും വന്നില്ല എന്നതാണ് പരിതാപകരമായ സംഗതി. ഏതായാലും അതൊക്കെ റൂംസിൽ പ്രൊവൈഡു ചെയ്യാൻ ഗവൺമെന്റ് ശ്രദ്ധിക്കുന്നതായിരിക്കും എന്നേ എനിക്കു പറയാനുള്ളു.

The amendment moved by Shri C. A. Kurian was, by leave, withdrawn.

The question that clause 49 stands part of the bill was put and carried.

Clause 49 was added to the Bill.

Clause : 50

Shri K. Anirudhan: I move: In clause 50, sub-clause (1) after the word "Chairman" add the words "who is a serving or retired High Court Judge".

ഈ ക്ലാസിൽ ഒരു ഫൈനാൻസ് കമ്മീഷനെക്കുറിച്ചാണല്ലോ പറയുന്നത്. വലിയ അധികാരങ്ങളും കാശു ചെലവാക്കുന്നതു സംബന്ധിച്ച കാര്യങ്ങളും ഒക്കെ ഉള്ളതാണ്. ഒരു ജുഡീഷ്യൽ വ്യൂ വേണമെന്നുള്ളതാണ് ഭേദഗതിയുടെ ഉദ്ദേശ്യം. ഒരു ജുഡീഷ്യൽ മൈൻഡ് ഉള്ള ഹൈക്കോടതി ജഡ്ജിയെയോ അല്ലെങ്കിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ എങ്കിലുമോ ആ കാര്യത്തിനുവേണ്ടി നിയോഗിക്കണം.

ശ്രീ. കെ. കരുണാകരൻ: ജുഡീഷ്യൽ മൈൻഡിനേക്കാാം കൂടുതൽ സാമ്പത്തിക കാര്യങ്ങാം പരിഗണിക്കാൻ കഴിവുണ്ടായിരിക്കുകയല്ലേ വേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അനിരുദ്ധൻ: സാമ്പത്തികകാര്യങ്ങളെപ്പററി ജുഡീഷ്യൽ മൈൻഡ് ഉള്ളയാളിനു വിവരമുണ്ടായിക്കൂടെന്നില്ല.

Mr. Deputy Speaker: Amendment No. 141 by Shri T.M.Jacob is not in order as it is for the deletion of the clause. Hence the amendment need not be moved. If you want you can speak.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഇങ്ങനെ നിർദേശിക്കാനുണ്ടായ കാരണം: സെലക്ററു കമ്മിററിക്ക് ഇത് റിപ്പോർട്ടിനുവേണ്ടി അയച്ച അവസരത്തിൽ ഇങ്ങനെയൊരു കമ്മിഷനെ നിയമിക്കുന്ന കാര്യം ഇതിൽ പറഞ്ഞിരുന്നില്ല. ഇതിന് കാരണമായി സെലക്ററു കമ്മിററി ചൂണ്ടിക്കാണിച്ചിരിക്കുന്നത് "The committee consider that an independent authority should be created for recommending the quantum of aid to be given to the District Councils. The Committee has, therefore, inserted a new clause providing for the constitution of a finance Commission for the District Councils" എന്നാണ്. ഇതിൽ ഇങ്ങനെയൊരു കമ്മിഷനെ നിയമിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ജില്ലാ കൗൺസിലുകൾക്ക് കൂടുതൽ വരുമാനമാർഗ്ഗങ്ങൾ ഉണ്ടാകണമെന്നുള്ള അഭിപ്രായം പൊതുവേ ഉയർന്നു വന്നിട്ടുണ്ട്. അശോകമേത്താ കമ്മിററി അവരുടെ റിപ്പോർട്ടിനകത്തും ജില്ലാ കൗൺസിലുകൾക്ക് വരുമാനമാർഗ്ഗമുണ്ടാക്കേണ്ട ആവശ്യകതയെക്കുറിച്ചു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇന്നു നമ്മുടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഓരോ പ്ലാനിംഗ് ആഫീസേഴ്സിനെ നിയമിച്ചിട്ടുണ്ട്. ഐ. എ. എസ്. കാരായിട്ടുള്ള 11 ആളുകളെ പ്ലാനിംഗ് ആഫീസേഴ്സായി 11 ജില്ലകൾക്കും നിയമിച്ചു കഴിഞ്ഞ ശേഷം ഇങ്ങനെയൊരു ഫൈനാൻസ് കമ്മിഷനെ നിയോഗിക്കുന്നുവെന്നു പറയുന്നത് കുറേക്കൂടി പണച്ചെലവുണ്ടാക്കുമെന്നല്ലാതെ അതുകൊണ്ടു പ്രയോജനമൊന്നും ലഭിക്കാൻ പോകുന്നില്ല. ക്ലാസ് 49-ൽ എഴുതിയിട്ടുണ്ട്; അതുപോലെ തന്നെ ക്ലാസ് 51-ൽ ഉണ്ട്. 49-ൽ ഗ്രാൻറ് കൊടുക്കുന്ന കാര്യങ്ങളെക്കുറിച്ചു പറയുന്നു. 51-ൽ ഗ്രാൻഡ് ആൻഡ് ലോൺസ് ഫോർ സ്കീംസ് ആൻഡ് പ്രോജക്ററ്സ് എന്നു പറഞ്ഞ് ചേർത്തിട്ടുണ്ട്. അങ്ങനെ പ്രത്യേകമായിട്ടു പറഞ്ഞിട്ടുണ്ട്. അപ്പോൾ ഈ നിയമസഭ ഓരോ കാര്യങ്ങൾക്കും പ്രത്യേകം പാസാക്കിക്കൊടുക്കുന്ന പണമാണ് ജില്ലാ കൗൺസിൽ ചെലവാക്കേണ്ടത്. അതുപോലെ പ്ലാനിങ്ങിനെ സംബന്ധിച്ചിടത്തോളം, നമ്മൾ ഇപ്പോൾ ഈ ഫൈനാൻസ് കമ്മിഷനെ നിയമിക്കുന്നത് ഓരോ ജില്ലയ്ക്കും എന്തു വിഹിതം കൊടുക്കണം എന്നുള്ളതിനെക്കുറിച്ചൊക്കെ ചർച്ച ചെയ്യുന്നതിന്, അല്ലെങ്കിൽ അവരുടെ അഭിപ്രായങ്ങൾ അറിഞ്ഞുഗവൺമെൻറിന് ഒരു തീരുമാനമെടുക്കുന്നതിന് ആണ്. അവരുടെ ഭാഗത്തുനിന്നു വരുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ചശേഷമേ ഗവൺമെൻറ് തീരുമാനമെടുക്കുകയുള്ളു. അങ്ങനെ തീരുമാനമെടുക്കാനുള്ള ഒരു പരിഗണന ഇവിടെ ഉള്ള സ്ഥിതിക്ക് പിന്നെ ഇതിന്റെ ആവശ്യമില്ല. ക്ലാസ് 50 സബ് ക്ലാസ് (6) ൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. "The recommendations of the Finance Commission shall be accepted by the Government with such suitable modifications as are deemed necessary with effect from such date as is notified in the Gazette". ഇങ്ങനെയൊക്കെ പറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ ഇത് വെറുതെ ഒരു ദുർചെലവ് സംസ്ഥാനത്തിനു വീണ്ടും ഉണ്ടാക്കുമെന്നേയുള്ളു; അതുപോലെ സംസ്ഥാനഗവൺമെൻറും ജില്ലാ കൗൺസിലുകളും തമ്മിൽ

LIBRARY ARCHIVES Kerala Legislative Assembly

വാദപ്രതിവാദങ്ങളും വഴക്കും തർക്കങ്ങളും ഉണ്ടാകാനിടയാക്കും. അതു കൊണ്ട് ഇതാവശ്യമില്ല. ഗ്രാൻറു കൊടുക്കാൻ പ്രത്യേക നിബന്ധനക ളുണ്ട്. അതുപോലെതന്നെ ഇതിനെക്കുറിച്ചു പരിശോധിക്കാൻ പ്രത്യേകം സംവിധാനമുണ്ട്. നിയമസഭതന്നെ ചർച്ച ചെയ്തു ബഡ്ജററു പാസാക്കുന്നു. ഇതിൻെറയെല്ലാമടിസ്ഥാനത്തിൽ, കമ്മീഷനെ നിയമിക്കണമെന്നുള്ള ....

ശ്രീ ഇ. ചന്ദ്രശേഖരൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ജില്ലാ സമി തിയെ സ്വതന്ത്രമായ ഒരു ഭരണയൂണിററായിക്കാണുന്നുണ്ടോ, അതോ ഗവൺമെൻറിൻെറ ഡെവലപ്മെൻറൽ വിങ്ങ് പോലെയാണോ? സ്വത ന്ത്രമായ ഒരു പ്രത്യേക സംവിധാനമാണോ? അശോക് മേത്താ കമ്മിററി റിപ്പോർട്ടൊക്കെ ഉദ്ധരിച്ചതുകൊണ്ടു ചോദിക്കുകയാണ്. ഒരു ഇൻഡിപെൻഡൻറ് ഇലക്ഷനിൽക്കൂടി വരുന്ന ഒരു അഡ്വൈസറി ബോഡി എന്ന നിലയിലുള്ള സങ്കല്പമാണോ?

ശ്രീ. ടി. എം. ജേക്കബ്: ഡി. ഡി. സി. മാതിരിയല്ല; അവർക്കു പ്രത്യേകമായ അധികാരങ്ങൾ കൊടുക്കണമെന്ന അഭിപ്രായം തന്നെയാണ്. ജില്ലാ കൗൺസിലുകൾക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നും അവർ സ്വതന്ത്രമായി ഭരിക്കണമെന്നും ഉള്ള അഭിപ്രായത്തോടു യോജി ക്കുന്നു. പക്ഷേ അതിന് ഈ ഫൈനാൻസ് കമ്മിഷൻ സഹായകമാവു കയില്ല. നമ്മൾ പ്ലാനിംഗ് ആഫീസേഴ്സിനെ നിയമിച്ചിട്ടുണ്ട്, പതിനൊന്നു പേരെ. അവർ ഈ സംസ്ഥാനത്തെ ഓരോ ജില്ലയുടേയും കാര്യങ്ങൾ ചർച്ച ചെയ്യാൻ...........

ശ്രീ. ആർ. സുന്ദരേശൻ നായർ: ഈ 11 പ്ലാനിംഗ് ആഫീസർമാർ ചെയ്യാൻ പോകുന്ന ജോലിയല്ല ഈ ഫൈനാൻസ് കമ്മിഷനെ ഏൽപ്പിച്ചത് എന്നു മനസ്സിലായിട്ടുണ്ടോ? രണ്ടും വ്യത്യസ്തമാണ്. ഒന്ന് പ്ലാനിങ്ങിൻെറ ആവശ്യകതകൾ പഠിക്കുകയാണ്...........

ശ്രീ.ടി. എം. ജേക്കബ്: ഫലത്തിൽ രണ്ടും ഒന്നു തന്നെ ആയിട്ടാണ് വരാൻ പോകുന്നത്.

ശ്രീ ആർ. സുന്ദരേശൻ നായർ: രണ്ടും വളരെ വ്യത്യസ്തമാണ്.

ശ്രീ. ടി. എം. ജേക്കബ്: അല്ല. രണ്ടും ഫലത്തിൽ ഒന്നുതന്നെ. ഫൈനാൻസ് കമ്മിഷനെ നിയമിച്ചത് ഗവൺമെൻറിന് നിർദ്ദേശങ്ങൾ കൊടുക്കുന്നതിനാണ്. ജില്ലയിൽനിന്നു സംസ്ഥാനത്തിനു നിർദ്ദേ ശങ്ങൾ കൊടുക്കാനാണ്. പ്ലാനിംഗ് ആഫീസേഴ്സിൻെറയും ഡ്യൂട്ടി അതുതന്നെയാണ്. രണ്ടു പേരിൽ അറിയപ്പെടുന്നു എന്നുള്ളതല്ലാതെ അവരുടെ ഫങ്ഷനിൽ വ്യത്യാസം വരുന്നില്ല. അതുകൊണ്ട് കമ്മി ഷനെ നിയമിക്കേണ്ട ആവശ്യമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: കേന്ദ്രത്തിൽ തന്നെയുള്ള പ്ലാനിംഗ് കമ്മിഷൻെറയും ഫൈനാൻസ് കമ്മീഷൻെറയും ജോലി വ്യത്യസ്തമാണ്. അതു മനസ്സിലാക്കിയിട്ടു വേണം സംസാരിക്കാൻ.

ശ്രീ. ടി. എം. ജേക്കബ്: കേന്ദ്രഗവൺമെൻറിനെയും സംസ്ഥാന ഗവൺമെൻറുകളെയും പോലെ സംസ്ഥാന ഗവൺമെൻറിനെയും ജില്ലാ കൗൺസിലുകളെയും കാണാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ഇ. അഹമ്മദ്: സബ് ക്ലാസിൽ പറഞ്ഞിരിക്കുന്നു:

"any other matter referred to the commission by the Government in the interests of sound finances and efficient functioning of the district council." ഇത് പ്ലാനിംഗ് ഓഫീസറെക്കൊണ്ടു നിർവ്വഹിക്കാൻ സാധിക്കുമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. ടി. എം. ജേക്കബ്: അവർക്കു കൊടുത്തിരിക്കുന്ന ടേംസ് ഓഫ് റഫറൻസിൽ അവരോട് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നു പരിശോധിക്കേണ്ടിയിരിക്കുകയാണ്. എന്തായാലും അവരെ നമ്മൾ ചുമതലപ്പെടുത്തിയിരിക്കുന്നത് ജില്ലയുടെ വികസനവും ജില്ലയുടെ പ്ലാനിംഗും സംബന്ധിച്ച കാര്യങ്ങൾക്കാണ്. അങ്ങനെയുള്ള ഒരു തലത്തിൽനിന്നുകൊണ്ട് ഇത്തരത്തിലുള്ള ഒരു കമ്മിഷനെ നിയമിക്കേണ്ട ആവശ്യമില്ല. അത് കൂടുതൽ പാഴ്ച്ചെലവ് നമ്മുടെ സംസ്ഥാനത്തിനു ഉണ്ടാക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്.

ശ്രീ. യു. എ. ബീരാൻ: സർ, ബഹുമാനപ്പെട്ട ജേക്കബ് ഇവിടെ പറഞ്ഞ അഭിപ്രായത്തെ ഞാനെതിർക്കുകയാണ്. വികേന്ദ്രീകരണത്തെപ്പററി സംസാരിക്കുന്നു. അദ്ദേഹംതന്നെ അശോകമേത്താ കമ്മിററി റിപ്പോർട്ടു പല തവണ ഇവിടെ ഉദ്ധരിച്ചു. വികേന്ദ്രീകരണത്തെക്കുറിച്ചു പറയുകയും ഡിസ്ട്രിക്ററ് കൗൺസിലുകൾക്ക് പ്രവർത്തിക്കാൻ പണമില്ലാതിരിക്കുകയും ചെയ്യുമ്പോൾ ഡിസ്ട്രിക്ററ് കൗൺസിലുകൾക്ക് എന്തു ചെയ്യാൻ കഴിയുംഎന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ജില്ലകളിൽ പ്ലാനിംഗ് ആഫീസർമാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുള്ളത് പഞ്ചവൽസര പദ്ധതികൾ അടിത്തട്ടിൽനിന്ന് ആവിഷ്ക്കരിക്കാനുള്ള പ്രവൃത്തികൾ ചെയ്യാൻ വേണ്ടിയാണ്. നേരെമറിച്ച് ഈ നിയമപ്രകാരം ജില്ലാ കൗൺസിലുകൾ നിലവിൽ വരികയാണ്. അങ്ങനെ നിലവിൽവരുന്ന ജില്ലാ കൗൺസിലുകൾക്ക് ചില ചുമതലകൾ സംസ്ഥാന ഗവൺമെൻറ് വിട്ടു കൊടുത്തിരിക്കുന്നു; അധികാരം വികേന്ദ്രീകരിച്ചിരിക്കുന്നു. ആ ചുമതലകൾ നിർവ്വഹിക്കാൻ വേണ്ടി ജില്ലാ കൗൺസിലുകൾക്ക് പണം ആവശ്യമാണ്. സ്വന്തമായ വരുമാന മാർഗ്ഗങ്ങളുടെ കാര്യം പറഞ്ഞാൽ, അവർക്കു നികുതി പിരിക്കാൻ അധികാരമില്ല. ആ സ്ഥിതിയ്ക്കു ഗവൺമെൻറിൻെറ വരുമാനത്തിൽനിന്ന് ഗണ്യമായിട്ടുള്ള സംഖ്യ ജില്ലാ കൗൺസിലുകൾക്കു നൽകിയാൽ മാത്രമേ അവർക്കു പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. അതുമാത്രമല്ല; പല വിധത്തിലുള്ള കാര്യങ്ങളും അതിൽ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ജില്ലകളുടെ പിന്നോക്കാവസ്ഥ, ജനസംഖ്യ മുതലായവ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ആ സ്ഥിതിക്ക് ഈ ബില്ലിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കമ്മീഷൻ ആവശ്യമാണ്.

(Shri Vakkom Purushothaman in the Chair)

5 p.m] ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഈ ബില്ല് സെലക്ററ് കമ്മിററിക്ക് പോകുന്നതിനുമുമ്പ് ഇവിടെ അവതരിപ്പിച്ചപ്പോൾ ഫൈനാൻസ് കമ്മീഷൻെറ ആവശ്യകതയെക്കുറിച്ച് ഞാൻ സംസാരിച്ച അവസരത്തിൽ എൻെറ ഓർമ്മ ശരിയാണെങ്കിൽ എൻെറ സ്നേഹിതൻ ജേക്കബ് അതിനെ അനുകൂലിക്കുകയാണ് ചെയ്തത്. പഠിച്ച് പഠിച്ച്....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, സെലക്റ്റ് കമ്മിററി റിപ്പോർട്ട് ഇവിടെ വന്നപ്പോൾ ഞാൻ സംസാരിച്ചില്ല, ഈ ബില്ലിനെപ്പററി.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഞാൻ സംസാരിച്ചപ്പോൾ ചോദ്യം ചോദിച്ചപ്പോൾ ഇടയിൽ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് എനിക്ക് വിരോധമില്ല എന്നാണ്. ഫൈനാൻസ് കമ്മീഷനെക്കുറിച്ച് ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം ഇടയ്ക്കു കയറി ചോദിച്ചു.

ചെയർമാൻ: (ശ്രീ. വക്കം പുരുഷോത്തമൻ): ഈ വിഷയത്തിലേക്കു വരണം.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഏതായാലും ഓതിയോതി ഉള്ള ബുദ്ധിയും പോയെന്നു പറഞ്ഞപോലെ ഇതുവരെ വളരെ ശക്തിയായി വാദിച്ച ശ്രീ.ടി. എം. ജേക്കബ് സ്വതന്ത്രമായ അധികാരം വേണമെന്ന്.....

ശ്രീ. ടി. എം. ജേക്കബ്: അധികാരം കൊടുക്കരുത് എന്ന് പറഞ്ഞില്ല. ഞാൻ അധികാരം കൊടുക്കരുതെന്നോ വരുമാനമാർഗ്ഗം കൊടുക്കരുതെന്നോ പറഞ്ഞില്ല. കൂടുതൽ ദുർവ്യയം ഉണ്ടാകുമെന്നുള്ളതുകൊണ്ട് മാത്രം വേണ്ടെന്ന് പറഞ്ഞതാണ്. അധികാരം വികേന്ദ്രീകരിച്ച് കൊടുക്കണം. വരുമാനമാർഗ്ഗങ്ങളൊക്കെ കൊടുക്കാവുന്നിടത്തോളം കൊടുക്കണം. അക്കാര്യത്തിൽ എനിക്ക് വിയോജിപ്പില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ബഹുമാനപ്പെട്ട ബീരാൻ സാഹിബ് ചൂണ്ടിക്കാണിച്ചതിന്റെ നേരെ മീതെയെന്ന് വായിച്ചാൽ ടി. എം. ജേക്കബിന് കുറച്ചുകൂടി വ്യക്തമാകും. "The possibility of assigning to the district council a percentage of the proceeds from any tax levied and collected by the Government from that district." ഏകദേശം ഈ പറഞ്ഞ മാതിരി തന്നെ ഡിസ്ട്രിക്റ്റ് കൗൺസിലിന് നികുതി പിരിക്കാനുള്ള അധികാരമൊന്നും കൊടുത്തിട്ടില്ല. ഇവർക്ക് ഗ്രാൻറ് ഇൻ എയിഡും ഗവൺമെൻറ് കൊടുക്കുന്ന മററു കാര്യങ്ങളും ആ ഭാഗത്തുനിന്നുള്ള ടാക്സുകളുടെ ചില ഭാഗങ്ങളും ആണുള്ളത്. ഇപ്പോൾ സംസ്ഥാനത്തിന്റെ കാര്യം പറയുമ്പോൾ അധികാര വികേന്ദ്രീകരണം പറയുമ്പോൾ ടി.എം. ജേക്കബും ഒക്കെ പറയാറുണ്ട്, അങ്ങനെ ഇവയുടെ കൂട്ടത്തിൽ കോർപ്പറേററ് ടാക്സ്, ഇൻകം ടാക്സ് ഇതിന്റെയൊക്കെ ഒരു വലിയ ഭാഗം അങ്ങോട്ട് പോകുമെന്നൊക്കെ. ആ വക തർക്കം തീർക്കാൻവേണ്ടി, കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ തമ്മിലുള്ള തർക്കം തീർക്കാൻ വേണ്ടി ആണ് ഫൈനാൻസ് കമ്മീഷനെ വച്ചിട്ടുള്ളത്. അതുപോലെയാണ്, ഡിസ്ട്രിക്റ്റ് കൗൺസിലിന് വേറെ പ്രത്യേകമായി നികുതി പിരിക്കാനുള്ള അവകാശങ്ങളും അധികാരങ്ങളും. ഇങ്ങനെ ഗ്രാൻറ് ഇൻ എയിഡ് കൊടുക്കുകയാണെങ്കിൽതന്നെ സംസ്ഥാന ഗവൺമെൻറിന്റെ വരുമാനത്തിലും ബഡ്ജററിലും ഉൾക്കൊണ്ടുകൊണ്ട് എത്ര ഡിസ്ട്രിക്റ്റ് കൗൺസിലിൽ കൊണ്ടുപോകേണ്ടതായിട്ടുണ്ട്, നികുതി പിരിക്കുന്നതിന് ഏതെല്ലാം നികുതികൾ ഡിസ്ട്രിക്റ്റ് കൗൺസിലുകൾക്കു കൊടുക്കേണ്ടതായിട്ടുണ്ട്, ഈ വക കാര്യങ്ങൾ സംബന്ധിച്ച് കമ്മീഷൻ തന്നെയായിരിക്കും തീരുമാനിക്കുന്നത്. അതിനു വേണ്ടിയാണ് ഈ ഫൈനാൻസ് കമ്മീഷനെ വച്ചിട്ടുള്ളതെന്ന് ഇതിലെ ഉപവകുപ്പുകൾ എ, ബി, സി, ഡി, ഇ. ഇവ വായിച്ചു നോക്കിയാലറിയാം. അതുകൊണ്ട് തികച്ചും ഇത് വേണം. ഫൈനാൻസ് കമ്മീഷൻ സ്വതന്ത്രമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ്: സർ, 1971-ൽ ഇതിനു മുമ്പിലത്തെ നിയമസഭയിൽ സെലക്റ്റ് കമ്മിററി റിപ്പോർട്ടിലും ഫൈനാൻസ് കമ്മീഷനുണ്ട്. ശ്രീ. സി. എ. കുര്യൻ ഉന്നയിച്ച പ്രശ്നവും ഈ ഫൈനാൻസ് കമ്മീഷൻ സോൾവ് ചെയ്യുന്നുണ്ട്. അതായത് ഓരോ ജില്ലയുടെ ബാക്ക്വേർഡ്നസ് റിസോഴ്സ് മാത്രം കണ്ടുപിടിക്കലല്ല. ആ ജില്ലയുടെ പ്രത്യേകതവച്ചുകൊണ്ട് അതിന് ഫൈനാൻസ് എങ്ങനെ വിനിയോഗിക്കണമെന്ന് അതിന്റെ പ്രവർത്തനങ്ങൾ എങ്ങനെ കൊണ്ടു പോകണമെന്ന് ഒരു ഇൻഡിപ്പെൻറൻറ് ബോഡി ഓരോ മൂന്നു വർഷത്തേയ്ക്കുമുള്ള ഒരു ഇൻഡിപ്പെൻറൻറ് ബോഡി, തീരുമാനിക്കുകയാണ്. ഇത് അതിന്റെ കാതലായ ഒരു ഭാഗമാണ് സർ. ജനാധിപത്യ വികേന്ദ്രീകരണം പോലെ തന്നെ ഇതിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചും ഇത് ഇതിന്റെ കാതലായ ഭാഗമാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് 71-ലെ സെലക്റ്റ് കമ്മിററി റിപ്പോർട്ട് നോക്കാതെയും ദുർവ്യയമാണെന്ന് കരുതിയും പറയുകയാണ്. ദുർവ്യയം അല്ലെന്ന് മാത്രമല്ല ഡിസ്ട്രിക്റ്റ് കൗൺസിലിന്റെ അനിവാര്യമായ ഒരു ഘടകമാണ്; അത്യന്താപേക്ഷിതമായ പ്രധാനപ്പെട്ട ഘടകമാണ് അതെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ആ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, പ്ലാനിംഗ് ഉദ്യോഗസ്ഥൻമാരുടെ ജോലി അതാതു ജില്ലയിലെ വികസനാവശ്യങ്ങൾ പഠിച്ച് പദ്ധതികൾ തയ്യാറാക്കുന്നതു മാത്രമാണ്. അതിന് ആവശ്യമായ പണം മുഴുവൻ സംസ്ഥാന ഗവൺമെൻറിൽനിന്നും കിട്ടേണ്ടതാണ്. സംതുലിതമായ രീതിയിൽ സംസ്ഥാന ഗവൺമെൻറിന്റെ വിഭവശേഷി എല്ലാ ഡിസ്ട്രിക്റ്റുകൾക്കും ഒന്നുപോലെ ശരിയായി വിഭജിച്ചു കൊടുക്കുന്നതിനെക്കുറിച്ച് സർക്കാരിനെ ഉപദേശിക്കുന്നതിന് ഇങ്ങനെ ഒരു നിഷ്പക്ഷമായ കമ്മീഷന്റെ ആവശ്യമുണ്ട്. അങ്ങനെയല്ലെങ്കിൽ ചില പ്രത്യേക ഡിസ്ട്രിക്റ്റുകൾക്ക് അത്തരം ആനുകൂല്യങ്ങൾ കിട്ടാതിരിക്കുകയും ചെയ്യും. അങ്ങനെ വന്നാൽ കേന്ദ്ര ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇന്ന് സംസ്ഥാനങ്ങൾക്കുള്ള പരാതികൾ ഇവിടെ ഡിസ്ട്രിക്റ്റ് കൗൺസിലുകൾ സംസ്ഥാനഗവൺമെൻറിന്റെ നേർക്ക് ആവർത്തിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിൽ അപകടമുള്ള ഒരു ക്ലാസുള്ളത് സബ്ക്ലാസ് 6 ആണ്. "The recommendations of the Finance Commission shall be accepted by the Government with the such suitable modifications as are deemed necessary with effect from such date as is notified in the Gazette". ഫൈനാൻസ് കമ്മീഷന്റെ റെക്കമെൻറേഷനിൽ ഗവൺമെൻറിന് കൈകടത്താനുള്ള ഈ ഒരു ക്ലാസ് മാത്രമേ അപകടകരമായി കാണുകയുള്ളു. ഈ ഒരു ക്ലാസ് ഇല്ലാതായാലും വേണ്ടില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി. എച്ച് മുഹമ്മദ്കോയ: ഫൈനാൻസ് കമ്മീഷൻകൊണ്ട് ഉദ്ദേശിക്കുന്നത് ജില്ലാ കൗൺസിലുകൾക്ക് ആവശ്യമായ ധനം വീതിച്ചു കൊടുക്കുക, മി. കുര്യൻ പറഞ്ഞ പോയിൻറ് അടക്കമുള്ള എല്ലാ കാര്യങ്ങളും അന്വേഷിച്ച് അത് വിതരണം ചെയ്യുക എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ട്രിക്റ്റ് കൗൺസിലുകൾ നികുതി നേരിട്ട് പിരിക്കുന്നതിനുള്ള ഒരു സമ്പ്രദായം വിഭാവനം ചെയ്തിട്ടില്ല. നമ്മുടെ നാട്ടിൽ പഞ്ചായത്തുകൾക്ക് ഒക്കെ ധാരാളം നികുതി പിരിക്കാനുള്ള അധികാരം വിട്ടുകൊടുത്തിട്ടുണ്ട്. അത് ഇനിയൊന്നും തിരിച്ചെടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് കൗൺസിലുകൾക്ക് നികുതി പിരിക്കാനുള്ള അധികാരം കൊടുക്കാതെ അവർക്ക് ഗവൺമെൻറിൽ നിന്നുള്ള ഫൈനാൻസ് കമ്മീഷൻെറ വിഹിതം കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അത് എല്ലാ ഭാഗത്തു നിന്നും സ്വാഗതം ചെയ്യപ്പെട്ടതിൽ എനിക്ക് സന്തോഷമുണ്ട്. ശ്രീ. ടി. എം. ജേക്കബ് അദ്ദേഹത്തിൻെറ അമെൻറുമെൻറ് പ്രസ് ചെയ്യുകയില്ലെന്ന് ഞാൻ വിചാരിക്കുന്നു.

The amendment moved by Shri K. Anirudhan was, by leave, withdrawn. The question that clause 50 stands part of the bill was put and carried. Clause 50 was added to the Bill.

Clauses 51 to 55

The question that clauses 51 to 55 stand part of the Bill was put and carried.

Clauses 51 to 55 were added to the bill.

Clause 56

Shri P. R. Kurup: Sir, I move my amendment No. 144. "In clause 56 ub-clause (1) for the words "30th April" substitute the words "31st May".

മുമ്പുണ്ടായ ചർച്ചയിൽ പറഞ്ഞിട്ടുള്ളതുപോലെ സംസ്ഥാന ഗവൺമെൻറ് ബഡ്ജററ് പാസ്സാക്കി ഡിസ്ട്രിക്റ്റ്വാർ ബ്രേക്കപ്പ് പ്രിപ്പയർചെയ്തു കഴിഞ്ഞല്ലാതെ ജില്ലാ കൗൺസിലുകളുടെ ബഡ്ജററ് പ്രിപ്പയർ ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ഏപ്രിൽ 30-ാം തീയതിക്കുള്ളിൽ സംസ്ഥാനഗവൺമെൻറിൻെറ കൈയിൽ നിന്നും ആവശ്യമായ അലോട്ടുമെൻറ് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൂട. അതുകൊണ്ട് അത് മേയ് 31-ന് അകമെന്ന് മാററണമെന്ന് ആണ് എൻെറ ഭേദഗതി. അത് അംഗീകരിക്കുമെന്നാണ് എൻെറ വിശ്വാസം.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ആ തീയതിക്കുള്ളിൽ തന്നെ ചെയ്യാൻ കഴിയുമെന്ന് ആണ് ഗവൺമെൻറിൻെറ വിശ്വാസം. അതുകൊണ്ട് ഭേദഗതി വേണ്ടതില്ല.

The amendment moved by Shri P.R. Kurup was, by leave, withdrawn. The question that clause 56 stands part of the bill was put and carried. Clause 56 was added to the bill.

Clauses 57 to 68

The question that clauses 57 to 68 stand part of the bill was put and carried.

Clauses 57 to 68 were added to the bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 69

ശ്രീ എം. കെ. കൃഷ്ണൻ: സർ, ഞാൻ ക്ലാസ് 69 -നെ എതിർക്കുകയാണ്. കാരണം പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സ്ററാൻറിംഗ് കമ്മിററി ചെയർമാൻ ഇവരെ നീക്കം ചെയ്യാനുള്ള അധികാരം ഗവൺമെൻറിന് കൊടുക്കുന്നതാണ് ഈ ക്ലാസ്. ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ ആക്ററനുസരിച്ചും അതിനുണ്ടാക്കിയിട്ടുള്ള നിയമങ്ങളും ബൈലാകളും അനുസരിച്ചും പ്രവർത്തിക്കുന്നില്ലെങ്കിൽ ഇവരെ മാററാനുള്ള അധികാരമാണ് നിക്ഷിപ്തമാക്കുന്നത് ഈ വകുപ്പുകൊണ്ട്. ഇത് തെരഞ്ഞെടുക്കപ്പെട്ട കൗൺസിലാണ്. തെരഞ്ഞെടുക്കപ്പെട്ട കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരാൽ തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ആളുകളായിരിക്കും ചെയർമാൻമാരും വൈസ് ചെയർമാൻമാരും. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും സംബന്ധിച്ചിടത്തോളം ഇതിൽ 41 -ാം വകുപ്പു പ്രകാരം അവരുടെ പേരിൽ അവിശ്വാസ പ്രമേയം കൊണ്ടുവരാനും അവർ ഡിസ്ട്രിക്ററ് കൗൺസിലിൻേറയോ ഡിസ്ട്രിക്ററിൻേറയോ താൽപ്പര്യമനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ നീക്കം ചെയ്യാനുമുള്ള അവകാശം തിരഞ്ഞെടുക്കപ്പെട്ട ഡിസ്ട്രിക്ററ് കൗൺസിൽ മെമ്പർമാർക്കുണ്ട്. അതുപോലെ തന്നെ നിയമമനുസരിച്ചും അതു നടപ്പിലാക്കുന്നതിനു വേണ്ടി ഉണ്ടാക്കുന്ന നിയമവും ഉപനിയമങ്ങളുമനുസരിച്ചും പ്രവർത്തിക്കാൻ ഡിസ്ട്രിക്ററ് കൗൺസിൽ തയ്യാറാകുന്നില്ലെങ്കിൽ ആ ഡിസ്ട്രിക്ററ് കൗൺസിലിനെ നീക്കം ചെയ്യാനുള്ള അധികാരം ഗവൺമെൻറിനുണ്ട്. സർ, അതു കൂടാതെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറിനേയും, വൈസ് പ്രസിഡൻറിനേയും, ചെയർമാനേയും മാററുന്നതിനുള്ള അധികാരം ഗവൺമെൻറിൽ നിക്ഷിപ്തമാക്കുന്നത് എന്തിനാണെന്നു മനസ്സിലാകുന്നില്ല. അവർ നിയമമനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അവരുടെ പേരിൽ അവിശ്വാസ പ്രമേയം പാസ്സാക്കുന്നതിനുള്ള അവകാശം തെരഞ്ഞെടുക്കപ്പെടുന്ന മെമ്പറൻമാർക്കുണ്ടെന്നിരിക്കെ അങ്ങനെ പ്രവർത്തിക്കാത്ത ആളുകളെ മാററാനുള്ള ഒരു അവകാശമുള്ളപ്പോഠം ഗവൺമെൻറ് എന്തിന് അവരെ നീക്കം ചെയ്യാനുള്ള അധികാരം വിനിയോഗിക്കണമെന്നാണ് എൻെറ സംശയം. അതുകൊണ്ട് യാതൊരു കാരണവശാലും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡൻറിനേയും, വൈസ് പ്രസിഡൻറിനേയും മാററാനുള്ള അവകാശം ഗവൺമെൻറിൽ നിക്ഷിപ്തമാക്കാൻ പാടില്ല. ഇതുകൊണ്ട് ഞാൻ ഈ ക്ലാസിനെ എതിർക്കുന്നു.

ശ്രീ പി. പി. എസ്തോസ്: സർ, ഇതിനെപ്പററി സെലക്ററു കമ്മിററി സ്ററേജിൽ തന്നെ കുറെയധികം ചർച്ചകൾ നടന്നതാണ്. പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും, സ്ററാൻറിംഗ് കമ്മിററി ചെയർമാൻമാരേയും മാററാനുള്ള അവകാശം ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുന്നു എന്നുള്ളതാണ്. ഇതിൻെറ മുകളിലത്തെ ക്ലാസ് അനുസരിച്ചു തന്നെ കൗൺസിലിനെ ആകെ റിമൂവ് ചെയ്യാനുള്ള അവകാശം ഗവൺമെൻറിനുണ്ട്. പ്രസിഡൻറിനെ മാററുക മാത്രമല്ല ആ ടേമിൽ അദ്ദേഹത്തിന് എലക്ഷനു പോലും നിൽക്കാൻ സാധിക്കുകയില്ല. ഇന്ന് നിലവിലുള്ള നിയമപരമായ നടപടികഠം പ്രസിഡൻറിൻേറയോ വൈസ് പ്രസിഡൻറിൻേറയോ പേരിൽ എടുക്കുകയെന്നുള്ളതല്ല. നോട്ടീസ് കൊടുക്കും. യഥാർത്ഥത്തിൽ പ്രസിഡൻറും വൈസ് പ്രസിഡൻറും സ്ററാൻറിംഗ് കമ്മിററി ചെയർമാൻമാരും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം ഗവൺമെൻറിൻെറ ഹിതാനുവർത്തികളായി മാറണം. 100 ശതമാനവും കോൺഫിഡൻസ് ഉണ്ടെന്നു പറഞ്ഞുകൊണ്ട് ഡിസ്ട്രിക്റ്റ് കൗൺസിൽ പ്രമേയം പാസ്സാക്കിയാലും അത് അംഗീകരിക്കാതെ കൗൺസിലിനെ ഓവർ റൂം ചെയ്തുകൊണ്ട് പ്രസിഡൻറിനേയും ചെയർമാൻമാരേയും നീക്കം ചെയ്യാനുള്ള ആർബിട്രേററിയായിട്ടുള്ള അവകാശം ഗവൺമെൻറിനുണ്ട്. ആർബിട്രേററിയെന്നു പറഞ്ഞാൽ അത് ശരിയല്ലെന്നു മന്ത്രി പറയും. എങ്കിലും ആർബിട്രേററി പവ്വറാണ് ഇത്. അത് ശരിയല്ല. അത് കേന്ദ്ര ഗവൺമെൻറിന് സംസ്ഥാന ഗവൺമെൻറുകളെ പിരിച്ചു വിടാനുള്ള ആ അവകാശം പോലെ തന്നെ ഉള്ളതാണ്. അതുപോലെ ഉള്ള സാഹചര്യം ഉണ്ടാകും. അതുകൊണ്ട് സംസ്ഥാന ഗവൺമെൻറിന് ഡിസ്ട്രിക്റ്റ് കൗൺസിൽ പ്രസിഡൻറിനേയും, വൈസ് പ്രസിഡൻറിനേയും, സ്ററാൻറിംഗ് കമ്മിററി ചെയർമാൻമാരേയുമെല്ലാം നീക്കം ചെയ്യാനുള്ള അവകാശം കൊടുത്തു കൂടാ. അതുകൊണ്ട് അത് ഡിലീററ് ചെയ്യണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. ബാക്കിയുള്ളത് റീ നമ്പർ ചെയ്യേണ്ടതാണ്.

ശ്രീ. എ.പി. കുര്യൻ: ബഹുമാനപ്പെട്ട കൃഷ്ണനും എസ്തോസും പറഞ്ഞ കാരണങ്ങൾ കൊണ്ടു തന്നെ ഈ സെക്ഷൻ ഡിലീററ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സെക്ഷൻ ഇവിടെ കൊണ്ടു വന്നാൽ ഗവൺമെൻറിന് കിട്ടുന്ന അധികാരങ്ങൾ ദുർവിനിയോഗം ചെയ്യാനുള്ള സാദ്ധ്യതയുണ്ട്. പലപ്പോഴും ഗവൺമെൻറിൻെറ അഭിപ്രായങ്ങളുമായി എന്തെങ്കിലും സംഘട്ടനം വന്നാൽ ആ കാരണം കൊണ്ടു തന്നെ ഡിസ്ട്രിക്റ്റ് കൗൺസിൽ പ്രസിഡൻറിനേയും, വൈസ് പ്രസിഡൻറിനേയും, സ്ററാൻറിംഗ് കമ്മിററി ചെയർമാൻമാരേയും മററും മാററുന്നതിനു വേണ്ടി ഈ അധികാരം ഗവൺമെൻറിന് എടുത്തു പ്രയോഗിക്കാൻ അവസരം കിട്ടുന്നു. അങ്ങനെയുള്ള ആശങ്ക ഒഴിവാക്കണമെന്നുള്ളതുകൊണ്ടാണ് ഈ സബ് ക്ലാസ് 1. മാററണമെന്നു പറയുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: ആശങ്ക ശരിയാണ്. പക്ഷെ, പ്രസിഡൻറും, വൈസ് പ്രസിഡൻറും ഒരു കാലത്തും ഈ അധികാരം ദുർവിനിയോഗം ചെയ്യുകയില്ലെന്ന് ഉറപ്പു പറയാമോ?

ശ്രീ.എ. പി. കുര്യൻ: അങ്ങനെ ദുരുപയോഗപ്പെടുത്തുകയില്ലെന്നയാതൊരു ഉറപ്പും ഇല്ല. ഏതായാലും 50,000 ജനങ്ങളെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ആളുകളെല്ലാം ഈ അധികാര ദുർവിനിയോഗത്തിന് കൂട്ടു നിൽക്കുമെന്നു ഇപ്പോൾ ആശങ്ക പ്രകടിപ്പിക്കുന്നത് ശരിയല്ല. മാത്രമല്ല ഈ തെരഞ്ഞെടുക്കപ്പെട്ട ബോഡി ഒട്ടാകെ നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പോവുകയാണെങ്കിൽ അവരെ ആകെ സൂപ്പർസീഡ് ചെയ്യാൻ ക്ലാസ് 70 ഉണ്ട്. ഇതെല്ലാം ഉള്ളപ്പോൾ ഇവിടെ ഇങ്ങനെയൊരു വകുപ്പ് തീർച്ചയായും ഏത് ഗവൺമെൻറായാലും ഇവർക്കെതിരായി അഭിപ്രായമുള്ള ആളുകളെ നീക്കം ചെയ്യാൻ ഉപയോഗപ്പെടുത്താൻ ഇടയുണ്ട്. അതുകൊണ്ട് ഇത്തരം വ്യവസ്ഥകൾ ഇതിനകത്ത് ഉൾപ്പെടുത്തരുത്. ഈ ക്ലാസ് ഡിലീററ് ചെയ്യണമെന്ന് ഒരിക്കൽ കൂടി അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ഈ ക്ലാസ് ഡിലീററ് ചെയ്യേണ്ടതാവശ്യമാണ്. ഗവൺമെൻറ് ഡയറക്ഷൻസ് അവർ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. അത് അനുസരിക്കാതെ വന്നാൽ നടപടി സ്വീകരിക്കണം. അതിലൊരു പ്രത്യേകതയുള്ളത് സാധാരണ ഗതിയിലാണെങ്കിൽ അങ്ങനെയുള്ള നടപടി സ്വീകരിക്കുന്നതിന്റെ റെസ്പോൺസിബിലിററി ആ ബോഡിക്കാണ്. പ്രസിഡന്റോ, വൈസ് പ്രസിഡന്റോ, മററ് മെമ്പേഴ്സോ നടപടികൾ അനുസരിക്കാതിരുന്നാൽ ആ പ്രസിഡന്റിനെ നീക്കം ചെയ്യുന്നതിനു പകരം ആ ബോഡിയെ തന്നെ നീക്കം ചെയ്യാവുന്നതാണ്. സാധാരണ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. പല സ്റേററ്റ് അസംബ്ലികളിലും അങ്ങനെ ഉണ്ടാകുന്നുണ്ട്. പല സ്റേററ്റ് അസംബ്ലികളേയും ഇങ്ങനെ ഡിസോൾവ് ചെയ്യുന്നുണ്ട്. എന്നാൽ ഇത് ഉദ്യോഗസ്ഥൻമാരോടുള്ള നടപടിക്രമം പോലെയാണ്; സമാധാനം ചോദിക്കുന്നു; എൻക്വയറി നടത്തുന്നു. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ പേരിലുള്ള ആക്ഷേപത്തെക്കുറിച്ച് ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി ഡിസിപ്ലിനറി ആക്ഷൻ എടുക്കുന്ന പ്രൊസീഡ്യുവർ നിർഭാഗ്യകരമാണ്. ഇങ്ങനെയുള്ള ഒരു ഡെമോക്രാററിക് സെററപ്പ് ഒരിക്കലും ഉണ്ടാകാൻ പാടില്ല.

'The Government shall when they propose to take action under sub-section (1),

(a) arrange for an enquiry to be conducted into the matter by the Commissioner for local Government; ....' അത് സാമാന്യ നിലയ്ക്ക് യോജിക്കാത്തതാണ് എന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതെങ്കിലും വിധത്തിലുള്ള നിയമപരമായ നിർദ്ദേശങ്ങൾ സ്വീകരിക്കാതെ വരികയാണെങ്കിൽ അതിന് മററു ചില മാർഗ്ഗങ്ങൾ അന്വേഷിക്കുകയല്ലാതെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറിനെ മാററുകയെന്നുള്ളത് ഒരിക്കലും ശരിയല്ലെന്നുള്ളതാണ്. അനുസരിക്കുന്നില്ലെങ്കിൽ ഗവൺമെൻറിന് ഗ്രാൻറ് പിടിച്ചു വയ്ക്കാം. കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാം.

ശ്രീ. ഇ. പി. ഗോപാലൻ: ഇത് ശരിയാണെന്നു തോന്നുന്നുണ്ടോ? ഗവർണ്ണറുടെ റിപ്പോർട്ട് പ്രകാരം ഒരു കക്ഷിയുടെ ഭരണം ഇല്ലായ്മ ചെയ്യുന്നതിന് മന്ത്രിമാരേയും അസംബ്ലിയേയും പിരിച്ചു വിടാനും ഉള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമായിട്ടുള്ളതിന്റെ കയ്പ് മനസ്സിലാക്കിക്കൊണ്ടല്ലേ ഇങ്ങനെയൊരു അധികാരം കീഴ് ഘടകങ്ങൾക്ക് കൊടുക്കാൻ പാടില്ലെന്ന് പറയുന്നത്? അതോ പ്രത്യേകിച്ച് വേറെ വല്ല കാരണവുമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഒരു ജീവനക്കാരന്റെ പേരിൽ എടുക്കുന്ന അച്ചടക്ക നടപടിയിലേക്ക് തരം താഴ്ത്തുന്ന നടപടിയായിട്ടാണ് വരുന്നത്. അതുകൊണ്ട് 69 ഉപേക്ഷിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. പി. ബി. ആർ. പിള്ള: 69 റീട്ടെയിലായിട്ട് പിരിച്ചു വിടാനാണ്. 70 ഹോൾസെയിലായിട്ടു പിരിച്ചു വിടാനാണ്. ഏതെങ്കിലും ഒന്നു പോരായോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദ്കോയ): ഈ വകുപ്പ് നിലനിറുത്തണമെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം. ഒരാറം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി ആയിപ്പോയെന്ന കാരണം കൊണ്ട് അയാളുടെ പേരിൽ യാതൊരു നടപടിയും എടുക്കാൻ പാടില്ലെന്ന് ഉള്ള ശ്രീ. കരുണാകരൻെറ അഭിപ്രായത്തോട് യോജിപ്പില്ല. ഈ കാര്യത്തിൽ നടപടി എടുക്കുന്ന ഗവൺമെൻറും തെരഞ്ഞെടുക്കപ്പെട്ടതാണ്. അതിൽ ഉദ്യോഗസ്ഥൻമാർ ഉണ്ടാകും. സംസ്ഥാന ഗവൺമെൻറ് പിരിച്ചു വിടുന്നതു തന്നെ ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശപ്രകാരമല്ലേ?

ശ്രീ. പി. പി. എസ്തോസ്: 70-ൽ തന്നെ അത്തരത്തിലുള്ള ഡയറക്ഷൻസ് കൊടുക്കാൻ ഗവൺമെൻറിന് അവകാശമുണ്ട്. അങ്ങനെ ഒരു ഡയറക്ഷൻ കൗൺസിൽ വയലേററ് ചെയ്യുകയാണെങ്കിൽ നടപടി എടുക്കുവാനുള്ള വകുപ്പും ഇതിനകത്തുണ്ട്. പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും സ്ററാൻറിംഗ് കമ്മിററി ചെയർമാനേയും കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുകയാണ് ചെയ്യുന്നത്. അപ്പോഠം ഇവരെല്ലാം തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരാണ്. അതു മനസ്സിലാക്കിക്കൊണ്ട് അതിനുള്ള പരിഹാരമാർഗ്ഗമാണ് ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്, മുഹമ്മദ്കോയ): കൗൺസിലിനെ പിരിച്ചു വിടാനുള്ള അധികാരമുണ്ടെങ്കിൽ പ്രസിഡൻറിൻേറയും വൈസ്പ്രസിഡൻറിൻേറയും പേരിൽ നടപടി എടുക്കുവാനും അവകാശമുണ്ട്. എൻക്വയറി നടത്തി വിശദീകരണം നൽകുവാൻ സൗകര്യം കൊടുത്തിട്ടുണ്ട്. എപ്പോഴും ദുരുപയോഗപ്പെടുത്തുവാൻ കഴിയുന്ന വകുപ്പുകളല്ല. ഇതെല്ലാം അത്യാവശ്യഘട്ടത്തിൽ ഉപയോഗിക്കുവാനുള്ള ആയുധമാണ്.

ശ്രീ. കെ. കരുണാകരൻ: പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്ന ബോഡിക്ക് പ്രസിഡൻറിനെ റിമൂവ് ചെയ്യാനുള്ള അധികാരം ഉണ്ട്. എത്ര തന്നെ അധികാരം കൊടുത്താലും കൗൺസിലിൻെറ അഭിപ്രായം മറിച്ചാണെങ്കിൽ പ്രസിഡൻറിനെ പിരിച്ചു വിടാം. ആ നടപടി തെററാണ്.

ശ്രീ.സി. എച്ച്. മുഹമ്മദ്കോയ: അത് നിലനിറുത്തണം എന്നാണ് പറയുന്നത്.

The question that Clause 69 stands part of the Bill was put and carried.

Shri R. Balakrishna Pillai: Sir, I demand a poll.

LIBRARY ARCHIVES Kerala Legislative Assembly

A poll was taken when the House divided as follows:

AYES - 51

(1) ശ്രീ ഇ. അഹമ്മദ്
(2) ശ്രീ ആര്യാടൻ മുഹമ്മദ്
(3) ശ്രീ യു.എ.ബീരാൻ
(4) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
(5) ശ്രീ കെ.ജെ.ചാക്കോ
(6) ശ്രീ ചന്ദ്രശേഖരൻ നായർ
(7) ശ്രീ പി.കെ. ചാത്തൻ മാസ്റ്റർ
(8) ശ്രീ ജെ.ചിത്തരഞ്ജൻ
(9) ശ്രീ പി.ആർ.ഫ്രാൻസിസ്
(10) ശ്രീ ഇ.പി.ഗോപാലൻ
(11) ശ്രീ സി.പി.ഗോവിന്ദൻ നമ്പ്യാർ
(12) ശ്രീ എ.എൽ.ജേക്കബ്
(13) ശ്രീ ടി.എം.ജേക്കബ്
(14) ശ്രീ ടി.എസ്.ജോൺ
(15) ഡോ. കെ.സി.ജോസഫ്
(16) ശ്രീ പി.സി.ജോസഫ്
(17) ശ്രീ വി. ജെ. ജോസഫ്
(18) ശ്രീ കിട്ടപ്പ നാരായണസ്വാമി
(19) ശ്രീ കെ. കെ. കുമാരപിള്ള
(20) ശ്രീ കെ.ടി.കുമാരൻ
(21) ശ്രീ പി.ടി.കുഞ്ഞുട്ടി ഹാജി
(22) ശ്രീ സി.എ.കുര്യൻ
(23) ശ്രീ കെ.വി.കുര്യൻ
(24) ശ്രീ ലോനപ്പൻ നമ്പാടൻ
(25) ശ്രീ ടി.എ. മജീദ്
(26) ശ്രീ എം. വി. മാണി
(27) ശ്രീ കെ.എ.മാത്യു
(28) ശ്രീ എൻ.പി.മൊയ്തീൻ
(29) ശ്രീ സി.എച്ച്. മുഹമ്മദ് കോയ
(30) ശ്രീ കല്പട നാരായണൻ
(31) ശ്രീ കെ.പി.നൂറുദ്ദീൻ
(32) ശ്രീ ഉമ്മൻ ചാണ്ടി
(33) ശ്രീ കെ.പങ്കജാക്ഷൻ
(34) ശ്രീ എം.കെ.രാഘവൻ
(35) ശ്രീ വി. കെ. രാജൻ
(36) ശ്രീ കണിയാപുരം രാമചന്ദ്രൻ
(37) ശ്രീ എം. രാമപ്പ
(38) ശ്രീ പി.ശങ്കർ
(39) ശ്രീ വി.ടി.സെബാസ്റ്റ്യൻ
(40) ശ്രീ പി.സീതി ഹാജി
(41) ശ്രീ ബി.എം.ഷെറീഫ്
(42) ശ്രീ സിദ്ധാർത്ഥൻ കാട്ടുങ്ങൽ
(43) ശ്രീ പി.കെ. ശ്രീനിവാസൻ
(44) ശ്രീ കെ.സുകുമാരനുണ്ണി
(45) ശ്രീ സി.എം. സുന്ദരം
(46) ശ്രീ എ.വി.താമരാക്ഷൻ
(47) ശ്രീ എസ്.തങ്കപ്പൻ പിള്ള
(48) ശ്രീ തോമസ് ജോസഫ്
(49) ശ്രീ കെ. സി. വാമദേവൻ
(50) ശ്രീ എസ്. വരദരാജൻ നായർ
(51) ശ്രീ എ.എൻ.യൂസഫ്

NOES : 24

(1) ശ്രീ ടി.കെ.അബ്ദു
(2) ശ്രീ ആർ.ബാലകൃഷ്ണപിള്ള
(3) ശ്രീ പി.ഭാസ്കരൻ
(4) ശ്രീ എൻ.ചന്ദ്രശേഖരക്കുറുപ്പ്
(5) ശ്രീ ചടയൻ ഗോവിന്ദൻ
(6) ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടി
(7) ശ്രീ പി.പി.എസ്തോസ്
(8) ശ്രീ എം.പി.ഗംഗാധരൻ
(9) ശ്രീ പി.കെ.ഇട്ടൂപ്പ്
(10) ശ്രീ കെ.കരുണാകരൻ
(11) ശ്രീ പി.കരുണാകരൻ
(12) ശ്രീ എം.കെ.കൃഷ്ണൻ
(13) ശ്രീ തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള
(14) ശ്രീ എ. പി. കുര്യൻ
(15) ശ്രീ ജി. പി. മംഗലത്തുമഠം
(16) ശ്രീ ഇ.നാരായണൻ നായർ
(17) ശ്രീ എം.വി. രാഘവൻ
(18) ശ്രീ പി.ബി. ആർ.പിള്ള
(19) ശ്രീ പി.കെ. ശങ്കരൻകുട്ടി
(20) ശ്രീ പി.ആർ.ശിവൻ
(21) ശ്രീ ആർ.സുന്ദരേശൻ നായർ
(22) ശ്രീ സി.വാസുദേവ മേനോൻ
(23) ശ്രീ പി.പിണറായി വിജയൻ
(24) ശ്രീ സേവ്യർ അറയ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

NEUTRALS : NIL

Speaker : For the adoption of the clause : 51
Against the adoption of the clause : 24
Neutrals : Nil

Clause 69 was declared as part of the Bill.

Clauses 70 to 72

The question that Clauses 70 to 72 stand part of the Bill was put and carried.

Clauses 70 to 72 were added to the Bill.

Clause : 73

Shri C. H. Mohammed Koya: Sir, I move;

(i) "In sub-clause (1), for the words "The Government may on an application from any person interested, call for and examine," the words "The Government may suo motu at any time examine" shall be substituted.

(ii) Sub-clause (2) shall be omitted.

(iii) For sub-clause (4), the following sub-clause shall be substituted, namely:—

"(4) The Government may, suo motu at any time review any order under sub-section (1), if it was passed by them under any mistake, whether of fact or of law, or in ignorance of any material fact."

ആരെങ്കിലും ഒരു ഹർജി കൊടുത്താൽ അതിനനുസരിച്ച് അന്വേഷണം നടത്തുന്നതിന് പകരം ഗവൺമെൻറിന് അതിനെ കുറിച്ച് അന്വേഷിക്കാവുന്നതാണ്.

ശ്രീ. ടി.എം. ജേക്കബ്: ചാപ്റ്റർ 6-ൽ clause 72-ലും 73-ലും റിവ്യൂ ആൻറ് റിവിഷനെക്കുറിച്ചാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലുമൊരാളുടെ പരാതിയുടെ പേരിൽ ഏത് കാര്യത്തെക്കുറിച്ചും റിവിഷൻ നടത്താനുള്ള അധികാരം സംസ്ഥാന ഗവൺമെൻറിന് കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയിൽ കൂടി അത് മാററിയിട്ടുണ്ടെങ്കിലും ഇന്നും കുറേക്കൂടി കർക്കശമായി നടപ്പാക്കുന്ന രൂപത്തിലുള്ള നിബന്ധന ഉൾക്കൊള്ളുന്നുണ്ട്. അധികാരങ്ങൾ കൂടുതൽ വികേന്ദ്രീകരിക്കുന്നു വെന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ ഇന്ന് ഭരണതലത്തിൽ കാണുന്ന ഒരു പ്രത്യേകത ഏതെങ്കിലും വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ടെങ്കിൽ അവർക്ക് തിരുവനന്തപുരത്ത് വരാനോ ബന്ധപ്പെട്ട എം. എൽ. എ.-യോ മന്ത്രിമാരെയോ മററ് ആരെയെങ്കിലുമോ കാണുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഇതിനകത്ത് പറഞ്ഞിരിക്കുന്ന വ്യവസ്ഥ അനുസരിച്ച് തന്നെ പല ഫയലുകളും തിരുവനന്തപുരത്തേയ്ക്ക് വിളിപ്പിക്കാനുള്ള അവസരം ഉണ്ടാക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ അധികാരങ്ങൾ വികേന്ദ്രീകരിച്ച് എളുപ്പമായ കാര്യങ്ങൾ ജില്ലാ തലത്തിൽ നടക്കണമെന്നുള്ളതാണ്. അങ്ങനെ നടക്കണമെങ്കിൽ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അവസാനമായ തീർപ്പ് കല്പിക്കാനുള്ള അവസരംകൂടി അവർക്ക് കൊടുക്കേണ്ടതാണ്. മറിച്ച് ഇത്തരം വ്യവസ്ഥ ഉൾക്കൊള്ളിച്ചാൽ വീണ്ടും ഇങ്ങോട്ട് വരേണ്ടി വരും. ഉദാഹരണമായി ഇറിഗേഷൻെറ കാര്യത്തിലാണെങ്കിൽ തന്നെ ഒരു എക്സിക്യൂട്ടീവ് എൻജിനീയറുടെ പരിധിയ്ക്കപ്പുറമായിട്ട്

2/'48—23

LIBRARY ARCHIVES Kerala Legislative Assembly

സൂപ്രണ്ടിങ്ങ് എൻജിനീയർക്ക് പവ്വർ കൊടുത്തിരിക്കുന്നു. എക്സിക്യൂട്ടീവ് എൻജിനീയർ കാണണം, ചീഫ് എൻജിനീയർ കാണണം. ഇങ്ങനെയുള്ള വ്യവസ്ഥകളുണ്ട്. എറണാകുളം ജില്ലയിലുള്ള ഒരാളിന് ഒരു കാര്യം നടക്കണമെങ്കിൽ തിരുവനന്തപുരത്തുവന്ന് തിരുവനന്തപുരത്തിരിക്കുന്ന സൂപ്രണ്ടിങ്ങ് എൻജിനീയറെ കാണണം. ഇങ്ങനെയുള്ള വ്യവസ്ഥകൾകൊണ്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ജില്ലാ ഭരണബില്ല് കൊണ്ടുവന്നിരിക്കുന്നത്. കാർഷിക മേഖലയെ സംബന്ധിച്ച് പല കാര്യങ്ങളുമുണ്ട്. പ്രധാനപ്പെട്ട പല കാര്യങ്ങളും ജില്ലകളിലേയ്ക്കു വികേന്ദ്രീകരിച്ച് കൊടുത്തിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചാൽ ആദ്യം പറഞ്ഞതുപോലെ അധികാരവികേന്ദ്രീകരണത്തിനുശേഷം വീണ്ടും കേന്ദ്രീകരിക്കുന്ന പ്രവണത വരും. ബഹുമാനപ്പെട്ട മന്ത്രി അംഗങ്ങളുടെ പ്രതികരണത്തെ മാനിച്ചുകൊണ്ടാണ് ഒരാളിന്റെ പരാതിയിൻമേൽ റിവ്യൂ നടത്താമെന്നുള്ള അധികാരമെടുത്ത് സുവോമോട്ടോ ആയി ഗവൺമെന്റിന് നടത്താമെന്ന് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് പറഞ്ഞു. അങ്ങനെ വന്നാലും ഉണ്ടാകുന്ന ബുദ്ധിമുട്ട് ഇതുതന്നെയാണ്. മന്ത്രി കൊണ്ടുവന്ന ഭേദഗതിയിൽ സബ് ക്ലാസ് 4-ൽ ഒറിജിനൽ ക്ലാസിൽനിന്ന് ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ പറയുന്ന കാര്യങ്ങൾ കൊണ്ടുതന്നെ ഫയൽ തിരുവനന്തപുരത്തേയ്ക്ക് വിളിപ്പിക്കാമെന്നുള്ളത് സത്യമാണ്. ആ സത്യം മനസ്സിലാക്കിക്കൊണ്ടു വീണ്ടും തുടർന്ന് പോകുന്നത് ശരിയല്ല. അധികാരങ്ങൾ വികേന്ദ്രീകരിക്കുമ്പോൾ അവസാനമായ തീരുമാനം എടുക്കുന്നതിനുള്ള അധികാരംകൂടി ജില്ലാ സമിതിയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് അല്ലെങ്കിൽ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ഭരണസമിതിയ്ക്ക്, വിട്ടുകൊടുത്തുകൊണ്ടുള്ള തീരുമാനം എടുത്തില്ലെങ്കിൽ വൈഷമ്യം ഉണ്ടാകും. പാവപ്പെട്ട ആളുകൾക്ക് ഗുണം കിട്ടണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നതെങ്കിൽ അധികാരം ജില്ലകൾക്കു കൊടുക്കണം. അവർക്കുതന്നെ അധികാരം വിട്ടുകൊടുക്കണമെന്നുള്ള ആശയത്തോടുകൂടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചത്.

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾതന്നെ ഗവൺമെന്റിന് സുവോമോട്ടോ ആയി ചെയ്യാം. "The Government may suo motu at any time or on an application received from any person interested...." എന്നാണ്. പിന്നെ എന്തിനാണ് ഈ അമെൻറുമെൻറ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): അത് ഡിലീററ് ചെയ്തു. അധികാരവികേന്ദ്രീകരണത്തോടൊപ്പം അധികാരദുരുപയോഗം തടയാനുള്ള നടപടിയും ഗവൺമെൻറ് എടുക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. എന്തെങ്കിലും തെററായ വിധത്തിലുള്ള തീരുമാനമെടുത്താൽ അവിടെ എന്ത് തീരുമാനമെടുത്താലും അത് ശരിയാണെന്നുള്ള നിലപാട് സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ: 73-ൽ സുവോമോട്ടോ ആയി ചെയ്യാൻ ഗവൺമെൻറിന് അധികാരമുണ്ട്. അതോടുകൂടി ആപ്ലിക്കേഷൻ........

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ വാക്കിനുപകരം ഈ വാക്ക് ഉപയോഗിക്കണമെന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇത് റിവ്യൂ ചെയ്യാനുള്ള പ്രൊവിഷനാണ്. മറേറ പ്രൊവിഷനല്ല. റിവ്യൂ ചെയ്യുന്നതിന് ഗവൺമെൻറിന് സുവോമോട്ടോ ചെയ്യാം. ആരെങ്കിലും അപേക്ഷ കൊടുത്താലും ചെയ്യാമെന്നുണ്ടായിരുന്നു. ഇൻററസ്ററഡായിട്ടുള്ള ഒരാളിന്റെ അപേക്ഷ വേണ്ടെന്നുള്ളതേയുള്ളു..

ശ്രീ. കെ. കരുണാകരൻ: ഇൻററസ്ററഡ് പാർട്ടി അയച്ചാൽ എന്താണ് പ്രാകരാറ്? മന്ത്രിക്ക് ആ ഭാഗം വിട്ടുപോയതാണെന്ന് ഞാൻ വിചാരിക്കുന്നു. ഏതു് അവസരത്തിലും ഗവൺമെൻറിന് പഴയ ആർഡർ വച്ചു പിടിക്കാം.

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: റിവ്യൂ ചെയ്യുന്നതിനെപ്പററിയുള്ള അമെൻറുമെൻറാണ്. അതിന് ആപ്ലിക്കേഷൻ വേണ്ടെന്നാണ് വച്ചിരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: നേരത്തെ പറഞ്ഞിരിക്കുന്നത് ഏതെങ്കിലുമൊരു വ്യക്തി ഒരു പരാതി കൊടുത്താൽ അതിൻമേൽ നടപടി എടുക്കാമെന്നായിരുന്നു. വ്യക്തിക്ക് പരാതിയില്ലെങ്കിലും വ്യക്തികളുടെ പരാതി നേരിട്ടുവന്ന് പറയാം. പെററിഷൻ എഴുതി കൊടുക്കാം. മന്ത്രിയോട് വാക്കാൽ സംസാരിക്കാം. വാക്കാൽ പറഞ്ഞാൽ ഗവൺമെൻറിന് വിളിപ്പിക്കാം; മന്ത്രിക്ക് വിളിപ്പിക്കാം. പെററിഷൻ എഴുതിക്കൊടുക്കാമെന്നുള്ള ആ വ്യവസ്ഥ മാററിയതിനുശേഷം ഇത് ഉൾക്കൊള്ളിക്കുമ്പോഴും ആശയവും സ്പിരിററും ഒന്നുതന്നെയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്ത് ചെയ്താലും റിവ്യൂ ചെയ്യുകയില്ലെന്ന് വയ്ക്കുന്നത് ശരിയല്ല.

The amendments moved by the Honourable Minister namely:—

(i) In sub-clause (1), for the words "The Government may on an application from any person interested, call for and examine", the words "The Government may suo motu at any time examine" shall be substituted.

(ii) Sub-clause (2) shall be omitted; and

(iii) For sub-clause (4), the following sub-clause shall be substituted namely :—

"(4) The Government may, suo motu at any time review any order under sub-section (1) if it was passed by them under any mistake, whether of fact or of law, or in ignorance of any material fact."

were put and carried.

The question that Clause 73, as amended, stands part of the Bill was put and carried.

Clause 73, as amended, was added to the Bill.

Clause : 74

Shri P. K. Sankarankutty: Sir, I move:

2/448—24

LIBRARY ARCHIVES Kerala Legislative Assembly

(i) In clause 74, sub-clause (2) after the words "under this Section" and before the words "shall be laid" add the words "and every notification issued under the provisions of this Act."

(ii) In clause 74, sub-clause (2) after the words "under this Section" and before the words "shall be laid" add the words "and every notification issued under Section (43) (2) of this Act."

ക്ലാസ് 73-നെ സംബന്ധിച്ചും അതുപോലെതന്നെ ഇതിലുള്ള മററു ചില ക്ലാസ്സുകളെ സംബന്ധിച്ചും പറഞ്ഞ അവസരത്തിൽ ഇതുപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ പലപ്പോഴും ഗവൺമെൻറിൻെറയോ മററ് ഏതെങ്കിലും സ്ഥാപിത താൽപ്പര്യക്കാരുടെയോ പരിഗണന ഉണ്ടാകും; ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഉപയോഗിക്കപ്പെടാൻ ഇടവരുമെന്ന ഭയം പലരും പ്രകടിപ്പിക്കുകയുണ്ടായി. ഞാൻ ഇത് മൂവ് ചെയ്യുന്നത് ക്ലാസ് 43 കൂടി മനസ്സിൽ കണ്ടുകൊണ്ടാണ്. ക്ലാസ് 43-ൽ 'Powers and functions of district councils എന്നു പറഞ്ഞതിൽ Subject to the provisions of this Act and to such conditions and restrictions as may be prescribed, the administration of a district in respect of the matters enumerated in the First Schedule shall, with effect from such date as the Government may, by notification in the Gazette, specify, be vested in the district council', എന്നാണ് പറയുന്നത്. ഇതിൻെറ ഫംഗ്ഷനും പൗവ്വേഴ്സും ഇതിലുള്ളതായ പ്രോപ്പർട്ടീസും എല്ലാംതന്നെ ഗവൺമെൻറ് പിന്നീട് നോട്ടിഫൈ ചെയ്യുന്ന അല്ലെങ്കിൽ ഉണ്ടാക്കുന്ന റൂൾ അനുസരിച്ച് വന്നുചേരേണ്ടതാണ്. ക്ലാസ് 74 ബില്ലിനെ ഒട്ടാകെ ബാധിക്കുന്ന ഒരു പൊതുപ്രശ്നം ഉൾക്കൊള്ളുന്നതാണ്. clause 74-ൽ 'Power of Government to make rules' എന്നു പറഞ്ഞിട്ടുണ്ട്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും പല മെമ്പർമാരും പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൾ കൂടാതെ കഴിക്കണമെന്നുണ്ടെങ്കിൽ സ്വാഭാവികമായിട്ടും ഗവൺമെൻറിന് മാത്രമല്ല, ഔദ്യോഗിക നിലവാരത്തിൽ മാത്രമല്ല, ഈ സഭയ്ക്കു കൂടി അതാത് സമയത്ത് ഗവൺമെൻറ് ഇതിലെ പല വകുപ്പുകൾക്കും അനുബന്ധമായി ഇറക്കുന്ന റൂളും നോട്ടിഫിക്കേഷനും എന്താണെന്ന് അറിയേണ്ടതായിട്ടുണ്ട്.

(Mr. Deputy Speaker in the Chair)

അതുപോലെ റൂൾ മേക്കിംഗ് പവ്വറിനെ സംബന്ധിച്ച് പല നിയമങ്ങളിലും പറയുമ്പോൾ പൂർണ്ണമായി അധികാരം ഗവൺമെൻറിനു ഡെലിഗേററു ചെയ്തുകൊണ്ട് പിന്നീട് ജനപ്രതിനിധികൾ വെറുതെ വന്നിരുന്നു ആക്ഷേപം പറയുന്ന പതിവുണ്ട്. അതൊന്നു മാറണം. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം മാത്രമല്ല, നിലവിലുള്ള പല ആക്ററുകളെ സംബന്ധിച്ചും ജനപ്രതിനിധികൾ അറിയാതെ, അസംബ്ലി അറിയാതെ, അല്ലെങ്കിൽ കൊണ്ടുവരുന്ന നിയമത്തിൻെറ സത്തയ്ക്ക് എതിരായിക്കൊണ്ടുള്ള പല നോട്ടിഫിക്കേഷനുകളും പലപ്പോഴും വരാറുണ്ട്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം നിയമം പാസായി റൂൾ ഉണ്ടാക്കുമ്പോൾ അതു അസംബ്ലിയുടെ മുമ്പാകെ വയ്ക്കണമെന്നു പറഞ്ഞിട്ടുണ്ട്. റൂൾ മാത്രമല്ല, പല നോട്ടിഫിക്കേഷനുകളും പല അധികാരങ്ങളെ സംബന്ധിച്ചും നടപ്പിൽവരുത്തുന്ന തീയതികളെ സംബന്ധിച്ചും പുറപ്പെടുവിക്കുന്നുണ്ട്, അതുകൂടി അസംബ്ലിയിൽ വയ്ക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അതിലെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശം In clause 74, sub-clause (2) after the words "under this Section" and before the words "shall be laid" add the words "and every notification issued under the provisions of this Act" എന്നാണ്. അതു മാത്രം പോരാ.

Every rule and every notification issued under the provisions of this Act എന്നു കൂടി ചേർത്തെങ്കിൽ മാത്രമേ പ്രത്യേകിച്ച് ഫംഗ്ഷൻസ്, പൗവ്വേഴ്സ് ഇതുപോലുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ വരുമ്പോൾ നിയമസഭ അറിയണം, നിയമസഭാ സാമാജികൻമാർക്കുകൂടി അഭിപ്രായം പറയാനുള്ള അവസരം ഉണ്ടാകുകയുള്ളു. ബഹുമാനപ്പെട്ട മന്ത്രി ഇതിനെ എതിർക്കുകയില്ലെന്നു വിശ്വസിക്കുന്നു. റൂൾ ഉണ്ടാക്കുന്ന അവസരത്തിൽ അതു വയ്ക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട കാര്യമാണ് നോട്ടിഫിക്കേഷനുകളും നിയമസഭയിൽ വയ്ക്കുക എന്നുള്ളത്. ലജിസ്ലേച്ചർ കമ്മിററികളുടെ റിപ്പോർട്ടിൽ കണ്ടിട്ടുണ്ട്, പല ആക്ററുകൾക്കും റൂൾ ഉണ്ടാക്കുന്നതിനും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനും ഗവൺമെൻറിനു അധികാരം കൊടുത്തിട്ടുണ്ട്, പലപ്പോഴും അതു വരാത്തതുകൊണ്ട് ആക്ററുകൾ നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളത്. അങ്ങനെയുള്ള അപാകതകൾ വരാതിരിക്കാൻവേണ്ടി റൂളുകൾ മേശപ്പുറത്തു വയ്ക്കുന്നതോടൊപ്പം നോട്ടിഫിക്കേഷനുകളും മേശപ്പുറത്തു വയ്ക്കണമെന്നും അതിനെക്കുറിച്ച് ചർച്ചചെയ്യാനും പഠിക്കാനും നിയമസഭാസാമാജികൻമാർക്കുകൂടി അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നും അതിനു ഉതകുന്ന വിധത്തിൽ 'എവരി റൂൾ' എന്നുള്ളതിൻെറ കൂടെ 'notification issued under the provisions of this Act' എന്നുകൂടി ചേർക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇതു നിരുപദ്രവകരമായ ഒന്നാണ്. ഇതു സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 152, 153 നമ്പർ ഭേദഗതികളെ ഞാൻ എതിർക്കുന്നു. നോട്ടിഫിക്കേഷൻ അസംബ്ലിയുടെ മുമ്പാകെ വയ്ക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. അതുകൊണ്ട് ഇതിൻെറ ആവശ്യമില്ല.

ശ്രീ.പി.കെ. ശങ്കരൻകുട്ടി: ഒന്നാമത്തെ അമെൻറുമെൻറ് മന്ത്രി സ്വീകരിക്കാൻ തയ്യാറില്ല. 43-ാം വകുപ്പിലെ Powers and Functions of District Councils എന്നു പറയുന്ന പ്രത്യേക വകുപ്പിനുള്ള നോട്ടിഫിക്കേഷനെങ്കിലും മേശപ്പുറത്തു വയ്ക്കുമോ? രണ്ടാമത് എനിക്ക് പറയാനുള്ളത്, In clause 74, sub-clause (2) after the words "under this section" and before the words "shall be laid" add the words "and every notification issued under Section (43) (2) of this Act" എന്നു പറഞ്ഞിരിക്കുന്നത് സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ വേണ്ട. പക്ഷേ 43-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം പൗവ്വേർസ് ആൻറ് ഫംഗ്ഷൻസ് മാത്രമായിട്ടുള്ള നോട്ടിഫിക്കേഷനെങ്കിലും അസംബ്ലിയുടെമുമ്പാകെ വയ്ക്കണമെന്നുള്ളത് സ്വീകരിക്കാൻ തയ്യാറാകുമോ? ഞാൻ അതിൽ ഒരു പടി കൂടി താഴെ വരികയാണ്. അതെങ്കിലും സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മെമ്പർ ഒരു പടി കൂടി താഴെ വന്നതിൽ സന്തോഷമുണ്ട്. രണ്ടാമതു പറഞ്ഞത് ആവശ്യമില്ലാത്തതുകൊണ്ടാണ് സ്വീകരിക്കാത്തത്.

The amendments moved by Shri P. K. Sankarankutty were put and lost.

Shri P. K. Sankarankutty: Sir, I demand a poll. (A poll was taken when the House divided as follows:)

AYES : 23

1. Shri T. K. Abdu
2. Shri R. Balakrishna Pillai
3. Shri P. Bhaskaran
4. Shri Chatayan Govindan
5. Shri N. I. Devassikutty
6. Shri P. P. Esthose
7. Shri M. P. Gangadharan
8. Shri P. K. Ittoop
9. Shri K. Karunakaran
10. Shri P. Karunakaran
11. Shri M. K. Krishnan
12. Shri Thundathil Kunjukrishna Pillai
13. Shri G. P. Mangalathu Madom
14. Shri E. Narayanan Nair
15. Shri Vakkom Purushothaman
16. Shri M. V. Raghavan
17. Shri P. B. R. Pillai
18. Shri P. K. Sankarankutty
19. Shri P. R. Sivan
20. Shri R. Sundaresan Nair
21. Shri C. Vasudeva Menon
22. Shri Pinarayi Vijayan
23. Shri Xavier Arakkal

NOES : 52

1. Shri E. Ahammed
2. Shri Aryadan Mohammed
3. Shri U. A. Beeran
4. Smt. Bhargavi Thankappan
5. Shri K. J. Chacko
6. Shri Chandrasekharan Nair
7. Shri P. K. Chathan Master
8. Shri J. Chitharanjan
9. Shri Cyriac John
10. Shri Damodaran Kalassery
11. Shri P. R. Francis
12. Shri E. P. Gopalan
13. Shri C. P. Govindan Nambiar
14. Shri A. L. Jacob
15. Shri T. M. Jacob
16. Shri T. S. John
17. Dr. K. C. Joseph
18. Shri P. C. Joseph
19. Shri M. K. Kesavan
20. Shri Kittappa Narayanaswamy
21. Shri K. K. Kumara Pillai
22. Shri K. T. Kumaran
23. Shri P. T. Kunhutty Haji
24. Shri C. A. Kurian
25. Shri K. V. Kurian
26. Shri Lonappan Nambadan
27. Shri T. A. Majid
28. Shri M. V. Mani
29. Shri K. A. Mathew
30. Shri N. P. Moideen
31. Shri C. H. Mohammed Koya
32. Shri Kallada Narayanan
33. Shri K. P. Nuruddin
34. Shri Oommen Chandy
35. Shri K. Pankajakshan
36. Shri K. P. Prabhakaran
37. Shri M. K. Raghavan
38. Shri V. K. Rajan
39. Shri Kaniyapuram Ramachandran
40. Shri M. Ramappa
41. Shri P. Sankar
42. Shri V. T. Sebastian

LIBRARY ARCHIVES Kerala Legislative Assembly

43. Shri P·Seethi Haji
44. Shri B·M·Sheriff
45. Shri Sidhardhan Kattungal
46. Shri P·K·Sreenivasan
47. Shri K·Sukumaranunni
48. Shri C·M·Sundaram
49. Shri A·V· Thamarakshan
50. Shri K·C·Vamadevan
51. Shri S·Varadarajan Nair
52. Shri A·N·Yusuf

NEUTRALS—NIL

Mr. Deputy Speaker :

Those for the amendment	:	23
Those against	:	52
Neutrals	:	Nil

The amendments are declared lost·

The question that clause 74 stands part of the Bill was put and carried·

Clause 74 was added to the Bill·

Clause : 75

The question that Clause 75 stands part of the Bill was put and carried·

Clause 75 was added to the Bill·

Clause : 76

Shri K. J. Chacko: Sir, I move:

In clause 76, sub-clause (3) after the word "District Council" and before the word "fails" insert the word "intentionally".

Sir, clause 76 is as follows: "penalty for acting as member, President or Vice-President when disqualified" എന്നാണ്. ഒന്നുകിൽ അവിശ്വാസ പ്രമേയം മൂലമോ അല്ലെങ്കിൽ മററ് അയോഗ്യതകളാ കൽപ്പിച്ചോ പ്രസിഡൻറിനേയോ, വൈസ് പ്രസിഡൻറിനേയോ, സ്ററാൻറിംഗ് കമ്മിററി മെമ്പറേയോ ആ സ്ഥാനങ്ങളിൽ നിന്നു മാററിയതിനു ശേഷവും അതിൽ തുടരുന്ന ഒരവസ്ഥ ഉണ്ടാകുകയാണെങ്കിൽ നൽകേണ്ട ശിക്ഷയെപ്പററിയാണ് പറയുന്നത്.

In clause 76, sub-clause 3, "any person who having been the President or the Vice President or a Chairman of any Standing Committee of a district council fails to hand over any document or other property vested or belonging to the district council which are in, or have come into, his possession or control to his successor in office or other prescribed authority:-

(a) in every case, as soon as his term of office as such President or Vice-President or Chairman expires;

(b) in the case of a person who was the Vice-President or the Chairman of a Standing Committee also on demand by the President,

LIBRARY ARCHIVES Kerala Legislative Assembly

shall be punishable with fine not exceeding one thousand rupees for every such breach'' എന്നാണ് പറയുന്നത്. ഇതിൽ രേഖകൾ അല്ലെങ്കിൽ ഫയലുകൾ, അതോടനുബന്ധപ്പെട്ട റിക്കാർഡുകൾ, ആ സ്ഥാനം ഒഴിഞ്ഞതിനുശേഷവും വിട്ടുകൊടുത്തില്ലെങ്കിൽ ഉണ്ടാവേണ്ട സംവിധാനത്തെപ്പററിയാണ് പറയുന്നത്. അധികാരത്തിൽനിന്നു മാററപ്പെടുകയോ അല്ലെങ്കിൽ സ്വയം അധികാരത്തിൽനിന്ന് റിസൈൻ ചെയ്യുകയോ ചെയ്യുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ സൂക്ഷിപ്പിലിരിക്കുന്ന രേഖകളോ, റിക്കാർഡുകളോ, ഫയലുകളോ മററാരെങ്കിലും മാററിവയ്ക്കുകയോ, മോഷണം പോവുകയോ ചെയ്യുകയാണെങ്കിൽ അദ്ദേഹം ശിക്ഷയ്ക്കു വിധേയനാകുന്ന വ്യവസ്ഥയാണ്. മനഃപൂർവ്വം രേഖകൾ കൊടുക്കാതെ രേഖകൾ നശിപ്പിച്ചു കളയുമെന്ന നിർബന്ധബുദ്ധിയോടുകൂടി കൈവശം വച്ചിരുന്നാൽ മാത്രമേ ശിക്ഷയ്ക്ക് അർഹനാകൂ എന്ന ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ഭേദഗതി അൺനെസസറിയാണെന്നാണ് എന്റെ അഭിപ്രായം. ആരും റെക്കാർഡ് കൊടുക്കാതിരിക്കുകയില്ല. അതുകൊണ്ട് ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നില്ല.

The amendment moved by Shri K. J. Chacko, was by leave, withdrawn.

The question that clause 76 stands part of the bill was put and carried.

Clause 76 was added to the Bill.

Clauses 77 to 100

The question that clauses 77 to 100 stand part of the bill was put and carried.

Clauses 77 to 100 were added to the Bill.

Clause : 101

Minister for Education **(Shri C.H.Mohammed Koya)**: Sir, I move: In the table below clause 101, for item (5), the following item shall be substituted, namely:—

''(5) The Kerala Plant Diseases and Pests Act, 1972 (25 of 1972) Eighth Schedule''.

The amendment moved by the Minister was put and carried.

The question that clause 101 as amended stands part of the Bill was put and carried.

Clause 101 as amended was added to the Bill.

Clause : 41

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ നേരത്തെ ഒരു അമെൻറുമെൻറിന് വേഡിംഗ് കൊണ്ടുവരാമെന്നു പറഞ്ഞിരുന്നു. ക്ലാസ് 41-ന്. ഇതു ഞാൻ അക്സപ്ററു ചെയ്തതാണ്. വേഡിംഗ് ശരിയല്ലാത്തതുകൊണ്ടാണ്. ശരിയായി ഇപ്പോൾ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

In sub-clause (12), for the words "majority of the sanctioned strength of the district council", the words "majority of the elected members of the district council holding office on the date of the meeting" shall be substituted.

The oral amendment moved by the Honourable Minister was put and carried.

The amendment moved by Shri K. J. Chacko was by leave withdrawn

The question that Clause 41, as amended, stands part of the bill was put and carried.

Clause 41, as amended, was added to the Bill.

Mr. Deputy Speaker: Order, Order. The House will now adjourn and meet again at 8.30 a.m. tomorrow.

1979 മാർച്ച് 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 5.55-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly